2018 ജനുവരി ലക്കം 1

# സ്വസ്തി

ത്രൈമാസിക

ാം വാർഷികപ്പതിപ്പ്

## തീർച്ചയായും അറിയേണ്ട 10 നമ്പൂതിരിമാർ

**അബ്രാഹ്മണശാന്തി വിഷയത്തിൽ യോഗക്ഷേമസഭയുടെ ഔദ്യോഗികനിലപാട്**

**ഇതിനു പുറമെ ചർച്ചയിൽ പങ്കെടുക്കുന്നു:**

വൈക്കം പി.എൻ നമ്പൂതിരി
യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റ്

കെ.എസ് കൃഷ്ണൻ  നമ്പൂതിരി
യോഗക്ഷേമസഭ സംസ്ഥാന സെക്രട്ടറി

അക്കീരമൺ കാളിദാസഭട്ടതിരിപ്പാട്
അഖിലേന്ത്യാ ബ്രഹ്മിൻ ഫെഡറേഷൻ

എസ്. രാധാകൃഷ്ണൻ പോറ്റി
അഖിലകേരള തന്ത്രിമണ്ഡലം സെക്രട്ടറി

പുടയൂർ കുബേരൻ നമ്പൂതിരിപ്പാട്
തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രം തന്ത്രി

സി.ടി .വാസുദേവൻ നമ്പൂതിരി
ക്ഷേത്രശാന്തി, തിരുവനന്തപുരം

**കവർ സ്റ്റോറി**

ഇല്ലപ്പെരുമയിലെ വിശേഷങ്ങളുമായി കുറ്റ്യാട്ട് ഇല്ലം

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


K.P. NAMBOODIRI'S
കെ.പി.നമ്പൂതിരീസ്
ALOE VERA HERBAL TOOTHPASTE
Total cavity protection
WITH MISWAK
Only ₹70/- 250 ml
Herbal fresh mouthwash
മൗത്ത്‌വാഷ്
Herbal Mouthwash (Alcohol Free)
HERBAL WHITE TOOTHPASTE
ALOE VERA
Nature's Wonder, Now for Oral Care...
Natural Salt
Bathing bar with Herbal Oils
AEDA GLYCERINE
Natural Green
Clear & Soft
Natural Green Soap
AEDA Herbal Skin Care Soap
Traditional way of cleansing and nourishing hair
Ayurvedic Hair Care
ചെമ്പരത്തി താളി
Healthy, glowing skin for your confidence
FOR NATURAL FAIRNESS
TURMERIC FAIRNESS CREAM
Turmeric Fairness Cream
ദാഹമുക്തി
പതിമുഖം
Back to Nature...
www.kpnamboodiris.com




5119 മാഘം (യുഗാബ്ദം)
1193 മകരം (കൊല്ലവർഷം)
ശ്വേതാശ്വരകല്പം-
വൈവസ്വത മന്വന്തരം (7)
ഹേമന്ത ഋതു

യോഗക്ഷേമസഭ
കോഴിക്കോട്
ജില്ലാ കമ്മിറ്റി
പ്രസിദ്ധീകരണം

സ്വസ്തി

പുസ്തകം 2 | ലക്കം 1

2018 ജനുവരി

ചീഫ് എഡിറ്റർ
കൊയത്തൊടി ചെറുമുക്കു പരമേശ്വരൻ
(8089441634)

അസോസിയേറ്റ് എഡിറ്റർ
പാനാട് പദ്മനാഭൻ നമ്പൂതിരി

മാനേജിംഗ് എഡിറ്റർ
ഉമശ്രീ കിഴക്കുമ്പാട്
(9496164912)

അംഗങ്ങൾ
വി.ഇ. നാരായണൻ നമ്പൂതിരി
വിനോദ് മങ്ങത്തായ
രവി മങ്ങത്തായ

മാനേജിംഗ് കമ്മിറ്റി
പാലാഞ്ചീരി നാരായണൻ നമ്പൂതിരി
(പ്രിന്റർ ആന്റ് പബ്ലിഷർ)
താമരക്കുളം ദിവാകരൻ നമ്പൂതിരി
(സർക്കുലേഷൻ മാനേജർ)
(9447337337)
നാറണിയാട് ദാമോദരൻ നമ്പൂതിരി
കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്

മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി
(ജില്ലാ പ്രസിഡന്റ്)
കോരമ്പറ്റ ശങ്കരൻ നമ്പൂതിരി
(ജില്ലാ സെക്രട്ടറി)

ഡിസൈനിംഗ്
റീഡിഫൈൻ ഗ്രാഫിക്സ്
കോയൻകോ ബസാർ
കോഴിക്കോട് -673001
9847941277, 9847907630

Swasthi Email:
swasthithrimonthly@gmail.com

# അഭിമാനപൂർവം

ഏറെ അഭിമാനത്തോടെയാണ് സ്വസ്തി പ്രവർത്തകർ ഈ ഒന്നാം വാർഷികപ്പതിപ്പ് നിങ്ങളുടെ കൈകളിലെത്തിക്കുന്നത്. ഒരു ലക്കത്തിനുള്ള ആളോ അർത്ഥമോ പോലും ഇല്ലാതെ കഴിഞ്ഞവർഷം ത്രൈമാസികയായി തുടക്കമിട്ടപ്പോൾ രണ്ടാം ലക്കത്തെപ്പറ്റിയുള്ള ചിന്ത പോലും ഇതിന്റെ പ്രവർത്തകർക്ക് ഉണ്ടായിരുന്നില്ല. എന്നാൽ ആദ്യലക്കം ഇറങ്ങിയപ്പോൾ വായനക്കാർ വളരെ നന്നായി പ്രതികരിച്ചു.നിർത്തിപ്പോവാൻ വയ്യെന്നായി. രണ്ടാംലക്കം കൂടിയേതീരൂ എന്നായി. അതും നല്ല രീതിയിൽ ത്തന്നെ വായനക്കാർ സ്വീകരിച്ചു. സ്വജനങ്ങളും ഇല്ലങ്ങളുമെല്ലാം സ്വസ്തിയെ അവരുടേതാക്കി .

അപ്പോൾ കുഴങ്ങിപ്പോയത് സ്വസ്തി പ്രവർത്തകരാണ്. മികച്ച പ്രസിദ്ധീകരണമാക്കാനും ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കാനും പ്രവർത്തകർ നിർബന്ധിതരായി.

അങ്ങനെ ഓരോ ലക്കം കഴിയുമ്പോഴും ഉള്ളടക്കം കൂടുതൽ മെച്ചപ്പെടുത്തി. പേപ്പർ കൂടുതൽ മികച്ചതാക്കി. കളർ പേജുകളുടെ എണ്ണം കൂട്ടി.

ഇപ്പോൾ.

സ്വസ്തി എവിടെ കിട്ടും എന്ന് പലരും അന്വേഷിക്കുന്നു. എല്ലാ ലക്കവും ഫയൽ ചെയ്തു വയ്ക്കാനായി ഓരോ കോപ്പികൂടി അയച്ചുതരുമോ എന്നു ചോദിക്കുന്നു. മറ്റു ജില്ലകളിലെ നമ്പൂതിരിമാർ തങ്ങൾക്കും സ്വസ്തി വേണമെന്ന്പറഞ്ഞ് വിലാസം അയച്ചുതരുന്നു. അവരുടെ പ്രസിദ്ധീകരണത്തേക്കാൾ മികവ് സ്വസ്തിക്കുണ്ട് എന്ന് പ്രശംസിക്കുന്നു. ഫേസ് ബുക്കിലും വാട്ട്സ് അപ്പിലും സ്വസ്തിയുടെ മുഖപ്രസംഗം ഷെയർ ചെയ്യുന്നു. സ്വസ്തിയുടെ സോഫ്റ്റ് കോപ്പി സോഷ്യൽ മീഡിയവഴി കേരളത്തിനു പുറത്തും വിദേശ രാജ്യങ്ങളിലും പ്രചരിക്കുന്നു. അവിടെ നിന്ന് പലരും അഭിനന്ദനങ്ങളും അനുമോദനങ്ങളും ചൊരിയുന്നു. സ്വസ്തിയെ നിലനിർത്താനായി പരസ്യം തരാൻ തയ്യാറാവുന്നു. സർക്കുലേഷനിൽ സഹായിക്കാൻ ചിലർ സ്വയം സന്നദ്ധരായി രംഗത്തുവരുന്നു.

ഇത്രയൊക്കെ സംഭവിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഞങ്ങൾ.

അതുകൊണ്ട് പതിവുലക്കങ്ങളേക്കാൾ അല്പം കൂടി മികവുള്ള വാർഷികപ്പതിപ്പാക്കി ഈ ലക്കം. മാത്രമല്ല, ബാലാരിഷ്ടത കടന്നു കൂടിയ സാഹചര്യത്തിൽ രജിസ്ട്രേഷനുള്ള പ്രവർത്തനവും തുടങ്ങിക്കഴിഞ്ഞു. ഇങ്ങനെയൊരു പ്രസിദ്ധീകരണം തുടങ്ങാൻ ധൈര്യം കാട്ടിയ യോഗക്ഷേമസഭയുടെ കോഴിക്കോട് ജില്ലാ കമ്മിറ്റിയ്ക്ക് ഒരു രൂപയുടെ പോലും ബാദ്ധ്യത ഉണ്ടാക്കിയില്ലെന്നതും അഭിമാനകരമാണ്. അതിനു കാരണം സ്വസ്തിയുടെ വരിക്കാരും പരസ്യക്കാരുമാണ്.

മികച്ച ഉള്ളടക്കത്തിനു വേണ്ടി സ്വന്തം ചെലവിൽ ഞങ്ങളോടൊപ്പം ഇറങ്ങിപ്പുറപ്പെട്ട എഴുത്തുകാരുണ്ട്. അവരെയും നന്ദിയോടെ ഓർക്കേണ്ടതുണ്ട്.

സമുദായത്തിനു മാത്രമല്ല സമസ്ത ലോകത്തിനും സുഖം ഭവിക്കുന്നതാവട്ടെ പുതുവർഷം.

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു.

**പത്രാധിപർ**

Swasthi Trimonthly | C/o K.M. Parameswaran | "Aryasree' | Arakkinar P.O | Kozhikode -673028 | Mob: 8089441634
Printed at Premier Printers | Annie Hall Road | Calicut-2 | For private circulation only

Contact: City 8089441634 | Perumanna 9495892653 | Kakkodi 9447484904 | Narikkuni 9446160817 | Uchakkavu 0495 2208095 | Chathamangalam 9447337337 | Mukkom 9447468956 | Kanniparamba 9495611629 | Thamarasseri 9747950225 | Koyilandy 9846698489 | Vatakara 9446779191 | Balusseri 8281984397 | Feroke 9447332611 | Areacode 9539926654 | Chevayur 7293751990 | Ramallur 9847564517 |

# അകത്തുള്ളവരും

**ഈ ലക്കം**
**ഇല്ലപ്പെരുമയിൽ**
**കുറ്റ്യാട്ട് ഇല്ലത്തെ**
**വിശേഷങ്ങൾ**

**ഒരു** പ്രദേശത്തെ 18 ഇല്ലങ്ങൾ അന്യം നിന്നുപോയി.ആ എല്ലാ ഇല്ലങ്ങളും കുറ്റ്യാട്ട് ഇല്ലത്ത് ലയിച്ചു. ഒപ്പം 18 പരദേവതമാരും. ദിവസവും ഒരു പൂജപോലും നടത്താൻ പ്രയാസപ്പെടുന്ന ഇക്കാലത്ത് 18 പരദേവതമാരെയാണ് ഒരുമിച്ച് ഊട്ടുന്നത്. കുറ്റ്യാട്ടെ വിശേഷങ്ങൾ വായിക്കാം ഇല്ലപ്പെരുമയിൽ ഇത്തവണത്തെ കവർ സ്റ്റോറിയിൽ. പേജ് 42



**ഒരു വർഷം പിന്നിട്ട സ്വസ്തി തീർച്ചയായും അറിയേണ്ട പത്തു നമ്പൂതിരിമാരെ പരിചയപ്പെടുത്തുന്നു. ചിലരെ നമ്മൾ കേട്ടിട്ടുണ്ട്. എന്നാൽ അടുത്തറിഞ്ഞിട്ടില്ല. ചിലരെ നമ്മൾ കണ്ടിട്ടുണ്ട്. എന്നാൽ അവർ ഇങ്ങനെ ചിലതെല്ലാം ചെയ്യുന്നു എന്നറിയില്ല.**

## അറിയേണ്ട 10 നമ്പൂതിരിമാർ

06 — **ദേ**ശാടനത്തിൽ കരയിപ്പിക്കുകയും കല്യാണരാമനിൽ ചിരിപ്പിക്കുകയും ചെയ്ത പുല്ലേരി വാദ്ധ്യാർ ഉണ്ണികൃഷ്ണൻ നമ്പൂതിരി

32 — **സ**ഖാവിന്റെ പ്രിയസഖിയിൽ ഗാനമാലപിച്ച ഒരു നമ്പൂതിരിയുണ്ട്. വടകരയിലെ സതീശൻ നമ്പൂതിരി. ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ശിഷ്യപരമ്പരയാണ് സതീശന്റെ കുടുംബം.

10 — **കോ**ൺഗ്രസ് ഹൈക്കമാൻഡായ രാഹുൽഗാന്ധിക്ക് സുസമ്മതനായ ഒരു നമ്പൂതിരിയുണ്ട് നമുക്കിടയിൽ. കെ.പി.സി.സി പട്ടികയിലെ ഒരേ ഒരാൾ.

38 — **കോ**ഴിക്കോട്ടെ വലിയ ആശുപത്രികളിലൊന്നാണ് മിംസ്. എന്നാൽ ആയുർവേദത്തിന്റെ കാര്യം വരുമ്പോൾ അവർ ആശ്രയിക്കുന്നത് നമുക്കിടയിലെ ഒരന്തർജനത്തെയാണ്.

35 — **ഏ**റ്റവുമധികം രക്തബന്ധുക്കളുള്ള ഒരു യുവാവ് നമുക്കിടയിലുണ്ട്. നരിയിങ്ങൽ തലപ്പണ ഗോപന്റെ ഈ ബന്ധുത്വം അടുത്ത ബന്ധുക്കൾക്കു പോലും അത്ര അറിയാത്ത ഒന്നാണ്.

28 — **ചാ**ണകത്തിന് വേണ്ടി പശുവിനെപ്പോറ്റുന്ന നമ്പൂരാരുണ്ട്. പാലിനും മോരിനും വേണ്ടി പോറ്റുന്നവരുമുണ്ട്. എന്നാൽ ഈ നമ്പൂതിരിക്ക് ചാണകവും മോരും മാത്രമല്ല അവാർഡും കിട്ടി. രണ്ടു ലക്ഷം രൂപയുടെ.

14 — **സൈ**ബർ ലോകത്ത് ഓയ്ക്കൻ ആയി പ്രവർത്തിക്കുന്ന ഒരു സൈബർ ഫൊറൻസിക് വിദഗ്ദ്ധൻ നമുക്കിടയിലുണ്ട്. ഒരാവശ്യം വന്നപ്പോൾ അമേരിക്കൻ സായിപ്പ് പുസ്തകമെഴുതാൻ ആവശ്യപ്പെട്ടത് വിനോദ് ഭട്ടതിരിപ്പാടിനോടാണ്.

25 — **മാ**തൃഭൂമിയുടെ പത്രാധിപരെയും കോഴിക്കോട്ടെ സാമൂതിരിയെയും കൊച്ചിയിലെ മഹാരാജാവിനെയും ഒക്കെ കവിതയെഴുതി വീഴ്ത്തിയ ഒരാളുണ്ട്.

18 — **ഗോ**പികയുടെ ശ്ലോകം കേട്ട് അവളെ ചെല്ലും ചെലവും കൊടുത്തു ജപ്പാനിലേക്ക് കൊണ്ടു പോയി ആ രാജ്യം. അതേ ഗോപിക ആളൊരു ജപ്പാനാണ്.

22 — **വ**യനാട് സുൽത്താൻബത്തേരിയിലെ ചിറക്കമ്പത്ത് ഇല്ലത്തെ സൂരജ് സുരേഷ് വിദ്യാർത്ഥിയാണ്. അതേ സമയം സംസ്ഥാന സർക്കാരിന്റെ യുവ കർഷക അംബാസിഡറുമാണ്. അറിയാം ഈ അംബാസിഡറെ.

# എഴുത്തടയാളങ്ങളും

## കഥയും കഥയല്ലാത്തതും


**കോകിലവംശം:** ഈ ജിഹാദ് എന്നൊക്കെ ചിലത് കേൾക്കാറില്ലേ? ഈ കുയിലിന്റെ കഥ വായിക്കുമ്പോൾ എന്തെങ്കിലും ഓർമ്മവരുന്നുണ്ടോ, ഹാരിദ് ശർമ്മയെ വായിക്കൂ പേജ് 40

●

ശാന്തിക്കാരൻ ഇല്ലത്ത് അവിലോ മലരോ കൊടുത്താൽ പോരല്ലോ. മക്കൾക്ക് ലാപ് ടോപ് വേണം. ഭാര്യയ്ക്ക് സിനിമയ്ക്ക് പോണം. ഇത് കവിതയല്ല ജീവിതമാണ്. കേശവൻ നമ്പൂതിരിയുടെ **ശാന്തിമന്ത്രങ്ങൾ** കേൾക്കൂ, വാകച്ചാർത്ത് തൊഴുതുകൊണ്ട് **പാലക്കോൾ ദാമോദരൻ നമ്പൂതിരി** പേജ് 65

●

ജർമ്മൻ കാറിന്റെ ബോണറ്റിൽ സ്വസ്തികം വരച്ചപ്പോൾ പൂജാരിയുടെ നേരെ അയാൾ തട്ടിക്കയറിയതെന്തിനാ? പിന്നെന്തിന് കാറിന് പൂജ കഴിക്കാൻ അയാൾ സമ്മതിച്ചു. ജർമ്മൻ ടെലിവിഷന്റെ ദക്ഷിണേഷ്യൻ ലേഖകനായി ഡൽഹിയിൽ പ്രവർത്തിക്കുന്ന **പി. എം. നാരായണൻ** മറക്കാനാവാത്ത ഒരനുഭവം എഴുതുന്നു പേജ് 85

●

പൂന്താനം പോലെ അറിയേണ്ടിയിരുന്ന ഒരു നമ്പൂതിരിയായിരുന്നു **അത്യാശ്രമി. ആശ്രമം തീർക്കാത്ത മുനി.** കപടഭക്തിയുടെ ഇക്കാലത്ത് അറിയുക ഉദാത്ത ഭക്തനെ. ആ നമ്പൂതിരിയുടെ വംശത്തിലെ പിൻഗാമി കൂടിയായ കൊയ്ത്തടി ചെറുമുക്ക് പരമേശ്വരൻ നമ്പൂതിരിയിലൂടെ. പേജ് 54

●

ബ്രാഹ്മണരെക്കൊണ്ട് തോട്ടിപ്പണി ചെയ്യിക്കണം എന്ന് മാതൃഭൂമി എഴുതിയപ്പോൾ **ഒരു നമ്പൂതിരിയേ പ്രതികരിച്ചുള്ളൂ. സി. ടി. വാസുദേവൻ നമ്പൂതിരി**യുടെ ആ പ്രതികരണം വായിക്കൂ. നിങ്ങളും പ്രതികരിച്ചുപോവും. പേജ് 76





പൂത്തിരുവാതിര വിശേഷങ്ങൾ പേജ് 52

നിരവധികാലം ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ പ്രൊഫസറായ പാലയ്ക്കൽ കേശവൻ നമ്പൂതിരി ആഗ്രഹിക്കുന്നത് ശ്രീകൃഷ്ണനെ തിരഞ്ഞെടുക്കണമെന്നാണ്. പക്ഷേ, സ്ഥാനാർത്ഥിപ്പട്ടികയിൽ കംസനും കാളിയനും രാവണനും മറ്റും. സങ്കടം എഴുതിത്തീർത്തത് കവിതയിൽ പേജ് 5

ഗുരുവായൂരപ്പനോട് പ്രാർത്ഥിക്കുന്നു പാലാഞ്ചേരി ഉമാദേവി അന്തർജ്ജനം. ചെറില്ലത്ത് കണ്ടമംഗലത്ത് നങ്ങേലി കൃഷ്ണൻ നമ്പൂതിരി എഴുതിയ കവിത ആർഷഭാരതം പേജ് 60

അമ്മയെക്കുറിച്ച് ചേക്രക്കൽ സരസ്വതി അന്തർജ്ജനം എഴുതുന്നു പേജ് 89

മാന്ദ്യസമയത്ത് സൈപ്രസിൽ ബെയിൽ ഇൻ രീതിയിൽ ബാങ്കുകളിലെ നിക്ഷേപം ഉപയോഗിച്ച് ബാദ്ധ്യതകൾ നികത്തി . പാർലമെന്റിൽ പുതിയൊരു സാമ്പത്തിക ബിൽ ചർച്ചയാവുന്ന സമയത്ത് ഇന്ത്യൻ നിക്ഷേപകർ പേടിക്കുന്നു. പ്രത്യേകിച്ച് പണം കൊണ്ട് ബിസിനസ് ചെയ്യാതെ ബാങ്കിലിട്ട് ശീലിച്ച നമ്പൂതിരിമാർ. പേടിക്കേണ്ടെന്ന് പറയുകയാണ് തിരുവനന്തപുരത്ത് കമ്പനി സെക്രട്ടറിഷിപ്പ് പ്രാക്ടീസ് ചെയ്യുന്ന നാറാണിയാട് ശ്രീജിത്. തന്റെ മുത്തശ്ശൻ നടത്തിയിരുന്ന രാമനാട്ടുകര നമ്പൂതിരി ബാങ്കിനെ ഓർത്തു കൊണ്ട്. പേജ് 88

ഉപസഭാവാർത്തകൾ പേജ് 5
വായനക്കാരുടെ കത്തുകൾ പേജ് 78
സ്വസ്തി സോഷ്യൽ മീഡിയയിൽ പേജ് 80
കുട്ടികളുടെ രചനകൾ പേജ് 82
ആദരാഞ്ജലികൾ പേജ് 96
തുടങ്ങി പതിവു വിഭവങ്ങൾ വേറെയും


## തീരുന്നില്ല അബ്രാഹ്മണത്തർക്കം

**അബ്രാഹ്മണത്തർക്കം അനന്തമായി നീളുമ്പോൾ ക്ഷേത്രങ്ങളിലെ അബ്രാഹ്മണത്തർക്കം വാർഷികപ്പതിപ്പ് ചർച്ച ചെയ്യുന്നു ആ വിഷയം**



**ഇരുമ്പിനെ സ്വർണ്ണമാക്കാമോ?** പേജ് 66
ഇടവലത്ത് പുടയൂർ കുബേരൻ നമ്പൂതിരിപ്പാട്


**നമ്പൂതിരി എടുക്കേണ്ട നിലപാട്** പേജ് 67
എസ് രാധാകൃഷ്ണൻ പോറ്റി


**അബ്രാഹ്മണരെ അനുവദിക്കാനാവില്ല** പേജ് 71
വൈക്കം പി.എൻ നമ്പൂതിരി


**തുടക്കം പിഴച്ചു; ഇനിയും ഇഷ്യുകൾ ഉണ്ടാവും** പേജ് 71
കെ.എസ് കൃഷ്ണൻ നമ്പൂതിരി


**40 ബ്രാഹ്മണർ മാത്രം ; ഇത് കാണാതിരുന്നു കൂടാ** പേജ് 72
അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്


**ബ്രാഹ്മണനെ നിർമ്മിക്കാൻ വേണ്ട മൂലകങ്ങൾ** പേജ് 74
പദ്മനാഭൻ നമ്പൂതിരി


**നമ്പൂതിരിമാരുടെ മേക്കിട്ട് കേറാനുള്ള ചില വഴികൾ** പേജ് 76
സി.ടി.വാസുദേവൻ നമ്പൂതിരി

**നമ്പൂതിരിയ്ക്ക് കൊമ്പുണ്ടോ** പേജ് 70

**അബ്രാഹ്മണ ശാന്തി വിഷയത്തിൽ യോഗക്ഷേമസഭ** പേജ് 73

# പ്രശാന്ത സുന്ദരമായ പ്രകൃതിയുടെ മടിത്തട്ടിലാവട്ടെ ആരോഗ്യത്തിന്റെ പുത്തനുണർവ്വ്...









TREATMENT ROOMS | PHARMACY | HERBAL GARDEN | CANTEEN

ORGANIC FARM | LAKE | NALUKETTU MANA | LIBRARY

## പ്രത്യേക ചികിത്സാവിഭാഗങ്ങൾ

സന്ധിവേദന, വാതരോഗം,
നടുവേദന, കഴുത്ത് വേദന,
കൈ കാൽ കടച്ചിൽ തരിപ്പ്,
അലർജി, ചർമ്മരോഗം,
വന്ധ്യത, സ്ത്രീരോഗം,
ബാലരോഗം, അമിതവണ്ണം,
വാർദ്ധക്യരോഗം, പക്ഷാഘാതം,
പ്രസവരക്ഷാ ചികിത്സ,
രസായന ഉത്തേജനചികിത്സ,
പ്രമേഹം, ഉദര രോഗം,
മൂലവ്യാധി, മാനസിക ആരോഗ്യം,
നേത്രരോഗം.

# കേശവതീരം

## ആയുർവ്വേദ ആശുപത്രി

പുറച്ചേരി, ഏഴിലോട് (പി.ഒ) കണ്ണൂർ–670309

**Ph: 0497 2800298, 9495014766**

www.kesavatheeram.com

Managing Director :
**VEDIRAMANA VISHNU NAMBOOTHIRI**

Medical Director :
**Dr. V. KESAVAN NAMBOOTHIRI**
(BAMS, MD Ayu)





പി. കേശവൻ നമ്പൂതിരി

# തെരഞ്ഞെടുപ്പ്

ആരെ തെരഞ്ഞെടുക്കേണ്ടൂ വടക്കിനി-
ക്കോലായിലുത്തരം കാണാതെയുത്തരം
നോക്കി കൊടുംകയ്യുകുത്തിയിറയത്തു
തൂണിൽ പുറംചാരി മേലോട്ടു കണ്ണുന-
ട്ടന്തം വെടിഞ്ഞിരിപ്പാണു നമ്പൂതിരി.
കുന്നെടുത്തമ്മാനമാടും ദശാനനൻ
കന്നുകിടാവിനെ തട്ടിയെടു,ത്തധി-
കാരമദം മൂത്തു താപസശ്രേഷ്ഠനെ
*നിന്ദിച്ചവൻ ഹേഹയാധിപൻ, കാളിന്ദി
കാളകൂടത്താൽ നിറച്ചു മഹാപാപം
ആചരിക്കുന്നവൻ കാളിയൻ, താനിതിൽ
ആരെ തെരഞ്ഞെടുക്കേണ്ടൂ വടക്കിനി-
ക്കോലായിലുത്തരം കാണാതിറയത്തു
മേലോട്ടു നോക്കിയിരിപ്പൂ നമ്പൂതിരി.
കുന്നു കുടയാക്കി നിന്ന ദയാപരൻ
കന്നുകിടാങ്ങളെ മേച്ചുനടന്നവൻ
കാളിന്ദി നിർമ്മലമാക്കിയോൻ കാർവർണ്ണൻ
എങ്ങവൻ, കാണ്മീലവനെ, ഇനിയിപ്പോൾ
ആരെ തെരഞ്ഞെടുക്കേണ്ടൂ മിഴികളിൽ
ആധി മുഴുത്തിരിപ്പാണ് നമ്പൂതിരി.

*ജമദഗ്നിയുടെ നന്ദിനിപ്പശുവിനെ ബലാൽ
ക്കാരേണ കവർന്നെടുത്ത കാർത്തവീര്യാർ
ജ്ജുനൻ

# ക്ഷേത്രം പ്രതിഷ്ഠിച്ച ക




ഒരിക്കൽ വെല്ലൂർ ജയിലിലായിരുന്ന എ.കെ.ജി. ജയിൽ ചാടി . മലമ്പനി ബാധിച്ച് അവശനായിരുന്നു അദ്ദേഹം. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ച കാലവുമാണ്. നല്ലൊരു ഒളിത്താവളം വേണം. വിശ്വസിക്കാൻ പറ്റുന്നവരാവണം. ഒട്ടും സംശയിക്കേണ്ടി വന്നില്ല പയ്യന്നൂരിലെ പുല്ലേരി വാദ്ധ്യാരില്ലത്തേക്ക് ചെല്ലാൻ. അവിടെയാവുമ്പോൾ ആരും പിടിച്ച് പൊലീസിൽ ഏല്പിക്കില്ല. എ.കെ.ജിക്ക് അത്രയ്ക്ക് ഉറപ്പുണ്ടായിരുന്നു. അന്ന് ശുശ്രൂഷിച്ച ഒരു സഖാവുണ്ട്. ആ ഇല്ലത്തെ ഉണ്ണി.



പേര് ഉണ്ണികൃഷ്ണൻ.

ആ ഉണ്ണികൃഷ്ണനെ നമ്മളറിയും . ദേശാടനത്തിൽ കരയിപ്പിക്കുകയും കല്യാണരാമനിൽ ചിരിപ്പിക്കുകയും ചെയ്ത മുത്തശ്ശനെ.

സിനിമയിലല്ലാത്ത ഒരുപാടുണ്ട് ഈ മുത്തശ്ശന് പറയാൻ.

''ഒരിക്കൽ ഇ.എം.സ് അടക്കമുള്ള അൻപതോളം ആളുകളുടെ ഒരു രഹസ്യയോഗം ഇല്ലത്ത് ചേർന്നു. അന്ന് എ.കെ.ജി ഒരു സിംഗപ്പൂർ വാച്ച് കൈയിൽ കെട്ടിത്തന്നു. അഭിമാനത്തോടെ ആ വാച്ചുംകെട്ടി നടക്കുമ്പോൾ പെങ്ങളുടെ ഭർത്താവ് ഗോവിന്ദൻ നമ്പൂതിരി അത് എവിടുന്ന് കിട്ടി എന്ന് അന്വേഷിച്ചു. എ കെ ജി തന്നതാണെന്ന് അറിയാതെ പറഞ്ഞുപോയി. ഇതറിഞ്ഞ് എ.കെ. ജി നന്നായി ദേഷ്യപ്പെട്ട് 'എന്നെ ജയിലടക്കാനാണോ ഉദ്ദേശം' എന്നു ചോദിച്ചു. ആകെ വിഷമമായി. ഞാൻ മാപ്പു പറഞ്ഞു. എങ്കിലും അദ്ദേഹത്തിന്റെ ദേഷ്യം മാറിയില്ല. എനിക്ക് കരച്ചിൽ വന്നു. അവസാനം എ.കെ.ജി പറഞ്ഞു ''സാരമില്ല,ഇനി ഇമ്മാതിരി ഒന്നും ഉണ്ടാവരുത്.''

അണ്ടർഗ്രൗണ്ടിൽ കഴിയുന്നവരെപ്പറ്റി പുറത്ത് ഒരാൾക്കും സൂചന നൽകരുത്. അങ്ങനെ വേണം . അതാണ് വാച്ചിന്റെ കാര്യത്തിൽ പൊളിഞ്ഞുപോയത്. പിന്നീട് ഇതുപോലുള്ള അബദ്ധങ്ങൾ പറ്റിയിട്ടില്ല. വാച്ച് തന്നത് എ.കെ.ജി ആണെന്ന് പറഞ്ഞ് നടന്ന് ആരെങ്കിലും അറിഞ്ഞാൽ അതോടെ തീർന്നു. പിൽക്കാലത്ത് നെഹ്റു പ്രധാനമന്ത്രിയായിരിക്കെ ഇന്ത്യൻ പാർലമെന്റിൽ പ്രതിപക്ഷ നേതാവായിരുന്ന ആളാണ് എ.കെ. ജിയെന്ന ഈ ത്ര്യക്ഷരി. എ.കെ.ജി. അയച്ച കത്തുകൾ ഇന്നും നിധിപോലെ സൂക്ഷിച്ചു വെച്ചിട്ടുമുണ്ട്.

ആ ഉണ്ണിയെ ഖദറുടുപ്പിച്ചതും എ.കെ.ജിയാണ്.

ആ കഥ ഇങ്ങനെ.

''എ.കെ.ജിയെ ആദ്യമായി കാണുന്നത് ഫോർത്ത് ഫോമിൽ(ഇന്നത്തെ ഒൻപതാം ക്ലാസ്) പഠിക്കുമ്പോഴായിരു



# മ്യൂണിസ്റ്റ്

താമരക്കുളം ദിവാകരൻ നമ്പൂതിരി

- എഴുപതാം വയസ്സിൽ പ്രതിഷ്ഠ നടത്താനുള്ള യോഗം
- എഴുപത്തിനാലാമത്തെ വയസ്സിൽ ആദ്യ സിനിമ
- എ.കെ.ജി.യിൽനിന്ന് സമ്മാനമായി സിംഗപ്പൂർ വാച്ച്
- ഈശ്വരവിശ്വാസിയായ കമ്യൂണിസ്റ്റ് സഹയാത്രികൻ



എ.കെ.ജി.ക്കൊപ്പം

ന്നു. ശരീരം ഫിറ്റായി നിലനിർത്താനും നല്ല വസ്ത്രങ്ങൾ ധരിക്കാനും അന്നേ ഞാൻ ശുഷ്ക്കാന്തി പുലർത്തിയിരുന്നു. സിൽക്ക് ഷർട്ടൊക്കെയിട്ട് കേമത്തത്തോടെയാണ് ഞാൻ എ.കെ.ജിയെ കാണാൻ ചെന്നത്. ഇങ്ങനത്തെ ഷർട്ട് ഇടരുതെന്നും ഖാദി മാത്രമേ ധരിക്കാവൂ എന്നും അദ്ദേഹം ഉപദേശിച്ചു. അന്ന് തന്നെ ഖാദി തുണി വാങ്ങിച്ച് രാത്രി തന്നെ ജുബ്ബ തയ്പ്പിച്ച് ഇട്ടു. എ കെ ജി അത് കണ്ട ഉടനെ തന്നെ 'ഇതാരപ്പ ഉണ്ണിതന്നെയോ മിടുമിടുക്കൻ' എന്ന് പറഞ്ഞ് അഭിനന്ദിച്ചു..''

അച്ഛന് രാഷ്ട്രീയം ഉള്ളതുകൊണ്ട് കമ്മ്യൂണിസ്റ്റ് നിരോധന കാലത്ത് കുറേപേർക്ക് ഒളിത്താവളമായിരുന്നു പുല്ലേരി വാദ്ധ്യാരില്ലം.

ജ്യേഷ്ഠൻ കേശവൻ നമ്പൂതിരിയിൽനിന്നാണ് കമ്യൂണിസ്റ്റ് ആശയങ്ങൾ പഠിച്ചത്.

''പലപ്പോഴും ഒളിവിൽ താമസിക്കുന്ന എകെജിക്ക് എന്റെ അമ്മ ദേവകി അന്തർജനം ഭക്ഷണം വിളമ്പി കൊടുത്തിട്ടുണ്ട്. അന്നത്തെ യാഥാസ്ഥിതികർക്ക് അതൊന്നും ചിന്തിക്കാൻ കഴിയാത്തതായിരുന്നു. എ കെ ജി കണ്ണൂരിൽ വരുമ്പോഴെല്ലാം അമ്മയെ കാണാനായി ഇവിടെ വരുമായിരുന്നു. എകെജിക്ക് പുറമേ വിഷ്ണു ഭാരതീയൻ, കേരളീയൻ, ഇ.കെ.നായനാർ, സി.എച്ച്.കണാരൻ, സുബ്രഹ്മണ്യൻ തിരുമുമ്പ്, എ.വി.കുഞ്ഞമ്പു, വി.വി.കുഞ്ഞമ്പു, സുബ്രഹ്മണ്യ ഷേണായി അങ്ങനെ നിരവധി ഒളിച്ചു താമസക്കാർ. എ കെ ജിക്കും നായനാർക്കുമൊക്കെ അന്തിനമസ്ക്കാരത്തിന്റെ പ്രസാദമായ നെയ്പായസം ഇഷ്ടമായിരുന്നു. അത് അവർക്ക് എത്തിച്ചു കൊടുക്കുന്ന ആൾ ഞാനായിരുന്നു..''

നെയ്പായസം എത്തിച്ചതു പോലെ ഒളിവുകാല ഓർമ്മകൾ ധാരാളമുണ്ട് പറയാൻ..

'സ്വസ്തി'ക്കു വേണ്ടി അതെല്ലാം കേൾക്കാനായി പയ്യന്നൂർ പുല്ലേരി വാദ്ധ്യാരില്ലത്ത് എത്തുമ്പോൾ സമയം രാവിലെ എഴര. അമ്പലത്തിൽ പോവാനുള്ള പുറപ്പാടിലാണ്. കസവുമുണ്ടും, വേഷ്ടിയും, ഭസ്മചന്ദന കുറികളും രുദ്രാക്ഷമാലയുമെല്ലാം മുഖത്തെ തേജസ്സ് ഉയർത്തി. അടുത്തുചെന്ന് കാൽ തൊട്ട് വന്ദിച്ചു..

''ഓം ശതം ജീവ ശരദോ വർദ്ധമാനഃ
ശതം ഹേമന്താൻ ശതമുവസന്താൻ
ശതം ഇന്ദ്രാഗ്നി സവിതാ ബൃഹസ്പതിഃ
ശതായുഷാ ഹവിഷേമം പുനർദ്ദുഃ''

ഇരുകൈകളും തലയിൽ വച്ച് ദൃഢസ്വരത്തിൽ കരുതിവച്ച അനുഗ്രഹം.

''ഇരിക്കൂ, അമ്പലത്തിൽ പോയിട്ട് ഇപ്പോ വരാം'' ഉണ്ണികൃഷ്ണൻ നമ്പൂതിരി പടികളിറങ്ങി അമ്പലത്തിലേക്ക്. അല്പം കേൾവി കുറവുണ്ടോ? നടക്കുവാൻ അല്പം ബുദ്ധിമുട്ടും. അത്രയേ ഉള്ളൂ ഈ പ്രായത്തിലും.

അമ്പലത്തിൽ പോയി വരുന്ന സമയം കൊണ്ട് ഇല്ലവും പരിസരവും ചുറ്റി നടന്നു കണ്ടു. ഇല്ലം പഴയ പ്രൗഢിയോടെ തന്നെ. നാലുകെട്ടിനോട് ചേർന്ന അഞ്ചാം പുരയിലാണ് ഉണ്ണികൃഷ്ണൻ നമ്പൂതിരിയും കുടുംബവും താമസം. പുതുക്കി പണിഞ്ഞ അഞ്ചാം പുരയും ഒരു നാലുകെട്ടു തന്നെ. രണ്ടും വെവ്വേറെ ആണെങ്കിലും ഉള്ളിലൂടെ തന്നെ അങ്ങോട്ടു മിങ്ങോട്ടും വഴിയുണ്ട്. തൊട്ടടുത്തു തന്നെ കുളപ്പുരയോടു കൂടിയ വലിയ കുളം.

''വർഷത്തിൽ ഇവിടെ നാൽപതു അൻപതു ദിവസം നീന്തൽ പഠിപ്പി



കമലഹാസനൊപ്പം



പിണറായിക്കൊപ്പം

ക്കുന്നുണ്ട്'' കുളത്തിനു പോലുമുണ്ട് ചില പ്രത്യേകത. ആരു ഇറങ്ങാതെ പായൽ പിടിച്ച് കിടക്കുന്നതല്ല കല്ലു കൊണ്ട് കെട്ടിപ്പടുത്ത കുളം.

''പണ്ടൊരിക്കൽ പ്രശസ്ത ജ്യോതിഷി മിത്രൻ നമ്പൂതിരിപ്പാട് പറഞ്ഞിരുന്നു എനിക്ക് അതിമാനുഷയോഗമുണ്ടെന്ന്. വളരെ ശരിയല്ലേ. എഴുപതാം വയസ്സിൽ അമ്പലത്തിൽ പ്രതിഷ്ഠ നടത്താനുള്ള യോഗം, എഴുപത്തിനാലാമത്തെ വയസ്സിൽ ആദ്യ സിനിമ, പിന്നീടങ്ങോട്ട് പതിനേഴ് മലയാള സിനിമകളും മൂന്ന് തമിഴ് സിനിമകളും. പ്രശസ്തരോടൊപ്പമുള്ള അഭിനയം സഹവാസം ബഹുമതികൾ. ഇതു തന്നെയല്ലേ അതിമാനുഷയോഗം..'' ജാതകത്തിൽ നല്ല വിശ്വാസം. ദൈവത്തിലും! പോരാത്തതിന് കമ്മ്യൂണിസത്തിലും!!

അല്പം വൈരുദ്ധ്യാത്മകം തന്നെയാണ് ഈ പഴയ മനസ്സ്.

വിദ്യാർത്ഥിയായിരിക്കുന്നോൾ തന്നെ കമ്മ്യൂണിസ്റ്റ് ആയെങ്കിലും ക്ഷേത്രപ്രതിഷ്ഠ നടത്തുന്നത് എഴുപതാമത്തെ വയസ്സിൽ . സിനിമാക്കാരനായത് അതും കഴിഞ്ഞ് എഴുപത്തിനാലാമത്തെ വയസ്സിൽ.



*സ്വസ്തിയുടെ നാലാം ലക്കം ഉണ്ണികൃഷ്ണൻ നമ്പൂതിരിക്ക് താമരക്കുളം ദിവാകരൻ നമ്പൂതിരി നൽകിയപ്പോൾ*

1991 ലാണ് പയ്യന്നൂരിനടുത്ത് വരരുചിമംഗലം മഹാവിഷ്ണുക്ഷേത്രത്തിലെ പ്രതിഷ്ഠാകർമ്മം. അതൊരു വഴിത്തിരിവായി. അതിനുശേഷമാണ് സിനിമയും മറ്റും വന്നത്. അവിടെ ഉത്സവത്തിനും പ്രതിഷ്ഠാദിവസത്തിനും ഒക്കെ പോയി പൂജ കഴിക്കുന്നുമുണ്ട് . രണ്ടു വർഷം മുമ്പത്തെ ഉത്സവത്തിനു പോലും പോയിരുന്നു. തന്റെ സകല ഉയർച്ചക്കും പ്രശസ്തിക്കും കാരണം ആ പ്രതിഷ്ഠയാണെന്ന് വിശ്വസിക്കാനാണ് ഇഷ്ടം. പരമ്പരാഗതമായി ഓതിക്കൻമാരായ പുല്ലേരി വാദ്ധ്യാരില്ലത്ത് തേവാരത്തിന് ദുർഗ്ഗാഭഗവതിയാണ് പ്രധാനം. ശിവനും വിഷ്ണുവിനും പൂജയുണ്ട് . മരതകപ്പച്ചകൊണ്ടുള്ള ശിവലിംഗമാണ് മച്ചിൽ. പൂജാദികൾക്ക് ഇന്നും മുടക്കമില്ല.

ഇപ്പോഴും തുടരുന്ന നിരവധി നിത്യ തേവാരങ്ങളുണ്ട് .

രാവിലെ അഞ്ചുമണിക്ക് എഴുന്നേറ്റ് പത്മാസനത്തിലിരുന്ന് വിഷ്ണു സഹസ്രനാമം, ഭുജംഗപ്രയാതം, കനകധാരാസ്തോത്രം . പിന്നെ കുറേ ശ്ലോകങ്ങളും. അതു കഴിഞ്ഞാണ് കുളി. കുളി കഴിഞ്ഞാൽ ഭാഗ്യസൂക്തം, ശ്രീസൂക്തം, പുരുഷസൂക്തം, ശ്രീരുദ്രം ഇവയെല്ലാം ചൊല്ലും. അനവധി ഉരു ഭാഗ്യസൂക്തം ജപിച്ചതിന്റെ ഫലമായാണ് മകന് ജോലി കിട്ടിയതെന്നും വിശ്വസിക്കുന്നു.

ആചാരാനുഷ്ഠാനങ്ങളിൽ തെല്ലും വിട്ടുവീഴ്ചയില്ല. നിത്യ തേവാരങ്ങളിലും. ഒറ്റ ശ്രാദ്ധവും മുടക്കാറില്ല. വെള്ളിത്തിരയിൽ വന്നതു കൊണ്ട് ഓതിക്കൻ തന്ത്രി എന്നീ സ്ഥാനങ്ങൾക്ക് മങ്ങലുമില്ല. മന്ത്രങ്ങൾ പോലെത്തന്നെ വിപ്ലവഗാനങ്ങൾക്കും വഴങ്ങുന്നതാണ് നാവ്. പിണറായി വിജയൻ വന്നാലും മന്ത്രം ചൊല്ലി തലയിൽ കൈവച്ച് അനുഗ്രഹിക്കും. കമ്മ്യൂണിസ്റ്റുകാരനയ 'അസ്സൽ നമ്പൂതിരി'.

എഴുപത്തിനാലാമത്തെ വയസ്സിൽ ആദ്യമായി ഒരാൾ സിനിമയിൽ എത്തിയത് എങ്ങനെ.

''എന്റെ മകളുടെ ഭർത്താവ് കൈതപ്രം ദാമോദരന്റെ പിറന്നാളിന് ചെന്നപ്പോൾ അവിടെ കുറേ സിനിമക്കാർ ഉണ്ടായിരുന്നു. അന്ന് ദേശാടനത്തിന്റെ ഡിസ്കഷൻ നടക്കുന്ന സമയമാണ്. മുത്തശ്ശന്റെ റോളിന് ആൾ ആയിട്ടില്ല. എന്നെ കണ്ട ജയരാജ് ആ റോൾ ചെയ്തു കൂടെ എന്ന് ചോദിച്ചു. എനിക്ക് 74വയസ്സായി പറ്റുമെന്ന് തോന്നുന്നില്ല എന്ന് പറഞ്ഞു. പിന്നീട് മാടമ്പ് വീട്ടിൽ വന്ന് ഒന്നു നിന്നു കൊടുത്തു കൂടേ എന്ന് നിർബന്ധിച്ചു .അവസാനം

മാടമ്പു കുഞ്ഞുകുട്ടന്റെയും ദാമോദരന്റെയും മകളുടെയുമെല്ലാം നിർബന്ധത്തിനു വഴങ്ങി സമ്മതിച്ചു. ചെയ്യാൻ കഴിയുമോ എന്ന് അപ്പോഴും സംശയമായിരുന്നു. പക്ഷേ ദേശാടനത്തിന്റെ രണ്ട് സീനുകൾ കഴിഞ്ഞപ്പോഴേക്ക് ആൾക്കാർ കൈയ്യടിക്കാൻ തുടങ്ങി. എന്റേത് സ്വാഭാവിക അഭിനയമാണത്രെ.''

മുത്തശ്ശനായി ജീവിക്കുന്ന ഒരാൾക്ക് ചെറുപ്പക്കാരനാവാനല്ലേ പ്രയാസം വേണ്ടൂ. മലയാളത്തിലെ പ്രമുഖ നടൻമാരോടൊപ്പമൊക്കെ അഭിനയിച്ചിട്ടുണ്ട് എങ്കിലും ഇഷ്ടനടൻ മോഹൻലാലാണ്. തമിഴിലെ ഇഷ്ടനടൻമാർ രജനികാന്തും കമലഹാസനും. ഇഷ്ട സംവിധായകൻ ജയരാജ്. തിരുമേനി എന്ന് മാത്രമേ എല്ലാവരും വിളിക്കാറുള്ളൂ. എന്നാൽ ഒരിക്കൽ അല്ലാതെയും ഒരു വിളി കേൾക്കേണ്ടി വന്നു. അധിക നമ്പൂതിരിമാർക്കും കേൾക്കേണ്ടി വന്നിട്ടില്ലാത്തത്.

'പോടാ തെണ്ടീ' എന്നായിരുന്നു ആ വിളി.

ഒരു സിനിമാഷൂട്ടിംഗിനിടയിലായിരുന്നു അത്. പോക്കിരി രാജ എന്ന സിനിമയ്ക്കിടയിൽ. സിദ്ദിഖ് പോലീസ് സൂപ്രണ്ട്. സിദ്ധിക് കൊന്ന ആദ്യ ഭാര്യയുടെ അച്ഛൻ കേളപ്പൻ നായരായി ഉണ്ണികൃഷ്ണൻ നമ്പൂതിരിയും. കേളപ്പൻ നായരുടെ പേരക്കുട്ടി (സിദ്ദിഖിന്റെ മകൾ)ക്കിഷ്ടമില്ലാതെ ആഭ്യന്തര മന്ത്രിയുടെ തെമ്മാടി മകനുമായി കല്യാണം നിശ്ചയിക്കുവാൻ പുറപ്പെടുന്നു സിദ്ദിഖ്.കേളപ്പൻ നായർ സിദ്ദിഖിനോട് കല്യാണ നിശ്ചയം നടത്തരുത്, അശ്വതിക്കിഷ്ടമല്ല, എന്റെ മോളെ കൊന്ന പോലെ അവളേയും നശിപ്പിക്കരുതേ എന്നു പറയുന്നു. ഏതെങ്കിലും മൂലയിൽ ഇരുന്നോണം. ഇല്ലെങ്കിൽ തന്റെ മരണാനന്തരചടങ്ങാണ് നടക്കുക എന്ന് കഴുത്തിന് കുത്തിപ്പിടിച്ചു പറയുന്നു. തിരിഞ്ഞ് അശ്വതിയോട് താൻ പറഞ്ഞതനുസരിച്ചില്ലെങ്കിൽ ആദ്യം തീർക്കുന്നത് ഈ പുരാവസ്തുവിനെയായിരിക്കും എന്നും പറയുന്നുണ്ട്. ഇതാണ് പോക്കിരിരാജയിലെ സീൻ .അതിന്റെ ക്ലൈമാക്സിലാണ് 'പോടാ തെണ്ടീ' എന്ന പ്രയോഗം. സിനിമയിലാണെങ്കിലും ജീവിതത്തിൽ ആദ്യമായാണ് ഒരാൾ അങ്ങനെ വിളിക്കുന്നത്. ഷൂട്ടിംഗ് കഴിഞ്ഞപ്പോൾ സിദ്ദീഖിന് വല്ലാത്ത അസ്ഥ്യത. അയാൾ അടുത്തു വന്നു. വല്ലാതെ പരുങ്ങി നിൽക്കുന്നു. എന്താ കാര്യം എന്നു ചോദിച്ചു.

''തിരുമേനി പൊറുക്കണം'' സിദ്ദീഖ് പറഞ്ഞു.

അല്പം മുമ്പ് പോടാ തെണ്ടീ എന്നു വിളിച്ചതിന് ക്ഷമ ചോദിക്കാനാണ് അയാൾ പരുങ്ങി നിൽക്കുന്നത്. സിനിമ വിശ്വാസികളുടെ ലോകമാണ്. ജ്യോതിഷവും നക്ഷത്രഫലവും രാഹുകാലവും ന്യൂമറോളജിയും എന്നു വേണ്ട സകല വിശ്വാസങ്ങളും മുറുകെപ്പിടിക്കുന്നവരുടെ ലോകം.

കുളിയും തേവാരവും എല്ലാമുള്ള ഒരു വയോധികനായ ബ്രാഹ്മണനെ മുഖത്തു നോക്കി തെണ്ടീ എന്നു വിളിച്ചാലുണ്ടാവുന്ന ബ്രാഹ്മണശാപം ചെറുതായിരിക്കില്ല. ഇമ്മാതിരി വിശ്വാസക്കാരാണ് സിനിമയിൽ. അതുകൊണ്ടാണോ എന്നറിയില്ല ''തിരുമേനി, സിനിമയിലായതുകൊണ്ടാണേ'' എന്ന് പറഞ്ഞ് സിദ്ദീഖ് ക്ഷമ ചോദിച്ചു. അങ്ങനെയും ചിലതുണ്ട് ഓർത്തു പറയാൻ.

കല്യാണരാമനിലെ വൃദ്ധശൃംഗാരം. അതും ശ്രദ്ധേയമായ ഒന്നാണ്.

ചിലർക്കൊക്കെ അതുമിതും തോന്നി. കണ്ണിറുക്കലും മറ്റും കണ്ട് കുട്ടികൾ ചോദിച്ചു അച്ഛൻ ഈ വയസ്സുകാലത്ത് ഇങ്ങനെയൊക്കെ അഭിനയിക്കണമായിരുന്നോ എന്ന്. കുറച്ച് അമിതമായോ എന്ന് ആശങ്ക. പക്ഷേ, ആയിടയ്ക്ക് ഒരു കല്യാണപാർട്ടിയിൽ വച്ച് കണ്ടപ്പോൾ അടൂർ ഗോപാലകൃഷ്ണൻ അടുത്തു വന്ന് കെട്ടിപ്പിടിച്ചു.

''കലക്കി തിരുമേനി .ഈ വയസ്സിൽ ഇങ്ങനെ ശൃംഗാരമഭിനയിക്കാൻ തിരുമേനിക്കേ കഴിയൂ'' എന്നായിരുന്നു അടൂർ പറഞ്ഞത്. അന്ന് രാത്രി ഇല്ലത്ത് വന്ന അടൂർ അതേപറ്റി കുറെ സംസരിച്ചു. അടൂരിന്റെ അഭിനന്ദനത്തോടെയാണ് ആ അഭിനയം അത്രമേൽ നന്നായി എന്ന് തിരിച്ചറിഞ്ഞത്.

ദേശാടനം കണ്ട് ഇഷ്ടപ്പെട്ടാണ് കമലഹാസനും രജനീകാന്തും സ്വന്തം സിനിമകളിലേക്ക് വിളിച്ചത്. പിന്നീട് എല്ലാ പിറന്നാൾ ദിനങ്ങളിലും കമലഹാസൻ വിളിച്ച് ആശംസകൾ അറിയിക്കാറുണ്ട്. ശതാഭിഷേകം കഴിഞ്ഞതിൽപ്പിന്നെ എല്ലാവർഷവും

> തിരുമേനി എന്ന് മാത്രമേ എല്ലാവരും വിളിക്കാറുള്ളൂ. എന്നാൽ ഒരിക്കൽ അല്ലാതെയും ഒരു വിളി കേൾക്കേണ്ടി വന്നു. അധിക നമ്പൂതിരിമാർക്കും കേൾക്കേണ്ടി വന്നിട്ടില്ലാത്തത്.

ആഘോഷമായിത്തന്നെ പിറന്നാൾ നടത്തും. അന്ന് ഇല്ലത്ത് പ്രത്യേക പൂജകളുണ്ടാകും. ഒരിക്കൽ കമലഹാസൻ വിളിക്കുമ്പോൾ ഞാൻ പൂജയിലായിരുന്നു. അദ്ദേഹം പിന്നീട് വീണ്ടും വിളിച്ചു. ആശംസയറിയിക്കാൻ.

ആഘോഷത്തിൽ പിണറായി, കോടിയേരി, കടന്നപ്പള്ളി, വി ഡി സതീശൻ തുടങ്ങി പല പ്രമുഖരും പങ്കെടുക്കാറുണ്ട്. പിണറായി എം. എൽ എ ആയിരുന്നപ്പോഴും, വൈദ്യുതിമന്ത്രി ആയിരുന്നപ്പോഴും ഇല്ലത്ത് വരാറുണ്ട് . ഇപ്പോൾ മുഖ്യമന്ത്രി ആയ ശേഷവും അതിന് മാറ്റമില്ല. കഴിഞ്ഞ ഒക്ടോബറിലായിരുന്നു 95ാം പിറന്നാൾ. ഒരു ശനിയാഴ്ച. അന്ന് മുഖ്യമന്ത്രി പിണറായി വിജയന് വരാനായില്ല. തലേന്ന് വെള്ളിയാഴ്ച തന്നെ ഫോണിൽ വിളിച്ച് മുൻകൂറായി ജന്മദിനാശംസകൾ നേർന്നു.

1923 ഒക്ടോബർ മാസം 25 ന് തുലാമാസത്തിലെ തിരുവോണം നാളിലാണ് ജനനം. അച്ഛൻ നാരായണൻ നമ്പൂതിരി. അമ്മ ദേവകി അന്തർജ്ജനം. 34ാം വയസ്സിൽ അച്ഛൻ മരിച്ചു. അതിനു മുമ്പ് തന്നെ ഇല്ലം പണികഴിപ്പിച്ചിരുന്നു.

''ഇന്നാട്ടിൽ സ്കൂൾ സ്ഥാപിച്ചത് അച്ഛനാണ്. തറവാട്ടിലെ പ്രായം കൂടിയ ആളാണ് സ്കൂൾ മാനേജർ ആവുന്നത്. ഇപ്പോൾ 95കാരനായ ഉണ്ണികൃഷ്ണൻ നമ്പൂതിരിയാണ് മാനേജർ . 17 ടീച്ചർമാരുണ്ട് സ്കൂളിൽ. പത്താം ക്ലാസ് വരെയാണ് പഠിച്ചത്. പയ്യന്നൂർ ഹൈസ്കൂളിൽ. അച്ഛൻ നല്ല പുരോഗമനചിന്താഗതിക്കാരനും കോൺഗ്രസ്സുകാരനുമായിരുന്നു. എങ്കിലും ഇല്ലത്തെ അനുഷ്ഠാനങ്ങളിലും മക്കളുടെ ഉപനയനം ബ്രഹ്മചര്യം, വേദാദ്ധ്യയനം, സമാവർത്തനം തുടങ്ങിയവയെല്ലാം കണിശമായി അനുഷ്ഠിക്കാൻ ആ പുരോഗമനം തടസ്സമല്ലായിരുന്നു.''

എന്നാൽ അനുഷ്ഠാനത്തിന്റെ കണിശതയിൽ നടക്കാതെ പോയ ഒരു മോഹമുണ്ട് . മഹാത്മാഗാന്ധിജിയെ കാണാൻ കഴിയാതെ പോയത്.

''ഞാൻ ഉപനയനം കഴിഞ്ഞിരിക്കുമ്പോഴാണ് മഹാത്മാഗാന്ധി കണ്ണൂരിൽ വന്നത്. പോയി കാണണമെന്ന് വലിയ ആഗ്രഹമുണ്ടായിരുന്നു . എന്നാൽ ബ്രഹ്മചാരിയായതിനാൽ പോകാൻ പറ്റിയില്ല. വലിയ വിഷമമായി അന്ന്.''

അഞ്ച് സഹോദരങ്ങളാണ്. കാറൽമണ്ണ തെക്കുമ്പറമ്പ് ഇല്ലത്തെ ലീല അന്തർജ്ജനമായിരുന്നു സഹധർമ്മിണി. 2009ൽ മരിച്ചു.

മക്കൾ കൈതപ്രത്തിന്റെ സഹധർമ്മിണി ദേവി, ഭവദാസൻ, യമുന, കുഞ്ഞികൃഷ്ണൻ. കണ്ണാടകബാങ്ക് മാനേജർ ആണ് ഭവദാസൻ. ഭവദാസനും ഇന്ദുവിനും പേരക്കുട്ടികൾക്കുമൊപ്പമാണ് താമസം. യമുനയെ മഞ്ചേരി ആറ്റുപുറത്തേക്കാണ് വേളി കഴിച്ച് കൊടുത്തത്. ഇളയമകൻ കുഞ്ഞികൃഷ്ണൻ ഹൈക്കോടതിയിൽ വക്കീലായി പ്രാക്ടീസ് ചെയ്യുന്നു.

ആതിഥ്യം ആവോളം സ്വീകരിച്ച് നിറഞ്ഞ മനസ്സോടെ ഇല്ലത്ത് നിന്ന് മടങ്ങുമ്പോൾ തെളിഞ്ഞ ചിരിയോടെ ഉണ്ണികൃഷ്ണൻ നമ്പൂതിരി. പിന്നിൽ ബാക്കിയായത് യാത്രാമംഗളം! ശതംജീവ ശരദോ എന്ന അനുഗ്രഹ വചനം!!

●

## കെ.പി.സി.സി പട്ടികയിലെ

# ഒരേ ഒരു നമ്പൂതിരി






മലപ്പുറത്ത് നിന്ന് ആര്യാടൻ മുഹമ്മദും തിരുവനന്തപുരത്ത് നിന്ന് ഉമ്മൻചാണ്ടിയും ഡൽഹിയിൽ നിന്ന് രാഹുൽഗാന്ധിയും വെട്ടിമാറ്റാത്ത പേരാണ് ഈ നമ്പൂതിരിയുടെത് എന്നാണ് ആദ്യം മനസ്സിലാക്കേണ്ടത്. കെ.പി.സി.സിയുടെ പ്രഥമ യോഗത്തിന് തിരുവനന്തപുരത്ത് ഇന്ദിരാഭവനിലെത്തിയപ്പോൾ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞത് ഇങ്ങനെ: " കെ.പി.സി.സിയിലെ ഒരേ ഒര നമ്പൂതിരിയാണ് നമ്പൂതിരി മാഷ്."

**സ്വന്തം ലേഖകൻ**

തർക്കങ്ങളും പാരവയ്പുകളും വെട്ടിത്തിരുത്തലുമായി മാസങ്ങൾ നീണ്ട പ്രക്രിയക്കൊടുവിലാണ് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ പട്ടിക പുറത്തു വന്നത്. പത്രങ്ങൾക്ക് അന്ന് അതായിരുന്നു ഒന്നാം പേജിലെ പ്രധാനവാർത്ത. സ്വന്തം ഇഷ്ടക്കാരനായ പി.സി. വിഷ്ണുനാഥിനെ അതിൽ ഉൾപ്പെടുത്താൻ സാക്ഷാൽ ഉമ്മൻചാണ്ടി പോലും നന്നെ വിയർത്തു എന്നറിയുമ്പോഴാണ് വീട്ടിയ്ക്കാട് ശങ്കരനാരായണൻ നമ്പൂതിരിയെന്ന അത്രയൊന്നും പിടിപാടില്ലാത്ത ഒരു സാധാരണ നമ്പൂതിരി ആ പട്ടികയിൽ ഇടം നേടിയത് നമ്മെ ആശ്ചര്യപ്പെടുത്തുന്നത്. ആകെ 304 പേരുള്ള ആ പട്ടികയിൽ വന്ന ഒരേ ഒരു നമ്പൂതിരിയും ഇദ്ദേഹമാണ്. മലപ്പുറത്തെ കോൺഗ്രസുകാർക്കിടയിൽ വി.എസ്. എൻ നമ്പൂതിരി എന്ന് അറിയപ്പെടുന്ന വീട്ടിയ്ക്കാട് .

ആ പട്ടികയിലുള്ള 304 പേരിൽ വേറെ ചിലരെ നമ്മളൊക്കെ അറിയും. എ.കെ. ആന്റണി, ഉമ്മൻചാണ്ടി, തിരുവഞ്ചൂർ രാധാകൃഷ്ണൻ......അങ്ങനെയങ്ങനെ. ഒരു നിയമസഭാ മണ്ഡലത്തിൽ നിന്ന് രണ്ടാളെ മാത്രമേ എടുക്കൂ. അങ്ങനെയാണ് പട്ടിക തയ്യാറാക്കുന്നത്. ആകെയുള്ള 304 മെമ്പർമാരിൽ 282 പേരാണ് തിരഞ്ഞെടുക്കപ്പെട്ടുവരുന്നത്. ബാക്കി 22 പേർ മുൻ അദ്ധ്യക്ഷന്മാരും സ്ഥിരം ക്ഷണിതാക്കളുമാണ്.

'ധീരോദാത്തൻ അതിപ്രതാപഗുണവാൻ വിഖ്യാതവംശൻ ധരാപാലൻ.....' തുടങ്ങി പഴയ പുരാണനാടകങ്ങളിലെ നായകലക്ഷണം പോലെ ഹൈക്കമാൻഡ് ഒട്ടനവധി നിർദ്ദേശങ്ങൾ വച്ചിരുന്നു. കെ.പി.സി.സി പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരെപ്പറ്റി രാഹുൽഗാന്ധിയും ചില


നീണ്ടു...നീണ്ടു...നീണ്ടുപോയ കെപിസിസി പട്ടിക

ദാ, വന്നല്ലോ

- ഇന്നു കെപിസിസി ജനറൽ ബോഡി യോഗം
- കെപിസിസി അധ്യക്ഷനെ നിശ്ചയിക്കാനുള്ള അധികാരം സോണിയ ഗാന്ധിക്കു നൽകി പ്രമേയം പാസാക്കും

*കെ.പി.സി.സി. പട്ടിക പ്രസിദ്ധീകരിച്ച ദിവസത്തെ മലയാള മനോരമയുടെ മുഖ്യവാർത്തയും കാർട്ടൂണും. പട്ടിക എത്ര നീണ്ടതായിരുന്നുവെന്ന് കാർട്ടൂണിൽ നിന്ന് വ്യക്തം*

നിർദ്ദേശങ്ങൾ നൽകിയിരുന്നു. അഴിമതിക്കാരാവരുത്. ഗ്രൂപ്പിന്റെ നോമിനിയാവരുത്, അതത് ബ്ളോക്കിലുള്ളവരാവണം, ജാതി മത സമവാക്യങ്ങൾ തെറ്റിക്കരുത്, തുടങ്ങി പലതും പലതും. ഇങ്ങനെ കർശനനിർദ്ദേശം നൽകിയില്ലെങ്കിൽ ഗ്രൂപ്പ് നേതക്കൾ കെ.പി.സി.സി അംഗങ്ങളെ വീതം വച്ചെടുക്കുമെന്നത് രാഹുലിന്റെ അനുഭവം. അതിനാൽ ഇത്തവണ കർശനമായ സ്ക്രൂട്ടണി നടത്തിയാണ് പട്ടിക നിരത്തിയത്.

കെ.പി.സി.സി ഒരു പട്ടിക ഉണ്ടാക്കി നൽകി. ഹൈക്കമാൻഡ് അതിലെ പകുതിപ്പേരെ വെട്ടിക്കളഞ്ഞു. വീണ്ടും വേറൊരു ലിസ്റ്റ് ഉണ്ടാക്കി അയച്ചു. ഹൈക്കമാൻഡ് വീണ്ടും അതിൽ കൈവച്ചു. ഇതിനിടെ ഒരു ഗ്രൂപ്പിലും ഇല്ലാത്ത വി. എം. സുധീരൻ പരാതിയുമായി ഡൽഹിയിലെത്തി. ഗ്രൂപ്പില്ലാത്ത ഗ്രൂപ്പിൽ നിന്ന് ചിലരെ ഉൾപ്പെടുത്താൻ വേണ്ടി. കെ. മുരളീധരനും സ്വന്തമായി ചില മെമ്പർമാരെ തിരുകിക്കയറ്റാൻ രംഗത്തു വന്നു. കശപിശ തീർക്കാൻ ഗ്രൂപ്പില്ലാത്തഗ്രൂപ്പിന്റെ നേതാവായ മുല്ലപ്പള്ളി രാമചന്ദ്രനെ ഹൈക്കമാൻഡ് ചുമതലപ്പെടുത്തുകയും ചെയ്തു.

അങ്ങനെ ഉദ്വേഗജനകമായി പോവുമ്പോഴാണ് ഉണ്ണിത്താന്റെ വെടിക്കെട്ട്.

ആദ്യഘട്ടം ലിസ്റ്റിൽ പേരില്ലാതെ പോയതാണ് കെ.പി.സി.സി വക്താവ് രാജ്മോഹൻ ഉണ്ണിത്താനെ ചൊടിപ്പിച്ചത്. അദ്ദേഹത്തിന്റെ വക പരസ്യപ്രസ്താവന. ഇങ്ങനെ അടിയും തടയും വെടിക്കെട്ടും എല്ലാം കഴിഞ്ഞ് ലിസ്റ്റ് പുറത്തു വന്നതു കൊണ്ടാണ് അത് പത്രങ്ങളിലെ ഒന്നാം പേജിൽ മുഖ്യവാർത്തയായത്.

ആ മുഖ്യവാർത്തയിൽ ഇടം കിട്ടിയ ഒരേയൊരു നമ്പൂതിരിയെ നമ്പൂതിരിമാരെങ്കിലും നന്നായി അറിയേണ്ടതുണ്ട്.

മലപ്പുറത്ത് നിന്ന് ആര്യാടൻ മുഹമ്മദും തിരുവനന്തപുരത്ത് നിന്ന് ഉമ്മൻ ചാണ്ടിയും ഡൽഹിയിൽ നിന്ന് രാഹുൽ

> ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ അച്ഛൻ മരിച്ചു. അന്ന് അച്ഛന് വയസ്സ് 76 . അമ്മയ്ക്ക് 40വയസ്സ്. ഈ മകന് വെറും 8 വയസ്സും. അമ്മ പ്രസവിച്ച ഏഴു മക്കളിൽ ആയുസ്സിന്റെ ബലം കൊണ്ട് ബാക്കിയായത് ശങ്കരനാരായണനും രണ്ടു പെങ്ങൾമാരും മാത്രം.

ഗാന്ധിയും വെട്ടിമാറ്റാത്ത പേരാണ് ഈ നമ്പൂതിരിയുടെത് എന്നാണ് ആദ്യം മനസ്സിലാക്കേണ്ടത്. കെ.പി.സി.സിയുടെ പ്രഥമ യോഗത്തിന് തിരുവനന്തപുരത്ത് ഇന്ദിരാഭവനിലെത്തിയപ്പോൾ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞത് ഇങ്ങനെ: ''കെ.പി.സി.സിയിലെ ഒരേ ഒരു നമ്പൂതിരിയാണ് നമ്പൂതിരി മാഷ്.''

കോൺഗ്രസിലെ ഒരേയൊരു നമ്പൂതിരി എം.എൽ.എ ആയിരുന്നു വടക്കാഞ്ചേരി നിന്നുള്ള കെ.എസ്.എൻ. ഇപ്പോഴിതാ കെ.എസ്.എന്നിനെപ്പോലെ മറ്റൊരു നമ്പൂതിരി വി.എസ്.എൻ.

വി.എസ്.എൻ നമുക്കും കോൺഗ്രസ് സ്റ്റൈലിൽ അങ്ങനെ വിളിക്കാം.

ഉമ്മൻചാണ്ടി കെ.എസ്. യു പ്രസിഡന്റ് ആയിരിക്കുമ്പോൾ മഞ്ചേരി കോളേജിൽ കെ.എസ്.യുവിന് (പ്രീഡിഗ്രിക്ക്) പഠിക്കുകയായിരുന്നു വി.എസ്.എൻ. അക്കാലത്ത് എസ്.എഫ്.ഐയുടെ പൂർവരൂപമായ കെ.എസ്.എഫ് ആണ് സി.പി.എമ്മിന്റെ വിദ്യാർത്ഥിസംഘടന.

''അവരുടെ മുഷ്ക്കും ധാർഷ്ട്യവും സഹിക്കാൻ വയ്യാതെയാണ് കെ.എസ്.യു വിൽ ചേർന്നത്.'' വി.എസ്.എൻ പറയുന്നു. ഇത് 1966ലെ പ്രീഡിഗ്രിക്കാലം.

പിന്നെ 68- 70 കാലത്ത് മലപ്പുറം ബേസിക് ട്രെയിനിംഗ് സ്കൂളിൽ ടി.ടി.സിക്കാലം. അന്നും ഖദറായിരുന്നു വേഷം. കോൺഗ്രസായിരുന്നു മതം. രാഷ്ട്രീയമായിരുന്നു പഠനം.

''കയ്യിൽ കാശ് ഇല്ലാത്തതിനാൽ കാശ് മുടക്കുള്ള ഒന്നിനും അക്കാലത്ത് പോയിട്ടില്ല. സമരങ്ങൾ,ക്ളാസിൽ നിന്ന് ഇറങ്ങിപ്പോക്ക് തുടങ്ങി ചെറുകിട പരിപാടികൾ മാത്രം''.

അല്ലെങ്കിലും കാശ് മുടക്കാനൊന്നും സാദ്ധ്യതയുമില്ല. ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ അച്ഛൻ മരിച്ചു. അന്ന് അച്ഛന് വയസ്സ് 76 . അമ്മയ്ക്ക് 40വയസ്സ്. ഈ മകന് വെറും 8 വയസ്സും. അമ്മ പ്രസവിച്ച ഏഴു മക്കളിൽ ആയുസ്സിന്റെ ബലം കൊണ്ട് ബാക്കിയായത് ശങ്കരനാരായണനും രണ്ടു പെങ്ങൾമാരും മാത്രം. ഒരാൾ അനിയത്തി. (മലയാളി അറിയും ഈ അനിയത്തിയെ. പ്രമുഖ കവയിത്രി സാവിത്രി രാജീവൻ. ഇപ്പോൾ തിരുവനന്തപുരത്ത് താമസം) മറ്റൊരാൾ ഓപ്പോൾ. എട്ടു വയസ്സുള്ള ഉണ്ണിയുടെ തലയിലായി ആ കുടുംബം. പട്ടിണി സമൃദ്ധമായുണ്ടു. ദാരിദ്ര്യം അലങ്കാരമാക്കി. 21ാം വയസ്സിൽ ബ്ലൂത്തുകമ്മിറ്റിയിൽ കയറിപ്പറ്റിയത് ആരെങ്കിലും കൈ പിടിച്ചതുകൊണ്ടല്ല, ആരൊക്കെയോ തിരിച്ചറിഞ്ഞതു കൊണ്ടാണ്.

മുസ്ലിം ഭൂരിപക്ഷ പ്രദേശത്ത് രാഷ്ട്രീയപ്രവർത്തനം നടത്തുമ്പോൾ ഒരു സവർണ്ണഹിന്ദുവിന് നേരിടേണ്ടി വരുന്ന ഒരു പ്രയാസവും വി.എസ്.എൻ അനുഭവിച്ചില്ല. എന്തുകൊണ്ട് ? അതിന് ഉത്തരം ഇങ്ങനെ പറഞ്ഞു തരാം.

മലപ്പുറം മുനിസിപ്പാലിറ്റിയിലെ

**ഒരു തർക്കവും ഒരാൾക്കും പറയാനില്ലാത്ത ഒരാളെ നോമനിനിയാക്കാൻ മുൻ മന്ത്രി അനിൽകുമാർ നടത്തിയ അന്വേഷണം എത്തിച്ചേർന്നത് വി.എസ്.എന്നിൽ. ഒരാൾ പോലും അത് അറിഞ്ഞില്ലെന്ന് മാത്രം. വി.എസ്.എൻ പോലും!**



*അദ്ധ്യാപകസംഘടനാ നേതാവായിരിക്കെ നടത്തിയ ഒരു സമരത്തിൽ നിന്ന്*

ഒന്നാം വാർഡ് മേൽമുറി പ്രദേശം. യു. ഡി.എഫ് സംവിധാനത്തിൽ ആ പ്രദേശത്ത് സ്ഥിരമായി മത്സരിക്കുന്നത് മുസ്ലിം ലീഗാണ്. എന്നാൽ ജയിക്കുന്നത് എൽ.ഡി.എഫും. കോൺഗ്രസുകാർക്ക് റോളൊന്നുമില്ല. ആയിടെ ഒരിക്കൽ മുനിസിപ്പൽ തിരഞ്ഞെടുപ്പ് വന്നു. യു. ഡി.എഫ് സംവിധാനത്തിൽ മേൽമുറി വാർഡ് കോൺഗ്രസിന് നൽകണമെന്ന് കോൺഗ്രസ്. പറ്റില്ലെന്ന് ലീഗും. അടിച്ചു പിരിയുന്ന വക്കിലെത്തി. പിന്നെ സമവായം. ചർച്ച. അങ്ങനെയങ്ങനെ... ഒടുവിൽ ലീഗാണ് പറഞ്ഞത് വി.എസ്. എൻ മത്സരിക്കുകയാണെങ്കിൽ സീറ്റ് കോൺഗ്രസിന് നൽകാം!

പക്ഷേ, അന്നുവരെ മത്സരിച്ചിട്ടില്ല.അങ്ങനെയൊന്ന് ഉദ്ദേശിച്ചിട്ടേയില്ല. ആഗ്രഹിച്ചിട്ടുമില്ല. അതുമല്ല പ്രയാസം, അമ്മയ്ക്ക് ഇതൊന്നും ഇഷ്ടവുമല്ല. അമ്മ അരുതെന്ന് പറഞ്ഞ ഒരു കാര്യവും ഇന്നോളം ചെയ്തിട്ടില്ല. എട്ടാം വയസ്സുമുതൽ അച്ഛൻ കൂടിയാണ് അമ്മ.

ഒരു കാര്യം ചെയ്തു. അരുതെന്ന് പറയും മുമ്പ് അമ്മയോട് ചെന്ന് പറഞ്ഞു. ''അമ്മ അരുതെന്ന് പറയരുത്. പാർട്ടിക്ക് ഒരു അവസരം കിട്ടിയതാണ്. ഞാനാണ് നിൽക്കുന്നതെങ്കിൽ മാത്രമേ സീറ്റ് കോൺഗ്രസിന് നൽകൂ''

അമ്മ സമ്മതിച്ചു. നാട്ടുകാരും സമ്മതിദാനം ചെയ്തു.

എൽ. ഡി. എഫിന് അന്നാദ്യമായി ആ വാർഡിൽ കടുത്ത പോരാട്ടം നേരിടേണ്ടി വന്നു. ആ മത്സരത്തിന് വേറെയും ഗുണമുണ്ടായി. അടുത്ത തവണ ആയപ്പോഴേക്കും തൊട്ടപ്പുറത്തെ മൂന്നാം വാർഡും മുസ്ലീം ലീഗ് ഒഴിഞ്ഞു നൽകി. അങ്ങനെ ആദ്യമായി ആ വാർഡിൽ കോൺഗ്രസിലൂടെ ഒരു യു ഡി എഫ് ജയം. മലപ്പുറത്തെ കോൺഗ്രസ് ഹൈക്കമാൻഡായ ആര്യാടൻ മുഹമ്മദും അനിൽകുമാറും മറ്റും നമ്പൂരി മാഷെ ശ്രദ്ധിക്കാൻ തുടങ്ങി. ഗ്രൂപ്പു നോക്കാതെയുള്ള താല്പര്യം. ബൂത്തു കമ്മിറ്റിയിൽ നിന്ന് ബൂത്ത് പ്രസിഡന്റിലേക്ക്. പിന്നെ മണ്ഡലം സെക്രട്ടറി, ബ്ലോക്ക് സെക്രട്ടറി, മണ്ഡലം പ്രസിഡന്റ് തുടങ്ങി ഭാരവാഹിത്വങ്ങൾ.

വി.എസ്.എൻ മലപ്പുറം മുനിസിപ്പാലിറ്റിയുടെ പ്രസിഡന്റായി ചുമതലയേൽക്കുമ്പോൾ വെറും രണ്ടുപേരാണ് കൗൺസിലർമാരായി കോൺഗ്രസിന് ഉണ്ടായിരുന്നത്. അത് ആറാക്കി ഉയർത്താനായി. മുസ്ലിംലീഗിന്റെ കോട്ടയായ ഒരു നഗരസഭയിൽ കോൺഗ്രസിനെ രണ്ടിൽ നിന്ന് ആറിലേക്ക് ഉയർത്തുകയെന്നാൽ എളുപ്പപ്പണിയല്ലെന്ന് രാഹുൽഗാന്ധിയേക്കാളും നന്നായി അറിയാം ആര്യാടൻ മുഹമ്മദിന്. വി.എസ്.എൻ പട്ടികയിൽ ഇടം നേടുന്നത് ഖദറിന്റെ വെളുപ്പു കൊണ്ടല്ല, മനസ്സിൽ കറുപ്പില്ലാത്തതുകൊണ്ടാണ്.

മോങ്ങത്തെ സ്കൂൾ മാഷായി 34 കൊല്ലം പണിയെടുത്ത ആളാണ്. അന്നുമുണ്ടായിരുന്നു രാഷ്ട്രീയ പ്രവർത്തനം.

വി.എസ്.എൻ മലപ്പുറം മുനിസിപ്പാലിറ്റിയുടെ പ്രസിഡന്റായി ചുമലയേൽക്കുമ്പോൾ വെറും രണ്ടുപേരാണ് കൗൺസിലർമാരായി കോൺഗ്രസിന് ഉണ്ടായിരുന്നത്. അത് ആറാക്കി ഉയർത്താനായി.

കുറെ വർഷങ്ങൾക്കു മുമ്പാണ്. മോങ്ങത്തെ ഒരാൾ മാഷെ കാണാൻ വന്നു. ജില്ല ആശുപത്രിയിൽ പാർട്ട് ടൈം ആയി താല്കാലിക ജീവനക്കാരെ എടുക്കുന്നുണ്ട്. അതിലേക്ക് ശുപാർശ ചെയ്യണം.

തനിക്ക് ഒരു സ്വാധീനവുമില്ലെന്നും പറഞ്ഞാൽ നടക്കില്ലെന്നുമായി വി.എസ്.എൻ. സംഗതി ശരിയുമാണ്. അന്ന് ഒരു സാധാരണ പ്രവർത്തകൻ മാത്രമാണ്. പക്ഷേ. വന്നയാൾ വിടാൻ ഭാവമില്ല. ഇങ്ങനെ ചില ഒഴിവു വന്നാൽ ഡി.സി.സിയിൽ ശുപാർശയുമായി നൂറും ഇരുനൂറും ആളുകളെത്തും.ഓരോ ഭാരവാഹികളും പത്തു പേരുടെയെങ്കിലും ലിസ്റ്റുമായാണ് വരിക. എല്ലാം അറിയുന്നതു കൊണ്ട് കാര്യം നടക്കില്ലെന്ന് ശഠിച്ചു. പക്ഷേ,അയാൾ വിടുന്നില്ല.

വി.എസ്.എൻ ആരെ വിളിച്ചു പറഞ്ഞാലും കാര്യം നടക്കുമെന്നായി അയാൾ. ഇങ്ങനെയുള്ള ചില ശുപാർശക്കാരെ പറ്റിക്കാൻ നമ്പർ ഡയൽ ചെയ്യാതെ ഫോണിൽ വിളിച്ച് പറഞ്ഞിരുന്ന നേതാക്കളും അക്കാലത്തുണ്ടായിരുന്നു. വേണമെങ്കിൽ അങ്ങന പറ്റിക്കാം. പക്ഷേ,വി.എസ്. എൻ വിളിച്ചു . ഡി.സി. സിയിലല്ല, തനിക്കറിയാവുന്ന ഒരു ഡോക്ടറെ. ഇങ്ങനെ ഒരാൾ വരുന്നുണ്ട് യോഗ്യതയുണ്ടെങ്കിൽ മാത്രം പരിഗണിക്കുക എന്നായിരുന്നു ആവശ്യം.

'യോഗ്യതയുണ്ടെങ്കിൽ മാത്രം പരിഗണിക്കുക' എന്ന് ശുപാർശ ചെയ്യാൻ ആരെങ്കിലും വേണോ?

അതുകൊണ്ട് ഫോൺ ചോർത്തുമോ എന്ന ആശങ്കയില്ലാതെ ഫോണിൽ പ്പോലും ഇത്തരം കാര്യങ്ങൾ സംസാരിക്കാൻ വി.എസ്. എന്നിന് പ്രശ്നമില്ല.

ഒരിക്കൽ ഒരു ഉദ്യോഗസ്ഥന് ചില വിഷമങ്ങളുണ്ടായി. അയാൾ അക്കാര്യം വന്നു പറഞ്ഞു. ചെയ്തു കൊടുക്കാവുന്ന കാര്യം. എന്നാൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ ഉടക്കുമായി നിൽക്കുന്നു. വകുപ്പുമന്ത്രി ഇടപെട്ടാൽ പ്രശ്നം പരിഹരിക്കാം. ഇതാണ് അവസ്ഥ. തന്റെ ഗ്രൂപ്പിൽപ്പെട്ട ആളല്ല മന്ത്രി. ഫോണിൽ ഇത്തരം കാര്യങ്ങൾ സംസാരിക്കുന്നത് അദ്ദേഹത്തിന് ഇഷ്ടവുമല്ല. അഴിമതിക്കേസുവരാൻ അത് മതിയാവും.

പക്ഷേ, വി.എസ്.എൻ വിളിച്ചു. ഫോണിൽത്തന്നെ. കാര്യവും പറഞ്ഞു. നേരെനടന്നു കിട്ടേണ്ട ഒരു കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുക. അത്രയേ താൻ ചെയ്തിട്ടുള്ളൂ. അതിൽ അഴിമതിയില്ല. അത് നടക്കാതിരുന്നാലാണ് അഴിമതി. പത്തു ദിവസം കഴിഞ്ഞ് ആ ഉദ്യോഗസ്ഥൻ വിളിച്ചു നന്ദി പറയാനല്ല താൻ എന്താണ് ചെയ്യേണ്ടത് എന്നറി

**രാഹുൽ ഗാന്ധി**



നമ്പൂതിരി മാഷ് ഉൾപ്പെടുന്ന പട്ടികക്ക് അനുമതി നൽകിയ ഹൈക്കമാൻഡ്

**മുല്ലപ്പള്ളി രാമചന്ദ്രൻ**



കോൺഗ്രസ് തിരഞ്ഞെടുപ്പ് അതോറിറ്റിയുടെ അദ്ധ്യക്ഷൻ

**ആര്യാടൻ മുഹമ്മദ്**



രാഷ്ട്രീയ പ്രവർത്തനത്തിന്റെ ആദ്യകാലത്ത് തണലായിരുന്ന നേതാവ്

**എ.പി.അനിൽകുമാർ**



മാഷ് പോലുമറിയാതെ പട്ടികയിൽ പേര് ഉൾപ്പെടുത്തിയ മുൻ മന്ത്രി

യാൻ.

''പ്രവർത്തിക്കുന്ന ഓഫീസിൽ അഴിമതിരഹിതമായി കാര്യങ്ങൾ ചെയ്യുക അത്രയേ വേണ്ടൂ'' അതായിരുന്നു മറുപടി. അതല്ലാതെ ''ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ'' പോലുള്ള ഒന്നും വേണ്ടെന്ന് തീർത്തു തന്നെ പറഞ്ഞു.

വി.എസ്.എൻ അങ്ങനെയാണ്. യോഗ്യതയില്ലാത്ത ഒന്നിനുമില്ല. നേതാക്കൾക്കൊപ്പം ഫോട്ടോയിൽ വരാൻ വേണ്ടി പ്രവർത്തകർ ഇടിച്ചു കയറിയതുമൂലം ഭാരം താങ്ങാനാവാതെ വേദി തകർന്ന കഥകൾ ധാരാളമുള്ള പാർട്ടിയാണ് . എന്നാൽ ക്ഷണിക്കാത്ത ഒരു വേദിയിൽ പ്പോലും കടന്നിരുന്നിട്ടില്ല ഇന്ന് വരെ. തനിക്ക് ലഭിക്കാനുള്ളതേ തനിക്ക് ലഭിക്കൂ എന്ന ഉറച്ച ബോദ്ധ്യമുണ്ട്. ലഭിക്കാനുള്ളത് ലഭിക്കുമെന്ന വിശ്വാസവും.

കൗതുകകരമായ ഒരു കഥ കൂടി പറഞ്ഞ് ഇതവസാനിപ്പിക്കാം.

ഇപ്പോഴത്തെ കെ.പി.സി.സി പട്ടികയുടെ ചരടു വലികൾ തകൃതിയായി നടക്കുന്ന സമയം. മണ്ഡലം പ്രസിഡന്റ് സ്ഥാനത്തു നിന്ന് മാറി പ്രത്യേകിച്ച് തസ്തികയൊന്നുമില്ലാതെ ഇരിക്കുന്ന വി.എസ്.എന്നിനെ കെ.പി.സി.സി പട്ടി

> മുസ്ലിം ഭൂരിപക്ഷ പ്രദേശത്ത് കച്ചവടം നടത്തി വിജയിച്ച ചരിത്രവും വി.എസ്.എന്നിന് മാത്രം അവകാശപ്പെട്ടതാണ്.

കയിൽ ഉൾപ്പെടുത്തിക്കൂടേ എന്നായി ചില നേതാക്കൾ. അപ്പോൾ മുൻ മന്ത്രി അനിൽകുമാർ അവരോട് പറഞ്ഞത് ഇങ്ങനെ: ''അതിനൊക്കെ ആളായിപ്പോയി. ഇപ്പഴാണോ പേരുമായി വരിക'' അഴിമതിക്കാരനല്ലാത്ത ഒരാളെ പട്ടികയിൽ ഉൾപ്പെടുത്താൻ ശുപാർശയുമായി ചെന്ന ആ പാവം കോൺഗ്രസുകാർ നിരാശപ്പെട്ടു. ഏതെങ്കിലും തരത്തിൽ ദുസ്വാധീനമോ പിടിപാടോ ഉള്ള സ്ഥാനമോഹികൾ പണം ഒഴുക്കി കടന്നു കൂടുമല്ലോ എന്ന നിരാശയിൽ അവർ പിരിഞ്ഞു. ഒരു ഗ്രൂപ്പും ഇല്ലാത്ത അവർ കോൺഗ്രസിലെ ഗ്രൂപ്പിസത്തെയോർത്ത് വിഷമിച്ചു.

പക്ഷേ, പട്ടിക പ്രഖ്യാപിച്ചപ്പോൾ അതാ മലപ്പുറത്തിന്റെ പേരിനൊപ്പം ഒരേ ഒരാൾ വി. ശങ്കരനാരായണൻ നമ്പൂതിരി.

ഇതെങ്ങനെ സംഭവിച്ചു.

ഒരു തർക്കവും ഒരാൾക്കും പറയാനില്ലാത്ത ഒരാളെ നോമനിനിയാക്കാൻ മുൻ മന്ത്രി അനിൽകുമാർ നടത്തിയ അന്വേഷണം എത്തിച്ചേർന്നത് വി.എസ്.എന്നിൽ. ഒരാൾ പോലും അത് അറിഞ്ഞില്ലെന്ന് മാത്രം. വി.എസ്.എൻ പോലും!

മുസ്ലിം ഭൂരിപക്ഷ പ്രദേശത്ത് കച്ചവടം നടത്തി വിജയിച്ച ചരിത്രവും വി.എസ്.എന്നിന് മാത്രം അവകാശപ്പെട്ടതാണ്. മോങ്ങം എ.എം.യു.പി.സ്കൂൾ വിട്ട് മേൽമുറിയിലെ ഇല്ലത്തെത്താൻ പലപ്പോഴും വൈകും. മോങ്ങം അങ്ങാടിയിലാണ് സായാഹ്നം. ആയിടക്കാണ് അവിടെ ഒരു പീടികമുറി ഒഴിവുവന്നത്. 200രൂപ അഡ്വാൻസ് കൊടുത്തു. അടുത്ത ഇല്ലമായ കക്കാട്ടെ നീലകണ്ഠനെയും കൂട്ടി. പലചരക്കു കച്ചവടം. മോങ്ങത്ത് വേണ്ടുവോളുമുമണ്ട് കച്ചവടത്തിന്റെ കണ്ണറിഞ്ഞ മുസ്ലിം കച്ചവടക്കാർ. എന്നിട്ടും നമ്പൂരി മാഷുടെ പീടികയിൽ എല്ലാവരും സാധനം വാങ്ങാനെത്തി. രാഷ്ട്രീയത്തിലെ സ്വീകാര്യത കച്ചവടത്തിലും മാഷിനു കൂട്ടായി.

''അതിന് തന്ത്രമൊന്നും ഇല്ല. മായം കലർത്താതിരിക്കുക. കൊള്ളലാഭം എടുക്കാതിരിക്കുക. ഇത്രയേ വേണ്ടൂ നല്ല കച്ചവടം കിട്ടും. നല്ല സാധനം വിറ്റാൽ ജാതിയോ മതമോ ഒന്നും പ്രശ്നമില്ല'' ലളിതമാണ് ബിസിനസ് തന്ത്രം.

കെ.പി.സി.സിയിൽ ഇടം കിട്ടും എന്ന് കരുതിയതാണോ?

''മുൻ മണ്ഡലം പ്രസിഡന്റ് എന്ന വിലാസത്തിലായിരുന്നു ഞാൻ. സാധാരണ നിലയിൽ ഇങ്ങനെയുള്ള 'മുൻ' ഗാമികളെ ഇരുത്തുക ഡി.സി.സി. നിർവാഹക സമിതിയിലാണ്. അത്രയേ ഞാനും കരുതിയുള്ളൂ. ഒരിക്കലും പ്രതീക്ഷിച്ചതല്ല കെ. പി.സി.സി അംഗത്വം''.

പ്രതീക്ഷിക്കാത്തത് കൈവരുമ്പോഴും പ്രതീക്ഷിച്ചത് നഷ്ടപ്പെടുമ്പോഴും ഒരേ മട്ട് തന്നെ. കുട്ടിക്കാലത്ത് അനുഭവിച്ച പരുക്കൻ ജീവിതം പലതും പഠിപ്പിച്ചിട്ടുണ്ട് ഈ നമ്പൂതിരിയെ.

ശുകപുരം പടിഞ്ഞാറെ കുത്തുള്ളി മനയിൽ ഉമാദേവിയാണ് പത്നി. ഏക മകൻ വിജിൽ വീട്ടിയ്ക്കാട് അബുദാബിയിൽ ഗവ. സർവീസിൽ ജോലി ചെയ്യുന്നു. കെ.എ. പി.ടി യു വിന്റെ ജില്ലാ പ്രസിഡന്റായും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. മരുമകൾ ഡോ. ദിവ്യ. യു.കെ.ജി. വിദ്യാർത്ഥിയായ പേരക്കുട്ടി ആദിദേവും രാഷ്ട്രീയമൊന്നുമില്ലാത്ത കൂട്ടിനുണ്ട്.

●

**മൊബൈൽ: 7907274227**

# സൈബർ വേദത്തിലെ ഓയ്ക്കൻ

അമേരിക്ക ഉൾപ്പെടെ നിരവധി രാജ്യങ്ങളിലെ കോടതികൾ സൈബർ പകർപ്പവകാശക്കേസുകളിൽ ഈ പുസ്തകം അടിസ്ഥാന പ്രമാണമാക്കി. ആമസോൺ പോലുള്ള അന്താരാഷ്ട്ര ഓൺലൈൻ വ്യാപാരസ്ഥാപനങ്ങൾ ഈ പുസ്തകവും ലിസ്റ്റ് ചെയ്തു.

**സ്വന്തം ലേഖകൻ**

അമേരിക്കക്ക് നമ്മളെ ആശ്രയിക്കേണ്ടി വരിക!

അതും ഒരു നമ്പൂതിരിയെ!!

ബലേ എന്നൊക്കെ പറയേണ്ട അവസ്ഥ. എന്നാൽ പറഞ്ഞോളൂ. വെറും ബലേയല്ല , ബലേ ഭേഷ് !!! ഇംഗ്ലീഷിൽ സ്റ്റാൻഡിംഗ് ഒവേഷൻ എന്നൊക്കെ പറയുന്ന പോലെ. അത് എന്തിനെന്ന് പറയാം. അമേരിക്കൻ ജുഡിഷ്യറിക്ക് ഒരു റഫറൻസ് ഗ്രന്ഥം ആവശ്യമായി വന്നു. സൈബർ പകർപ്പവകാശ നിയമത്തിന്റെ കാര്യത്തിൽ. പ്രമുഖ പ്രസാധകരായ പെൻസിൽവാനിയയിലെ ഐ. ജി. ഐ ഗ്ലോബൽ ജുഡിഷ്യറിയുടെ ആവശ്യം ഏറ്റെടുത്തു. ആ വിഷയത്തിൽ ഗ്രന്ഥം രചിക്കാൻ പറ്റിയ ആളെ അവർ അന്വേഷിച്ചു. അവർ എത്തിച്ചേർന്നതാകട്ടെ കോഴിക്കോട്ടെ വിനോദ് ഭട്ടതിരിപ്പാടിലും.

അതിന് പിന്നിൽ കാര്യവും കാരണവുമുണ്ട്.

ആദ്യം കാര്യം പറയാം. തൊണ്ണൂറുകളിലാണ്. അന്ന് സൈബർ ഫൊറൻസിക്സ് വേണ്ട രീതിയിൽ വികസിച്ചിരുന്നില്ല. എന്നാൽ ഡിജിറ്റൽ മോഷണ കുറ്റകൃത്യങ്ങൾ വർദ്ധിക്കാനും തുടങ്ങി. കോടതികൾ സൈബർ തെളിവിനുവേണ്ടി നന്നെ ബുദ്ധിമുട്ടി. അങ്ങനെയാണ് മാസച്ചുസെറ്റ്സ് ഇൻസ്റ്റിട്ട്യൂട്ട് ഒഫ് ടെക്നോളജിയിലെ ഡോ. റാൻഡാൾ ഡേവിസിലെത്തിയത്. എം. ഐ. ടിയിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ലാബിന്റെ അസോസിയേറ്റ് ഡയറക്ടറിയിരുന്നു ഡേവിസ്. അദ്ദേഹം ഉണ്ടാക്കിയ പ്രോട്ടോകോൾ ആയ എ.എഫ്. സി ആയിരുന്നു 2009 വരെയും കോടതികൾ സൈബർ പകർപ്പവകാശത്തിൽ തെളിവിന് അടിസ്ഥാനമാക്കിയത്.

ഇനി വിനോദ് ഭട്ടതിരിപ്പാടിലെത്താനുണ്ടായ കാരണം പറയാം.

ആ പ്രോട്ടോകോളിലെ ചില തെറ്റുകൾ ചൂണ്ടിക്കാട്ടിയത് വിനോദ് ഭട്ടതിരിപ്പാടാണ്. ചൂണ്ടിക്കാട്ടുക മാത്രമല്ല അത് പരിഹരിച്ച് പുതിയൊരു പ്രോട്ടോകോളുണ്ടാക്കി പി.എച്ച് ഡി തീസിസാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. എ. എഫ്. സിയിലെ തെറ്റുകൾ പരിഹരിച്ചു കൊണ്ട് 2012ൽ വിനോദ് തയ്യാറാക്കിയ പോസാർ (POSAR) പ്രോട്ടോകോളാണ് ഇപ്പോൾ ആധുനിക സോഫ്റ്റ്‌വെയർ മോഷണ കുറ്റാന്വേഷണത്തിൽ തെളിവിനായി ഉപയോഗിക്കുന്നത്.

തീർന്നില്ല.

ആ വിഷയത്തിലാകട്ടെ റഫറൻസ് ഗ്രന്ഥങ്ങൾ ഇല്ല . പുതിയ സിദ്ധാന്തമനുസരിച്ചുള്ള റഫറൻസ് ഗ്രന്ഥം വേണ്ടി വന്നു അവർക്ക്. വെറുതെ വായിക്കാനല്ല, അമേരിക്കൻ കോടതികളിൽ ഡിജിറ്റൽ പകർപ്പവകാശക്കേസുകളുടെ വിധി പറയാൻ. അപ്പോൾ പിന്നെ എന്തു ചെയ്യും.

ഈ സാഹചര്യത്തിലാണ് ഐ. ജി. ഐ ഗ്ലോബൽ ആധികാരികമായി എഴുതാൻ പറ്റുന്ന ആളെത്തേടി ഇറങ്ങിയത്. ഡോ. റാൻഡാൾ ഡേവിസിന്റെ സിദ്ധാന്തം തിരുത്തിയ ഡോ. വിനോദ് ഭട്ടതിരിപ്പാടിനെത്തന്നെ അവർ കണ്ടെത്തി!

അതു വരെ ഒരു കൈപ്പുസ്തകം പോലും എഴുതിട്ടില്ലാത്ത ഭട്ടതിരിപ്പാട് അങ്ങനെ ഗ്രന്ഥകാരനായി.

അതോടെ എന്തുണ്ടായീന്നല്ലേ?

അമേരിക്ക ഉൾപ്പെടെ നിരവധി രാജ്യങ്ങളിലെ കോടതികൾ സൈബർ പകർപ്പാവകാശക്കേസുകളിൽ ഈ പുസ്തകം അടി




സ്ഥാനപ്രമാണമാക്കി. ആമസോൺ പോലുള്ള അന്താരാഷ്ട്ര ഓൺലൈൻ വ്യാപാരസ്ഥാപനങ്ങൾ ഈ പുസ്തകവും ലിസ്റ്റ് ചെയ്തു. അതെല്ലാം അങ്ങ് അമേരിക്കയിലല്ലേ , ഇവിടെന്തു പ്രസക്തി എന്നാണെങ്കിൽ...

മലയാളത്തിലും സൈബർക്കേസുകൾ

സംബന്ധിച്ച് മികച്ചൊരു പുസ്തകമെഴുതാൻ ഡി.സി ബുക്സിന്റെ ക്ഷണം. ആ പുസ്തകം ആറു മാസത്തിനുള്ളിൽ രണ്ടാം പതിപ്പിലേക്ക്. സൈബർ പ്രശ്നങ്ങൾ സംബന്ധിച്ച അന്താരാഷ്ട്ര ജേർണ്ണലുകളിൽ സ്ഥിരം റിവ്യൂവർ പദവി. ടെലിവിഷൻ ചാനലുകളിൽ സബ്ജക്ട് എക്സ്പർട്ട്. നാടൊട്ടുക്ക് പ്രഭാഷണ പരമ്പര. വിദേശത്തും സ്വദേശത്തുമായി സെമിനാറുകൾ. മുഖ്യമന്ത്രി പിണറായി വിജയനായാലും കമ്മ്യൂണിസ്റ്റ് നേതാവ് കാനം രാജേന്ദ്രനായാലും സുന്നി നേതാവ് കാന്തപുരം അബൂബക്കർ മുസ്ല്യാരായാലും സൈബറിന്റെ കാര്യത്തിൽ പട്ടേരിപ്പാടിനെ വിളിക്കാൻ തുടങ്ങി. ചിലർക്ക് ക്ളാസെടുത്ത് കൊടുക്കണം. വേറെ ചിലർക്ക് ചില തിരുമാലികളെ പിടികൂടാൻ വേണ്ട തെളിവ് നൽകണം. മറ്റു ചിലർക്ക് സ്വന്തം നിലയിൽ അപ്ഡേറ്റഡ് ആവാൻ സഹായം നൽകണം. ചുരുക്കത്തിൽ സൈബറാണെങ്കിൽ വിനോദ് ഭട്ടതിരിപ്പാട് വേണം എന്നായി.

നമ്പൂരിബ്ഭാഷയിൽ പറഞ്ഞാൽ ഒന്നും പറയാൻല്യ!

കുറച്ചുകൂടി വ്യക്തമായി മനസ്സിലാവാൻ ചില സംഭവങ്ങൾ പറയാം.

ഒരു പ്രമുഖ മലയാളം ചാനലിലെ അവതാരികയുടെ മോർഫ് ചെയ്ത അശ്ലീലചിത്രം സോഷ്യൽ മീഡിയയിൽ പ്രചരിക്കാൻ തുടങ്ങി. നമ്മളെല്ലാം ദിവസവും ചാനലിൽ കാണുന്ന അവതാരിക. അവർ പൊലീസിൽ പരാതി നൽകി. പക്ഷേ, മോർഫ് ചെയ്തതെന്ന് തോന്നിക്കുന്ന ഒന്നും ചിത്രത്തിലില്ല. ചിത്രം അവതാരികയുടേത് തന്നെയെന്നും അത് എങ്ങനെയോ ലീക്കായി എന്നുമുള്ള നിഗമനത്തിലായിരുന്നു പൊലീസ്. വേണ്ട രീതിയിൽ കേസ് മുന്നോട്ട് കൊണ്ടുപോവാനായില്ല. എ.ഡി.ജി. പിയുടെ ലെവലിൽ വരെ പരാതിയെത്തി. എന്നാൽ ഒരാളെപ്പോലും കുടുക്കാൻ കഴിഞ്ഞില്ല. എങ്ങനെ കുടുക്കും, എന്തെങ്കിലും തെളിവു കിട്ടേണ്ടേ?

ഒടുവിൽ ആ പെൺകുട്ടി വിനോദ് ഭട്ടതിരിപ്പാടിനെ സമീപിച്ചു. ഒറ്റ നോട്ടത്തിൽ അത് ഒറിജിനൽ തന്നെ. പക്ഷേ, സൈബർ ഫൊറൻസിക്സിന് ഒറിജിനലും വ്യാജവും തിരിച്ചറിയാൻ ശാസ്ത്രീയമായ വിദ്യയുണ്ട്. ആ വിദ്യ പ്രയോഗിച്ചപ്പോൾ കള്ളൻ പുറത്തു വന്നു. പൊലീസ് അയാളെ കയ്യോടെ പൊക്കുകയും ചെയ്തു.

അതാണ് സൈബർ ഫൊറൻസിക്കിന്റെ സിദ്ധി.

ഒരു ചിത്രം കിട്ടിയാൽ നമ്മൾ നോക്കുന്ന കാര്യങ്ങളല്ല ഫൊറൻസിക് വിദഗ്ധൻ നോക്കുക. ഫോട്ടോ എന്നാണ് എടുത്തത്? എപ്പോൾ എടുത്തു ? ഏതു കാമറയിൽ എടുത്തു? എഡിറ്റിംഗ് / മോർഫിംഗ് നടന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതു സോഫ്റ്റ്വെയർ ഉപയോഗിച്ചു ? ഏതു കമ്പ്യൂട്ടറിലാണ് അത് ചെയ്തത് ? തുടങ്ങി എല്ലാ കാര്യങ്ങളും കണ്ടു പിടിക്കുന്ന ശാസ്ത്രമാണ് സൈബർ ഫൊറൻസിക്സ്. ആ സയൻസിൽ പി.എച്ച് .ഡി നേടിയവർ വളരെക്കുറച്ചേയുള്ളൂ.

''ഒരു ഫോട്ടോ അല്ലെങ്കിൽ വീഡിയോ നിങ്ങൾ കാണുന്ന പോലെയല്ല ഞങ്ങൾ കാണുക. ഡിജിറ്റൽ ഫോർമാറ്റിലെ ഒരു ഫോട്ടോ എന്നാൽ 55 പേജുള്ള ഒരു പുസ്തകമാണ്. ഒരു സെക്കൻഡ് ദൈർഘ്യമുള്ള വീഡിയോ ആകട്ടെ 1300 പേജുള്ള ഒരു പുസ്തകം. അപ്പോൾ ഒരു മിനിട്ടുള്ള വീഡിയോയിൽ നിന്ന് ഒരു തെളിവു കണ്ടെത്താൻ തൊണ്ണൂറായിരത്തോളം പേജുകളെങ്കിലും സൂക്ഷ്മമായി പരിശോധിക്കണം. വാട്ട്സ് അപ്പിലൂടെയും ഫേസ് ബുക്കിലൂടെയും മറ്റും കയറിയിറങ്ങി പലതവണ കൈമാറി വരുന്ന ഫോട്ടോയാകട്ടെ അതിന്റെയെല്ലാം തെളിവുകൾ കൂടി ഉൾപ്പെട്ട വലിയൊരു പുസ്തകവും. സൈബർ ഫൊറൻസിക് ഗവേഷകന് ഈ പുസ്തകത്തിലെ ഒരക്ഷരപ്പിശക് പോലും പ്രസക്തവും പ്രധാനവുമാണ്.''

ആ അക്ഷരപ്പിശക് കണ്ടെത്തുന്ന കലയാണ് പ്രാക്ടീസ് ചെയ്യുന്നത്. അമേരിക്കയ്ക്ക് മാത്രമല്ല കേരള പൊലീസിനും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കുറ്റാന്വേഷകർക്കും എല്ലാം സൈബർ ഫൊറൻസിക്ക്സ് സാങ്കേതിക സഹായം ആവശ്യമാണ്.

നെറ്റ്വർക്ക് ഫൊറൻസിക്ക്സ്, മൊബൈൽ ഫൊറൻസിക്ക്സ് , ഇമേജ് ഫൊറൻസിക്ക്സ്, സ്റ്റോറേജ് ഫൊറൻസിക്ക്സ്, സോഫ്റ്റ വെയർ ഫൊറൻസിക്ക്സ് തുടങ്ങി പലവിധമുണ്ട്. അതിൽ സോഫ്റ്റ വെയർ ഫൊറൻസിക്ക്സ് ആണ് വിനോദിന്റെ



പി എച്ച് ഡിയുടെ മേഖല.

അത് എന്താണെന്ന് കൂടി പറയാം. ഒരാൾ ഉണ്ടാക്കിയ സോഫ്റ്റ വെയർ മറ്റൊരാൾ മോഷ്ടിച്ച് ചെറിയ മാറ്റം വരുത്തി അയാളുടേതാക്കി എന്നു വയ്ക്കുക. മോഷണക്കുറ്റത്തിന് രണ്ടാമനെ ശിക്ഷിക്കാൻ ശാസ്ത്രീയമായ തെളിവു വേണം. മോഷ്ടിച്ച് ഭേദഗതി വരുത്തിയതാണ് എന്ന് തെളിയിക്കണം. അതിന് സാങ്കേതികവിദ്യ വേണം. അതാണ് ഇത്.

അത് വ്യക്തമാക്കാം. കഥ തുടങ്ങുന്നത് 2014ൽ. നിരവധി മലയാള നോവലുകൾ സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ പാകത്തിൽ ഇന്റർനെറ്റിൽ വന്നു. മലയാളത്തിലെ ഏറ്റവും വലിയ പ്രസാധകരായ ഡി. സി ബുക്സിന് പേടിയായി. പുസ്തകം വില്പന കുറയും. കച്ചവടം പൂട്ടിപ്പോവും. എഴുത്തുകാർക്ക് റോയൽട്ടിയും കിട്ടാതാവും.

ഡി. സി ബുക്ക്സ് ഡോ. വിനോദ് ഭട്ടതിരിപ്പാടിന്റെ സഹായം തേടി. സംഭവത്തിനു പിന്നിലെ ആളെ പിടികൂടാൻ വേണ്ട തെളിവുകൾ നൽകണം. തെളിവുകൾ നൽകിയാൽ ബാക്കി കാര്യം ഡി. സിയും പൊലീസും നോക്കിക്കോളും. ശിക്ഷ കോടതിയും നൽകും. പക്ഷേ, തെളിവാണ് വേണ്ടത്.

സംഗതി ഏറ്റു. അന്വേഷിച്ച് അന്വേഷിച്ച് നോവലുകൾ അപ് ലോഡ് ചെയ്ത കമ്പ്യൂട്ടർ വരെ ചെന്നെത്തി. അതങ്ങ് ദുബായിലാണ്. ആളാകട്ടെ ഒരു പൊന്നാനിക്കാരനും. ബെൽജിയം ആസ്ഥാനമായ കമ്പനിയുടെ ദുബായ് ശാഖയിലെ ഉദ്യോഗസ്ഥനാണ്. നോവലുകൾ നെറ്റിൽ കയറ്റി വിട്ടത് ദുബായിലെ ഓഫീസ് കമ്പ്യൂട്ടറിൽ നിന്ന്. ഇത്രയും മതിയായിരുന്നു തെളിവുകൾ.

ഡി. സി. ബുക്സ് കോട്ടയം പൊലീസ് വഴി നേരെ ബെൽജിയത്തേക്ക് എഴുതി. പൊലീസ് പറയുന്നത് ശരിയാണെന്ന് മനസ്സിലാക്കിയ കമ്പനി അയാളെ ജോലിയിൽ നിന്ന് പറഞ്ഞു വിട്ട് സ്വന്തം തടി കാത്തു. അല്ലെങ്കിൽ കമ്പനി കൂടി കൂട്ടുപ്രതിയാവും. കുറ്റവാളിയെ സംരക്ഷിച്ചതിന്. ജോലി നഷ്ടപ്പെട്ട അയാൾ നാട്ടിലേക്ക് മടങ്ങി. കേരളത്തിൽ വന്നിറങ്ങിയാൽ പൊലീസ് പിടിക്കുമെന്ന് കരുതി കോയമ്പത്തൂരിൽ വിമാനമിറങ്ങി. എന്നാൽ വിമാനത്താവളത്തിലെ കമ്പ്യൂട്ടർ അയാളെ തിരിച്ചറിഞ്ഞു. ആളെ പൊലീസ് പിടി കൂടുകയും ചെയ്തു.

എങ്ങനെയുണ്ട് ഭട്ടതിരിപ്പാടിന്റെ തെളിവ് !

കണ്ടകശ്ശനി മാത്രമല്ല സൈബർ തെളിവും കൊണ്ടേ പോവൂ !!

ഇങ്ങനെ സൈബർ വൈദഗ്ദ്ധ്യത്തിലേക്ക് എത്തിച്ചേർന്നതിന് പിന്നിൽ ചെറിയൊരു കഥയുണ്ട്.




**1** ഡെക്കാൻ ക്രോണിക്കിളിൽ വിനോദ് ഭട്ടതിരിപ്പാടിനെക്കുറിച്ച് വന്ന വാർത്ത




**2** അമേരിക്കൻ ജുഡീഷ്യറിക്ക് വേണ്ടി വിനോദ് ഭട്ടതിരിപ്പാട് തയ്യാറാക്കിയ പുസ്തകം



**3** ഡോ. റാൻഡാൾ ഡേവിസ്. ഇദ്ദേഹത്തിന്റെ സിദ്ധാന്തമാണ് വിനോദ് ഭട്ടതിരിപ്പാട് തിരുത്തിയത്

തികച്ചും സോഫ്റ്റ് വെയറുകാരനായിരുന്നു 87 മുതൽ 2002 വരെയും.

2002 ലാണ്. ഒരു ജില്ലാ ജഡ്ജി സമൺസ് അയച്ചു. കോടതിയിൽ ഹാജരാവാൻ. വാദിയോ പ്രതിയോ ആയാണ് പൊതുവേ കോടതിയിൽ പോവുക. എന്നാൽ രണ്ടുമായിട്ടല്ല, സബ്ജക്ട് എക്സ്പർട്ട് എന്ന നിലയ്ക്കാണ് സമൺസ്. കോടതിയിലോ പൊലീസ് സ്റ്റേഷനിലോ അതു വരെ കയറിയിട്ടില്ല. സിനിമയിലേ അതെല്ലാം കണ്ടിട്ടുള്ളൂ.

ഇതൊരു പുലിവാലായല്ലോ. ഇനി എന്തു ചെയ്യും. കൂടല്ലൂർ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടുണ്ട്. മുൻ ജില്ലാ ജഡ്ജിയാണ്. അദ്ദേഹത്തെ ചെന്നു കണ്ടു. സമൺസ് അയച്ചിട്ട് പോവാതിരുന്നാൽ അറസ്റ്റ് ചെയ്യാം .അതാണ് നിയമം. കോടതിയെ സഹായിക്കാനാണ് വിളിക്കുന്നത്. അതിന് കഴിയില്ലെങ്കിൽ എന്തുകൊണ്ട് കഴിയില്ല എന്ന് കോടതിയിൽ ചെന്ന് പറയണം. അത്രേ വേണ്ടൂ. കോടതിയ്ക്ക് ബോദ്ധ്യപ്പെടണം. എന്നാൽ പോരാം. അതല്ല സഹായിക്കാൻ പറ്റുമെങ്കിൽ അങ്ങനെ ചെയ്യാം. ഒരാൾക്ക് കോടതി കയറാൻ പറ്റിയ ഏറ്റവും നല്ല വഴിയും ഇതാണ്. വാദിയോ പ്രതിയോ ആയിട്ടല്ല. ഇവിടെ തോൽവിയും ജയവുമില്ല, ശിക്ഷയുമില്ല. ഒരു പൗരൻ ചെയ്യേണ്ട കടമയാണ് കോടതിയെ സഹായിക്കൽ. ഇപ്രകാരമായിരുന്നു കൂടല്ലൂർ നമ്പൂതിരിപ്പാടിന്റെ ഉപദേശം.

അതനുസരിച്ച് കോടതിയിൽ ചെന്നു. സൈബർ കുറ്റങ്ങളെപ്പറ്റി നേരത്തെ ചില ധാരണകൾ ഉണ്ടായിരുന്നു. അമേരിക്കൻ ജുഡിഷ്യറികൾ ഇത്തരം കാര്യങ്ങളിൽ ചെയ്യുന്നത് പഠിച്ചിട്ടുണ്ട്. വേറെ ചിലത് നെറ്റ് നോക്കി റഫർ ചെയ്യുകയും ചെയ്തു.

പ്രതികൾ മൂന്നു പേരും കമ്പ്യൂട്ടർ എൻജിനീയർമാരാണ്. സോഫ്റ്റ് വെയർ മോഷണം ആണ് വിഷയം. തെളിവ് കണ്ടെത്തലാണ് ആവശ്യം. അതു പ്രകാരം പ്രതികൾ കുറ്റം ചെയ്തിട്ടുണ്ടോ എന്ന് സ്ഥാപിക്കാൻ കഴിയണം. സബ്ജക്ട് എക്സ്പർട്ടിനെ വാദികൾക്കും പ്രതികൾക്കും സമ്മതം. പിന്നെന്ത് പ്രയാസം.

തെളിവുകൾ ശേഖരിച്ചു. പ്രതികൾ കുറ്റം ചെയ്യുന്നത് കണ്ടതു പോലെയാണ് റിപ്പോർട്ട്. അത്ര കിറുകൃത്യം. കമ്പ്യൂട്ടർ കളവു പറയില്ലല്ലോ. തെളിവുകൾ നിരത്തിയതോടെ പ്രതികളുടെ വക്കീലന്മാർ കേസ് ഒഴിഞ്ഞു! അത്ര ശക്തമായ തെളിവുകൾ! ആ കേസ് കഴിഞ്ഞപ്പോൾ ജഡ്ജി ചോദിച്ചു. ''ഈ മേഖലയിൽ സ്പെഷലൈസ് ചെയ്തു കൂടെ. ഇത്തരം വിദഗ്ദ്ധരെ ക്രിമിനൽ കുറ്റം തെളിയിയ്ക്കാൻ കോടതികൾക്ക് അത്യാവശ്യമാണ്''.

ആ ചോദ്യം മനസ്സിലുടക്കി. പുതിയ കാലത്തിന് യോജിച്ച പുതിയ പണി. ആളുകൾ തീരെയില്ലാത്ത മേഖല. അങ്ങനെ ഭാരതി ദാസൻ യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടർ സെക്യൂരിറ്റിയിൽ എം.ഫിൽ. പിന്നെ സോഫ്റ്റ്വെയർ കുറ്റാന്വേഷണത്തിൽ പി.എച്ച്.ഡിയും. പ്രാക്ടീസ് ചെയ്യുന്ന വിഷയത്തിൽ അക്കാഡമിക് ആയ വിദ്യാഭ്യാസം വേണമെന്ന ശാഠ്യം. ഗവേഷണം കഴിയും മുമ്പ് തന്നെ ലോകപ്രശസ്തമായ ഏഴു സയൻസ് ജേർണ്ണലുകളിൽ പബ്ലിക്കേഷൻ. നിരവധി ഇന്റർനാഷണൽ കോൺഫറൻസുകൾ.

സൈബർ ക്രൈം വിഷയത്തിൽ പ്രബന്ധത്തിനായി ഇന്ത്യൻ പൊലീസ്

**താമസം :** കോഴിക്കോട് തിരുത്തിയാട്
**വയസ്സ് :** 53
**സോഫ്റ്റ്‌വെയർ പ്രോജക്റ്റുകൾ :**148
**സൈബർ തെളിവുകൾ :** നൂറോളം കേസ്സുകളിൽ നിർണ്ണായക തെളിവുകൾ
**സൗജന്യ സേവനം :** സ്ത്രീകളും പെൺകുട്ടികളും ഇരകളായ നിരവധി സൈബർ കേസുകളിൽ
**പാശ്ചാത്യർക്ക് വേണ്ടി :** "Judiciary Friendly Forensics of Software Copyright Infringement" എന്ന ഗ്രന്ഥം
**മലയാളികൾക്കായി :** 'മൊബൈലും ജയിലും: സൈബർ കുറ്റാന്വേഷണത്തിന്റെ വഴികൾ' എന്ന പുസ്തകം
**ലേഖനങ്ങൾ :** നിരവധി പാശ്ചാത്യ ജേർണലുകളിലും മലയാള പത്രങ്ങളിലും
**റിവ്യൂകൾ :** ഗവേഷണ പ്രബന്ധങ്ങൾക്കായി നൂറോളം ലോകപ്രശസ്ത ജേർണ്ണലുകളിൽ
**പ്രഭാഷണങ്ങൾ :** ഇന്ത്യയിലും പുറത്തുമായി നിരവധി ടി വി /റേഡിയോ ഷോകൾ
**വെബ്സൈറ്റ് :** 750ഓളം പേജുകളിലായി അവതരിപ്പിച്ച നമ്പൂതിരി ഡോട്ട് കോമിന് ഹാർവാഡ് യൂണിവേഴ്സിറ്റിയുടെ പോലും കൈയ്യടി
**വൈദികം:** ഹാർവാർഡ് സർവ്വകലാശായുടെ ഇന്റർ നാഷണൽ വേദിക്ക് വർക്ക് ഷോപ്പ് എന്ന കോൺഫറൻസ് ആദ്യമായി ഇന്ത്യയിലേയ്ക്ക് അതും കോഴിക്കോട്ട് കൊണ്ടുവന്നു. നാലു സോമയാഗങ്ങളുടെ മുഴുനീള കമന്ററി.




ജേർണ്ണൽ ഇങ്ങോട്ട് ആവശ്യപ്പെട്ടതെല്ലാം പിൽക്കാലചരിത്രം. 2009 മുതൽ സൈബർ ഫൊറൻസിക് വിഷയത്തിൽ ലോകത്തെ മികച്ച സർവകലാശാലകളിൽ എവിടെ സെമിനാർ നടന്നാലും പലപ്പോഴും അവയിലെ ഒരു പ്രബന്ധകാരൻ. സ്ഥിരം ക്ഷണിതാവ്. മറ്റു ചിലപ്പോൾ സെമിനാറിന്റെ അദ്ധ്യക്ഷ പദവി.

തികച്ചും സാധാരണ നിലയിലാണ് തുടക്കം. എൽ കെ ജി മുതൽ ആറാം ക്ലാസുവരെ കോഴിക്കോട്ടെ അയ്യത്താൻ മെമ്മോറിയൽ സ്കൂളിൽ. പിന്നെ ചാലപ്പുറം ഗണപത് സ്കൂളിൽ. മലബാർ കൃസ്ത്യൻ കോളേജിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദം. 1985ലായിരുന്നു അത്.

കമ്പ്യൂട്ടറിലേക്ക് വഴി മാറിയത് അതിനുശേഷമാണ്. കുസാറ്റിൽ നിന്ന് ഓപ്പറേഷൻ റിസർച്ച് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ എം.എസ്. സി . അത് കഴിഞ്ഞ ഉടനെ കാമ്പസ് പ്ലേസ്മെന്റ് വഴി സർക്കാർ ജോലി . എന്നാൽ സർക്കാർ ജോലി വേണ്ട എന്ന തീരുമാനം അന്നേ തലയിലുണ്ടായിരുന്നു. ആരുടെയെങ്കിലും കീഴിലല്ലാതെ സ്വന്തം കാലിൽ നിൽക്കുന്ന ജോലി . അതായിരുന്നു ലക്ഷ്യം. പഠനം കഴിഞ്ഞ് സർക്കാർ ജോലിക്ക് പോവുന്നതിന് പകരം ഒരു സ്റ്റാർട്ടപ്പ് കമ്പനിയിൽ ജോലി തുടങ്ങി. ബിറ്റ്സ് ടാക്ക് ഇൻഫോടെക് പ്രൈവറ്റ് ലിമിറ്റഡ്. അതിലെ ആദ്യ ടെക്നിക്കൽ പേഴ്സൺ എന്ന പദവിയിലൂടെ 23 ാം വയസ്സിൽ ടെക്നിക്കൽ ഡയറക്ടറുമായി. 10 വർഷത്തിന് ശേഷം അതിൽ നിന്ന് ഒഴിഞ്ഞു.

ഇപ്പോൾ സേവനം വേണ്ടവർ ഇങ്ങോട്ട് തേടി വരുന്നു. തലയും ഒരു ലാപ്ടോപ്പും വൈദ്യുതി കണക്ഷനും മതി. എവിടെയിരുന്നും ജോലി ചെയ്യാം. വരുന്നവർ സ്വദേശിയാവാം വിദേശിയാവാം. ഇന്റലിജൻസോ പൊലീസോ ആവാം. സർക്കാർ ഏജൻസിയോ സ്വകാര്യ ബാങ്കുകളോ ആവാം. ജുഡിഷ്യറിയോ ഇരകളോ ആവാം. ഒറ്റക്കാര്യമേ വേണ്ടൂ. സൈബർ പദ്മവ്യൂഹം പൊളിച്ചടുക്കി ശത്രുവിനെ കണ്ടെത്തിക്കൊടുക്കണം. അതാണ് പണി.

ഒരു മുന്നറിപ്പ് കൂടി നൽകി ഇത് അവസാനിപ്പിക്കാം.

അനാവശ്യത്തിന് പോലും ഇനി കളവ് പറയാൻ നോക്കണ്ട.

ഇക്കാലത്ത് നമ്മൾ എവിടെപ്പോയാലും ഒരു സൈബർ ഫൂട്ട് പ്രിന്റ് ശേഷിപ്പിച്ചിട്ടുണ്ടാവും. അത് ഒരാൾക്കും നശിപ്പിക്കാനാവില്ല. വീണ്ടെടുക്കാൻ വിനോദിനെപ്പോലുള്ള ഫോറൻസിക് വിദഗ്ദ്ധർക്ക് കഴിയുകയും ചെയ്യും. ഓരോ മൊബൈലും ഏതൊക്കെ ടവറിനു കീഴിൽ ഏതൊക്കെ സമയം എത്ര സിഗ്നലുകൾ കൈമാറി എന്നറിയാൻ പറ്റും. ഓരോ മൗസ് ക്ലിക്കിന്റെയും വിശദാംശങ്ങൾ കമ്പ്യൂട്ടറുകളും രേഖപ്പെടുത്തും. വഴിക്കാമറകൾ കൺതുറന്നിരിക്കുന്നത് വേറൊരു കാര്യം. ഇങ്ങനെ മുപ്പത്തിമുക്കോടി ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നടുവിലാണ് നമ്മളോരോരുത്തരും. ആവാഹന നടത്താൻ എളുപ്പമാണ്. അതാണ് സൈബർ ലോകം.

ആ ലോകത്തെ ഓയ്ക്കനായല്ല ജനനം. അതങ്ങ് പുലാമന്തോളിനടുത്ത് വളപുരം പൊൽപ്പായമനയിൽ. ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ മൂലഗൃഹക്കാരാണ് ആ മന. ശുകപുരം ഗ്രാമക്കാർ, അഷ്ടഗൃഹത്തിൽ ആഢ്യന്മാരും. ഋഗ്വേദികൾ. കൗഷീതക ചരണക്കാർ. കശ്യപനൈധ്രുവ അവഥ്സാര ഗോത്രവും.

ബി എസ് എൻ എൽ എഞ്ചിനീയറായ ഭാര്യ പാറമന സുധയും ചില റിക്കാർഡുകളുടെ ഉടമ. കോഴിക്കോട് സർവ്വകലാശായിൽ നിന്ന് ഒന്നാം റാങ്കും ഗോൾഡ് മെഡലും റെക്കോർഡ് മാർക്കും .

ഏക മകൾ ഇന്ദു ചഞ്ചലും ചില്ലറക്കാരിയല്ല. സ്കൗട്ട്സ് & ഗൈഡ്സിൽ അഡ്വെഞ്ചർ അവാർഡ്. നൊബേൽ സമ്മാനാർഹർ അടക്കം പങ്കെടുത്ത അമേരിയ്ക്കൻ സൊസൈറ്റി ഒഫ് മെക്കനിക്കൽ എഞ്ചിനീയേഴ്സിന്റെ അന്താരാഷ്ട്ര കോൺഫറൻസിൽ ഗവേഷണ പ്രബന്ധം. ചെന്നൈ ഐ ഐ ടിയിൽ കെമിക്കൽ എഞ്ചിനീയറിങ്ങിൽ ഗവേഷകയും. (ഒരു സ്വകാര്യം കൂടി. കുരുമുളകും മോരും ചേർത്ത് നമ്പൂരാര് ഉണ്ടാക്കുന്ന കാളൻ ഇല്ലേ? അതിന്റെ കെമിസ്ട്രിയും ഈ കുട്ടിക്ക് അറിയാം.)

മകളെ വേളികഴിച്ചത് ലോക പ്രശസ്ത കമ്പ്യൂട്ടർ ഗെയിം ആയ കോൾ ഓഫ് ഡ്യൂട്ടി വികസിപ്പിയ്ക്കുന്ന അമേരിയ്ക്കയിലെ ലോസ് ഏഞ്ചലസിലെ ആക്റ്റിവിഷനിലെ എഞ്ചിനീയറും പെരുവനം നമ്പൂതിരിഗ്രാമത്തിലെ തമ്പ്രാക്കൾ സ്ഥാനമുള്ള കിരാങ്ങാട്ടു മനയിലെ അംഗവുമായ ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്.

●

**മൊബൈൽ: 9447060066**

4

# ശ്ലോകം ചൊല്ലി; ആള് 'ജപ്പാനായി'



ഉമശ്രീ

ഇന്ത്യയിൽ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച നൂറ് പേരേയാണ് ജപ്പാൻ ഗവർൺമെന്റ് തെരഞ്ഞെടുത്തത്..അതിൽ പത്ത് പേർ കേരളത്തിൽ നിന്ന്.. യാത്രക്ക് ഗോപികയെ തെരഞ്ഞെടുക്കുന്നത് അക്ഷരശ്ലോകത്തിൽ സ്റ്റേറ്റ് കലാമേളയിൽ ഒന്നാം സ്ഥാനം കിട്ടിയതിന്റെ അടിസ്ഥാനത്തിലാണെങ്കിലും സംഗീതത്തിൽ വിവിധ ഇനങ്ങളിൽ കഴിവു തെളിയിച്ചതും കാരണമായിരുന്നു...

**അ**ക്ഷരശ്ലോകത്തിൽ പ്രഗത്ഭരായി നമ്പൂതിരിമാരും, അന്തർജനങ്ങളും, കുട്ടികളുമൊക്കെയായി നിരവധി പേരുണ്ട് നമുക്കിടയിൽ..പക്ഷേ അക്ഷരശ്ലോകത്തിലെ മികവിന്റെ ഫലമായി ജപ്പാനിലേക്ക് പോകാനുള്ള അവസരം ലഭിച്ച ഒരേ ഒരാളേ കേരളത്തിൽ തന്നെയുള്ളൂ... അത് കോഴിക്കോട്ടുകാരിയാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം... ഗോപിക ഇളമന...

ഓമശ്ശേരിക്കടുത്ത് ഇളമന ഇല്ലത്ത് ചെല്ലുമ്പോൾ അക്ഷരശ്ലോകത്തിന്റെ, പാട്ടിന്റെ, മാപ്പിളപ്പാട്ടിന്റെ, കവിതയുടെ, കഥകളി സംഗീതത്തിന്റെ, ഖവാലിയുടെ, വയലിൻ സ്വരമാധുരിയുടെ ലോകത്തേക്ക് എത്തിച്ചേരുകയാണ് നമ്മൾ...

''നമ്പൂതിരി കുട്ടിക്ക് മാപ്പിളപ്പാട്ടിൽ സമ്മാനമോ?'' അന്ന് അതെല്ലാവർക്കും അത്ഭുതമായിരുന്നു... പക്ഷേ അക്ഷരശ്ലോകവും,സംസ്കൃത പദ്യവും, ശാസ്ത്രീയ സംഗീതവും ഒക്കെ ഉണ്ടെങ്കിലും മാപ്പിളപ്പാട്ട് അന്ന് ഗോപികയുടെ 'ഐഡന്റിറ്റി' ആയി മാറി...

മൂന്നു വയസ്സു മുതലേ സംസ്കൃത ശ്ലോകങ്ങൾ പഠിച്ചു വരുന്ന ഗോപികക്ക് മാപ്പിളപ്പാട്ടും നാവിൽ നന്നായി വഴങ്ങി

കുഞ്ഞുനാളിൽ നാമം ചൊല്ലുന്നതിനിടയിൽ അച്ഛനും അമ്മയും പഠിപ്പിച്ചു തുടങ്ങിയ അക്ഷരശ്ലോകങ്ങൾ ആണ് ഗോപികയെ പാട്ടിന്റെ ലോകത്ത് എത്തിച്ചത്... അന്നേ തുറന്ന ശബ്ദത്തിൽ നല്ല ഈണത്തിൽ അക്ഷരശ്ലോകം ചൊല്ലുന്നത് കണ്ട് മൂന്നാം വയസ്സിൽ മുക്കത്ത് ലയനം സ്ക്കൂൾ ഓഫ് ആർട്സിൽ ഗോപികയെ പാട്ട് ക്ലാസിന് ചേർത്തു... പിന്നീട് സ്കൂൾ കലാമേളകളിലെ മൽസരവേദികൾ ഗോപികയെ വിജയങ്ങളിൽ നിന്ന് വിജയങ്ങളിലേക്ക് എത്തിച്ചു..

അച്ഛൻ അനിയൻ നമ്പൂതിരിക്ക് 6 മണിക്ക് ശാന്തിക്ക് പോകും മുൻപ് ഇല്ലത്തെ തേവർക്ക് പൂജ വേണ്ടതു കൊണ്ട് രാവിലെ മൂന്നരക്ക് എഴുന്നേൽക്കും. അദ്ദേഹം എഴുന്നേൽക്കുമ്പോൾ ഗോപികയും അമ്മ പ്രഭയും എഴുന്നേൽക്കണമെന്ന് നിർബന്ധമായിരുന്നു.. ഈയൊരു ശീലം ഗോപികക്ക് ബ്രാഹ്മമുഹൂർത്തത്തിൽ തന്നെ സാധകം ചെയ്യാനുള്ള അവസരം ഉണ്ടാക്കി.. ആ ശീലത്തിൽ ഇപ്പോഴും മാറ്റമില്ല..

അക്ഷരശ്ലോകത്തിൽ അച്ഛനും അമ്മയുമാണ് ഗോപികയുടെ ആദ്യ ഗുരുക്കൻമാർ.. അമ്മാത്തെ മുത്തശ്ശനും (കൂടല്ലൂർ ശങ്കരൻ നമ്പൂതിരി) അക്ഷരശ്ലോകത്തിൽ താൽപ്പര്യമുണ്ടായിരുന്നു.. കുട്ടിക്കാലത്ത് തന്നെ വിജയങ്ങൾ നേടിയപ്പോൾ ഗോപികയെ കോഴിക്കോട് മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പൽ മാധവൻകുട്ടി സർ അദ്ധ്യക്ഷനായ അക്ഷരശ്ലോക സമിതിയിൽ പരിശീലനത്തിനായി ചേർത്തു... സമിതി സെക്രട്ടറി ശങ്കരനാരായണൻ സർ, എം.എൻ.പാലൂർ, മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി, രാധാകൃഷ്ണൻ സാർ, ചന്ദ്രശേഖരൻ നായർ, ഗോവിന്ദൻകുട്ടി വാര്യർ എന്നിവരോടൊപ്പമുള്ള സദസ്സും അവിടെയുള്ള പരിശീലനവും ഗോപികയെ അക്ഷരശ്ലോകത്തിന്റെ ഒരു പുതിയ വഴിതിരിവിലെത്തിച്ചു. കേരളത്തിലുടനീളം നിരവധി അക്ഷരശ്ലോക വേദികളിൽ പങ്കെടുക്കാൻ ലഭിച്ച അവസരം ചില്ലറ കാര്യമല്ല... സ്കൂൾ ക്ലാസുകളിൽ പ്ലസ് ടു വരെ ജില്ലയിലും സംസ്ഥാനത്തും എല്ലാ വർഷങ്ങളിലും ഒന്നാസ്ഥാനം.. കോളേജിൽ ചേർന്ന ശേഷം എല്ലാ വർഷവും കാലിക്കറ്റ് യൂണിവേഴ്സ്റ്റി ഇന്റർസോൺ വിന്നർ..

ജപ്പാനിലേക്ക് പോകാൻ കിട്ടിയ അവസരത്തെ കുറിച്ച് പറയാൻ ഗോപികയ്ക്ക് നിരവധി കാര്യങ്ങൾ... സ്കൂൾ സംസ്ഥാന

"നമ്പൂതിരി കുട്ടിക്ക് മാപ്പിളപ്പാട്ടിൽ സമ്മാനമോ" അന്ന് അതെല്ലാവർക്കും അത്ഭുതമായിരുന്നു... പക്ഷേ അക്ഷരശ്ലോകവും,സംസ്കൃത പദ്യവും, ശാസ്ത്രീയ സംഗീതവും ഒക്കെ ഉണ്ടെങ്കിലും മാപ്പിളപ്പാട്ട് അന്ന് ഗോപികയുടെ ഐഡന്റിറ്റി ആയി മാറി...

കലാമേളയിലെ അക്ഷരശ്ലോകത്തിന്റെ മികവിന്റെ അടിസ്ഥാനത്തിലാണ് ജപ്പാനിലേക്ക് പോകാനുള്ള അവസരം ഈ മിടുക്കിയ്ക്ക് ലഭിച്ചത്.. 2011 ൽ ആയിരുന്നു അത്. പ്ലസ് വൺ ന് പഠിക്കുമ്പോൾ...

''എന്റെ ജീവിതത്തിലെ വളരെ നല്ലൊരനുഭവവും, വലിയ ഭാഗ്യവുമാണ് ജപ്പാൻ യാത്ര. എന്നിലെ കലക്കുള്ള അംഗീകാരം..'' ഗോപിക പറയുന്നു..

JENESYS (Japan East Asia Network of Exchange for Students & Youth) എന്ന പ്രോഗ്രാമിന്റെ ഭാഗമായാണ് ഈ യാത്ര ഉണ്ടായത്.. ഇന്ത്യയും ജപ്പാനും ചേർന്ന ഒരു കരാറിൽ പൂർണ്ണമായും ജപ്പാൻ

## അക്ഷരശ്ലോകത്തിൽ ഒന്നാം സ്ഥാനം കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുത്തത്



*ജപ്പാനിലെ പരമ്പരാഗത വേഷവുമണിഞ്ഞ് ഗോപിക ജപ്പാനിലെ മുത്തശ്ശിക്കൊപ്പം*

ഗവൺമെന്റിന്റെ ചെലവിൽ..

ഇന്ത്യയിൽ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച നൂറ് പേരേയാണ് ജപ്പാൻ ഗവർൺമെന്റ് തെരഞ്ഞെടുത്തത്..അതിൽ പത്ത് പേർ കേരളത്തിൽ നിന്ന്..

യാത്രക്ക് ഗോപികയെ തെരഞ്ഞെടുക്കുന്നത് അക്ഷരശ്ലോകത്തിൽ സ്റ്റേറ്റ് കലാമേളയിൽ ഒന്നാം സ്ഥാനം കിട്ടിയതിന്റെ അടിസ്ഥാനത്തിലാണെങ്കിലും സംഗീതത്തിൽ വിവിധ ഇനങ്ങളിൽ കഴിവു തെളിയിച്ചതും കാരണമായിരുന്നു... ശാസ്ത്രീയ സംഗീതം, കഥകളിസംഗീതം, മാപ്പിളപ്പാട്ട്, മലയാളം കവിതാലാപനം, സംസ്കൃതം പദ്യം, ഉറുദു പദ്യം എന്നിങ്ങനെ വിവിധ ഇനങ്ങളിൽ ഗോപികയുടെ കഴിവ് തെളിഞ്ഞ് കഴിഞ്ഞതാണ്...

''ഞങ്ങൾ ഡൽഹിയിൽ നിന്ന് യാത്ര പുറപ്പെടുമ്പോൾ നൂറു പേരെ ഇരുപതു പേരടങ്ങുന്ന അഞ്ചു ഗ്രൂപ്പുകളായി തിരിച്ചു.. ഞാൻ ഉൾപ്പെട്ട ഗ്രൂപ്പിൽ എനിക്ക് കൂട്ടിന് ഒരു മലയാളി പോലുമില്ല.. മറ്റു ഗ്രൂപ്പുകളിൽ ഒന്നും രണ്ടും മലയാളികൾ ഉണ്ട്.. പക്ഷേ ആ ഗ്രൂപ്പുകളുമായി ബന്ധപ്പെടാൻ കഴിയില്ല.. നാട്ടിൻ പുറത്തെ സാധാരണ ഗവൺമെൻറ് സ്കൂളിൽ നിന്ന് പോകുന്ന എനിക്ക് ഭാഷ ഒരു പ്രശ്നമായി തോന്നി.. സങ്കടം സഹിക്കാൻ പറ്റാതായി .. എങ്ങനെ പിന്നീടുള്ള പതിനഞ്ച് ദിവസം തള്ളി നീക്കുമെന്ന് ആധിയായി...'' യാത്ര തുടങ്ങിയ സമയത്തെ ഗോപിക വിവരിച്ചു...

പക്ഷേ ആ വിഷമം അധിക നീണ്ടു നിന്നില്ല.. ഗ്രൂപ്പംഗങ്ങളുമായി ഗോപിക വേഗം ഇണങ്ങി.

''പ്രോഗ്രാമിന്റെ കോർഡിനേറ്റർമാരും വളരെ നന്നായിട്ടാണ് ഞങ്ങൾ നൂറു പേരുടെയും കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നത്.. ഒരാൾക്ക് 7 ലക്ഷം രൂപയാണ് ജപ്പാൻ ഗവർമെന്റ് ഈ കാര്യത്തിനായി ചെലവിട്ടത്... ഓരോ നിമിഷവും ആസ്വദിക്കാനുള്ള അവസരം മാത്രമേ ഉണ്ടായുള്ളൂ.. അച്ഛനെയും അമ്മയേയും എപ്പോൾ വിളിക്കണമെന്ന് തോന്നിയാലും അത് ഏത് പാതിരാത്രിക്കായാലും വിളിക്കാം...''

ജപ്പാനിലേയും ഇന്ത്യയിലേയും കല, സംസ്കാരം, വിദ്യാഭ്യാസ രീതി, ജീവിതരീതി, നഗരജീവിതം, കുടിൽ വ്യവസായം ,മാർക്കറ്റുകൾ, തുടങ്ങിയവയെല്ലാം പരിചയപ്പെടുത്തുകയും പരസ്പരം അറിവുകൾ പങ്കു വയ്ക്കുകയും ചെയ്യുക എന്നതാണ് ഈ പ്രോഗ്രാമിന്റെ പ്രധാന ലക്ഷ്യം..

അഞ്ചു ഗ്രൂപ്പുകളായി തിരിഞ്ഞ സംഘം ജപ്പാന്റെ വിവിധ സ്ഥലങ്ങളിലേയ്ക്ക് മാറ്റപ്പെടുന്നു... ഗോപികയുടെ ഗ്രൂപ്പ് എത്തുന്ന സ്ഥലം 'കോച്ചി'.

''അവിടെ എത്തുന്ന ആദ്യ ദിവസം ഞങ്ങളെ കൊണ്ടു പോകുന്നത് ഒരു സ്കൂളിലേക്കാണ്..അവിടുത്തെ അദ്ധ്യാപകരും കുട്ടികളുമൊത്ത് ഒരു ദിവസം മുഴുവൻ... യാത്രയുടെ തുടക്കം ഭാഷയറിയാതെ കരഞ്ഞ ഞാൻ ഒറ്റ ദിവസം കൊണ്ട് ആകെ മാറിപ്പോയതായി എനിക്ക് തോന്നി... അക്ഷരശ്ലോകത്തിലൂടെയും പാ

ഞാൻ ഉൾപ്പെട്ട ഗ്രൂപ്പിൽ എനിക്ക് കൂട്ടിന് ഒരു മലയാളി പോലുമില്ല.. മറ്റു ഗ്രൂപ്പുകളിൽ ഒന്നും രണ്ടും മലയാളികൾ ഉണ്ട്.. പക്ഷേ ആ ഗ്രൂപ്പുകളുമായി ബന്ധപ്പെടാൻ കഴിയില്ല.. നാട്ടിൻ പുറത്തെ സാധാരണ ഗവൺമെൻറ് സ്കൂളിൽ നിന്ന് പോകുന്ന എനിക്ക് ഭാഷ ഒരു പ്രശ്നമായി തോന്നി.. സങ്കടം സഹിക്കാൻ പറ്റാതായി ..

ട്ടിലൂടെയും ഡാൻസിലൂടെയും കുട്ടിയുമായി അടുത്തപ്പോൾ ഭാഷ അവിടെ ഒരു പ്രശ്നമേ ആയില്ല. കല ഭാഷയുടെയും ദേശത്തിന്റെയും അതിരുകൾ ലംഘിച്ചു... ഗ്രൂപ്പ് അംഗങ്ങളും കുട്ടികളും തമ്മിൽ പരസ്പരം സമ്മാനങ്ങൾ കൈമാറി. ആദ്യ ദിവസം ഗോപിക ഓർക്കുന്നത് ഇങ്ങനെ...

''ജപ്പാൻകാരുടെ ജീവിതവും സംസ്ക്കാരവും ഒക്കെ അടുത്തറിയാൻ ഈ യാത്ര സഹായിച്ചു...''

''എനിക്ക് ആ യാത്രയിൽ ഒട്ടും മറക്കാനാവാത്ത അനുഭവം 'ഹോം സ്റ്റേ'

ആയിരുന്നു....ടീമിലെ 2 പേർക്ക് വീതം ഓരോ വീട്ടിൽ താമസിക്കാനുള്ള അവസരം.. ചുറുചുറുക്കുള്ള 80 വയസ്സുള്ള ഒരു മുത്തശ്ശന്റെയും 75 വയസ്സുള്ള ഒരു മുത്തശ്ശിയുടെയും കൂടെ ഞാനും മറ്റൊരു കുട്ടിയും.. ജാപ്പനീസ് ഭാഷയിൽ ഞങ്ങൾക്കവർ ഒക്കാസനും ഒത്താസനും. രണ്ടും ദിവസം അവർക്കൊപ്പം ഉണ്ടും ഉറങ്ങിയും, കളിച്ചും ചിരിച്ചും... ജപ്പാൻ വിഭവങ്ങൾ പലതും അവർ ഉണ്ടാക്കി തന്നു.. ഭക്ഷണം തയ്യാറാക്കാൻ അവർക്കൊപ്പം ചേർന്നു.. ബിരിയാണി ഉണ്ടാക്കി അവരെ കൈകൊണ്ട് കഴിപ്പിച്ചു.. അവരുടെ ഡ്രസ്സായ കിമോണ ഞങ്ങൾക്ക് സമ്മാനിച്ച് ധരിപ്പിച്ചു.. അതുപോലെ ഞങ്ങളുടെ പട്ടുപാവാട അവരെയും ധരിപ്പിച്ചു.. അവർക്കൊപ്പം ടീ സെറിമണിയിൽ പങ്കെടുത്തു.... അങ്ങനെ അങ്ങനെ ... രണ്ടു പേർക്കും ഇംഗ്ലീഷ് നന്നായി വഴങ്ങില്ലായിരുന്നു... പക്ഷേ പരസ്പര ആശയവിനിമയത്തിന് അതൊന്നും തടസ്സമായില്ല.. സ്നേഹവും വാത്സല്യവും എല്ലാ തടസ്സവും നീക്കി.. ആ യാത്രയിൽ

"എനിക്ക് ആ യാത്രയിൽ ഒട്ടും മറക്കാനാവാത്ത അനുഭവം 'ഹോം സ്റ്റേ' ആയിരുന്നു....ടീമിലെ 2 പേർക്ക് വീതം ഓരോ വീട്ടിൽ താമസിക്കാനുള്ള അവസരം.. ചുറുചുറുക്കുള്ള 80 വയസ്സുള്ള ഒരു മുത്തശ്ശന്റെയും 75 വയസ്സുള്ള ഒരു മുത്തശ്ശിയുടെയും കൂടെ ഞാനും മറ്റൊരു കുട്ടിയും.. ജാപ്പനീസ് ഭാഷയിൽ ഞങ്ങൾക്കവർ ഒക്കാസനും ഒത്താസനും.

സങ്കടകരമായ നിമിഷങ്ങൾ ഉണ്ടായത് ഈ ഒക്കാസനേയും ഒത്താസനേയും പിരിയുമ്പോഴാണ്...... അന്നത്തെ ഫോട്ടോകൾ ഞാൻ സൂക്ഷിച്ചു വച്ചിട്ടുണ്ട്... ഇപ്പോഴും അവർ വിളിക്കാറുണ്ട്.. സമ്മാനങ്ങൾ അയക്കാറുണ്ട്...'' ഹോംസ്റ്റേയെ കുറിച്ച് ഗോപിക വാചാലയായി.

പോകുമ്പോൾ കരഞ്ഞ് വിഷമിച്ച് പോയ ഗോപിക പതിനഞ്ച് ദിവസത്തിനു ശേഷം ഇവിടെ തിരിച്ചെത്തിയപ്പോൾ കേരളത്തിൽ നിന്ന് പോയ 10 കുട്ടികളിൽ



അച്ഛൻ അനിയൻ നമ്പൂതിരിക്കും അമ്മ പ്രഭയ്ക്കുമൊപ്പം ഗോപിക

'ദ ബെസ്റ്റ്' ആയി തിരഞ്ഞെടുക്കപ്പെട്ടു...

തൊട്ടതെല്ലാം പൊന്നാക്കിയ ഗോപിക ഓൾ കേരള മാപ്പിള സോങ്ങ് ലവേഴ്സ് അസോസിയേഷന്റെ പ്രോഗ്രാമിൽ പങ്കെടുത്ത് മുഴുവൻ മുസ്ലീം കുട്ടികളെയും അവരുടെ സമുദായത്തിന്റെ സ്വന്തമായ മാപ്പിളപ്പാട്ടിൽ പിൻതള്ളി ഒന്നാം സ്ഥാനത്തെത്തി.. ....ആ പ്രോഗ്രാമിൽ മുസ്ളീം സമുദായത്തിൽ നിന്നല്ലാത്ത കുട്ടികൾ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു...

ആദ്യകാല റിയാലിറ്റി ഷോ ആയ സിംഗർ ഓഫ് ദ മലബാർ എന്ന ഷോയിലെ വിന്നർ ആണ് ഗോപിക.. റിയലിറ്റി ഷോകൾ വന്നു തുടങ്ങിയ കാലഘട്ടത്തിലായിരുന്നു അത്...

ആറാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഗുരുവായൂരപ്പന്റെ മുന്നിൽ വച്ച് ഗോപികയുടെ പാട്ടിന്റെ അരങ്ങേറ്റം ഉണ്ടായത്.. ഒന്നര മണിക്കൂർ ഒറ്റക്ക് കച്ചേരി ചെയ്താണ് അരങ്ങേറ്റമുണ്ടായത്.. തന്റെ ആദ്യഗുരുവായ മുക്കം സലിം മാസ്റ്ററുടെ പൂർണ്ണ പിന്തുണ ഉണ്ടായതുകൊണ്ടാണ് തനിക്ക് ഒന്നര മണിക്കൂർ കച്ചേരി ഒറ്റക്ക് ചെയ്യാൻ ധൈര്യം കിട്ടിയതെന്ന് ഗോപിക പറയുന്നു. ഗുരുവായൂരപ്പന്റെ അനുഗ്രഹം കൊണ്ട് അരങ്ങേറ്റം കഴിഞ്ഞ ആ വർഷം മുതൽ കഴിഞ്ഞ 11 കൊല്ലമായി സ്ഥിരമായി ചെമ്പൈ സംഗീതോൽസവത്തിൽ കച്ചേരി അവതരിപ്പിക്കുന്നുണ്ട് ഗോപിക....

കോഴിക്കോട് ഗീതാദേവി വാസുദേവന്റെ കീഴിൽ ശാസ്ത്രീയ സംഗീതം ഇപ്പോഴും അഭ്യസിച്ച് വരുന്നു.. ടി.എച്ച് ലളിതയുടെ കീഴിൽ വയലിനും അഭ്യസിച്ച് വരുന്നു.. മോഹിനിയാട്ടവും പഠിക്കുന്നുണ്ട്...

ഒരു പാട് വേദികളിൽ പാടാൻ അവസരം ലഭിച്ച എനിക്ക് മൂകാംബികയിൽ ദേവിയുടെ മുന്നിൽ പല കാരണങ്ങൾ കൊണ്ട് പാടാൻ കഴിഞ്ഞില്ല എന്നത് ഒരു സങ്കടമായിരുന്നു.. പക്ഷേ ഇത്തവണ മൂകാംബികയിൽ വച്ച് നടക്കാറുള്ള കെ.ജെ.യേശുദാസിന്റെ പിറന്നാൾ ആഘോഷത്തിൽ ദേവിയുടെ സന്നിധിയിൽ യേശുദാസിന്റെ മുന്നിൽ കച്ചേരി ചെയ്യാനും അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങാനുമുള്ള അവസരം ലഭിച്ചത് എനിക്ക് കിട്ടിയ വലിയൊരു ഭാഗ്യമായി..'' ഗോപിക മൂകാംബികയിൽ ആദ്യമായി പോയ അവസരം ഇങ്ങനെ...

ഗോപികയുടെ വിജയത്തിനു

തൊട്ടതെല്ലാം പൊന്നാക്കിയ ഗോപിക ഓൾ കേരള മാപ്പിള സോങ്ങ് ലവേഴ്സ് അസോസിയേഷന്റെ പ്രോഗ്രാമിൽ പങ്കെടുത്ത് മുഴുവൻ മുസ്ലീം കുട്ടികളെയും അവരുടെ സമുദായത്തിന്റെ സ്വന്തമായ മാപ്പിളപ്പാട്ടിൽ പിൻതള്ളി ഒന്നാം സ്ഥാനത്തെത്തി.... ആ പ്രോഗ്രാമിൽ മുസ്ളീം സമുദായത്തിൽ നിന്നല്ലാത്ത കുട്ടികൾ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു...



*ജപ്പാനീസ് കുടുംബത്തോടൊപ്പം ഗോപിക*

പിന്നിൽ ഗോപികയുടെ കഠിനാധ്വാനത്തിനു പുറമേ അച്ഛൻ അനിയൻ നമ്പൂതിരിയുടേയും അമ്മ പ്രഭയുടെയും പിൻതുണയും പ്രാർത്ഥനയും തന്നെയാണ്..

''കുട്ടിക്കാലത്ത് പാട്ടു പഠിക്കാൻ എനിക്ക് വലിയ മോഹമായിരുന്നു അന്ന് എനിക്കിതിന് കഴിഞ്ഞില്ല.. ഈശ്വരൻ സഹായിച്ച് ആ മോഹം എന്റെ മകളിലൂടെ നേടാൻ കഴിഞ്ഞു.'' അനിയൻ നമ്പൂതിരിക്ക് തന്റെ മോഹ സാക്ഷാത്ക്കാരത്തിലെ സന്തോഷം...

ഗോപികയെ പഠിപ്പിക്കാൻ വേണ്ടി അക്ഷരശ്ലോകം പഠിച്ചു തുടങ്ങിയ അമ്മ പ്രഭയും ഇന്ന് അക്ഷരശ്ലോക വേദികളിൽ തിളങ്ങുന്നു.. യുവജനോത്സവ വേദികളിലും അല്ലാതെയും മാറ്റുരക്കുന്ന നിരവധി കുട്ടികളും മുതിർന്നവരും ഇന്ന് പ്രഭയുടെയും ഗോപികയുടേയും ശിഷ്യരാണ്.. ഇതിനെല്ലാം പൂർണ്ണ പിൻതുണയോടെ അച്ഛൻ അനിയൻ നമ്പൂതിരിയും.....

●

**മൊബൈൽ: 9048324152**

Best Compliments from:

**ASSOCIATED RUBBER**
**CHEMICALS (KOCHI) PVT. LTD.**

AN ISO 9001:2008 CERTIFIED COMPANY
ASSOCHEM CHAMBERS, NH47 BYPASS
EDAPPALLY KOCHI, KERALA 682024
PH: 0484 2332134, 2331768, 2339190

Branches:

No. 6/288 A, Odumbra Bazar
Olavanna, Calicut 673019
Ph: 0495- 2432022, 9048115559

Good Shepherd Building
Thumpoly, Alleppey 680007
Ph: 0477- 2244834, 9495999344





വിനോദ് മങ്ങത്തായ

# 5

"സംസ്ഥാനത്തെ ജൈവകാർഷിക രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ച വിദ്യാർത്ഥിയായ വയനാട് നൂൽപ്പുഴ പഞ്ചായത്തിലെ ചിറക്കമ്പത്ത്ഇല്ലത്ത് ശ്രീ.സൂരജ് സുരേഷിനെ ജൈവകാർഷിക കേരളത്തിന്റെ യുവ അബാസിഡറായി 2014 ഡിസംബർ 9 ന് സംസ്ഥാന കൃഷി വകുപ്പ് അധികാരപ്പെടുത്തുന്നു." സൂരജിന് ലഭിച്ച മെമന്റോയിലെ സാക്ഷ്യപത്രമാണ് ഇത്.

# കൃഷിപാഠം/ടത്തിലെ സൂരജ്

ഇല്ലത്തെ വിളിപ്പേര് അപ്പു. വീട്ടുപറമ്പിലെ മരത്തിൽ നിന്നും പാകമായ സീതപ്പഴങ്ങൾ തിരഞ്ഞുപിടിക്കാൻ വിഷമിക്കുന്ന അമ്മയോട് അപ്പുപറഞ്ഞു ''കാക്ക കൊത്തിയപഴം മൂത്ത് പഴുത്തതായിരിക്കും'', മകന്റെ നീരിക്ഷണവും ശ്രദ്ധയും നിഗമനവും അന്നേ തങ്ങളെ അത്ഭുതപ്പെടുത്തിയെന്ന് അമ്മ ഉഷ ഓർത്തെടുക്കുന്നു. കേരള നിയമസഭയിലെ മന്ത്രിമാർ ഉൾപ്പെടെയുള്ള സാമാജികർക്ക് ജൈവകൃഷി പാഠങ്ങൾ അവതരിപ്പിക്കാൻ ക്ഷണം ലഭിച്ചപ്പോൾ സൂരജിന് പ്രായം 17. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥി. വിഷമയമായ പച്ചക്കറികളുടെയും പഴങ്ങളുടെയും തേർവാഴ്ച അവസാനിപ്പിക്കാൻ നടത്തുന്ന ദീർഘകാല പ്രവർത്തനങ്ങളുടെ വക്താവും പ്രയോക്താവുമായി സൂരജിനെ അധികാരപ്പെടുത്തിയിരിക്കുകയാണ് കേരള സർക്കാർ. അന്നത്തെ കൃഷിമന്ത്രിയും നല്ലൊരു കൃഷിക്കാരനുമായ കെ.പി.മോഹനൻ നെഞ്ചോടു ചേർത്തുപിടിച്ചാണ് സൂരജിനെ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് പരിചയപ്പെടുത്തിയത്. കേരള നിയമസഭ ആദ്യമായി ഒരു കർഷകനെ ആദരിക്കുകയായിരുന്നു. സൂര്യതേജസ്സുള്ള ആ ബ്രാഹ്മണകുമാരൻ ചരിത്രം രചിക്കുക തന്നെ ചെയ്തു.

വയനാട് സുൽത്താൻബത്തേരിയിലെ നായ്ക്കട്ടിയിലാണ് ജനനം. അച്ഛൻ സുരേഷ് നമ്പൂതിരി, അമ്മ ഉഷ, കുഞ്ഞനുജത്തി സൂര്യപാർവ്വതിയും. പൈതൃകമായി കിട്ടിയ

പറമ്പിലും വയലിലും കൃഷിചെയ്തു തന്നെയാണ് സൂരജ് കൃഷിക്കാരനായത്. രാസവളങ്ങളോ കീടനാശിനികളോ ഉപയോഗിക്കാത്തതെന്തുകൊണ്ട്?

മറുപടി ഇങ്ങനെ:

ഫുക്കുവോക്കയുടെ ഒറ്റവൈക്കോൽ വിപ്ലവം എനിക്ക് പരിചയപ്പെടുത്തിത്തന്നത് ബന്ധുവായ കൂട്ടാലിടയിലെ കേശവൻ മാഷാണ്. അനന്തമായ പ്രകൃതിനിയമങ്ങളെ മറന്നു കൊണ്ട് ഒന്നും സാധ്യമല്ല. നമ്മുടെ കൃഷിയ്ക്ക് തടസ്സമാകുന്നത് തെറ്റായി പഠിച്ചുവെച്ച പാഠങ്ങളാണ്. എന്തിനും ഏതിനും പ്രതിവിധിയായി ബോർഡോ മിശ്രിതം നിർദ്ദേശിക്കുന്ന സിലബസിൽ നിന്നും ആദ്യം പുറത്തുകടക്കണം. മണ്ണിനേയും പ്രകൃതിയേയും അറിയണം. സൂക്ഷ്മജീവികളേയും ഉറുമ്പുകളേയും പുഴുക്കളേയും പ്രാണികളേയും കൊന്നൊടുക്കുന്ന കീടനാശിനികൾ പരിണാമശൃംഖലയിലെ കേവലം ഒരു കണ്ണി മാത്രമായ മനുഷ്യനേയും നശിപ്പിക്കുമെന്നറിയാൻ വലിയ പഠനമൊന്നും വേണ്ട.

ആ പഠനമാണ് സൂരജ് നടത്തിയത്.

സൂരജിന്റെ കൃഷിയിടത്തിലേക്ക് ചെല്ലാം. കൊട്ടക്കണക്കിന് ചീരയും തക്കാളിയും വെണ്ടയും സ്ട്രോബെറിയും അമ്പതിലേറെ അപൂർവ്വഫലവൃക്ഷങ്ങൾ, വിവിധയിനം മാവുകൾ, വാഴകൾ, ഔഷധസസ്യങ്ങൾ. വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകമായി പ്രകൃതി സൂരജിനു മുമ്പിൽ നിറഞ്ഞുനിൽക്കുകയാണ്. ഇല്ലപ്പറമ്പ്, അതിനോട് ചേർന്നുള്ള വയൽ അഞ്ചേക്കറിലധികം കൃഷി. വിവധതരം ഓറഞ്ച്, ആപ്പിൾ, റമ്പൂഡാൻ, അറേബ്യൻ അത്തി, രുദ്രാക്ഷം നാടൻ പശുവിന്റെ ചാണകം കൊണ്ട് ബീജാമൃതം തയ്യാറാക്കി ചെടികൾക്ക് തളിച്ച് കരുത്തോടെ വളർത്തുന്നു. നാലുദിവസം പുളിപ്പിച്ച തൈര് നേർപ്പിച്ചാൽ ഒന്നാന്തരം കീടനാശിനിയായി.

മുത്തച്ഛന്റെ 50 സെന്റ് വയലിൽ ഒരു കിലോഗ്രാം ഗന്ധകശാല വിത്തുവിതച്ച് 700 കിലോഗ്രാം വിളവെടുത്തത് കെട്ടുകഥയല്ല. നേരനുഭവം. അൾട്രാമോഡേൺ ടെക്നോളജിയാണ് ഇവിടെ. ഗ്രീൻ ഹൗസുകൾ, ഹ്യൂമിഡിറ്റിയും മഴയും കൺട്രോൾ ചെയ്യുന്ന പോളിഹൗസുകൾ എല്ലാം സൂരജിന്റെ തന്നെ ഡിസൈൻ. ശ്രദ്ധിച്ചാൽ 10 സെന്റ് പോളിഹൗസിൽ 70 കിലോഗ്രാം പയർ ദിവസേന വിളയിക്കാം എന്നു പറയുമ്പോൾ അവിശ്വസിക്കേണ്ടതില്ല,




**വിഷമയമായ പച്ചക്കറികളുടെയും പഴങ്ങളുടെയും തേർവാഴ്ച അവസാനിപ്പിക്കാൻ നടത്തുന്ന ദീർഘകാല പ്രവർത്തനങ്ങളുടെ വക്താവും പ്രയോക്താവുമായി സൂരജിനെ അധികാരപ്പെടുത്തിയിരിക്കുകയാണ് കേരള സർക്കാർ.**

കാണിച്ചു തരും. വിദഗ്ദ്ധരെ ആകർഷിച്ച പവർപോയിന്റ് പ്രസേന്റേഷനിൽ മാത്രമല്ല അക്ഷരാർത്ഥത്തിൽ കൃഷിടത്തിൽത്തന്നെ.

"എനിക്ക് പങ്കെടുക്കാൻ അവസരം കിട്ടിയ നോയിഡ (യു.പി) യിൽ കഴിഞ്ഞവർഷം നടന്ന ഓർഗാനിക് വേൾഡ് കോൺഗ്രസ് ആണ് വേദി. നൂറ് രാജ്യങ്ങളിലെ കർഷകരും ശാസ്ത്രജ്ഞരും അനുഭവങ്ങൾ പങ്കിടുന്നു. ഒരേസമയം പ്രസന്റേഷനുകൾ വിവിധ ഭാഷകളിൽ കൺവെൻഷൻ സെന്ററിലെ സ്ക്രീനുകളിൽ തെളിയുന്നു. അന്നത്തെ സെഷൻ ജൈവകൃഷിയിലെ പോസ്റ്റുമോഡേൺ ട്രെന്റുകളെപ്പറ്റിയാണ്. ഫ്രാൻസിൽ നിന്നു വന്ന മഹതിയാണ് വേദിയിൽ. പ്രസന്റേഷന്റെ ടൈറ്റിൽ കണ്ടപ്പോൾതന്നെ ഞെട്ടിയത് ഭാരതത്തിൽ നിന്നുവന്ന പ്രതിനിധികളായിരുന്നു. അഗ്നിഹോത്രഫാമിംഗ് പ്രകൃതിയുടെ പരമ്പരാഗത രീതികളിൽ വേദാധിഷ്ഠിതമായ അറിവുകൾ ഉപയോഗിച്ച് ഹോമങ്ങളും അതിന്റെ സർവ്വഫലദായകമായ അഗ്നിയും പ്രസാദങ്ങളും എങ്ങിനെ അന്തരീക്ഷത്തെയും ഒപ്പം മണ്ണിനെയും കാർഷികവിളകളെയും പുഷ്ടിപ്പെടുത്തി സംരക്ഷിക്കുന്നുവെന്ന് ഫ്രാൻസിൽ നടക്കുന്ന കൃഷിപരീക്ഷണങ്ങൾ വെച്ച് സമർത്ഥിക്കുകയായിരുന്നു അവർ."

സൂരജ് തുടരുന്നു. "വൃക്ഷായുർവേദം തുടങ്ങിയ വിശിഷ്ടഗ്രന്ഥങ്ങൾ പണ്ടെ സംഘടിപ്പിച്ചു വായിച്ചിരുന്നു. വിജ്ഞാനവ്യാപനത്തിന് അതിർത്തികൾ ഇല്ലല്ലോ. ആഹാരം ഔഷധമാണ് എന്ന ആശയം മുന്നോട്ട് വെക്കുന്ന ഒട്ടനവധി പുരാതനഗ്രന്ഥങ്ങൾ നമുക്കുണ്ട്. വളവും കീടനാശിനിയും ഉപയോഗിക്കാതെ ഒന്നും ഉണ്ടാവില്ലെന്നത് സ്ഥിരം കേൾക്കുന്ന പല്ലവിയാണ്. എന്നാൽ അറിയുക ഇന്ത്യയുടെ ടൺ കണക്കിന് കാർഷികോൽപ്പന്നങ്ങളാണ് കീടനാശിനി സാന്നിധ്യം ഉള്ളതിനാൽ യുറോപ്പ്യൻ രാജ്യങ്ങളും അമേരിക്കയും തിരിച്ചയക്കുന്നത്. തദ്ദേശീയമായ രീതികൾ മറന്ന് കൃത്രിമകീടനാശിനികൾ ഉപയോഗിച്ചതിന്റെ ശിക്ഷ.

"നവീന സാങ്കേതികജ്ഞാനവും രീതികളും ഉപയോഗിക്കണം. മണ്ണും അന്തരീക്ഷവും അറിഞ്ഞ് തന്നെ കൃഷി ചെയ്യണം. ഗവേഷണവും അതിന്റെ ആപ്ലിക്കേഷനുകളും വേണം. വൃക്ഷായുർവേദയിൽ കുനാപജല (KUNAPAJALA) എന്നൊരു കൂട്ടുണ്ട്. പന്നിമാംസം (ഞാൻ പകരം കട്ടപ്പയർ ഉപയോഗിക്കുന്നു), ഉമി, പാൽ തൈര്, നെയ്യ്, തേൻ, ചാണകം, ഗോമൂത്രം, ഉഴുന്ന്, ചെറുപയർ, നെല്ല് തുടങ്ങിയവയാണ് ഇതിന്റെ ഘടകവസ്തുക്കൾ. ഒരേസമയം പോഷകവും കീടങ്ങളിൽ നിന്ന് സംരക്ഷണവും തരുന്ന ജൈവജലം. എന്തുകൊണ്ട് നമുക്കുപയോഗിച്ചുകൂടാ? ഈ തോട്ടത്തിലേക്ക് വരൂ നിർമ്മാണവും ഉപയോഗവും ഉല്പന്നങ്ങളുടെ ഗുണവും നേരിട്ടു തന്നെ കാണാം.

ഇനി മണ്ണില്ലെങ്കിലും, കൃഷി ചെയ്യാനുള്ള വഴികൾ തേടുകയാണ് ലോകരാജ്യങ്ങൾ. നോക്കൂ കുരുമുളക് കൃഷി ചെയ്യാൻ തിരുവാതിര ഞാറ്റുവേല ഇല്ലെങ്കിലും അതു കൃത്രിമമായി ഫാംഹൗസുകളിൽ ഉണ്ടാക്കിയെടുക്കാം. താങ്ങുമരങ്ങൾക്കു പകരം പടരാൻ കോൺക്രീറ്റ് കാലുകൾ, ഇന്റർനെറ്റിൽ വിയറ്റ്നാം കുരുമുളക് കൃഷി എന്നു തിരഞ്ഞാൽ കാണാം. അവരുടെ കുരുമുളക് കുറഞ്ഞവിലക്ക് യെടുക്കാം ശ്രീലങ്കവഴി (ശ്രീലങ്കയുമാ

യി ഇന്ത്യക്ക് നികുതി രഹിത വിനിമയത്തിന് കരാറുണ്ട്) ഇവിടെ എത്തുന്നു. വിലയിടിവിന്റെ കാര്യം മനസ്സിലായല്ലോ. സൂരജിലെ അറിവുള്ള കർഷകൻ ചോദിക്കുന്നു. നമുക്ക് മണ്ണും മഴയും കുറച്ചെങ്കിലും ഉണ്ട് അവ ഉപയോഗപ്പെടുത്തി ഗുണമുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കണം. വിലകൊടുത്ത് വാങ്ങാൻ ആളുണ്ടാകും കൃഷി ആദായകരവുമാകും. ഇനി നല്ല ഫലവൃക്ഷങ്ങളുടെ കാലമാണ്. നാട്ടുമാങ്ങയും ചക്കയും ജൈവരീതിയിൽ നമുക്കും ഉൽപ്പാദിപ്പിക്കാവുന്ന വിദേശപഴങ്ങളും പറഞ്ഞ വിലക്ക് ലോകം വാങ്ങും. ഇസ്രയേൽ ജൈവകൃഷിയിൽ ഏറ്റവും മുന്നിൽ നില്ക്കുന്നതും ഇന്ത്യയിൽ സിക്കിം സമ്പൂർണ ഓർഗാനിക് സ്റ്റേറ്റ് ആയി പ്രഖ്യാപിച്ചതും മലയാളി അറിയണം. കാപ്പിക്കു വിലകുറയുമ്പോൾ സ്വഭാവികമായി പഴുത്തുവീഴുന്ന കാപ്പിക്കുരുവിന്റെ സത്ത് വലിയ വിലക്ക് കമ്പനികൾ വിൽക്കുന്നതും നമ്മൾ അറിയണം.

ദിവസങ്ങളോളം ആഹാരം ലഭിച്ചില്ലെങ്കിലും ജീവിതം നിലനിർത്താൻ ഉപയോഗിച്ചിരുന്ന ഒരു ചെടിയുണ്ട് ജലസ്തംഭിനി. അത് എവിടെക്കിട്ടും എന്നു ചോദിച്ചാൽ തൊട്ടു കാണിച്ചുതരും സൂരജ്. അതുമാത്രമല്ല, മുറിവുകളെ നിമിഷനേരം കൊണ്ട് ഉണക്കുന്ന മുറികൂട്ടി പോലുള്ള ഔഷധങ്ങൾ വേറെയും. ഒരു വൃക്ഷം കാണിച്ച് പറഞ്ഞു ഇതാണ് കായം! അതേ, നമ്മൾ സാമ്പാറിൽ ഉപയോഗിക്കുന്ന വൃക്ഷക്കറ!! ഇലകളിൽനിന്ന് വരുന്ന കറ ടാപ്പ് ചെയ്തെടുക്കും. വ്യവസായിക അടിസ്ഥാനത്തിൽ മൈദയും ചേർത്ത് വലിയ വിലക്ക് കമ്പോളത്തിലിറക്കും.

വംശനാശം വരാൻ പോകുന്ന മുള്ളൻകൈമ പോലുള്ള നെല്ലിനങ്ങൾ പത്ത് സെന്റ് സ്ഥലത്തെങ്കിലും കൃഷി ചെയ്യണം. രണ്ടു തെങ്ങുകൾ നന്നായി വളർത്തിയാൽ ഒരുമാസത്തേക്ക് വേണ്ട നാളികേരം ഉണ്ടാവില്ലേ? ഇനി കൊത്തും കിളയുമെല്ലാം ഇല്ലാത്ത പറമ്പുകളെ ഇല്ലപറമ്പുകളായി നാട്ടാർ കളിയാക്കാറുണ്ടല്ലോ. അവിടെയും പെർമകൾച്ചർ പോലുള്ള ഒട്ടനവധി സാദ്ധ്യതകൾ നിലനിൽക്കുന്നു. സൂരജിന്റെ പറമ്പിലെ കിളക്കാത്ത പറമ്പിൽ നൂറ് കണക്കിന് കറുമൂസ(പപ്പായ)കൾ നിറഞ്ഞ മരങ്ങൾ ഇതിനു സാക്ഷ്യം പറയുന്നു.

ഒരു കിലോ തക്കാളിക്ക് രണ്ടു രൂപ പോലും കിട്ടാതെ വിലപിക്കുന്ന കർഷകരെ നമുക്കറിയാം. എന്നാൽ സൂരജ് ആ കൂട്ടത്തിലല്ല. വെയ്ക്കാനറിയുമെങ്കിൽ വെളമ്പാനും അറിയണമല്ലൊ. ഭൂമിയിൽ ലഭിക്കുന്ന ഏറ്റവും ഉയർന്ന വിലതന്നെ നേടിയെടുക്കാൻ വേണ്ട മാർക്കറ്റിംഗ് തന്ത്രവും വശപ്പെടുത്തിയിട്ടുണ്ട്.



സൂരജിന്റെ അച്ഛനമ്മമാരും അനിയത്തിയും

കൂട്ടാലിടയിലെ അമ്പലപ്പുത്തൂർ ഇല്ലത്തെ റിട്ടയേർഡ് അദ്ധ്യാപകനായ കേശവൻ മാസ്റ്റർ അറിയപ്പെടുന്ന പ്രകൃതി കൃഷിക്കാരനാണ്. മാഷിന്റെ വാക്കുകളിൽ സൗരോർജ്ജത്തിന്റെ രൂപമാറ്റങ്ങളാണ് എല്ലാ ജീവജാലങ്ങളിലും. സോളാർ എനർജി സ്വാംശീകരിക്കുകയും സംഭരിക്കുകയും വേണ്ടരീതിയിൽ വിനിമയം ചെയ്യുകയും മാത്രമാണ് അറിവുള്ള മനുഷ്യൻ ചെയ്യേണ്ടത്. ബാക്കിയെല്ലാം പ്രകൃതി നോക്കിക്കൊള്ളും. സൂരജിലെ കൃഷിക്കാരനെ തിരിച്ചറിഞ്ഞ് ജൈവകൃഷിയിലെ ജ്വലിക്കുന്ന സൂര്യനാക്കി മാറ്റാൻ തുടക്കം കുറിച്ചതിൽ കേശവൻ മാസ്റ്റർക്ക് ഏറെ അഭിമാനമുണ്ട്. സൂരജ് അത്യദ്ധ്വാനിയാണ് അവന്റെ സത്യാന്വോഷണ പരീക്ഷകൾ നാട്ടിനു മുഴുവൻ നൻമകൾ നൽകട്ടെ.

ജൈവകൃഷി സംബന്ധമായി കേശവൻ മാഷിനെ വിളിക്കാം.
**8547902240**

ഉൽപ്പന്നങ്ങൾ സംസ്കൃതി അഗ്രോ എന്ന പേരിൽ എറണാകുളം ലുലുമാൾ പോലുള്ള സൂപ്പർമാർക്കറ്റുകളിൽ വിപണനത്തിന് എത്തുന്നു. വിലയോ? സൂരജിന്റെ വാക്കുകൾ ഇങ്ങനെ: ''ഞാൻ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കൃഷിചെയ്തുണ്ടാക്കുന്ന കർഷകനാണ്. അതിനാൽ തന്നെ വില ഞാനാണ് തീരുമാനിക്കുന്നത്.''

അറിയുക. ഇപോർട്ടൽ ആയ ആമസോണിൽ ഓർഡർ ചെയ്തും ഇവ വാങ്ങാൻ ആളുണ്ട്.

മണ്ണുത്തി കാർഷികകോളേജിൽ കൃഷിയിൽ ബിരുദവിദ്യാർത്ഥിയാണ് ഇപ്പോൾ. കേവലം ജൈവകർഷകൻ എന്ന് ചുരുക്കിക്കാണേണ്ട, പകരം നവീനാശയങ്ങളുടെ സംരംഭകൻ എന്ന് കണ്ടാൽ മതി. ഒരു കിടിലൻ സ്റ്റാർട്ടപ്പ് കമ്പനിയുടെ പണിപ്പുരയിലാണ്. അതെന്തെന്ന് തല്കാലം സസ്പെൻസിലിരിക്കട്ടെ. ഒരു ക്ലൂ തരാം, അത് കൃഷിയുമായി ബന്ധപ്പെട്ടതാണ്.

സർക്കാരും വിവിധ കമ്പനികളും സംഘടനകളും സൂരജിനെ ആദരിച്ചിട്ടുണ്ട്. ഒട്ടനവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. അലമാരയിൽ വയനാട് ജില്ല യോഗക്ഷേമസഭയുടെ മെമന്റോ തിളങ്ങി നിൽക്കുന്നു. ബ്രഹ്മതേജസ്സുള്ള സൂര്യനായി അപ്പുവിനെ അനുഗ്രഹിച്ചുകൊണ്ട്.

വിളിക്കാം സൂരജിനെ സന്ദർശിക്കാം, അവരുടെ കൃഷിയിടങ്ങൾ. കൃഷിയിലെ സംസ്ക്കാരം AGRI CULTURE അറിയാം, അനുഭവിക്കാം.

**മൊബൈൽ: 8547006098, 8547570865** ●

കൃഷ്ണൻ നമ്പൂതിരിയുടെതായി ഇരുപത്തിരണ്ട് പുസ്തകങ്ങൾ പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്

# 6 ഫീസില്ലാതെ പഠിച്ചത് ഇങ്ങനെ

സ്വന്തം ലേഖിക

കുട്ടിക്കാലം മുതൽ തന്നെ സംസ്കൃതത്തിൽ കവിതകൾ എഴുതി ആ കവിതകൾ വേദികളിൽ അവതരിപ്പിച്ചിരുന്ന കുട്ടി. ആ കുട്ടിക്ക് താനെഴുതിയ കവിതകൾ തന്റെ പഠനത്തിനു വേണ്ടി ഫീസിളവ് നേടാൻ സഹായകമായി. കൊച്ചി രാജാവിന്റെയും സാമൂതിരിയുടെയും മുന്നിൽ കവിതകൾ സമർപ്പിച്ച് അഭിനന്ദനങ്ങൾ നേടാനും അവസരമുണ്ടായി. പിന്നീട് വളർന്നപ്പോൾ ജീവിതത്തിൽ കവിതയേക്കാൾ പ്രാധാന്യം സംസ്കൃതവും ശാസ്ത്രവും ഇഴചേർന്ന വ്യത്യസ്തമായ ഒരു ഗവേഷണ മേഖലയ്ക്കായി..

ചേളന്നൂർ ചേക്രക്കൽ കൃഷ്ണൻ നമ്പൂതിരി എന്ന ഇദ്ദേഹത്തിന്റെ ജീവിത വിശേഷങ്ങൾ ഒട്ടനവധിയുണ്ട് നമുക്കറിയാൻ..

''ഉപനയനം കഴിഞ്ഞ കാലം മുതൽ പഠിച്ചു വരുന്ന മന്ത്രങ്ങളുടെ അർത്ഥമറിയാൻ താൽപര്യമായിരുന്നു എനിക്ക്... വേദജ്ഞനും കവിയും സംസ്കൃതപണ്ഡിതനുമൊക്കെ ആയിരുന്ന അച്ഛനോട് ചോദിച്ചും മറ്റ് അറിവുകൾ കിട്ടുന്ന വഴികൾ തേടിയും ഞാൻ പഠിക്കുന്നത് എന്തെന്ന്'' മനസ്സിലാക്കിയിരുന്നു.''

കൃഷ്ണൻ നമ്പൂതിരി പറയുന്നു..



ഓരോ മന്ത്രങ്ങളും എന്തിനു വേണ്ടി ചൊല്ലണമെന്നും എങ്ങനെ ചൊല്ലണമെന്നും അറിയാനുള്ള കുട്ടിക്കാലത്തെ ആ ജിജ്ഞാസയും അന്വേഷണവും തൊണ്ണൂറുകളിൽ എത്തിയിട്ടും നിർത്തിയിട്ടില്ല ഇദ്ദേഹം. മന്ത്രങ്ങളുടെ ആഴകാഴ്ചകളിലേക്ക് ഇദ്ദേഹം തുടരുന്ന ഗവേഷണം പ്രാചീന ഭാരതീയ ശാസ്ത്രത്തെ കുറിച്ച് വ്യത്യസ്തമായ അറിവുകൾ നമ്മിലേക്ക് എത്തിക്കുന്നുണ്ട്..

കൃഷ്ണൻ നമ്പൂതിരിയുടെ ഗവേഷണം ജ്യോതിശാസ്ത്രവും ഗണിതശാസ്ത്രവും, മനോവിജ്ഞാനീയവും, രസതന്ത്രവും, പ്രപഞ്ചശാസ്ത്രവും തന്ത്രശാസ്ത്രവുമെല്ലാം കെട്ടുപിണഞ്ഞ് കിടക്കുന്നു. ഇത് അധികമാർക്കും കട

പഠിക്കാനുള്ള തന്റെ അതിയായ ആഗ്രഹത്തെ കാണിച്ചു കൊണ്ട് മറ്റൊരു സംസ്കൃതം കവിത എഴുതി. ആ കവിത അന്നത്തെ സാമൂതിരി രാജാവിന് നേരിട്ട് സമർപ്പിച്ചു. രാജാവ് കവിത വായിച്ച് കൃഷ്ണൻ നമ്പൂതിരിയെ അഭിനന്ദിച്ച് ഫീസ് ഇളവ് ചെയ്തു കൊടുത്തു

മന്ത്രങ്ങളുടെ ആഴക്കാഴ്ചകളിലേക്ക് 90 കഴിഞ്ഞിട്ടും ഗവേഷണം തുടരുകയാണ് ഇദ്ദേഹം

ന്നു ചെല്ലാൻ കഴിയാത്ത അല്ലെങ്കിൽ കടന്നു ചെല്ലാൻ മടിക്കുന്ന മേഖല.

കൃഷ്ണൻ നമ്പൂതിരിയുടെ തായി ഇരുപത്തിരണ്ട് പുസ്തകങ്ങൾ പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്. 'ഭാരതീയ ശാസ്ത്ര ചിന്ത' എന്ന വിഷയത്തെ അധികരിച്ച് ഒരു പുസ്തക പരമ്പര തന്നെ പുറത്തിറക്കിയിട്ടുണ്ട്. സംസ്കൃതത്തിൽ എഴുതപ്പെട്ട പ്രാചീനഭാരതീയ ശാസ്ത്രത്തിലെ വേദം, ദർശനം, പുരാണം ,കാവ്യം തുടങ്ങിയവയിലൊക്കെയുള്ള ശ്ളോകങ്ങൾ വ്യാഖ്യാനിച്ച് അവയിലെ ശാസ്ത്ര സത്യങ്ങൾ ആധുനിക ശാസ്ത്രവുമായി ബന്ധപ്പെടുത്തുന്നതാണ് അദ്ദേഹത്തിന്റെ ഗവേഷണ രീതി.

അമേരിക്ക ചന്ദ്രനിൽ ജലസാന്നിധ്യമുണ്ട് എന്ന് കണ്ടെത്തുന്നതിനു സഹസ്രാബ്ദങ്ങൾക്ക് മുൻപ് വരാഹമിഹിരൻ 'സലിലമയേ ശശിനീ' എന്ന് തുടങ്ങുന്ന ശ്ളോകത്തിൽ ഇക്കാര്യം പറഞ്ഞിട്ടുണ്ട് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തത്തിലെ ആശയം പ്രാചീനമായ ഗരുഡപുരാണത്തിൽ പറയുന്നു വത്രെ.

'ശുകമസ്തുമരുത്വാ ദൂർധ്വം ഗതിം കൃത്വാന്തരീക്ഷഗാം' ശ്രീശുകൻ വായു സംഹിതമായ അന്തരീക്ഷ ഭാഗത്തെ അതിക്രമിച്ച് വായുരഹിതമായ ശൂന്യാകാശത്തിലൂടെ ഗതി തുടർന്നിരുന്നു എന്ന് അർത്ഥം വരുന്ന മഹാഭാരതത്തിലെ പന്ത്രണ്ടാം പർവ്വത്തിലെ ശ്ലോകം അന്തരീക്ഷോപരിതലം ശൂന്യാകാശമെന്ന് കാണിക്കുന്നു.

അങ്ങനെ നിരവധി കാര്യങ്ങൾക്ക് തെളിവു നിരത്താൻ കൃഷ്ണൻ നമ്പൂതിരിക്ക് കഴിഞ്ഞിട്ടുണ്ട്..

ശ്രീമദ് ഭാഗവതത്തിലെ ഭൂഗോളവർണ്ണനയെ കുറിച്ച് ആധികാരികമായുള്ള പുസ്തകം അദ്ദേഹത്തിന്റേതായി ഉണ്ട്.. അദ്ദേഹത്തിന്റെ നേട്ടങ്ങൾക്കു പിന്നിൽ സ്വപ്രയത്നം തന്നെയാണ്. അധികമാരും ശ്രദ്ധിച്ചിട്ടില്ലാത്ത അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളും സ്വസ്തിയിലൂടെ വായനക്കാർക്കായി..

നിരവധി സാഹിത്യകാരൻ മാർ ഉള്ള ഇന്ന് അവരുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കാൻ അനവധി പ്രസിദ്ധീകരങ്ങളുമുണ്ട്.. പക്ഷേ 75 വർഷങ്ങൾക്ക് മുമ്പ് മാതൃഭൂമി പോലെ വളരെ കുറച്ച് ആനുകാലിക പ്രസിദ്ധീകരണങ്ങൾ നിലവിലുണ്ടായിരുന്ന കാലഘട്ടം. അന്ന് കുട്ടിയായ കൃഷ്ണൻ നമ്പൂതിരിയുടെ കവിത മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ബാലപംക്തിയിലല്ലാതെ അച്ചടിച്ചു വന്നു. ഇത് ഒരു അഭിമാനമായി ഇന്നും അദ്ദേ

●

**കൃഷ്ണൻ നമ്പൂതിരിയുടെ തായി ഇരുപത്തിരണ്ട് പുസ്തകങ്ങൾ പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്. 'ഭാരതീയ ശാസ്ത്ര ചിന്ത' എന്ന വിഷയത്തെ അധികരിച്ച് ഒരു പുസ്തക പരമ്പര തന്നെ പുറത്തിറക്കിയിട്ടുണ്ട്.**

●



ഹം മനസ്സിൽ സൂക്ഷിക്കുന്നു.

ചാലപ്പുറം ഗണപത് ഹൈസ്കൂളിൽ പത്താംതരത്തിൽ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് കൃഷ്ണൻ നമ്പൂതിരിയുടെ അച്ഛൻ മരിച്ചത്. അച്ഛന്റെ അഭാവം സ്വാഭാവികമായിട്ടും മക്കളിൽ ഉണ്ടാക്കുന്ന പ്രതിസന്ധി ഘട്ടങ്ങൾ കൃഷ്ണൻ നമ്പൂതിരിയിലും ഉണ്ടായി.. വഴികാട്ടി ഇല്ലാതാവുക, ഇല്ലത്ത് കഷ്ടപ്പാടുകൾ, പഠനം മുന്നോട്ടു കൊണ്ടു പോകുവാൻ വിഷമം, പക്ഷേ പഠിക്കണമെന്ന് അതിയായ ആശയും ...എല്ലാം ചേർന്ന് വല്ലാത്ത ഒരു മാനസിക അവസ്ഥയിലായി അദ്ദേഹം. ആ മാനസികവ്യഥ ഒരു കവിതയായി കൃഷ്ണൻ നമ്പൂതിരിയിൽ രൂപാന്തരപ്പെട്ടു. അതും സംസ്കൃതത്തിൽ.

ഇല്ലത്തെ സാമ്പത്തിക ഞെരുക്കം കാരണം ചെറിയ ക്ലാസുകൾ മുതൽ തന്നെ പാഠപുസ്തങ്ങൾ വാങ്ങിക്കാനൊന്നും കഴിഞ്ഞിരുന്നില്ല.. പക്ഷേ പഠനത്തിൽ എന്നും ഒന്നാമനായിരുന്നു കൃഷ്ണൻ നമ്പൂതിരി.

പത്താം ക്ലാസും നല്ല രീതിയിൽ തന്നെ പാസ്സായി. ഇന്റർമീഡിയേറ്റ്( ഇന്നത്തെ പ്ലസ് ടു) ന് ചേരണം. ഗുരുവായൂരപ്പൻ കോളേജിലാണ് ചേരേണ്ടത്. അന്ന് ചാലപ്പുറത്താണ് കോളേജ്. ഫീസിന് കൂടുതൽ കാശ് വേണം. എന്തു ചെയ്യണമെന്ന് അറിയില്ല. അവസാനം കൃഷ്ണൻ നമ്പൂതിരി ഒരു കാര്യം തീരുമാനിച്ചു. പഠിക്കാനുള്ള തന്റെ അതിയായ ആഗ്രഹത്തെ കാണിച്ചു കൊണ്ട് മറ്റൊരു സംസ്കൃതം കവിത എഴുതി. ആ കവിത അന്നത്തെ സാമൂതിരി രാജാവിന് നേരിട്ട് സമർപ്പിച്ചു. രാജാവ് കവിത വായിച്ച് കൃഷ്ണൻ നമ്പൂതിരിയെ അഭിനന്ദിച്ച് ഫീസ് ഇളവ് ചെയ്തു കൊടുത്തു.. അന്നെഴുതിയ ഈ കവിതകളെല്ലാം ഇന്നും മറക്കാതെ ചൊല്ലാൻ കൃഷ്ണൻ നമ്പൂതിരിക്ക് കഴിയുന്നു. ഇന്റർമീഡീയേറ്റിനു പഠിക്കുമ്പോഴാണ് ബംഗാളിൽ നവഖലി എന്ന സ്ഥലത്ത് സാമുദായിക ലഹള പൊട്ടി പുറപ്പെട്ടത്. സമാധാന ദൗത്യവുമായി അന്ന് മഹാത്മാഗാന്ധി നടത്തിയ നവഖലി യാത്രയെ കുറിച്ചെഴുതിയ കവിതയും കൃഷ്ണൻ നമ്പൂതിരി മനസ്സിൽ സൂക്ഷിക്കുന്നു.

1942 കാലഘട്ടത്തിലാണ് ഇദ്ദേഹം ഇന്റർമീഡിയേറ്റിന് പഠിക്കുന്നത്. അന്ന് വിദ്യർത്ഥികളുടെ നേതൃത്വത്തിൽ ഒരു സ്വാതന്ത്ര്യസമരം വളരെ വ്യാപകമായി ഉണ്ടായി. കോഴിക്കോട്ട് നടത്തിയ സമരത്തിൽ നേതൃത്വം വഹിച്ച് കുട്ടികളെ സമരത്തിനിറക്കിയതും ബ്രിട്ടീഷ് പട്ടാളത്തിന്റെ ലാത്തിചാർജേറ്റ് തലയിൽ മുറിവ് പറ്റിയതുമെല്ലാം അഭിമാനത്തോടെ ഓർക്കുന്നു കൃഷ്ണൻ നമ്പൂതിരി.

പ്രൊവിഷൻസി പ്രൈസിന് അർഹത നേടി ഇന്റർമീഡിയേറ്റ് പാസ്സായി. ഡിഗ്രിക്ക് ചേരണം. രസതന്ത്രം ഇഷ്ടവിഷയം. കോഴിക്കോട് അന്ന് ഉണ്ടായിരുന്ന കോളേജുകളിൽ ഡിഗ്രിയില്ല. മലബാറിൽ മറ്റൊരിടത്തും രസതന്ത്രം ബിരുദവുമില്ല. പിന്നെയുള്ളത് തിരുകൊച്ചി സംസ്ഥാനത്ത്. പക്ഷേ അവിടെ കിട്ടാൻ ബുദ്ധിമുട്ട്. കൊച്ചി തിരുവാതാംകൂറിൽ ഉള്ള കുട്ടികളെ എടുത്ത ശേഷം ബാക്കി സീറ്റ് ഉണ്ടെങ്കിൽ മാത്രമേ പുറത്ത് നിന്ന് ആളെ എടുക്കൂ. എന്നാലും പഠിക്കാനുള്ള അതിയായ താൽപര്യത്തിൽ റെക്ക് എറണാകുളത്തേക്ക് യാത്ര പുറപ്പെട്ടു.

മദ്രാസ് ഹൈകോർട്ട് അധ്യക്ഷ

മലബാറിൽ നിന്ന് തിരുകൊച്ചി (T.C. State)യിൽ പോയി ബിരുദമെടുത്ത ആദ്യത്തെ ആളായി കൃഷ്ണൻ നമ്പൂതിരി. അന്ന് ചേളന്നൂരിൽ ആ പ്രദേശത്ത് ഡിഗ്രിയെടുത്ത ഒരേ ഒരാളും

റ്റായ ഡി.എച്ച്.നമ്പൂതിരിപ്പാട് അഡ്മിഷൻ കിട്ടാൻ വേണ്ടി ശുപാർശ കത്ത് നൽകിയിരുന്നു. ദേശമംഗലം ഗുപ്തൻ നമ്പൂതിരിപ്പാട് യാത്രാ ചെലവിലേക്കും മറ്റുമുള്ള സാമ്പത്തിക സഹായവും നൽകി. തിരുകൊച്ചിയിലെ അപേക്ഷകർക്കുള്ള മുൻഗണന കാരണം മഹാരാജാസ് കോളേജിൽ കിട്ടണമെങ്കിൽ ഒരു മാസമെങ്കിലും കഴിയേണ്ടിവരുമെന്നറിഞ്ഞു. എന്തു ചെയ്യണമെന്ന് അറിയാതെ വിഷമിച്ചിരിക്കുമ്പോൾ സേക്രഡ് ഹാർട്ട്സ് കോളേജ് പ്രിൻസിപ്പൾ ഫാദർ തിയോഡോഷ്യസിനെ പുറത്ത് വച്ച് കാണുകയും അദ്ദേഹം മാർക്ക്ലിസ്റ്റ് നോക്കി സീറ്റ് കിട്ടിയേക്കും എന്ന് ചെറിയ ഒരാശ നൽകി. മാനേജരെ പോയി കാണാനും പറഞ്ഞു. അദ്ദേഹവും പ്രതീക്ഷ നൽകി. അവസാനം ആശങ്കകൾക്കെല്ലാമറുതി വരുത്തി തേവര സേക്രഡ് ഹാർട്ട്സ് കോളേജിൽ അഡ്മിഷൻ കിട്ടി. പക്ഷേ സാമ്പത്തികം അപ്പോഴും പ്രശ്നം തന്നെ. ഫീസ് നൽകണമല്ലോ. അവിടെയും തന്റെ സംസ്കൃതം കവിത കൃഷ്ണൻ നമ്പൂതിരിക്ക് തുണയായി. തന്റെ ആവശ്യങ്ങളും വിഷമങ്ങളും ചേർന്ന ഒരു കവിത കൊച്ചി രാജാവിന് സമർപ്പിച്ചു. അദ്ദേഹം കൃഷ്ണൻ നമ്പൂതിരിക്കുവേണ്ടി കോളേജിലേക്ക് അയച്ച സാമ്പത്തിക സഹായം കോളേജ് അധികൃതരെ അത്ഭുതപ്പെടുത്തി.

അങ്ങനെ മലബാറിൽ നിന്ന് തിരുകൊച്ചി (T.C. State)യിൽ പോയി ബിരുദമെടുത്ത ആദ്യത്തെ ആളായി കൃഷ്ണൻ നമ്പൂതിരി. അന്ന് ചേളന്നൂരിൽ ആ പ്രദേശത്ത് ഡിഗ്രിയെടുത്ത ഒരേ ഒരാളും.

സുകുമാർ അഴീക്കോട്, ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ തുടങ്ങിയവർ കൃഷ്ണൻ നമ്പൂതിരിയുടെ ബി.ടി.ഡിഗ്രി(ഇന്നത്തെ ബി.എഡ്) ക്ലാസിൽ സഹപാഠികളായിരുന്നു. മുൻ സാമൂതിരി പി.സി.കെ രാജയും സഹപാഠി ആയിരുന്നു.

ചേളന്നൂരിലെ ചേക്രക്കൽ വാസുദേവൻ നമ്പൂതിരിയുടേയും പാർവ്വതി അന്തർജനത്തിന്റെയും മകനായി ജനിച്ച കൃഷ്ണൻ നമ്പൂതിരി കോഴിക്കോട് യോഗക്ഷേമ സഭയുടെ ചരിത്രത്തിൽ എഴുതി ചേർക്കപ്പെടേണ്ട ഒരു വ്യക്തിത്വം കൂടിയാണ്. കോഴിക്കോട് നമ്പൂതിരിമാരുടെ കൂട്ടായ്മകളൊന്നും ഇല്ലാതിരുന്ന കാലത്ത് അത് വേണമെന്ന ആശയം മനസ്സിൽ ആദ്യമായി കൊണ്ടുവന്ന് പ്രവർത്തിച്ച ആളാണ് ഇദ്ദേഹം. ഈ ആശയം മനസ്സിൽ തോന്നിയപ്പോൾ ചാത്തനാട്ട് ഉണ്ണികൃഷ്ണൻ നമ്പൂതിരിയേയും കൂട്ടി



*കൃഷ്ണൻ നമ്പൂതിരിയുടെ സഹധർമ്മിണി യശഃശരീരയായ ഉമാദേവി അന്തർജ്ജനം*

പെരുമൺപുറയിലെത്തുകയും അവിടുത്തെ നമ്പൂതിരിമാരുമായി ഈ ആശയം പങ്കുവയ്ക്കുകയും ചെയ്തു. പിന്നീടാണ് 'നമ്പൂതിരി സമാജം' എന്ന സംഘടന



*കാഞ്ചീപുരം യൂണിവേഴ്സിറ്റിയുടെ ഡോക്ടറേറ്റ് ബിരുദം സ്വീകരിക്കുന്നു*

രൂപീകരിക്കപ്പെടുന്നത്. ഈ സംഘടന പിന്നീട് യോഗക്ഷേമസഭയിൽ ലയിച്ചു ചേർന്നു.

പാണ്ടിക്കാടിനടുത്ത് കുടുംബക്കാട് ഉമാദേവി അന്തർജ്ജനത്തെയാണ് കൃഷ്ണൻ നമ്പൂതിരി വേളി കഴിച്ചത്. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ ഘട്ടത്തിലും നിഴലായി കൂടെയുണ്ടായിരുന്നു ഉമാദേവി അന്തർജ്ജനം. പക്ഷേ, ജീവിത സായാഹ്നത്തിൽ അദ്ദേഹത്തെ തനിച്ചാക്കി മൂന്നു കൊല്ലം മുമ്പ് യാത്രയായി. മകൻ ഡോ. ശ്രീകുമാരൻ അച്ഛന്റെ പാതയിലൂടെ ഗവേഷണ രംഗത്തു തന്നെ. സാമൂതിരീസ് ഗുരുവായൂരപ്പൻ കോളേജിൽ സംസ്കൃത വിഭാഗം തലവനാണ്. മകൾ മീര. മരുമക്കൾ താമരക്കുളം ദിവാകരൻ നമ്പൂതിരി, ഡോ. മിനി.

ഉദ്യോഗത്തിലിരിക്കുമ്പോഴും കൃഷ്ണൻ നമ്പൂതിരി തന്റെ രചനകൾ തുടർന്നിരുന്നുവെങ്കിലും പുസ്തക രൂപത്തിൽ രചനകൾ പ്രകാശനം ചെയ്യപ്പെടുന്നത് തന്റെ അദ്ധ്യാപകവൃത്തിയിൽ നിന്ന് വിരമിച്ച ശേഷമാണ്.. 1954 ൽ പെരുമൺപുറ ഓത്തൂട്ടിനെ അധികരിച്ച് അദ്ദേഹം എഴുതിയ ലേഖനം മാതൃഭൂമിയിൽ വരികയുണ്ടായി. അക്കിത്തത്തിന്റെ അവതാരികയോടു കൂടിയുള്ള 'കൊയ്ത്തുപാടത്തിൽ' എന്ന കവിതാ സമാഹാരം, പുണ്യാഹത്തെ കുറിച്ചുള്ള ആധികാരിക പുസ്തകം, 'കാനന മോഹനകന്യകളേ കാണുക കാട്ടിൻ സൗന്ദര്യം' എന്ന പ്രസിദ്ധ നൃത്ത ഗാനം തുടങ്ങി നിരവധി സംഭാവനകൾ അദ്ദേഹത്തിന്റേതായി എടുത്തു പറയേണ്ടതുണ്ട്..

പുതിയ പുതിയ അറിവുകൾ നമ്മിലേക്ക് എത്തിക്കാനായി തൊണ്ണൂറ്റിരണ്ടാം വയസ്സിലും തളരാത്ത മനസ്സും ശരീരവുമായി കോഴിക്കോട് അശോകപുരത്തെ 'ശ്രീപദ'ത്തിൽ അക്ഷരങ്ങൾക്കും പുസ്തകങ്ങൾക്കുമൊപ്പം ഇപ്പോഴും കർമ്മനിരതനാണ്.. ●

# പശുപുരാണത്തിലെ

# 7

**ഇവിടത്തെ പൈക്കുട്ടികൾ തറവാടികളും 'തന്തയ്ക്കു' പിറന്നവരുമാണ്. ജനിപ്പിച്ചവൻ ആരെന്നറിയാത്ത നാല്കാലികളല്ല. ഇപ്പോൾ അവസാനം ഉണ്ടായ കാമധേനുവില്ലേ അവളുടെ അച്ഛൻ മാധവൻ കാളയാണ്!!**

ഒരിക്കൽ ബ്രഹ്മദത്തന്റെ തൊഴുത്തു പരിശോധിക്കാൻ സർക്കാരിന്റെ മൃഗസംരക്ഷണ വകുപ്പുകാർ വന്നു. രണ്ടു ലക്ഷം രൂപയുടെ കാമധേനു പുരസ്കാരത്തിന് തെരഞ്ഞെടുക്കും മുമ്പ്. യോഗ്യതയുള്ള ആളാണോ എന്നറിയണമല്ലൊ. ചില കാര്യങ്ങൾ കണ്ടപ്പോൾ അവർ ഞെട്ടി. നമ്മളും ഞെട്ടിപ്പോവും.

ഇതൊന്നു കണ്ടു നോക്കൂ.

നൂറു രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ ഒരു കരാറാണ് ഇത്. ഭൂമിയിൽ ഒരാളും ഇന്നു വരെ ഇങ്ങനെയൊരു കരാർ ഉണ്ടാക്കിക്കാണില്ല.

''ഒന്നാം പാർട്ടിക്ക് കേരള വെറ്ററിനറി



# ബ്രഹ്മദത്തൻ



കെ.എം.പരമേശ്വരൻ

ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി മണ്ണൂത്തിയിൽ നിന്ന് 2008ൽ ലഭിച്ചതും ഇപ്പോൾ കൈവശത്തിലുള്ളതും 22.10.2007 ജനനത്തിയതി ആയിട്ടുള്ളതും പാറു എന്ന് വിളിപ്പേരുള്ളതുമായ വി. 820ാം നമ്പർ പശുവിന്റെയും ടി. യൂണിവേഴ്സിറ്റിയിലെ വി. മാസ്റ്റർ കാളയുടെയും മകളും 8.12.2012 ജനനത്തിയതി ആയിട്ടുള്ളതും പൊന്നു എന്ന് വിളിപ്പേരുള്ളതുമായ ചുവന്ന വെച്ചൂർ പശുവിനെ ..... സാക്ഷികൾ മുഖാന്തിരം 90,000 രൂപയ്ക്ക് കൈമാറുവാൻ തീരുമാനിച്ചു. ഉടമസ്ഥാവകാശം ഇന്നു മുതൽ രണ്ടാം പാർട്ടിയിൽ നിക്ഷിപ്തമായിരിക്കും.''

ഇതിലെ ഒന്നാം പാർട്ടിയാണ് മോഴികുന്നം മനയ്ക്കലെ ബ്രഹ്മദത്തൻ നമ്പൂതിരി.

ഇങ്ങനെ കരാർ എഴുതി പശുവിനെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഒരാളേയുള്ളൂ- മോഴികുന്നത്തെ ബ്രഹ്മദത്തൻ. വില്ക്കുമ്പോൾ മാത്രമല്ല വെറുതെ കൊടുക്കുമ്പോഴും കരാറുണ്ടാക്കും. ആറ്റിൽ കളഞ്ഞാലും അളന്നുകളയണമെന്നാണല്ലോ? (പശുദാനം ചെയ്യുമ്പോൾ കരാറില്ല! ഓം തത്സലും വെറ്റിലടയ്ക്കയും മാത്രം!!) വെറുതെ കൊടുത്തപ്പോൾ ഉണ്ടാക്കിയ കരാർ ഇങ്ങനെ:



*ഡോ. ശോശാമ്മ ഐപ്പും ഇൽസെ കോഹ്ളറും മോഴികുന്നം വെച്ചൂർ ഫാം സന്ദർശിച്ചപ്പോൾ വെച്ചൂർ പശുവിനോടും ബ്രഹ്മദത്തൻ നമ്പൂതിരിയോടുമൊപ്പം*

**ഇപ്പോൾ കൈവശത്തിലുള്ളതും 22.10.2007 ജനനത്തിയതി ആയിട്ടുള്ളതും പാറു എന്ന് വിളിപ്പേരുള്ളതുമായ വി. 820ാം നമ്പർ പശുവിന്റെയും ടി. യൂണിവേഴ്സിറ്റിയിലെ വി. മാസ്റ്റർ കാളയുടെയും മകളും 8.12.2012 ജനനത്തിയതി ആയിട്ടുള്ളതും പൊന്നു എന്ന് വിളിപ്പേരുള്ളതുമായ ചുവന്ന വെച്ചൂർ പശുവിനെ ..... സാക്ഷികൾ മുഖാന്തിരം 90,000 രൂപയ്ക്ക് കൈമാറുവാൻ തീരുമാനിച്ചു.**

''ഈ പശുവിൽ ജനിക്കുന്ന ആദ്യത്തെ പെൺകുട്ടിയെ ഒന്നാം പാർട്ടിയ്ക്ക് നൽകണമെന്നും രണ്ടാം പാർട്ടിക്ക് ഏതെങ്കിലും കാരണവശാൽ നോക്കാൻ പറ്റാതായാൽ ഒന്നാം പാർട്ടിക്ക് തന്നെ തിരികെ നൽകണമെന്നും....'' എന്ന് ഭേദഗതികൾ ഉള്ളതാണ് ദാനപത്രം.

വെറുതെയല്ല പുരസ്കാരം ലഭിച്ചത്.

ഇവിടത്തെ പശുക്കൾക്ക് കാതിൽ കമ്മലുണ്ട്! കഴുത്തിൽ താലി (ടാഗ്) ഉണ്ട് !! ജനനത്തീയതിക്ക് രേഖയുണ്ട്. പേരും മേൽവിലാസവുമുണ്ട്. ഉടയോനും ഉടമസ്ഥനുമുണ്ട്. തൊഴുത്തിൽ പേരെഴുതിപ്പതിച്ച സ്ഥിരം സ്ഥാനവുമുണ്ട് !!! എന്തിനേറെ, ആധാർ നമ്പർ പോലെ രജിസ്ട്രേഷൻ നമ്പറുണ്ട്, ഫോട്ടോയുമുണ്ട് !!!!

വെറ്റിനറി സർവകലാശാലയുടെ സൈറ്റിൽ വി. 036 എന്ന നമ്പറിൽ സെർച്ച് ചെയ്താൽ നമ്മൾ മോഴികുന്നത്തെ ദേവയാനിയിലെത്തും. പതിമൂന്ന് പ്രസവിച്ച് മക്കളും പേരക്കിടാങ്ങളുമായി തൊഴുത്ത് നിറഞ്ഞു നിൽക്കുന്ന മുത്തശ്ശിയിൽ.

ഈ മുത്തശ്ശിയുടെ അഞ്ചാം തലമുറയിലെ കുഞ്ഞ് പിറന്നത് ഡിസംബർ 14 നായിരുന്നു. അന്നാണ് ബ്രഹ്മദത്തൻ നമ്പൂതിരിക്ക് സർക്കാരിന്റെ കാമധേനു പുരസ്കാരം ലഭിച്ചത്. അതിനാൽ ആ കുഞ്ഞിന് പേരും കാമധേനുവെന്നായി. ദേവയാനി മുതൽ കാമധേനു വരെയുള്ള അഞ്ചു തലമുറയിൽ സീതയും കിങ്ങിണിയും മാളവികയും ഗോമയിയും മറ്റുമായി പതിനാലുണ്ട് പശുക്കൾ.

ദേവയാനീകുലം പാലയ! പാലയ !!

പശുവിന് എത്ര പാൽ കിട്ടും എന്നേ നമ്മളൊക്കെ ചോദിക്കാറുള്ളൂ. എന്നാൽ കേട്ടോളൂ. എത്ര ലിറ്റർ മൂത്രം കിട്ടുമെന്നും ബ്രഹ്മദത്തനോട് ചോദിക്കാം. ഒട്ടും മുഷിയില്യ. മണി മണിയായി ഉത്തരം പറയും. കഷ്ടി 140 ലിറ്റർ മൂത്രം മൂന്നു ദിവസം കൂടുമ്പോൾ ഉണ്ടാവും.

തീർന്നില്ല ഗോകുല വിശേഷം.

ഇവിടത്തെ പൈക്കുട്ടികൾ തറവാടികളും 'തന്തയ്ക്കു' പിറന്നവരുമാണ്. ജനിപ്പിച്ചവൻ ആരെന്നറിയാത്ത നാല്കാലികളല്ല. ഇപ്പോൾ അവസാനം ഉണ്ടായ കാമധേനുവില്ലേ അവളുടെ അച്ഛൻ മാധവൻ കാളയാണ്!! വെറ്റിനറി സർവകലാശാലക്കാർ വന്ന് സൂചി കുത്തി ജനിപ്പിച്ചതായാലും ആ ബീജം ഏതു കാളയുടേതാണ് എന്നതിന്റെ രേഖയുണ്ട് ഇവിടെ.

മണ്ണുത്തി കോളേജിലെ ബീജബാങ്കാണ് ദേവയാനിയുടെ ആദ്യഭർത്താവ്. 2002 ൽ ലക്ഷ്മിയും 2004 ൽ സീതയും മക്കളായി പിറന്നു. ലക്ഷ്മിയുടെ മകൾ ഇന്ദു ഇപ്പോഴില്ല. എങ്കിലും അതിലെ മകൾ ഗംഗയുണ്ട്. അവളുടെ മകളാണ് കാമധേനു. ലക്ഷ്മിക്ക് 2011 ൽ ഉണ്ടായ മകൾ ഗൗരിയും 2017 ൽ ഉണ്ടായ മകൾ അശ്വതിയും സീതയുടെ മകൾ മീനാക്ഷിയും (2010) മൂന്നാം തലമുറയിൽ പെടുന്നു. 2014 ൽ ഗൗരിയുടെ മകളായി മാളവികയും മീനാക്ഷിയുടെ മകളായി കിങ്ങിണിയും.

നമ്മുടെയൊക്കെ തൊഴുത്തിലും ചിലപ്പോൾ 'തന്തയ്ക്കു' പിറന്നവരുണ്ടാവാം. എന്നാൽ മോഴിക്കുന്നത്ത് നല്ല വ്യത്യാസമുണ്ട്.

നാല്കാലികളെപ്പോലെ പുത്രനെ ഭർത്താവായി സ്വീകരിക്കുന്ന ഒറ്റപ്പശുവും ഇവിടെയില്ല. പശുക്കൾക്ക്

പോലും മൃഗസംസ്കാരമല്ല. ഒമ്പത് പശുക്കൾ. നാലു കുട്ടികൾ. പിന്നെ ഒരു കാളയും. ഈ മാധവൻ കാള ദേവയാനിയുടെ പുത്രനല്ല! പുറമെ നിന്ന് കൊണ്ടുവന്ന രക്തബന്ധമില്ലാത്ത ഭർത്താവാണ്!!!

ഇനി പറയൂ, എങ്ങനെ കൊടുക്കാതിരിക്കും പുരസ്കാരം. നമ്മുടെ സർക്കാർ മാത്രമല്ല ബ്രഹ്മദത്തന് പുരസ്കാരം നൽകിയത്. സാക്ഷാൽ നരേന്ദ്രമോദി ഒപ്പിട്ടു നൽകിയ 'പ്രമാണ പത്ര'ത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: അതു മലയാളത്തിലാക്കിയാൽ ''ശ്രീ ബ്രഹ്മദത്തൻ! കാർഷിക മേഖലയുടെ വികാസത്തിനും രാജ്യത്തിന്റെ സമൃദ്ധിക്കുമായി താങ്കൾ ചെയ്ത പ്രയത്നങ്ങളുടെ സഫലതയെ ഞങ്ങൾ വിലമതിക്കുന്നു.''
നരേന്ദ്രമോദി (ഒപ്പ്) മുഖ്യമന്ത്രി, ഗുജറാത്ത്.

ക്ഷീരവിപ്ളവത്തിന്റെ നാടായ ഗുജറാത്തിൽ നിന്ന് 2013 ൽ മുഖ്യമന്ത്രിയായിരുന്ന (ഇപ്പോഴത്തെ പ്രധാനമന്ത്രി) നരേന്ദ്രമോദി നൽകിയ അനുമോദനപത്രം. 'വൈബ്രന്റ് ഗുജറാത്ത്' ഗ്ലോബൽ അഗ്രികൾച്ചർ സമ്മിറ്റിൽ പങ്കെടുത്തപ്പോഴായിരുന്നു അത്.

ഏതാണ്ട് പത്തു മുപ്പത് അവാർഡുകൾ അലമാറയിലുണ്ട്.

വായനശാലക്കാർ, ക്ഷേത്ര കമ്മിറ്റിക്കാർ, ബ്ലോക്ക് ജില്ലാസംസ്ഥാന തലത്തിലുള്ള സർക്കാർ ഏജൻസികൾ, കാർഷിക സർവ്വകലാശാലകൾ എന്നിങ്ങനെ വിവിധസ്ഥാപനങ്ങൾ. ഇവരുടെയൊക്കെ മംഗളപത്രങ്ങളും മെമെന്റോകളും സമ്മാനങ്ങളും. പൂമുഖത്തെ ഷോകേസ് നിറഞ്ഞിരിക്കുന്നു! യു.ഡി.എഫ്, എൽ.ഡി.എഫ്, എൻ.ഡി.എഫ്. സർക്കാരുകൾ ഒരു ശുപാർശയുമില്ലാതെ ആദരിക്കാനും അനുമോദിക്കാനും തയ്യാറാവുന്നു. അനുഭവങ്ങൾ എടുത്തു പറഞ്ഞുകൊണ്ടുള്ള ബ്രഹ്മദത്തന്റെ ക്ലാസുകൾ കേൾക്കാൻ ഭാരവാഹികൾ ക്ഷണിച്ചു കൂട്ടിക്കൊണ്ടു പോകുന്നു.

ആകാശവാണിയുടെ 'വയലും വീടും' പരിപാടിയുടെ സുവർണ്ണ ജൂബിലി വേളയിൽ സംസ്ഥാനതലത്തിൽ നടന്ന പ്രശ്നോത്തരി (ക്വിസ്) മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയതിന്റെ സർട്ടിഫിക്കറ്റ്, മണ്ണുത്തി കാർഷിക സർവ്വകലാശാലയുടെ പതിനാലാമത് വാർഷിക കൺവെൻഷനിൽ (സെപ്തംബർ 8,9,10, 2017) ബയോ ഡൈനാമിക് അനിമൽ ഫാമിങ്ഫോർ ദി



*രണ്ടു ലക്ഷം രൂപയുടെ കാമധേനു പുരസ്കാരം സ്വീകരിച്ചപ്പോൾ*

### പവർ പോയിന്റിൽ പ്രസന്റേഷൻ നടത്തുന്ന കൈ കൊണ്ട് അസ്സലായി ചാണകം കോരാനും അറിയാം

മാനേജ്മെന്റ് ഓഫ് ലൈവ്സ്റ്റോക് ഡൈവേഴ്സിറ്റി അണ്ടർ ചെയ്ഞ്ചിങ് വേൾഡ് സിനാറിയോ (മാറുന്ന ലോക ചുറ്റുപാടിൽ വെച്ചൂർ പശുപോലുള്ള കന്നുകാലി വൈവിദ്ധ്യത്തെ വളർത്തുന്നതിലെ അനുഭവങ്ങൾ) എന്ന സാങ്കേതിക വിഷയ സംബന്ധിയായ പ്രബന്ധം അവതരിപ്പിച്ചതിന് മണ്ണുത്തി കേരള വെറ്ററിനറി സർവ്വകലാശാല നൽകിയ സർട്ടിഫിക്കറ്റ് തുടങ്ങിയവ ബ്രഹ്മദത്തന്റെ പ്രതിഭക്കുള്ള അംഗീകാരമാണ്.

പവർ പോയിന്റിൽ പ്രസന്റേഷൻ നടത്തുന്ന കൈ കൊണ്ട് അസ്സലായി ചാണകം കോരാനും അറിയാം. സി. എൻ. എൻ പോലുള്ള വിദേശ ചാനലുകൾ ഈ തൊഴുത്തു തേടി വന്നത് വെറുയെയല്ല. കാലി പ്രദർശനം ഏത് ഏജൻസി നടത്തിയാലും അതിലൊരു സ്റ്റാൾ മോഴികുന്നത്തോതാവും.

എങ്ങനെ ഇങ്ങനെയൊക്കെ ആയി എന്നല്ലേ?

തട്ടിമുട്ടി പ്രീഡിഗ്രി പാസായാൽ എന്തെങ്കിലും ഡിഗ്രിയെടുക്കാം എന്നു വിചാരിച്ചു നിൽക്കുമ്പോഴാണ് സാമാന്യം നന്നായിത്തന്നെ പ്രീഡിഗ്രി തോറ്റത്. സെക്കൻഡ് ഗ്രൂപ്പായിരുന്നു. ബയോളജി അടങ്ങുന്ന സയൻസ്. പ്രൈവറ്റായി ഒന്നു കൂടി നോക്കി .എന്നിട്ടും കടന്നു കിട്ടീല. ഇനിയെന്താ വേണ്ടൂ എന്നറിയാതെ നടക്കുന്ന കാലം. കണ്ണിൽ കണ്ടതെല്ലാം ചെയ്തു.

റഫ്രജിറേഷൻ ആൻഡ് എയർ കണ്ടീഷൻ പഠിച്ചാൽ ഗൾഫിൽ പോവാമെന്ന് ആരോ പറഞ്ഞു. അതു പഠിച്ചു നോക്കി. പക്ഷേ, ഗൾഫിനോട് പ്രിയം തോന്നാത്തതിനാൽ അത് ഉപേക്ഷിച്ചു. നാട്ടിലിറങ്ങുന്ന സിനിമ മുഴുവൻ കാണലായി പിന്നത്തെ പണി. അതിനും വേണല്ലൊ കാശ്. മഞ്ചേരിയിൽ ഒരു ബന്ധുവുണ്ട്.അവിടേക്ക് വിട്ടു. കക്കാട് പരമേശ്വരന്റെ കടയിൽ പരികർമ്മിയായി നിന്നു. മോട്ടോർ മെക്കാനിസം, പ്ളമ്പിംഗ് തുടങ്ങി ചില വിദ്യകൾ അവിടെ നിന്ന് വശമാക്കി.

പക്ഷേ, അവിടെയും അധികം തുടർന്നില്ല. പിന്നെ പൊന്തിയത് കോഴിക്കോട്ടാണ്. മൂത്തകൊരമ്പ് മനക്കലെ ഒരാൾ അവിടെ എയർ ട്രാവൽസ് നടത്തുന്നുണ്ട്. അവിടെയായി പ്രവർത്തനം. എന്നാൽ ടിക്കറ്റ് വില്പന നടന്നാലേ വല്ലതും തടയൂ. ഒന്നു രണ്ടു കൊല്ലം കൊണ്ട് ഒരുമാതിരി എല്ലാം പയറ്റി ഇല്ലത്ത് മടങ്ങിയെത്തി.

അപ്പോഴേക്കും ആളാകെ മാറിയിരുന്നു. ജീവിതത്തോടുള്ള കാഴ്ചപ്പാട് തന്നെ മാറി.

നാടോടിക്കാറ്റിലെ ശ്രീനിവാസന്റെ നിലവാരത്തിലെത്തി കാര്യങ്ങൾ. 'പശു അത്ര മോശം ബിസിനസല്ല' എന്ന് മനസ്സിലുറപ്പിച്ചു. അന്ന് ജേഴ്സി പശു ഉണ്ടായിരുന്നു ഇല്ലത്ത്. അതിനെ പരിപാലിക്കും. കറക്കാനും പഠിച്ചു. ആയിടക്ക് അതിന്റെ കറവ വറ്റി. മുള്ളൂർക്കരയിൽ നിന്ന് ഒരു നാടൻ പശുവിനെ വാങ്ങി. ആ പശുവാണ് വഴിത്തിരിവായത്. നല്ല രസികൻ പാല്! നാടൻ പാലിന് ആവശ്യക്കാർ കൂടും. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന തനി കേരളീയമായ വെച്ചൂർ പശുക്കളെക്കുറിച്ചു അക്കാലത്താണ് വായിച്ചറിയുന്നത്. ഉയരം 90 സെന്റീമീറ്റർ മാത്രം. അത്രയൊന്നും പാലു കിട്ടില്ല. രണ്ടോ മൂന്നോ ലിറ്റർ കിട്ടിയാൽ ഭാഗ്യം. എന്നാൽ അവയുടെ ഔഷധ ഗുണം എത്രയോ ഇരട്ടിയും. അതോടെ ശ്രദ്ധ



*വയലും വീടും പരിപാടിയുടെ വാർഷിക ആഘോഷത്തിൽ പങ്കെടുത്ത് ഉപഹാരം സ്വീകരിക്കുന്നു*

മുഴുവൻ വെച്ചൂർ ഇനങ്ങളിലായി. നേരെ മണ്ണുത്തിയിൽ ചെന്നു. സർവകലാശാലയിലെ വെറ്റിനറി മേധാവി ശോശാമ്മഐപ്പിന്റെ മുന്നിലാണ് എത്തിയത്. അന്യം നിന്നു പോയ വെച്ചൂർ പശുവിനെ തിരിച്ചു പിടിച്ച ശാസ്ത്രജ്ഞയാണ് അവർ. പക്ഷേ, വ്യക്തികൾക്ക് ആ ഇനത്തിലുള്ള പശുവിനെ നൽകില്ല. സൊസൈറ്റികൾക്കേ നൽകൂ.

അപ്പോൾ പിന്നെ വെച്ചൂരിനെ കിട്ടാൻ എന്താണൊരു വഴി. വെച്ചൂർ ക്കമ്പം ഉപേക്ഷിച്ചില്ല. കോട്ടയത്ത് ഉണ്ടെന്ന് ആരോ പറഞ്ഞു കേട്ടു. പ്രസിദ്ധ സാമവേദപണ്ഡിതനും ആയുർവേദ ഡോക്ടറുമായ തോട്ടം ശിവകരൻ നമ്പൂതിരിയെ വിളിച്ചു. ''താൻ ഇങ്ങ്ട് വര്ആ. എല്ലാം ശരിയാക്കാം എന്നായി അദ്ദേഹം.'' അങ്ങനെ കോട്ടയത്തെത്തി. സുഹൃത്ത് കറുത്തേടം ജയദേവൻ നമ്പൂതിരിയെയും കൂട്ടി.

വിശ്വേശ്വര എഞ്ചിനീയറിംഗ് കോളേജ് ഉടമ ടോം ജോർജ്ജിൽ നിന്ന് ഒരു വെച്ചൂർക്കുട്ടിയെ വാങ്ങി. 3000 രൂപയായിരുന്നു വില. കൊണ്ടുവരാൻ 1400 രൂപയും ചെലവായി. ഞാങ്ങാട്ടിരിയിലെ മോഴികുന്നത്തു മനയിൽ എത്തിച്ച് നല്ലൊരു പേരുമിട്ടു- ദേവയാനി. അതോടെ ഫാമിനു തുടക്കമായി. 1997 ജൂൺ 11നാണ് ദേവയാനി ജനിച്ചത്. 24.02.2000 മുതൽ 16.03.2015 വരെയായി ഒന്ന്- ഒന്നേകാൽ കൊല്ലം ഇടവിട്ട് 13 (ആറ് ആണും ഏഴ് പെണ്ണും) പ്രസവിച്ച മുതുമുതുമുത്തശ്ശിയാണ് ദേവയാനി. ഇതും ഒരു റെക്കോർഡാണ്.

തീറ്റയ്ക്കുമുണ്ട് വിശേഷം. ആധുനിക കാലിത്തീറ്റകൾ ഇല്ല. പരുത്തിക്കുരുവും പിണ്ണാക്കും മറ്റുമാണ് നൽകുക. പാൽ അധികേ വിൽക്കാറില്ല. എങ്കിലും വർഷത്തിൽ 180 ലിറ്റർ സൊസൈറ്റിയിൽ നൽകിയാലേ അംഗത്വം നിലനിർത്താനാവൂ. അതിനാൽ അല്പം പാൽ സൊസൈറ്റിയിൽ അളക്കും. ബാക്കി മോരും നെയ്യുമാക്കും. നെയ്യിനാണ് ഡിമാൻഡ് കൂടുതൽ. ലാഭവും.

പൂമുഖത്തിരുന്നാൽ തൊഴുത്തും ഗോകുലത്തെയും കാണാം. പരിചാരകരായ രജനിയും പ്രീതയും അരിഞ്ഞ പച്ചപ്പുല്ലുമായി ഉച്ചയോടെ എത്തും. ഓരോ ഉരുവിനും അതതാതിന്റെ പേരിനു നേരെ എഴുതി വച്ച അളവിൽ തവിടും പിണ്ണാക്കും മറ്റും നൽകും. ദേവയാനിയും മൂത്ത മകൾ ലക്ഷ്മിയും കുടുംബവും ഇടതുഭാഗത്തെ തൊഴുത്തിൽ. ഇളയമകൾ സീതയും കുട്ടികളും വലതു വശത്തും. കുലനാഥനായ മാധവൻ വലതു വശത്തെ ഒറ്റമുറിയിലാണ്. പണിക്കാരി പെണ്ണുങ്ങൾക്ക് അവനെ തൊടാൻ പേടിയാണ്. എന്നാൽ ഇല്ലത്തെ പത്തു വയസ്സുകാരൻ നേത്രനാരായണൻ ആ കാളക്കൂറ്റനെ നിർഭയം അഴിച്ചു കെട്ടും! ദേവയാനിയുടെ കൺവെട്ടത്ത് ഇടത്തെയറ്റത്താണ് കടിഞ്ഞൂൽ പ്രസവിച്ച നാലാം തലമുറക്കാരി ഗംഗയും മകൾകാമധേനുവും.

മൂന്നാം തലമുറക്കാരി ഗൗരിക്ക് മാധവനുമായുള്ള സംബന്ധത്തിൽ പിറന്ന കുഞ്ഞിന് 'ഗോമയി' എന്നാണ് പേര്. ഉണ്ണിയായി ഒരാളേ ഇപ്പോഴുള്ളൂ. ആരോമൽ. മീനാക്ഷിയുടെ മകനാണ് ഈ കുസൃതിക്കാരൻ. അനിയത്തിമാരെ ഭരിക്കുന്നത് ഇവനാണ്. അവർക്കിടയിൽ തൊഴുത്തിൽക്കുത്ത് ഉണ്ടാവാതെ നോക്കുന്നതും ഇവൻ തന്നെ.

ഈ ഗോകുലം കാണാൻ ഇന്ത്യക്ക് പുറത്തു നിന്നും ആളുകൾ എത്താറുണ്ട്.

രാജസ്ഥാനിലെ ഒട്ടകങ്ങളെക്കുറിച്ച് പഠിക്കാൻ ഇന്ത്യയിലെത്തിയ പ്രശസ്ത മൃഗസംരക്ഷണ പ്രവർത്തക ഇൽസെ കോഹ്ളർ ഒരിക്കൽ മോഴികുന്നത്തെത്തി. അദ്ഭുതപ്പെട്ടു പോയി ആ മദാമ്മ.

ഇപ്പോൾ മാർക്കറ്റ് ഒന്നടങ്കം ഗോമയമായി മാറി. ഗോരസാധിഷ്ഠിത ഉല്പന്നങ്ങൾക്ക് ജൈവമാർക്കറ്റിൽ വൻ ഡിമാൻഡ്. ഇതു വരെ കിട്ടാതിരുന്ന പലതും ലഭ്യമായിത്തുടങ്ങി. പാലും നെയ്യും തൈരും ഗോമൂത്രവും ചാണകവും ചേർത്തുണ്ടാക്കുന്ന പഞ്ചഗവ്യം ഔഷധം! നമ്പൂതിരിക്കു നനച്ചു കുറിയിടാൻ ചാണകത്തിന്റെ ഭസ്മം!! ഗോമയമായ ജൈവകീടനാശിനിയും ബാമും സോപ്പും!!!

ഇതെല്ലാം ബ്രഹ്മദത്തനെപ്പോലുള്ളവർക്ക് ശുഭപ്രതീക്ഷ നൽകുന്നു.

ഇനി ഇല്ലത്തെപ്പറ്റി. തൊഴുത്തിൽ മരുമക്കത്തായമാണെങ്കിലും ഇല്ലത്ത് മക്കത്തായം തന്നെ .

പെരുവനം ഗ്രാമത്തിലെ കണ്ണനൂർ ദേശത്താണ് മോഴികുന്നത്തു മന. 1921 ലെ 'ഖിലാഫത്ത് സ്മരണകൾ' എഴുതിയ സ്വാതന്ത്ര്യ സമരസേനാനി യശഃശരീരനായ മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരിയുടെ മൂത്ത മകൻ നാരായണന്റെ മകനാണ് അഭിനവ ബ്രഹ്മദത്തൻ. അമ്മ തിരുത്തിവടക്കേടത്തെ മകളായ ശ്രീദേവി അന്തർജ്ജനം.

കൂടാതെ സഹധർമ്മിണി മഞ്ജു ടീച്ചറും, മക്കളായ പ്ലസ് ടു വിദ്യാർത്ഥിനി ശ്രീദേവി, സൈനിക സ്കൂൾ പരീക്ഷയെഴുതിയിട്ടുള്ള അഞ്ചാംക്ലാസുകാരൻ നേത്രനാരായണൻ എന്നിവരും അടങ്ങുന്ന കുടുംബം.

ഒരു കാര്യം കൂടി പറഞ്ഞു നിർത്താം. പ്രീഡിഗ്രിയും തോറ്റ് തെക്ക് വടക്ക് നടന്ന കാലത്തിന് ശേഷം വെളിപാട് ഉണ്ടായീന്ന് പറഞ്ഞില്ലേ? ആ വെളിപാട് കാലത്ത് സ്വയം തോന്നിയാണ് ഉപനയനവും സമാവർത്തനവും ഒക്കെക്കഴിച്ച് ദ്വിജനായത്. അച്ഛനായിട്ട് അതൊന്നും കഴിച്ചിട്ടില്ല. തൃശൂർ ബ്രഹ്മസ്വം മഠത്തിലായിരുന്നു ഉപനയനം. ''ഗോബ്രാഹ്മണേഭ്യ ശുഭമസ്തു നിത്യം ലോകാഃ സമസ്താഃ സുഖിനോ ഭവന്തു.''

●

**മൊബൈൽ: 9447306635**

# സഖാവിന്റെ പ്രിയസഖി

8

**നമ്പൂതിരിയാണ് ഈ സിനിമയിലെ ഗായകൻ**



ശ്രീധരൻ പൂലൂർ

നമ്മുടെയിടയിൽ നിന്ന് ഒരാൾ സിനിമാ പിന്നണി ഗായകനായതിന്റെ ആഹ്ലാദം നമുക്കും പങ്കിടാം



"അങ്ങ് എവിടുന്നാ?" നമ്പൂതിരിമാർ കൂടുന്ന പലയിടങ്ങളിലും സംബന്ധിക്കാൻ പോയാൽ പരിചയപ്പെടാൻ വേണ്ടി പലരും ചോദിക്കുന്നതിങ്ങനെയാണ്.

"ഞാൻ പൂലൂരാണ്" എന്ന മറുപടി കേട്ടാൽ പ്രായമേറിയ നമ്പൂതിരിയാണെങ്കിൽ അടുത്ത ചോദ്യം വരും; "അവിടെയൊരു ഭാഗവതർ ഉണ്ടായി രുന്നല്ലോ, അദ്ദേഹത്തിന്റെ ആരായിട്ടു വരും"

അതെന്റെ മുത്തച്ഛനാണെന്ന് പറയാമെന്നല്ലാതെ കാണാനോ കൂടെ കഴിയാനോ ആവാതിരുന്നതിനാൽ കൂടുതൽ പറയാൻ തുനിയാറില്ല. പക്ഷേ, പിന്നീട് മുത്തശ്ശനെ കുറിച്ച് വാചാലരാകുന്നത് ചോദ്യകർത്താക്കൾ തന്നെയായിരിക്കും. ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ കുടുംബവുമായി അടുത്ത ബന്ധമുണ്ടായിരുന്നെന്നും അദ്ദേഹത്തിന്റെ ഇളയച്ഛന്റെ കീഴിലായിരുന്നു സംഗീതം അഭ്യസിച്ചിരുന്നത് എന്നും പറഞ്ഞു തരുന്നു. പൂലൂരില്ലത്ത് നാരായണൻ നമ്പൂതിരി ഗംഭീര പാട്ടുകാരനായിരുന്നെന്നും ചെറു പ്രായത്തിൽ തന്നെ സമുദായങ്ങൾക്കിടയിൽ സുപരിചിതനാണെന്നും കൊച്ചുമക്കളായ ഞങ്ങൾ അറിഞ്ഞഭിമാനിക്കുന്നത് അങ്ങനെയാണ്.

എന്നാൽ ആ സംഗീത പാരമ്പര്യം നിലനിറുത്താനും തലമുറകൾക്ക് പകർന്നേകുവാനും അദ്ദേഹത്തിന്റെ പുനർജനിയെന്നോണം സംഗീത സപര്യ തുടർന്നുകൊണ്ടിരിക്കുകയാണ് സതീശൻ നമ്പൂതിരിയെന്ന കലാകാരൻ. നന്നേ

## പണംകൊടുത്ത് കബളിക്കപ്പെട്ട അനുഭവങ്ങളും സതീശനുണ്ട്

ചെറുപ്പത്തിൽ തന്നെ തന്നുള്ളിലെ സംഗീതം പ്രകടമാക്കാൻ തുടങ്ങിയിരുന്നു. റേഡിയോ വ്യാപകമാകാതിരുന്ന കാലത്ത് തറവാട്ടിൽ ഉണ്ടായിരുന്ന വലിയ റേഡിയോയിലൂടെ വരുന്ന പാട്ടുകൾ ശ്രവിച്ച് പാടുന്ന ശീലമാണ് ഉള്ളിലെ കലാകാരനെ മറ്റുള്ളവർക്ക് സംവേദ്യമാക്കിയത്.

സംഗീത ലോകത്തേക്ക് കൈപിടിച്ചുയർത്തുന്നത് മോഹൻദാസ് നാരായണ നഗരമാണ്. തിരുവള്ളൂർ ശാന്തിനികേതൻ സ്കൂളിലെ സംഗീത അധ്യാപകനാണ് അദ്ദേഹം. സംസ്ഥാന തലം വരെയുള്ള യുവജനോത്സവങ്ങളിലും മറ്റു വേദികളിലും അവസരങ്ങൾ നേടിത്തന്ന് സഭാകമ്പം തീർത്തതും ആത്മവിശ്വാസം പകർന്നുതന്നതും സ്നേഹവും വാത്സല്യവും നിറഞ്ഞ ഈ അധ്യാപകനാണ്. ആ ഗുരുശിഷ്യബന്ധമാണ് വർഷംതോറും വിജയദശമിനാളിൽ അദ്ദേഹത്തിന് ഗുരുദക്ഷിണ വെച്ച് നമസ്കരിക്കുന്ന പതിവ് തുടരുന്നത്.

ആഢ്യത്വവും അധികാരവും സമ്പത്തും ഉണ്ടായിരുന്ന തറവാടായിരുന്നു മണിയൂരംശം അടക്കിവാണിരുന്ന പൂലൂരില്ലം. തലമുറകൾ മാറിയപ്പോൾ ചെങ്കോലും കിരീടവും കൈമോശം വന്നു. ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്കെറിയപ്പെട്ടു. തട്ടീം മുട്ടീം പത്താംതരം വരെ പോയി, കടമ്പ കടക്കാനുമായില്ല. കഷ്ടതകളുടെ കയ്പേറിയ അനുഭവങ്ങൾ ഓർത്തെടുക്കുകയാണ് സതീശൻ നമ്പൂതിരി .

''അങ്ങനെ ഒരു വർഷം വെറുതെ ഇരുന്നപ്പോഴാണ് ബന്ധുവായ ഇടിപ്പ ത്രിവിക്രമേട്ടന്റെ ശാസനാപൂർണമായ പ്രേരണയിൽ പയ്യോളി 'തപസ്യ'യിൽ ചേരുന്നതും 10 ൽ ജയിക്കുന്നതും''.

പിന്നീട് മോഹൻദാസ് മാഷാണ് പാലക്കാട് സംഗീത കോളജിൽ പ്രവേശനം നേടിത്തരുന്നത്.

ഒരുവർഷം മൃദംഗത്തിനു ചേർന്നു; അടുത്ത വർഷം മുതൽ ശാസ്ത്രീയ സംഗീതത്തിലേക്കു മാറുകയായിരുന്നു.

''ദാരിദ്ര്യം കുടുംബത്തിൽ ആധിപത്യം നേടിയപ്പോൾ പഠനത്തിനും മറ്റും താങ്ങായി നിന്നത് സതീർഥ്യനും ആത്മമിത്രവുമായ ഗായകൻ നിലമ്പൂർ സുരേഷാണ്.'' ഇതിനിടയിൽ അമ്മയുടെ അസുഖവും കഷ്ടപ്പാടുകളുമായപ്പോൾ കുടുംബത്തിനു തുണയായി എടക്കഴിപ്പുറം നാരായണൻ നമ്പൂതിരിയുടെ മകൾ ജ്യോതിയെ വേട്ടു.

സതീശൻ നമ്പൂതിരി തുടരുകയാണ് : ''നിലമ്പൂർ സുരേഷ് പഠനം പൂർത്തിയാക്കി തിരിച്ചുപോയി. തുടർന്ന് വാടകയ്ക്കും ഭക്ഷണത്തിനും വകയില്ലാതെ വലഞ്ഞു. ഒടുവിൽ എടത്തറയുള്ള ഒരു ശ്രീരാമക്ഷേത്രത്തിലെ ശാന്തി കേശമംഗ



*ഗുരുവും ശിഷ്യനും*

> ആഢ്യത്വവും അധികാരവും സമ്പത്തും ഉണ്ടായിരുന്ന തറവാടായിരുന്നു മണിയൂരംശം അടക്കിവാണിരുന്ന പൂലൂരില്ലം. തലമുറകൾ മാറിയപ്പോൾ ചെങ്കോലും കിരീടവും കൈമോശം വന്നു. ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്കെറിയപ്പെട്ടു.

ലം വിഷ്ണു നമ്പൂതിരിയും കുടുംബവും അഭയം തരികയായിരുന്നു. എന്റെ നിസ്സഹായാവസ്ഥ കേട്ടപ്പോൾ അനുകമ്പ തോന്നിയ അവർ മൂന്നു മക്കളോടൊപ്പം എന്നെയും ചേർത്ത് ഒരു മുറിയിൽ കഴിഞ്ഞുകൂടി. അങ്ങനെ അവർ എനിക്ക് അമ്മാവനും അമ്മായിയുമായി.'' ഓർക്കുമ്പോൾ മിഴികൾ നനവാർന്നിരുന്നു. തന്റെ അവസാന വർഷം അധ്യാപകനായെത്തിയ കാവുംവട്ടം വാസുദേവൻ മാഷ് ഏർപ്പാടാക്കിത്തന്ന സംഗീത ക്ലാസ് പ്രാരാബ്ധങ്ങൾക്കിടയിലെ പിടിവള്ളിയുമായി.

ഗാനഭൂഷണം കഴിഞ്ഞ് നാട്ടിലെത്തിയ സതീശൻ നമ്പൂതിരി കൊയിലാണ്ടി രാഗതരംഗിൽ ക്ലാസെടുക്കാൻ തുടങ്ങി. തുടർന്ന് ചെറുതും വലുതുമായ സ്റ്റേജ് പരിപാടികൾ ലഭിച്ചു.

കൂരിരുളിൽ സ്ഫുടതാരം പോലെ കഷ്ടതകളിൽ ഒരു കൈ സഹായം കരുണാമയൻ കരുതിവെച്ചിരുന്നു LIC യിലെ ജോലി രൂപത്തിൽ. ഇന്റർവ്യൂ വേളയിൽ തമിഴ് ബ്രാഹ്മണനായ ചോദ്യകർത്താവ് രാഗാലാപനം നടത്തിക്കുകയും സംഗീതലോകത്ത് ഉയർച്ച നേടുമ്പോൾ ജോലി ഉപേക്ഷിക്കില്ലേ എന്നു ചോദിക്കുകയുംചെയ്തു. അതിനു മറുപടിയായി സതീശൻ നമ്പൂതിരി തന്റെ ദൈന്യാവസ്ഥ വിവരിച്ചിട്ട് പറഞ്ഞു : ''ജോലി എന്റെ ജീവിതവും സംഗീതം ജീവനുമാണ്'' എന്ന്. രണ്ടും സമാന്തരമായി കൊണ്ടുപോകുമെന്ന വാക്ക് ഇപ്പോഴും പാലിക്കുന്നുണ്ട്.

ഏതൊരു കലാകാരന്റെയും ആഗ്രഹമാണ് സിനിമാരംഗത്ത് സാന്നിധ്യം അറിയിക്കുക എന്നത്.

അതിനു വേണ്ടി ശ്രമിക്കുമ്പോൾ പല ചതിക്കുഴികളിലും പതിക്കാറുണ്ട്. അങ്ങനെ പണംകൊടുത്ത് കബളിക്കപ്പെട്ടതിന് ലേഖകനും സാക്ഷിയാണ്.

പല പടങ്ങൾക്കുവേണ്ടിയും പാടിയിട്ടുണ്ടെങ്കിലും അഭ്രപാളിയിൽ സാന്നിധ്യം അറിയിച്ചത് ഈയിടെ പുറത്തിറങ്ങിയ, 'സഖാവിന്റെ പ്രിയ സഖി' സിനിമയിൽ ഹരികുമാർ ഹരേറാം സംഗീതം നിർവഹിച്ച ഗാനത്തിലൂടെയാണ്. സതീഷ് ചെരണ്ടത്തൂർ എന്നാണിതിൽ അറിയപ്പെടുന്നത്.

പതിറ്റാണ്ടുകൾക്കു മുമ്പുതന്നെ ഈ ശാരീരം മലയാളികൾക്ക് സുപരിചിതമായിരുന്നു. ഒരുപക്ഷേ, പലരും അർദ്ധമയക്കം വിട്ട് ഉണർന്നിരുന്നതുതന്നെ ഈ ശബ്ദം കേട്ടായിരിക്കും. റേഡിയോയിൽ ആറേ മുക്കാലിനുണ്ടായിരുന്ന പ്രാദേശിക വാർത്തകൾക്കു മുന്നോടിയായി കേട്ടുകൊണ്ടിരുന്ന 'വെള്ളത്തുണികൾക്കുജാലയി

പ്പോൾ', 'ഉച്ചൈശ്രവസ്സേ നാണിച്ചുകൊള്ളുക' എന്നിങ്ങനെ തുടങ്ങുന്ന ഉജാല പരസ്യങ്ങൾ ഓർക്കാത്തവരുണ്ടാകില്ല. അത് സതീശൻ നമ്പൂതിരിയുടേതായിരുന്നു.

മോഹൻദാസ് മാഷിന്റെ സംഗീതത്തിൽ 'തുടിപ്പാട്ട്' എന്ന ചിത്രത്തിനുവേണ്ടി സുജാതയുമൊത്ത് പാടിയ ഗാനം പടം പുറത്തിറങ്ങിയില്ലെങ്കിലും ആകാശവാണി ഇപ്പോഴും പ്രക്ഷേപണം ചെയ്യാറുണ്ട്.

ഇ.വി. വത്സൻ മാസ്റ്ററുടെ മധുമഴയിലെ ''മോഹങ്ങൾ പൂച്ചൂടി നിൽക്കുന്ന കാലം...'' എന്ന ഗാനം മലയാളികൾ ഏറെക്കാലം നെഞ്ചേറ്റിയത് ഈ ശബ്ദത്തിലൂടെയാണ്.

സംഗീതരംഗത്തെന്നപോലെ കവിതാ മേഖലയിലും സജീവമാണ് സതീശൻ നമ്പൂതിരി. മുപ്പതിൽപരം കവിതകളടങ്ങിയ 'സ്നേഹഗീതം' കവിയെന്ന നിലയിൽ ശ്രദ്ധേയനാക്കി. അതിലൊരു കവിത മാനസ ഗുരുവായ ദാസേട്ടനെ കുറിച്ചാണ്. എറണാകുളത്തു നടന്ന ദക്ഷിണാമൂർത്തി സംഗീതാരാധനാ വേളയിൽ പ്രസ്തുത കവിത ഫലകരൂപത്തിലും, ആലപിച്ചത് സിഡി രൂപത്തിലും സമർപ്പിക്കുകയുണ്ടായി.

തംബുരു കലാക്ഷേത്രയിലൂടെ നിരവധി ശിഷ്യന്മാരെ പരിശീലിപ്പിക്കുന്ന ഇദ്ദേഹത്തിൻറെ പിതാവ് കവിയും ചിത്രകാരനുമായിരുന്ന യശഃശരീരനായ നാരായണൻ നമ്പൂതിരിയാണ്. അമ്മ സൗമിനി അന്തർജനം. ലളിത സംഗീതത്തിൽ ആകാശവാണിയിലും ഭക്തിഗാനാലാപനത്തിൽ ദൂരദർശനിലെയും സ്ഥിരം കലാകാരനാണ്.

നൃത്താധ്യാപിക കലാമണ്ഡലം ശ്രുതി ശിവദാസും ഗായിക സ്വാതിയും മക്കളാണ്.

കേരളത്തിനകത്തും പുറത്തും വിദേശത്തടക്കം നിരവധി കച്ചേരികളും ഗാനമേളകളും, ദാസേട്ടൻ ഹിറ്റ് എന്ന പ്രത്യേക പരിപാടികളും അവതരിപ്പിക്കുന്നുണ്ട്.

വടകരയ്ക്കടുത്ത് ചെരണ്ടത്തൂരിൽ 'ഉപാസന'യിലാണ് താമസം.

പാട്ട് പഠിക്കാൻ പോയാൽ എന്ത് കിട്ടാനാ, വേറേ വല്ല ജോലിയും ചെയ്ത് ജീവിക്കാൻ നോക്കിക്കൂടേ എന്ന് പരിഹാസ രൂപത്തിൽ ചോദിച്ചവരുടെ ഇടയിൽ പലതുമാകാൻ കഴിയും എന്ന് തെളിയിക്കുക കൂടിയായിരുന്നു തന്റെ ജീവിതത്തിലൂടെ സതീശൻ നമ്പൂതിരി.

(സതീശൻ നമ്പൂതിരിയുടെ അഫന്റെ മകനാണ് ലേഖകൻ )



*സതീശൻ നമ്പൂതിരി യേശുദാസിനോടൊപ്പം*

ആറേ മുക്കാലിനുണ്ടായിരുന്ന പ്രാദേശിക വാർത്തകൾക്കു മുന്നോടിയായി കേട്ടുകൊണ്ടിരുന്ന ഉജാല പരസ്യം ഓർക്കാത്തവരുണ്ടാകില്ല. അത് സതീശൻ നമ്പൂതിരിയുടേതായിരുന്നു.



*സതീശൻ നമ്പൂതിരി കുടുംബാംഗങ്ങളോടൊപ്പം*



# കരുണാർദ്രം ഗോപഹൃദയം

> അർജന്റ് മെസേജുകൾ വരുമ്പോൾ എല്ലാം നിമിഷങ്ങൾക്കുള്ളിൽ ചെയ്യണം. ഉറങ്ങാൻ കിടക്കുമ്പോഴായിരിക്കും ആക്സിഡന്റ് കേസുകളും മറ്റും വരിക. അത് ഏറ്റെടുത്ത് ആവശ്യമുള്ള ഗ്രൂപ്പ് രക്തം ആവശ്യമുള്ള അളവിൽ ആവശ്യമുള്ളിടത്ത് എത്തിക്കുക എന്നത് വളരെ ശ്രമകരമായ ദൗത്യമാണ്

**സ്വന്തം ലേഖകൻ**

ഒരു ഫേസ്ബുക്ക് പേജിൽ നിന്നായിരുന്നു തുടക്കം. ഒരു പതിറ്റാണ്ട് മുമ്പ്. ആയിരത്തിലധികം മെമ്പർമാരുണ്ടായിരുന്ന 'നമ്മുടെ ഇല്ലം' വെറുമൊരു ഫേസ്ബുക്ക് താളായി മറഞ്ഞുപോയില്ല. അതിലെ ചർച്ചകൾ സജീവമായി. ആശയങ്ങളും അഭിപ്രായങ്ങളും ഒഴുകിയെത്തി. ഒരു ഗ്രൂപ്പിലൊതുങ്ങാതെ എന്തെങ്കിലുമൊക്കെ ചെയ്യണമെന്നു തന്നെയായിരുന്നു വിദ്യാർത്ഥി വിദ്യാർത്ഥിനികളും വിവിധ പ്രൊഫഷണലുകളുമടങ്ങുന്ന ഈ ടീമിന്റെ തീരുമാനം.

കൂടുതൽ ചർച്ചകൾക്കായി ഒന്നു ഒത്തുചേരാനായിരുന്നു അടുത്ത ശ്രമം.

ഇതനുസരിച്ച് കേരളത്തിലങ്ങോളമിങ്ങോളമുള്ള നമ്പൂതിരി യുവനിര 2014 മെയ് 4ന് ഗുരുവായൂരിലുള്ള യോഗക്ഷേമ സഭയുടെ അതിഥി മന്ദിരത്തിൽ സംഗമിച്ചു. ഈ ജന്മത്തിൽ ഒരിക്കൽപോലും കാണാൻ സാദ്ധ്യതയില്ലാത്ത കുറേപ്പേർ അന്ന് കണ്ടുമുട്ടി. പരസ്പരം കൈമാറിയ ആശയങ്ങൾ പുതിയൊരു സംഘടനയ്ക്ക് ഉയിരേകി. 75 അംഗങ്ങൾ പങ്കെടുത്ത ചർച്ച പുതിയ തീരുമാനങ്ങൾക്ക് വഴിമാറി. 'നമ്മുടെ ഇല്ലം', സംസ്കൃതി ചാരിറ്റബിൾ സൊസൈറ്റി എന്ന പുതിയ സംഘടനയായി.

മൂലധനം സ്വരൂപിക്കുന്നതിന് അംഗങ്ങൾ ഓരോരുത്തരും നിശ്ചിത സംഖ്യ എടുക്കാൻ തീരുമാനമായി. ബൈലോ രൂപീകരിക്കണം, രജിസ്ട്രേഷൻ, സംഘടനയുടെ ഭാവിപ്രവർത്തനങ്ങൾ എന്നിവക്കായി ആദ്യഭാരവാഹികളെ തിരഞ്ഞെടുത്തപ്പോൾ അതിന്റെ സാരഥി മറ്റാരുമായിരുന്നില്ല.

ഗോപകുമാർ നരിയങ്ങൽ തന്നെയായിരുന്നു പ്രസിഡണ്ട്. സെക്രട്ടറിയായി തൃശൂർ പടിഞ്ഞാറെകുന്നം രഞ്ജിത് ദാമോദരനും ട്രഷററായി പാലക്കാട് വെള്ളിനേഴി മള്ളിയൂർ ശ്രീജിത്തും തിരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ കാലങ്ങളായുള്ള യുവതയുടെ പാരസ്പര്യം സമൂഹനന്മയ്ക്കുതകുന്ന തുറന്ന വേദിയായി മാറി. തൃശൂർ, പെരികമനയുടെ വിലാസത്തിൽ രജിസ്ട്രേഷനും ശരിയായി.

രൂപീകരിച്ച് അടുത്ത മാസം, അതായത് 2014 ജൂൺ

25,26,27,28 തീയ്യതികളിൽ തൃശൂർ ഐ.എം.എ ബ്ലഡ് ബാങ്കിൽ വെച്ച് ആദ്യ രക്തദാന ക്യാമ്പ് നടന്നു. ഇതിൽ വച്ച് 60ഓളം പേർ രക്തം ദാനം ചെയ്തു. സംസ്കൃതി സംസ്ഥാനതലത്തിൽത്തന്നെ ശ്രദ്ധേയമായി. അണയാൻ തുടങ്ങിയ എത്രയോ നരജന്മക്കരിന്തിരികളിൽ പഞ്ചപ്രാണൻ അഞ്ചുതിരി തെളിച്ചു... ഗോപകുമാറും കൂട്ടുകാരും വലിയ പ്രചോദനമാണ് ഇതിൽനിന്നും ഉൾക്കൊണ്ടത്. പുതിയ ചിന്തയും ആശയവും പകർന്ന് ഗോപകുമാർ ഇതിന്റെ വഴികാട്ടിയായി. ഇത് സംസ്കൃതിക്ക് പുതിയ സേവനതലങ്ങളിലേക്കുയരാനുള്ള ആദ്യ ചുവടായി.



ഒരിറ്റു കനിവിനായി കാത്തിരിക്കുന്ന മുത്തശ്ശിമാരുടെയും മുത്തച്ഛന്മാരുടെയും മുഖമായിരുന്നു അവരുടെ മനസ്സിൽ ആദ്യം തെളിഞ്ഞുവന്നത്. കുടുംബത്തിനു വേണ്ടി അഹോരാത്രം പാടുപെട്ട് അവസാനംഒന്നിനും വയ്യാതാവുമ്പോൾ ഉപേക്ഷിക്കപ്പെട്ട് ഇവിടെ എത്തിയ പലരും അവിടെ നമ്മുടെ ദയ കാത്തിരിക്കുന്നുണ്ട്

ഏറെ കരുതലോടെ ഭാരിച്ച ഉത്തരവാദിത്തങ്ങളായിരുന്നു സംസ്കൃതി പിന്നീട് ഏറ്റെടുത്തത്. ഓരോരോ സാഹചര്യത്തിൽ ഇഷ്ടജീവിതം കൈവിട്ടവരുടെ ദൈന്യതയും കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നു തന്നെയും ഒറ്റപ്പെട്ടുപോയവരുടെ, ഒരിറ്റു കനിവിനായി കാത്തിരിക്കുന്ന മുത്തശ്ശിമാരുടെയും മുത്തച്ഛന്മാരുടെയും മുഖമായിരുന്നു അവരുടെ മനസ്സിൽ ആദ്യം തെളിഞ്ഞുവന്നത്. കുടുംബത്തിനു വേണ്ടി അഹോരാത്രം പാടുപെട്ട് അവസാനം ഒന്നിനും വയ്യാതാവുമ്പോൾ ഉപേക്ഷിക്കപ്പെട്ട് ഇവിടെ എത്തിയ പലരും അവിടെ നമ്മുടെ ദയ കാത്തിരിക്കുന്നുണ്ട്. അവർക്ക് പണമൊന്നുമല്ല വേണ്ടത്. നിഷ്കളങ്കമായ സ്നേഹവും സന്തോഷവുമാണ്. സംസ്കൃതിയുടെ അടുത്ത യോഗത്തിൽ ഈ ആശയം അവതരിപ്പിച്ചു. 2015ലെ തിരുവോണം കുറ്റിപ്പുറത്തിനടുത്ത് കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ തവനൂരിലെ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ 300ഓളം അന്തേവാസികളുള്ള വൃദ്ധമന്ദിരത്തിൽ അവർക്കൊപ്പം ആഘോഷിക്കാൻ തീരുമാനിച്ചു.

''അക്ഷരാർത്ഥത്തിൽ ജീവിതം തന്നെ കൈവിട്ട ചിലരുണ്ടായിരുന്നു അവിടെ. സംസ്കൃതി പ്രവർത്തകരുടെ മനസ്സുലച്ചത് അവരാണ്. ശരിക്കും അക്രമാസക്തരായവർ. ഭക്ഷണം മുഖത്തൊക്കെ വച്ചുതേച്ച് വാരിവലിച്ച് കഴിക്കുന്ന കാഴ്ച്ച, അത് അസഹനീയം തന്നെ'' ഗോപകുമാർ പറയുന്നു.

എല്ലാ അന്തേവാസികളും സംസ്കൃതിയുടെ നിറവിൽ അന്ന് ഒത്തുകൂടി. റിട്ടയേർഡ് അദ്ധ്യാപികയും ഇപ്പോൾ ഇവിടത്തെ അന്തേവാസിയുമായ ശാന്ത ടീച്ചറെക്കൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്യിച്ചു. എല്ലാവരോടും പഴയകാല ഓണം അനുഭവങ്ങൾ പങ്കുവെക്കാൻ പറഞ്ഞു.

''ഓരോരുത്തരുടെയും വ്യത്യസ്തമായ അനുഭവങ്ങളും ഓർമ്മകളും ചുരുളഴിഞ്ഞു. ചിലർക്കെങ്കിലും വാക്കുകളിടറി, കണ്ണുനനഞ്ഞു. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള അവകാശം നിഷേധിക്കപ്പെട്ട് ഹൃദയം നുറുങ്ങുന്ന വിങ്ങലിനിടെ വന്നെത്തിയ സംസ്കൃതി പ്രവർത്തകരെ അവർ സന്തോഷം കൊണ്ട് കെട്ടിപ്പിടിച്ച് അനുഗ്രഹിച്ചു. ആ ഓണം അവർക്കൊപ്പം സമുചിതമായി കൊണ്ടാടി. ഞങ്ങൾ അവർക്കായി എന്തൊക്കെയോ ചെയ്തു എന്നൊരു ചാരിതാർത്ഥ്യം പരിപാടി കഴിഞ്ഞപ്പോൾ സംസ്കൃതി പ്രവർത്തകർക്കും തോന്നി. സന്തോഷത്തിന്റെ കുറച്ചു നിമിഷങ്ങൾ.. അവരുടെ മുഖത്ത് തങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് ഒരു ചെറുപുഞ്ചിരിയെങ്കിലും വിരിയിക്കാൻ സാധിച്ചാൽ മനസ്സുനിറയാൻ മറ്റെന്തു വേണം'' ഗോപകുമാർ ചോദിക്കുന്നു.

സംസ്കൃതി കൂടുതൽ മാതൃകാ പ്രവർത്തനങ്ങളിലേക്ക് പടരുന്നതാണ് പിന്നീട് കണ്ടത്. തിരൂർ വെട്ടത്ത് സ്പെഷൽ സ്കൂളിലെ കുട്ടികളോടൊത്ത് അവരോടുള്ള സ്നേഹം പങ്കുവെച്ച് രണ്ടാമത്തെ പരിപാടി നടന്നു. 2015 ജനുവരി 24ന് ചേവായൂർ ലെപ്രസി ഹോസ്പിറ്റലിൽ അവിടത്തെ രോഗികളോടൊപ്പം അവരുമായി അനുഭവങ്ങൾ പങ്കുവെച്ച്, അവർക്കുവേണ്ടി ഭക്ഷണമൊരുക്കി, ഒരു ദിവസം... ജീവിതത്തിൽ മറക്കാനാവാത്ത ഓർമ്മകളാണ് സമ്മാനിച്ചതെന്ന് ഗോപകുമാർ ഓർക്കുന്നു.

2016 ഫെബ്രുവരിയിലാണ്. മാതൃഭൂമിയിൽ ഒരു പരസ്യം കൊടുത്തു. നിർധനരും ഭിന്നശേഷിയുമുള്ളവരുമായവർക്ക് ജീവിതത്തിലേക്ക് മടങ്ങിവരാൻ ജാതിമതഭേദമില്ലാതെ ഒരു കൈസഹായം. 'സംസ്കൃതി' വീൽചെയർ, വാക്കിംഗ് സ്റ്റിക്ക്, വാക്കർ എന്നിവ നൽകുന്നു. ശേഷീവൈകല്യം, സാമ്പത്തിക സ്ഥിതി എന്നിവ തെളിയി



*ഗോപകുമാർ ഭാര്യക്കും അച്ഛനമ്മമാർക്കുമൊപ്പം*

ക്കുന്ന രേഖ ഇമെയ്ൽ, വാട്ട്സ്ആപ്പ് വഴി അയക്കാനാണ് നിർദ്ദേശിച്ചത്. ജാതിമതവ്യത്യാസമില്ലാതെ 300ലേറെ പേരാണ് പ്രതികരിച്ചത്. അപേക്ഷിച്ച വരെ മറ്റും നോക്കി അർഹത നിശ്ച യിക്കുകയായിരുന്നു സംസ്കൃതി ചെ യ്തത്. ചലനശേഷി തീരെകുറഞ്ഞ ഒരു കുട്ടിയ്ക്ക് ഒരു ഫ്ളക്സിബിൾ വീൽചെയറും മറ്റ് ഇതുപത്തഞ്ചുപേ ർക്ക് സാധാരണ വീൽചെയറുകളും സൗജന്യമായി നൽകി. ഒപ്പം രണ്ടു മൂന്നു സംഘടനകൾക്കും ഉപകരണ ങ്ങൾ നൽകി. ചെലവ് സംസ്കൃതി പ്രവർത്തകർ തന്നെ വഹിച്ചു. കൈ തപ്രം ദാമോദരൻ നമ്പൂതിരിയായിരു ന്നു അതിന്റെ ഉദ്ഘാടകൻ.

ആയിടക്കാണ് കോട്ടയം സ്വ ദേശി വിനോദ് എന്ന കെ.എസ്. ആർ.ടി.സി ഡ്രൈവറെപ്പറ്റി അറിയു ന്നത്. രക്തദാനത്തിൽ കേരളത്തിൽ റെക്കോഡിട്ട ബ്ലഡ് ഡോണേർസി ന്റെ അമരക്കാരൻ. കേരളം മുഴുവൻ നിറഞ്ഞുനിൽക്കുന്ന സേവകരാണ് ബിഡികെയുടെ കരുത്ത്. എല്ലാ ജി ല്ലകളിലും വേരുകളുള്ള സംഘടന. വിനോദിന്റെയും സംഘത്തിന്റെയും പ്രവർത്തനങ്ങളെപ്പറ്റി കേട്ടപ്പോൾ എന്തുകൊണ്ട് 'സംസ്കൃതി'ക്കും ഇതിന്റെ ഭാഗമായിക്കൂടെ? എന്ന ധനേഷ് അമ്പാടിയുടെ ചോദ്യം ഗോ പകുമാർ പങ്കുവെച്ചപ്പോൾ സേവന സന്നദ്ധരായ മുഴുവൻ കൂട്ടുകാരും അ തിന് തയ്യാറായി. അങ്ങനെ രക്തദാന മെന്ന മഹാദാനത്തിലേക്കും സംസ് കൃതി കടന്നു.

പിന്നീട് വെറുതെയിരുന്നില്ല.

## ഏറ്റവും വിഷമം തോന്നിയത് ആ രോഗി രാവിലെ മരിച്ചു എന്ന വാർത്ത അറിഞ്ഞപ്പോഴാണ്

'സംസ്കൃതി ബ്ലഡ് ഡോണേഴ്സ് ഗ്രൂ പ്പ്' രംഗത്ത് സജീവമായി. കോഴിക്കോ ടും മലപ്പുറത്തും സംസ്കൃതി ഗ്രൂപ്പ് പതിന്മടങ്ങ് പ്രബലമായി. നേരിട്ട് റിക്വസ്റ്റുകൾ വരാൻ തുടങ്ങി. കോഴി ക്കോടു മാത്രം 300ലധികം പേർ മെ മ്പർമാരായി. രോഗിയുടെ പേര്, രക്ത ഗ്രൂപ്പ്, വേണ്ടത് എത്ര യൂനിറ്റ്, കൂടെ നിൽക്കുന്നയാളുടെ ഫോൺ നമ്പർ, അപേക്ഷിക്കുന്ന തിയ്യതി എന്നീ വി വരങ്ങളോടെ അയയ്ക്കുന്ന വാട്ട്സ് ആപ്പ് റിക്വസ്റ്റുകൾ ഉടൻ സ്വീകരിച്ച് രക്തം നൽകാൻ തയ്യാറുള്ളവരുടെ ലിസ്റ്റിൽ നിന്നും ആവശ്യമുള്ളവരെ വിളിച്ച് പറഞ്ഞ് അവരുടെ ഫോൺ നമ്പറും വിലാസവും രോഗിയുടെ കൂടെ നിൽക്കുന്ന ആൾക്ക് അയക്കു ന്നു. നിമിഷങ്ങൾക്കുള്ളിൽ ഇതിന്റെ പ്രോസസിംഗ് നടക്കുന്നു. പറഞ്ഞ സ്ഥലത്തും സമയത്തും രക്തം നൽ കാൻ സന്നദ്ധരായി സംസ്കൃതി ഗ്രൂപ്പ് മെമ്പർമാരെത്തും. അത്രയും ചടുലമാ ണ് നീക്കങ്ങൾ. ഗ്രൂപ്പ് ഇരുപത്തിനാ ലു മണിക്കൂറും ഉണർന്നിരിക്കുന്നു. കോഴിക്കോട് ഗ്രൂപ്പിന്റെ നേതൃത്വം ഗോപകുമാറിനു തന്നെയാണ്.

''അർജന്റ് മെസേജുകൾ വരു മ്പോൾ എല്ലാം നിമിഷങ്ങൾക്കുള്ളിൽ ചെയ്യണം. ഉറങ്ങാൻ കിടക്കുമ്പോഴാ യിരിക്കും ആക്സിഡന്റ് കേസുകളും മറ്റും വരിക. അത് ഏറ്റെടുത്ത് ആവ ശ്യമുള്ള ഗ്രൂപ്പ് രക്തം ആവശ്യമുള്ള അളവിൽ ആവശ്യമുള്ളിടത്ത് എത്തി ക്കുക എന്നത് വളരെ ശ്രമകരമായ ദൗത്യമാണ്''.

അത്യാസന്ന നിലയിലായിരുന്ന ഒരു രോഗിക്ക് എബി പോസിറ്റീവ് ര ക്തം വേണമെന്ന സന്ദേശം കിട്ടുന്നത് രാത്രി 1 മണിക്ക്. ഉടൻ എത്തിക്കണ മെന്നാണ് സന്ദേശം. പെട്ടെന്നുള്ള സന്ദേശം ഇരട്ടി റിസ്കാണ്. രാത്രി അസമയത്ത് ആരാണ് ഇതിന് തയ്യാ റാവുക?... എങ്കിലും ഗോപകുമാറി ന്റെ വിട്ടുവീഴ്ചയില്ലാത്ത മാരത്തൺ പരിശ്രമം ഒരുമണിക്കൂറിനുള്ളിൽ അത്യാസന്ന നിലയിലായ രോഗിക്കരി കിൽ ആവശ്യമുള്ളത്ര രക്തദാതാക്ക ളെ കൊണ്ടുചെന്നെത്തിച്ചു. പക്ഷെ ഏറ്റവും വിഷമം തോന്നിയത് ആ രോഗി രാവിലെ മരിച്ചു എന്ന വാർത്ത അറിഞ്ഞപ്പോഴാണ് എന്ന് ഗോപകു മാർ പറയുന്നു. എന്നാലും ചെയ്യാവു ന്നതിന്റെ പരമാവധി ചെയ്തു എന്ന ചാരിതാർത്ഥ്യം നിറയുന്നു ഗോപന്റെ കണ്ണിലും ചിരിയിലും!

''പല രാത്രികളിലും ഉറങ്ങാ തെയുള്ള ഈ ആതുരസേവ കണ്ട് തനിക്ക് ചിലപ്പോൾ ദേഷ്യം വരാ റുണ്ട്. പിന്നെ ഇങ്ങനെ ഒരു കാരു ണ്യപ്രവർത്തനമല്ലേ അതുകൊണ്ട് ഞാൻ കൂടുതൽ ഒന്നും പറയാറില്ല'' പറയുന്നത് ഗോപന്റെ അമ്മ പാർവതി അന്തർജനം.

മുക്കം കെ.എം.സി.ടി എഞ്ചി നീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ്ഐടി ഡിപ്പാർട്ട്മെന്റിൽ ഇൻസ്ട്രക്ടറാണ്. കോളേജിലും നിര വധി അംഗങ്ങളുള്ള രക്തദാന ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. രക്തത്തിനുവേണ്ടി ഓടിനടക്കുന്ന ആളായതുകൊണ്ട് ശി ഷ്യന്മാർ സ്നേഹത്തോടെ വിളിക്കുന്ന ത് ഇങ്ങനെ 'ഡ്രാക്കുള'!

അടുത്ത ലക്ഷ്യം അവയവദാന പ്രവർത്തനങ്ങളാണ്.

ഗോപകുമാറിന് ഊർജ്ജം പകരുന്നത് സഹധർമ്മിണി അമ്പാ ഴപ്പുറത്തെ മഹളായ അനഘയാണ്. അച്ഛൻ കേശവൻ നമ്പൂതിരിയും കൂടെയുണ്ട്. അനിയത്തിമാരുടെ വിവാ ഹം കഴിഞ്ഞ് മറ്റിടങ്ങളിലാണെങ്കിലും അവരും ഗോപന്റെ ഈ പരിശ്രമങ്ങൾ ക്ക് കൂട്ടായി നിൽക്കുന്നു.

•

**മൊബൈൽ: 8589810225**



# ആയുർവ്വേദത്തിന്റെ സുകൃതം



രവി മങ്ങത്തായ

പുരുഷനെ കാത്തുനിൽക്കാതെ സ്വന്തം വഴി വെട്ടിത്തെളിച്ച് ജന്മം കരതലാമലകമാക്കിയ വനിതകൾ ഏറെയില്ലെങ്കിലും രണ്ടും കല്പിച്ചിറങ്ങിയവരൊക്കെ ലോകത്തിന്റെ നിറുകയിൽ സ്വന്തമായി ഒരിടം നേടിയിട്ടുണ്ട്. ഭാരതീയ പാരമ്പര്യ ആയുർവ്വേദ സംസ്കാരത്തിന്റെ വൈശിഷ്ട്യവും ശ്രേഷ്ഠതയും കേരളം മുഴുവൻ പടർത്തി തന്റെ കൈപ്പുണ്യം കൊണ്ട് എണ്ണമറ്റ രോഗാതുരർക്ക് ആശ്വാസമായി മാറിയ, തീർച്ചയായും നമ്മൾ അടുത്തറിയേണ്ട ഒരു മഹാവ്യക്തിത്വമുണ്ട് – ഡോ. ആര്യാദേവി. ഒപ്പം അവർ ജീവൻ നൽകി പടുത്തുയർത്തിയ മലയാളത്തിന്റെ മുഴുവൻ സുകൃതമായി മാറിയ സുകൃതം ആയുർവ്വേദ ചികിത്സാലയവും.

ചികിത്സ കഴിഞ്ഞ് പോയവരുടെ വാമൊഴിയാവാം. അവരുടെ നല്ല അനുഭവങ്ങളാവാം ഈ ചികിത്സാ കേന്ദ്രത്തെ ഇത്രയും ജനപ്രിയമാക്കിയത്. കേരളത്തിലും ബാംഗ്ലൂരിലും ചികിത്സാലയം... കിടത്തി ചികിത്സ, പരിശോധനകൾ, സ്വന്തം നിർമ്മാണ കേന്ദ്രം... ഇന്ന് ആയുർവ്വേദ ശാഖയുടെ തന്നെ സുകൃതമായി ഈ ആതുര ശുശ്രൂഷാലയം വളർന്നുകഴിഞ്ഞു. ഇവിടെ ചികിത്സക്കെത്തുന്നവർക്കൊക്കെ ഇത് സ്വന്തം വീട് തന്നെയാണ്. മറ്റൊരിടമായി ഇവിടം സങ്കല്പിക്കാൻ ഇട നൽകില്ല ഇവിടത്തെ ജീവനക്കാർ. ചികിത്സക്കാവശ്യമായ ചിട്ടകളോടെ എന്നാൽ രോഗികളെ അവരുടെ ഇഷ്ടങ്ങൾ കണ്ടറിഞ്ഞുള്ള ചികിത്സാരീതിയാണ് ഇവിടെ അവലംബിക്കുന്നത്. അതാണ് വരുന്നവർക്കെല്ലാം സ്വന്തം വീടുപോലെ ഈ ചികിത്സാലയത്തെ കാണാൻ പ്രേരണയാവുന്നതും. ആയുർവ്വേദത്തിലെ സ്നേഹപാനം, വമനം, വിരേചനം, വസ്തി, നസ്യം എന്നിങ്ങനെയുള്ള എല്ലാ പഞ്ചകർമ്മ ചികിത്സകളും അതിവിദഗ്ദ്ധരായ തെറാപ്പിസ്റ്റുകളുടെ നേതൃത്വത്തിൽ ഇവിടെ നടന്നുവരുന്നു. ശിരോവസ്തിയും ജളൂകാവചരണം എന്ന അട്ടചികിത്സ, പ്രച്ഛാന്നം കൂടാതെ തർപ്പണം, പുടപാകം, ആശ്ചോദനം, അഞ്ജനം തുടങ്ങിയ നേത്രചികിത്സകളും ഇവിടെ നടത്തിവരുന്നു. യോഗ ചികിത്സയുമുണ്ട്. യോഗ ക്ലാസുകൾക്കായി ഡോ. ആര്യാദേവി ഭാരതമാകെ നിരവധി മഹാവേദികളിലേക്ക് ക്ഷണിക്കപ്പെട്ടിട്ടുണ്ട്.

25ലേറെയുള്ള ജീവനക്കാരും അവരുടെ സ്വന്തം ഭവനം പോലെ ഇവിടെ പെരുമാറുന്നത് ഇതിന്റെ പുണ്യമായി നിലനിൽക്കുന്നു.ഒരേസമയം 12 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്. ഈ 12 മുറികൾക്ക് ദ്വാരക, പഞ്ചവടി, അമ്പാടി എന്നൊക്കെയാണ് പേരുകൾ. കഷായങ്ങളും എണ്ണകളും പൊടികളും സ്വന്തമായി നിർമ്മിക്കാൻ മുക്കം മാമ്പറ്റയിൽ ഒരു ഫാക്ടറിയും സ്ഥാപിച്ചതോടെ മരുന്ന് നിർമ്മാണവും അതിലുപയോഗിക്കുന്ന ഘടകങ്ങളും 100% ശാസ്ത്രീയമായി. ഇതോടെ ഏറ്റവും പരിശുദ്ധമായി അവ നിർമ്മിക്കാനും വിതരണം ചെയ്യാനുമുള്ള വഴി തെളിഞ്ഞു. മാങ്കാവ് തൃശ്ശാല ഭഗവതീ ക്ഷേത്രക്കുളത്തിനടുത്ത് പതിനേഴ് സെന്റ് സ്ഥലത്ത് സ്വച്ഛമായ ഗ്രാമീണാന്തരീക്ഷത്തിൽ നിലകൊള്ളുന്ന ഈ മാതൃകാചികിത്സാലയം ഓരോ നിമിഷവും പ്രകൃതിയുടെ ഹൃദ്സ്പന്ദങ്ങളെ, ശ്വാസവേഗങ്ങളെ ഏറ്റുവാങ്ങുന്നു.

തന്റെ ജീവിതമെങ്ങനെയാവണ




## പ്രതിബന്ധങ്ങൾ ഉണ്ടാവുമ്പോഴാണ് ദൃഢനിശ്ചയങ്ങൾക്ക് കരുത്ത് ഇരട്ടിയാവുന്നത്

മെന്ന ഉറച്ച തീരുമാനം – അതാണ് ഈ ഉയർച്ചയുടെയൊക്കെ പിന്നാമ്പുറം. ഒപ്പം അങ്ങേയറ്റം പ്രയത്നിക്കാനുള്ള മനസ്സും. ജീവിതം മാറിമറിയുന്നതിങ്ങനെയൊക്കെയാണ്. ഈ ചിന്ത ഡോക്ടർ ആര്യാദേവിയുടെ ജന്മസുകൃതമായി. ചെറുപ്പത്തിൽ തന്നെ ആയുർവ്വേദത്തോട് ആദരവും പ്രത്യേക പ്രതിപത്തിയുമുണ്ടായിരുന്നു. BAM കഴിഞ്ഞെങ്കിലും കണ്ടൻസ്ഡ് എംബിബിഎസ്-ന് പോകണമെന്ന ആഗ്രഹവും നടന്നില്ല. എംഡി-ക്ക് സെലക്ഷൻ കിട്ടിയെങ്കിലും അത് ദൂരെ തിരുവനന്തപുരത്തായതിനാൽ അച്ഛൻ സമ്മതിച്ചില്ല. പെൺകുട്ടികൾക്ക് ഇത്രയൊക്കെ പഠിപ്പ് മതി എന്ന ചിന്ത പ്രബലമായിരുന്ന ഒരു കാലമായിരുന്നല്ലോ അത്. പഠനത്തിൽ ആര്യക്ക് ഗുരുവായത് അതിപ്രശസ്ത ഭിഷഗ്വരനായിരുന്ന വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരി തന്നെയായിരുന്നു. പഠനശേഷം പ്രാക്ടീസ് തുടങ്ങാനായിരുന്നു തീരുമാനം. ആ സമയത്ത് തൈക്കാട്ട് മൂസിന്റെ വൈദ്യരത്നം ആയുർവ്വേദ കോളേജിൽ ലക്ചററുടെ ഒഴിവുണ്ടായെങ്കിലും ഇരുപത്തയ്യായിരം രൂപ കൊടുക്കണമെന്നതിനാൽ അതും വേണ്ടെന്നുവെച്ചു. തൈക്കാട്ട് മൂസിന്റെ നഴ്സിംഗ് ഹോമിൽ 1978 മുതൽ 80 വരെ സേവനമനുഷ്ഠിച്ചു. 1980 ജൂണിൽ വിവാഹവും കഴിഞ്ഞു. വൈദ്യരത്നം ഔഷധശാലയുടെ കോഴിക്കോട് ബ്രാഞ്ച് ഫിസിഷ്യൻ ആയി ജോലി ചെയ്തു.

അനുഭവങ്ങളാണ് വ്യക്തിത്വത്തിന്റെ പകിട്ട്. പ്രതിബന്ധങ്ങൾ ഉണ്ടാവുമ്പോഴാണ് ദൃഢനിശ്ചയങ്ങൾക്ക് കരുത്ത് ഇരട്ടിയാവുന്നത്. അങ്ങനെ ഓരോ അതിജീവനത്തിലും അറുത്തുമാറ്റിയ വൈതരണികൾ ഡോക്ടർ ആര്യാദേവിയുടെയും ആശാചക്രവാളത്തിലേക്കുള്ള വേഗം കൂട്ടി. ആയുർവ്വേദരംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച ഏറെ വനിതകളുണ്ടെങ്കിലും ഡോ. ആര്യാദേവി വ്യത്യസ്തയാവുന്നത് പിന്നിട്ട കനൽവഴികളിലെ നീറ്റലുകൾ, നൊമ്പരങ്ങൾ എല്ലാം നറുപുഞ്ചിരിയോടെ അതിജീവിച്ചതിനാലാണ്. ബേപ്പൂരിൽ 1996ൽ സുകൃതം തുടങ്ങിയത് വാടകകെട്ടിടത്തിലായിരുന്നു. അത് ഏകദേശം ഒരു വർഷത്തിനുശേഷം ഉടമ തിരിച്ചുചോദിച്ചപ്പോൾ അവിടെ നിന്നും ഒഴിയേണ്ടിവന്നു. ഇത് പച്ചപിടിച്ചു വരുന്ന ഈ സ്ഥാപനത്തിന് തിരിച്ചടിയായി. എല്ലാം നിന്നുപോകുമോ എന്ന് പലരും സംശയിച്ചു. പക്ഷെ തനിക്കായി മറ്റൊരു വാതിൽ എവിടെയെങ്കിലും തുറക്കുമെന്ന് തന്നെ അവർ വിശ്വസിച്ചു. ഇതിനിടയിൽ സുകൃതത്തിന്റെ ഗുഡ്‌വിൽ ആയി 2 ലക്ഷം രൂപ വേണമെന്നാവശ്യപ്പെട്ട് എല്ലാ സൗകര്യങ്ങളും ചെയ്ത് തന്ന ആൾ തന്നെ വക്കീൽ നോട്ടീസ് അയച്ചു. അവിടത്തെ ഒരു ജീവനക്കാരി മാത്രമായിരുന്ന ആ സേവനത്തിന് ആകെ കിട്ടിയത് ഗുഡ്‌വിലായി ആവശ്യപ്പെട്ട തുകയുടെ നാലിലൊന്നുപോലുമില്ല. എന്തായാലും ഭർത്താവ് പരമേശ്വരൻ നമ്പൂതിരി നിർദ്ദേശിച്ച ഈ പേരിന്റെ പെരുമ വിട്ടുകൊടുക്കാൻ ഡോക്ടർ തയ്യാറായില്ല. മാങ്കാവിൽ പണിതുകൊണ്ടിരുന്ന വീടിന്റെ താഴെ നിലയിൽ വൈദ്യശാല നടത്തിക്കൊള്ളാൻ ഒരു സുഹൃത്ത് ക്ഷണിച്ചു. അവർ ചോദിച്ച സംഖ്യയും കൊടുത്തു. രണ്ട് വർഷം തികയും മുമ്പ് പുകയും വെയ്സ്റ്റ് വാട്ടറും മറ്റും ഇല്ലാത്ത കാരണങ്ങളാക്കി വൈദ്യശാല നിർത്താൻ നോട്ടീസ് വന്നു. അവിടെ നിന്നും പടിയിറങ്ങി. എന്നിട്ടും കൊടുത്ത പണം തിരികെ കിട്ടാൻ കോടതിയെ സമീപിക്കേണ്ടി വന്നു. ശരിക്കും പരീക്ഷണങ്ങളുടെ കാലമായിരുന്നു അത്. ഒന്നിനു പിറകെ ഒന്നായി വന്ന ഈ മാനസികവ്യഥകൾ പക്ഷെ ഡോക്ടറെ സംബന്ധിച്ച് ലക്ഷ്യത്തിലേക്കുള്ള കുതിപ്പിന് വേഗം കൂട്ടുകയേ ചെയ്തുള്ളൂ.

വേദാനുസാരിയായ ചികിത്സാമുറകൾ നിഷ്കർഷയോടെ രോഗികൾക്ക് സുകൃതമായി പരിണമിക്കുകയാണ് ഇവിടെ. അതുകൊണ്ടാവാം മിംസ് പോലുള്ള ഉയർന്ന ആശുപത്രികൾ പോലും ആയുർവ്വേദ ചികിത്സക്ക് രോഗികളെ സുകൃതത്തിലേക്കയക്കുന്നത്.

കൂടുതലൊന്നും ആഗ്രഹിക്കാനില്ലാതിരുന്നിട്ടും ആയുർവ്വേദത്തിന്റെ മാഹാത്മ്യം ലോകമെങ്ങുമെത്തിക്കാനും തന്റെ ജന്മം ആയുർവ്വേദത്തിനു സമർപ്പിക്കാനും അന്നേ ദൃഢപ്രതിജ്ഞയെടുത്തിരുന്നു ഡോ. ആര്യാദേവി. അത് സാർത്ഥകമാക്കാനുള്ള പ്രവർത്തനങ്ങളായിരുന്നു പിന്നീട്. സ്വന്തമായി ഒരു സ്ഥാപനം – അതൊരു സ്വപ്നമായിരുന്നു അവർക്ക്. 1986ൽ മീഞ്ചന്തക്കടുത്ത് വട്ടക്കിണറിൽ ആര്യ ഔഷധശാല അതിന്റെ നാന്ദിയായി. കിടത്തി ചികിത്സയടക്കമുള്ള സൗകര്യങ്ങളുമായി ബേപ്പൂരിൽ ക്ലിനിക്. പിന്നീട് തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല അവർക്ക്.

ആയുർവ്വേദ മേഖലയാണ് തന്റെ ജീവിത മാർഗ്ഗവും കർമ്മ രംഗവുമെന്ന തിരിച്ചറിവ് അതടുത്ത തലമുറകളിലേയ്ക്കും പകരാൻ പ്രചോദനമായി. ഏകമകൻ മധുവിനെ ഒരായുർവ്വേദ ഡോക്ടറാക്കണമെന്ന മോഹം. അതും സത്യമായി.

വൈദ്യശാലയിൽ ഫിസിഷ്യനായി ജോലി ചെയ്ത് വെറും അഞ്ഞൂറുരൂപ ശമ്പളം വാങ്ങുമ്പോഴും തന്റെ ജീവിതം സുരക്ഷിതവും ഭാവി ശോഭനവുമാക്കാൻ കടുത്ത വൈതരണികളെയും കുടുംബ സാഹചര്യങ്ങളെയും മറികടന്ന് ഉചിതമായ തീരുമാനമെടുക്കാനുള്ള ചങ്കുറപ്പ് – അതാണ് വിദഗ്ദ്ധ ചികിത്സ തേടി സുകൃതത്തിലെത്തുന്ന ആയിരക്കണക്കിന് ആതുരർക്കും അവരുടെ മാറാരോഗങ്ങളെ മറികടക്കാൻ തുണയാവുന്നതും അവർക്ക് ആത്മവിശ്വാസമേകുന്നതും.

വൈദ്യരത്നം ഔഷധശാലയുടെ ഒരു ഏജൻസി എന്ന തലത്തിൽ നിന്ന് എല്ലാ ചികിത്സകളുമുൾക്കൊള്ളുന്ന ഒരായുർവ്വേദ ആശുപത്രി എന്ന ഉദാത്ത ശൃംഗത്തിലേക്കുള്ള ഉയർച്ച ഡോ. ആര്യാദേവിയുടെ നിശ്ചയദാർഢ്യത്തിന്റെ കരുത്ത് മാത്രമായിരുന്നു. എടുത്ത തീരുമാനങ്ങൾ അതിസാഹസികമായിട്ടെങ്കിലും, അത് കർമ്മപഥത്തിലെത്തിക്കാനുള്ള തന്റേടം ഒന്നുകൊണ്ട്, വായ്പയെടുത്ത് വാങ്ങിയ ഭൂമിയിൽ തന്റെ സ്വപ്നസാമ്രാജ്യം പടുത്തുയർത്തി അവർ. പന്നിയങ്കരയിൽ അതിനൂതന സൗകര്യങ്ങളോടെ സ്വപ്നഭവനവും തീർത്ത് കുടുംബസമേതം അവിടെ താമസിക്കുകയാണ് ആയുർവ്വേദമെന്ന നേര് തന്നാൽ കഴിയുന്നത്രയും പേർക്ക് പകർന്നു നൽകിയ ചാരിതാർത്ഥ്യവുമായി.

പഠനകാലത്ത് അഖില ഭാരതീയ വിദ്യാർത്ഥി പരിഷത് (എബിവിപി) പ്രവർത്തകയായിരുന്ന ആര്യാദേവിക്ക് വിവാഹാലോചന തുടങ്ങിയപ്പോൾ ഒരേയൊരു നിബന്ധനയേ ഉണ്ടായിരുന്നുള്ളൂ. വേളി കഴിക്കുന്നയാൾ സംഘ സ്വയം സേവക് ആയിരിക്കണം. പല രാഷ്ട്രീയമുള്ള ഉന്നത ഉദ്യോഗസ്ഥരുടെയും ആലോചനകൾ വന്നെങ്കിലും ആര്യയുടെ തീരുമാനം മാറ്റാൻ ആർക്കുമായില്ല. അങ്ങനെയാണ് സജീവ ആർ.എസ്.എസ് പ്രവർത്തകനും

കേസരിയിൽ സബ് എഡിറ്ററുമായിരുന്ന കാറൽമണ്ണ കൊയ്ത്തൊടി ചെറുമുക്ക് പരമേശ്വരൻ നമ്പൂതിരി ആര്യക്ക് വരനായി എത്തിയത്. നീലകണ്ഠൻ സോമയാജിപ്പാടിന്റെയും പാർവ്വതി പത്തനാടിയുടെയും ഏകമകൻ. നല്ലൊരു ജോലി ശരിയായിട്ടും അത് നിരസിച്ച് രാഷ്ട്രീയത്തിലറങ്ങിയ ഈ സുവോളജി ബിരുദധാരി ആർ.എസ്.എസ് സമരമുഖങ്ങളിൽ ജ്വലിച്ച് നിന്ന് മുന്നണിപ്പോരാളിയായി. അടിയന്തിരാവസ്ഥക്കെതിരെ സമരം ചെയ്തതിന് അറസ്റ്റ് വരിച്ച് ഒരു മാസം ജയിലിൽ കിടന്നു. ഇന്നും കർമ്മരംഗത്ത് നിറഞ്ഞുനിൽക്കുന്ന വ്യക്തിത്വമാണ് പരമേശ്വരൻ നമ്പൂതിരി.

മലപ്പുറം തിരൂർക്കാട് പാലപ്പുഴ മനയെന്ന ഒരു ആയുർവ്വേദ പാരമ്പര്യവും അവകാശപ്പെടാനില്ലാത്ത സാധാരണ ഭവനത്തിലായിരുന്നു ആര്യാദേവിയുടെ ജനനം. അച്ഛൻ വില്ലേജ് അധികാരിയായിരുന്നു. കാട്ടകാമ്പാൽ പെരുമ്പിള്ളി മനയാണ് ഡോക്ടറുടെ അമ്മാത്ത്. മൂന്നുപെണ്ണും രണ്ട് ആണുമുണ്ടായിരുന്നതിൽ മൂന്നാമത്തേതായിരുന്നു ആര്യാദേവി. മകൻ മധു കോട്ടക്കൽ ആയുർവ്വേദ കോളേജ് അസോസിയേറ്റ് പ്രൊഫസറാണ്. സഹധർമ്മിണി മനസ്വിത ബി.എ.എം.എസ് ബിരുദധാരിണിയും 'സുകൃത'ത്തിൽ ഡോക്ടറുമാണ്.

ആത്മനിഷ്ഠയും ദൈവാനുഗ്രഹവുമാണ് ഡോക്ടർ ആര്യാദേവിയുടെ കൈപ്പുണ്യത്തിന്റെ രഹസ്യം എന്നതിൽ സംശയമില്ല. രാവിലെ 5 മണിക്ക് തുടങ്ങി കുളി, തേവാരം, ഭാഗവത പാരായണം, യോഗ എന്നിങ്ങനെ ചിട്ടകളോടെ സാർത്ഥകമാവുന്നു ഡോക്ടറുടെ ഒരു ദിവസം. രാവിലെ 8 മണിയോടെ സുകൃതത്തിലെത്തി നടുമുറ്റത്ത് വിളക്കുകൊളുത്തി ധന്വന്തരി മൂർത്തിക്ക് പൂവും ചന്ദനവും പവിഴമല്ലി മാലയും ചാർത്തി പ്രാർത്ഥിച്ച ശേഷമാണ് ചികിത്സയാരംഭിക്കുന്നത്. ഇവിടെ തുടങ്ങുന്നു സുകൃതത്തിലെയ്ക്കുള്ള വഴികൾ.

ആയുർവ്വേദം അതിന്റെ ശാസ്ത്രീയമല്ലാത്ത പഠനരീതികൊണ്ടും പ്രയോഗം കൊണ്ടും നാശത്തിന്റെ വക്കിലാണെന്ന ഖേദകരമായ കാര്യം ഡോക്ടർ പങ്കുവച്ചു. ആയുർവ്വേദത്തിന്റെ മഹിമക്ക് ചേർന്നത് ട്രെഡീഷണൽ ആയ പഠനമാണ്. അതിന് സംസ്കൃതം പഠിക്കുകതന്നെ വേണം. എന്നാലേ യഥാർത്ഥ ആയുർവ്വേദത്തിന്റെ ഉത്കൃഷ്ടത നേരിട്ടറിയാനാവൂ. ഇംഗ്ലീഷിൽ ആയുർവ്വേദം പഠിച്ചാൽ അതിനെ അടുത്തറിയുന്നതിന് പരിധികളുണ്ട് എന്ന് ഡോക്ടർ ഊന്നി പറയുന്നു.

ആയുർവ്വേദത്തിൽ മറ്റുള്ളവയ്ക്ക് മാതൃകയാണ് എന്നത് വീണ്ടും ഉറപ്പിക്കുന്നതാണ് പഞ്ചകർമ്മ ചികിത്സയുടെ മികവിന് 'സുകൃതം' നേടിയ പുരസ്കാരങ്ങളും ബഹുമതികളും. വൈദ്യരത്നം ഔഷധശാലയുടെ ബെസ്റ്റ് പെർഫോർമൻസ് അവാർഡ് തുടർച്ചയായി സുകൃതം ഓരോ വർഷവും നേടിക്കൊണ്ടിരുന്നു.റോട്ടറി ക്ലബ്ബ് പുരസ്കാരവും ഈ മാതൃകാ ആയുർവ്വേദ കേന്ദ്രത്തെ തേടിയെത്തി. യോഗക്ഷേമ സഭയുടെ 'ഊർജ്ജസ്വതി അവാർഡ്' ഡോ. ആര്യാദേവിക്ക് നൽകിയത് തികച്ചും അർഹതയുടെ അംഗീകാരമായി.

ക്ഷണമുണ്ടായിട്ടും പോകാൻ കഴിയാത്ത വിവാഹങ്ങൾ, ഗൃഹപ്രവേശങ്ങൾ, ചോറൂണുകൾ, പിറന്നാളുകൾ, സംഗീതക്കച്ചേരികൾ, സാംസ്കാരിക പരിപാടികൾ, മരണാനന്തര ചടങ്ങുകൾ, അസംഖ്യമുണ്ടാവും. രോഗികളെയും രോഗീപരിചരണത്തെയും ഈശ്വരസേവയായി കാണാൻ തുടങ്ങിയതോടെ കുറ്റബോധമില്ലാതായി. സ്വന്തം തറവാട്ടിലും ഇല്ലത്തും, അമ്മാത്തുമൊക്കെ ഇപ്പോൾ വിശേഷങ്ങൾക്കു ആരും പ്രതീക്ഷിക്കാറില്ല. ഡോക്ടർ ചെന്നാലാണ് എല്ലാവർക്കും അത്ഭുതം.

'സുകൃതം' പ്രസിദ്ധിയാർജ്ജിച്ചത് ഏറെ പ്രത്യേകതകൾ ഉൾച്ചേർന്ന പ്രസൂതിതന്ത്രത്തിലൂടെയാണ് എന്നു പറഞ്ഞാൽ തർക്കമുണ്ടാവില്ല. പ്രസവത്തിനുമുമ്പും പ്രസവാനന്തരവുമുള്ള ചികിത്സകൾ സ്ഥാപനത്തിന്റെ പ്രത്യേകതയായി മാറിയിരിക്കുന്നു. അത് കേരളത്തിലെ പ്രത്യേകിച്ചും മലബാറിലെ കുടുംബങ്ങളുടെ വിശ്വാസമായിക്കഴിഞ്ഞു. പ്രസവം കഴിഞ്ഞാൽ അമ്മയെയും കുഞ്ഞിനെയും സുകൃതത്തിൽ പ്രവേശിപ്പിച്ച് ചികിത്സിച്ചാലേ വീട്ടിലെ മുത്തശ്ശിമാർക്കും ഇപ്പോൾ സംതൃപ്തിയുള്ളൂ എന്നതാണ് അവസ്ഥ. പ്രസവത്തിനു മുമ്പും പിന്നീടും പാലിക്കേണ്ട ചിട്ടകളും പഥ്യങ്ങളുമൊക്കെ വേണ്ടവണ്ണം അനുസരിച്ചുകൊണ്ട് പരമ്പരയാ ഉള്ള ആചാരാനുസൃതമായ ചികിത്സാമുറകൾ ആയുർവ്വേദവിധി പ്രകാരം നിർവ്വഹിക്കപ്പെടുന്നതിലൂടെ അമ്മയ്ക്കും കുഞ്ഞിനും ആയുരാരോഗ്യസൗഖ്യവും ജന്മസുകൃതവും പകരുന്നത് ഈ മഹാ ചികിത്സാലയത്തിന്റെ സുകൃതമെന്ന പേരിനെ അന്വർത്ഥമാക്കുന്നു.

ഈയിടെ ഒരു കണ്ണട വാങ്ങാൻ നഗരത്തിലെ പ്രശസ്ത കണ്ണാശുപത്രിയായ സിറ്റി ഐ ഫൗണ്ടേഷനിലെത്തിയതായിരുന്നു ഫ്രാൻസിൽ നിന്നു വന്ന എറിക് ബാലൻസും പത്നി കാതറിനും. അവരുമായുള്ള സംഭാഷണത്തിനിടെ ഡോ. ആര്യാദേവിയുടെ സുകൃതം ആയുർവ്വേദ ചികിത്സാലയത്തിൽ പഞ്ചകർമ്മ ചികിത്സയുടെ ഇടവേളയിൽ വന്നതാണെന്നും ഭാരതത്തിന്റെ മഹിമ ഉയർത്തുന്നതാണ് സുകൃതത്തിലെ ആയുർവ്വേദ ചികിത്സാ പദ്ധതി എന്നും അവർ പറഞ്ഞത്രെ. ഡോക്ടറുടെ നിഷ്കർഷയും കഴിവും വാക്കുകൾക്കതീതമാണെന്നും അവർ സൂചിപ്പിച്ചു. സുകൃതത്തിന്റെ വൈശിഷ്ട്യം ഫ്രാൻസിലും ചെന്നെത്തിയിരിക്കുന്നു. ഇവിടെ നിന്ന് ചികിത്സ കഴിഞ്ഞ് പോയവർ രേഖപ്പെടുത്തിയ മികച്ച അഭിപ്രായങ്ങളാണ് എറിക് കുടുംബത്തെ സുകൃതത്തിലേയ്ക്കാർഷിച്ചതെന്ന് സിറ്റി ഐ ഹോസ്പിറ്റലിൽ ഒപ്റ്റോമെട്രിസ്റ്റായ വിനോദിനോട് അവർ പറയുകയുണ്ടായി. ഇതുപോലെ ലോകത്തിന്റെ നാനാഭാഗത്തുനിന്നും ചികിത്സക്കായി ഏറെപേർ എത്തുന്നത് കേട്ടറിഞ്ഞും മറ്റുള്ളവരുടെ അനുഭവക്കുറിപ്പുകൾ വായിച്ചറിഞ്ഞുമാണ്. സുകൃതം വേറിട്ടുനിൽക്കുന്നതും ഇതുകൊണ്ടുതന്നെയാണ്.

ആയുർവ്വേദത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്, ഗവേഷണത്തിന് പ്രാധാന്യം നൽകി ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കണമെന്നത് പതിറ്റാണ്ടുകളായുള്ള ആവശ്യമാണ്. 2014ൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ സെമിനാറിൽ ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കുമെന്ന് അന്നത്തെ മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. സർക്കാർ 5 കോടി രൂപ പ്രാരംഭ പ്രവർത്തനങ്ങൾക്കായി വകയിരുത്തുകയും ചെയ്തു. പക്ഷെ ഇതിന്റെ തുടർപ്രവർത്തനങ്ങൾ അവതാളത്തിലാണ്. എന്നാലും ആ സ്വപ്നം ദൂരെയല്ല... രാഷ്ട്രീയ മുഖം നോക്കാതെ വിവേചനാതീതമായ കാഴ്ച്ചപ്പാടോടെ ഇതിനുള്ള പരിശ്രമങ്ങൾ അതിദ്രുതം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. നാലുപതിറ്റാണ്ടിലേറെയുള്ള പ്രവർത്തനപരിചയവും നിശ്ചയദാർഢ്യവും ആയുർവ്വേദത്തിലുള്ള പരിജ്ഞാനവും തന്റെ കൈപ്പുണ്യവും കൊണ്ട് പുതിയൊരു സേവനമാതൃക തീർത്ത് ഭാരതത്തിനു തന്നെ അഭിമാനമായി ശോഭിക്കുന്ന ആരോഗ്യത്തിന്റെ കാവലാളാണ് ഡോക്ടർ ആര്യാദേവി. ആയുർവ്വേദ സർവ്വകലാശാല സ്ഥാപനത്തിനു മുന്നോടിയായി കേന്ദ്ര സർക്കാർ ഉടൻ ആരംഭിക്കാൻ ഒരുങ്ങുന്ന നാഷണൽ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് വരുമ്പോൾ ഉപദേശക സമിതിയിലും നേതൃപദവിയിലും ഉണ്ടാവേണ്ടത് ഇവരെപ്പോലുള്ള ധീരവനിതകളാണ്. അസാദ്ധ്യമായി ഒന്നുമില്ലെന്ന് തെളിയിക്കാൻ അത് അവർക്ക് വീണ്ടും ഒരിക്കൽക്കൂടി അവസരമൊരുക്കട്ടെ. അവരർഹിക്കുന്ന ആദരവ് ഈ ഭൂമി മലയാളം അവർക്ക് നൽകട്ടെ. ●

# 2018 ഫെബ്രുവരി 13
# മഹാശിവരാത്രി ദിനം





ആശംസകളോടെ...


**വിഷ്ണു കെ.മുല്ലപ്പള്ളി**

S/o മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി,

വെള്ളലശ്ശേരി പി.ഒ.

എൻ.ഐ.ടി. ക്യാമ്പസ് വഴി

കോഴിക്കോട്- 673601

0495- 2287552, 9447478251, 8113904840

ഇല്ലപ്പെരുമ

# ഇവിടെയുണ്ട് 18 ഇല്ലങ്ങൾ

ഒരില്ലത്തെ തേവാരം തന്നെ തറവാട്ടിൽ നിരവധി അംഗങ്ങൾ ഉണ്ടായിട്ടും നിവേദ്യംപോലും കഴിക്കാതെ ഉപേക്ഷിക്കപ്പെടുന്ന ഈ കാലഘട്ടത്തിലാണ് ചേളന്നൂരിലെ കുറ്റ്യാട് ഇല്ലത്ത് പതിനെട്ട് ഇല്ലങ്ങളിലെ പരദേവതമാർക്ക് വേണ്ട നിവേദ്യവും പൂജയും ആചരണങ്ങളുമെല്ലാം മുറതെറ്റാതെ നടത്തിവരുന്നത്.



**സ്റ്റാഫ് പ്രതിനിധി**

ഒരു പ്രദേശത്തെ പതിനെട്ട് ഇല്ലങ്ങൾ അന്യംനിന്ന് ഒരില്ലത്തേക്ക് ലയിക്കുന്നു. പതിനെട്ട് ഇല്ലങ്ങളുടെ പരദേവതമാർ ഈ ഒരില്ലത്തെ സംരക്ഷിക്കുന്നു. തെക്കിനിയിലെ ദേവന്മാരും ദേവതമാരും ഒരു നാടിന്റെ മുഴുവൻ ദേവീദേവന്മാരാകുന്നു. തെക്കിനി ഒരു ക്ഷേത്രമായി മാറുന്നു. മറ്റൊരു ഭരണസമിതിക്കും വിട്ടുകൊടുക്കാതെ ഇല്ലത്തിന്റെ തന്നെ മുഴുവൻ ഉത്തരവാദിത്തത്തിൽ ഈ ക്ഷേത്രം ജനകീയമായ പല പ്രവർത്തനങ്ങൾക്കും വഴിയൊരുക്കുന്നു. അപൂർവ്വമായി മാത്രം സംഭവിക്കുന്ന കാര്യം ഇത് മറ്റെവിടെയുമല്ല- കോഴിക്കോട് ജില്ലയിലെ ചേളന്നൂരിൽ.

ഈ ലക്കത്തിലെ ഇല്ലപ്പെരുമയിൽ 'സ്വസ്തി' വായനക്കാരെ കൊണ്ടുപോകുന്നത് ചേളന്നൂരിലെ കുറ്റ്യാട് ഇല്ലത്തെ വിശേഷങ്ങളിലേക്കാണ്.

ഒരില്ലത്തെ തേവാരം തന്നെ തറവാട്ടിൽ നിരവധി അംഗങ്ങൾ ഉണ്ടായിട്ടും നിവേദ്യംപോലും കഴിക്കാതെ ഉപേക്ഷിക്കപ്പെടുന്ന ഈ കാലഘട്ടത്തിലാണ് ചേളന്നൂരിലെ കുറ്റ്യാട് ഇല്ലത്ത് പതിനെട്ട് ഇല്ലങ്ങളിലെ പരദേവതമാർക്ക് വേണ്ട നിവേദ്യവും പൂജയും ആചരണങ്ങളുമെല്ലാം മുറതെറ്റാതെ നടത്തിവരുന്നത്. ആധുനിക വിദ്യാഭ്യാസവും ജോലിയും ഇല്ലത്തെ തേവാരം നിവൃത്തിക്കുന്നതിൽ തടസ്സമായിത്തീർന്നു എന്നതാണ് ഇന്നത്തെ കാലഘട്ടത്തിൽ കാണുന്ന ഒരു പ്രശ്നം. പലർക്കും ജോലിത്തിരക്കുകൾ കാരണം സമയമില്ല. പക്ഷേ, കുറ്റ്യാട് ഇല്ലത്തുള്ളവർക്ക് ഇങ്ങനെയൊരു തടസ്സമേയില്ല. ഇന്ന് കുറ്റ്യാട്ട് ഇല്ലത്തെ കാര്യങ്ങൾ മുഴുവൻ നോക്കിനടത്തുന്നത് അനിയൻ എന്നു വിളിക്കുന്ന ത്രിവിക്രമൻ നമ്പൂതിരിയാണ്. അദ്ദേഹത്തിന് തേവാരവും മറ്റു പൂജാ കർമ്മങ്ങളും മാത്രമല്ല, ജോലി ഒരു കോളേജ് അദ്ധ്യാപകൻ കൂടിയാണ്. യശഃശരീരനായ അദ്ദേഹത്തിന്റെ അച്ഛനും ഇതിൽ നിന്ന് വ്യത്യസ്തനായിരുന്നില്ല. അദ്ദേഹവും അദ്ധ്യാപകനായിരുന്നു.

"ആത്മാർത്ഥതയും, സമയനിഷ്ഠയും നമ്മുടെ ആചാരങ്ങൾ നിലനിർത്ത

കുറ്റ്യാട്ടില്ലത്തെ പൂജകൾക്കും ആചരണങ്ങൾക്കും ഗോപ്യമായ ഒരു തലം ഉണ്ടെങ്കിലും ഇന്ന് അവിടുത്തെ തെക്കിനിയിലെ ദേവീദേവന്മാർ ഒരു നാടിന്റെ മൊത്തം കാവലാളായിത്തീർന്നു എന്നതാണ് സത്യം



ഇരുപത്തഞ്ചോളം മൂർത്തികളുള്ള ഈ ക്ഷേത്ര സമുച്ചയത്തിലെ നിത്യ നിവേദ്യ പൂജകൾ വളരെ സങ്കീർണ്ണമായി നമുക്കു തോന്നാം

ണമെന്ന മനോഭാവവും ഉണ്ടെങ്കിൽ എല്ലാ കാര്യവും തടസ്സമില്ലാതെ നടക്കും.'' അനിയൻ പറയുന്നു.

കുറ്റ്യാട്ടില്ലത്തെ പൂജകൾക്കും ആചരണങ്ങൾക്കും ഗോപ്യമായ ഒരു തലം ഉണ്ടെങ്കിലും ഇന്ന് അവിടുത്തെ തെക്കിനിയിലെ ദേവീദേവന്മാർ ഒരു നാടിന്റെ മൊത്തം കാവലാളായിത്തീർന്നു എന്നതാണ് സത്യം.

ചാമുണ്ഡി, കുട്ടിച്ചാത്തൻ, ശ്രീവിദ്യ, ദക്ഷിണാമൂർത്തി, ഭദ്രകാളി (ഭദ്രകാളി ഒന്നല്ല രണ്ടു പേർ) ഭുവനേശ്വരി, ഗണപതി, ദുർഗ്ഗ, അയ്യപ്പൻ, അശ്വാരൂഢ ഭഗവതി, ഗുരു ഗന്ധർവ്വൻ, പൂക്കുട്ടി, തീക്കുട്ടി, കരിങ്കുട്ടി, വടുകഭൈരവൻ, സാളഗ്രാമം തുടങ്ങി ഇരുപത്തഞ്ചോളം മൂർത്തികളുള്ള ഈ ക്ഷേത്ര സമുച്ചയത്തിലെ നിത്യ നിവേദ്യ പൂജകൾ വളരെ സങ്കീർണ്ണമായി നമുക്കു തോന്നാം. എന്നാൽ അഞ്ചാം വയസ്സിൽ ഉപനയ

നം കഴിഞ്ഞ് ഏഴാം വയസ്സു മുതൽ തേവാര മൂർത്തികളെ സേവിച്ച് ഊട്ടാൻ തുടങ്ങിയ അനിയന് ഇതെല്ലാം തന്റെ നിത്യ ജീവിതത്തിന്റെ ഭാഗമാണ്.

കുറ്റ്യാട്ട് ഇല്ലത്ത് പണ്ടൊരു രീതിയുണ്ടായിരുന്നു. ഇല്ലത്ത് ഉണ്ണിയുണ്ടായാൽ ആ ഉണ്ണിയുടെ ചോറൂണിന് ഭഗവതിക്ക് പാട്ട്. ഏതൊരു തറവാട്ടിലും ഉണ്ണിയുണ്ടാകുമ്പോൾ അല്പം സന്തോഷം അധികം എന്നത് പണ്ടുകാലത്ത് നിലനിന്നിരുന്ന ഒരു രീതി. കാരണം തറവാട് നിലനിൽക്കണമെങ്കിൽ ഉണ്ണി വേണമല്ലോ. കുറ്റ്യാട്ടും ആ ശീലത്തിൽ മാറ്റമില്ലായിരുന്നു. പക്ഷേ, കുറ്റ്യാട്ട് വാസുദേവൻ നമ്പൂതിരിക്ക് മകൻ ത്രിവിക്രമൻ ഉണ്ടായപ്പോൾ അവിടുത്തെ രീതിയിൽ ചെറിയൊരു മാറ്റം സംഭവിച്ചു. ത്രിവിക്രമന്റെ നാളായ മകരത്തിലെ പൂരത്തിലെ ഭഗവതി പാട്ട്. അനിയന്റെ ഒന്നാം പിറന്നാൾ മുതൽ എല്ലാ വർഷവും പാട്ട് നടത്തി വരുന്നുണ്ട്. മുടക്കം സംഭവിച്ചിട്ടേയില്ല.

ഒരില്ലത്തെ തേവാരം ഒരിക്കലും പൊതുജനങ്ങൾക്ക് ദർശിക്കാൻ കഴിയുന്ന രീതിയിലല്ലല്ലോ സാധാരണ പതിവ്. അത് ഇല്ലങ്ങളിലെ വടക്കിനിയിലോ, തെക്കിനിയിലോ, പടിഞ്ഞാറ്റയിലോ മാത്രമായി ഒതുങ്ങിനിൽക്കുന്നു. പക്ഷേ, വാസുദേവൻ നമ്പൂതിരി പരദേവതമാരുടെ അനുഗ്രഹം ഒരു നാടിന് മുഴുവൻ കിട്ടാൻ വേണ്ടിയുള്ള വിശാലമനസ്സോടെ പ്രവർത്തിച്ചു. കുറ്റ്യാട്ട് എട്ടുകെട്ടിന്റെ ഭാഗമായിരുന്ന തെക്കിനിയും അവിടുത്തെ തേവാരങ്ങളും ഇല്ലത്തുനിന്ന് വേർതിരിച്ച് ഒരു ക്ഷേത്രമാക്കിയത് വാസുദേവൻ നമ്പൂതിരിയുടെ പ്രയത്നഫലമായിരുന്നു. അദ്ദേഹത്തിന്റെ കഠിന ഉപാസനയുടെയും, ആരാധനയുടെയും പരിശ്രമത്തിന്റെയും ബാക്കിപത്രം തന്നെയാണ് ഈ ഇല്ലത്തിന് ഇന്നു കാണുന്ന ഐശ്വര്യം.

കുറ്റ്യാട്ടില്ലത്തെ പഴയ തലമുറയിലെ കാരണവന്മാരുടെ കഴിവുകൾ പലതും ലോകം അറിയാതെ പോയി എന്നതും ഒരു ദുഃഖസത്യം. വാസുദേവൻ നമ്പൂതിരിയുടെ വല്യച്ഛൻ ശ്രീധരൻ നമ്പൂതിരി വാസ്തുശാസ്ത്രത്തിൽ അഗ്രഗണ്യനായിരുന്നു. കോഴിക്കോട് ജില്ലയിലെ അനവധി ഇല്ലങ്ങൾ അദ്ദേഹത്തിന്റെ വാസ്തു കണക്കനുസരിച്ച് തയ്യാറാക്കപ്പെട്ടിട്ടുണ്ട്. വാഴാമ്പറ്റ ഇല്ലം, ചീക്കിലോട് പുല്ലങ്ങോട് ഇല്ലം എന്നിവ അവയിൽ പെട്ടതാണ്.

***ഒരില്ലത്തെ തേവാരം ഒരിക്കലും പൊതുജനങ്ങൾക്ക് ദർശിക്കാൻ കഴിയുന്ന രീതിയിലല്ലല്ലോ സാധാരണ പതിവ്. അത് ഇല്ലങ്ങളിലെ വടക്കിനിയിലോ, തെക്കിനിയിലോ, പടിഞ്ഞാറ്റയിലോ മാത്രമായി ഒതുങ്ങിനിൽക്കുന്നു. പക്ഷേ, വാസുദേവൻ നമ്പൂതിരി പരദേവതമാരുടെ അനുഗ്രഹം ഒരു നാടിന് മുഴുവൻ കിട്ടാൻ വേണ്ടിയുള്ള വിശാലമനസ്സോടെ പ്രവർത്തിച്ചു. കുറ്റ്യാട്ട് എട്ടുകെട്ടിന്റെ ഭാഗമായിരുന്ന തെക്കിനിയും അവിടുത്തെ തേവാരങ്ങളും ഇല്ലത്തുനിന്ന് വേർതിരിച്ച് ഒരു ക്ഷേത്രമാക്കിയത് വാസുദേവൻ നമ്പൂതിരിയുടെ പ്രയത്നഫലമായിരുന്നു. അദ്ദേഹത്തിന്റെ കഠിന ഉപാസനയുടെയും, ആരാധനയുടെയും പരിശ്രമത്തിന്റെയും ബാക്കിപത്രം തന്നെയാണ് ഈ ഇല്ലത്തിന് ഇന്നു കാണുന്ന ഐശ്വര്യം.***



കുറ്റ്യാട്ട് വാസുദേവൻ നമ്പൂതിരി

വാസ്തുശാസ്ത്രത്തിൽ 'ജല പരിജ്ഞാനം' എന്ന ഗ്രന്ഥം അദ്ദേഹം എഴുതിയിരുന്നു എന്നത് പുതുതലമുറക്കെന്നല്ല ചിലപ്പോൾ അന്നത്തെ തലമുറക്ക് പോലും അറിയാൻ പറ്റിയിട്ടുണ്ടാവില്ല എന്നു തോന്നുന്നു. ഭൂമിക്കടിയിലെ ജലത്തിന്റെ ഗതിയെ കുറിച്ച് പ്രതിപാദിക്കുന്ന കാര്യങ്ങളാണ് ജലപരിജ്ഞാനം എന്ന ഗ്രന്ഥ



ത്തിന്റെ പ്രധാനമായ ഉള്ളടക്കം... വീടുണ്ടാക്കണമെങ്കിൽ കിണറും വേണം.. കിണർ കുഴിക്കണമെങ്കിൽ ഭൂമിക്കടിയിൽ ജലമുള്ള സ്ഥലമാകണം... അപ്പോൾ ജലപരിജ്ഞാനത്തിന് പ്രാധാന്യമേറുന്നു...

ബൃഹത് സംഹിത എന്ന ഗ്രന്ഥത്തിലെ ജലപരിജ്ഞാനം എന്ന അദ്ധ്യായത്തിനാണ് കുറ്റ്യാട്ട് ശ്രീധരൻ നമ്പൂതിരി വ്യാഖ്യാന ഗ്രന്ഥം എഴുതിയത്. ചില ലക്ഷണങ്ങളെ കൊണ്ട് ഭൂമിക്കടിയിലെ ജലസാന്നിദ്ധ്യത്തെ കണ്ടുപിടിക്കാൻ കഴിയുന്ന കാര്യങ്ങളാണ് 'ജലപരിജ്ഞാന'ത്തിലുള്ളത്. ചില വൃക്ഷങ്ങൾ, ചെടികൾ എന്നിവയുടെ ലക്ഷണവും സ്ഥാനവും നോക്കി ജലസ്ഥാനം കണ്ടെത്താവുന്ന കാര്യങ്ങൾ തുടങ്ങി അനവധി ലക്ഷണങ്ങൾ ഈ ഗ്രന്ഥത്തിൽ പറയുന്നുണ്ട്... നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ പേരിലല്ല ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടത്. ശ്രീധരൻ നമ്പൂതിരി വാസ്തുശാസ്ത്രത്തിൽ കാണിപ്പയ്യൂരിന്റെയും മാന്നാനംപറ്റയുടെയും ശിഷ്യനായിരു

**_പിണ്ഡക്രിയകൾക്ക് പോലും ആളുകളെ കിട്ടില്ല എന്ന കാരണം പറഞ്ഞ് ക്രിയാദികൾ ചുരുക്കുമ്പോൾ കുറ്റ്യാട്ട് വാസുദേവൻ മാഷുടെ സംഘാടന മികവിൽ ഇത്തരം കാര്യങ്ങൾ ഒന്നും ഒരു പ്രശ്നമേ ആയിരുന്നില്ല. തന്റെ അമ്മയുടെ എൺപത്തിനാലാം പിറന്നാളിന് 'അഷ്ടോത്തരശതം' കാലുകഴുകിച്ചൂട്ട് നടത്തുകയുണ്ടായി വാസുദേവൻ മാഷ്. നൂറ്റിയെട്ട് വിശിഷ്ട ബ്രാഹ്മണരെ ശ്രീകൃഷ്ണന്റെ 108 നാമങ്ങളെക്കൊണ്ട് പൂജിച്ച് കാലുകഴുകിയൂട്ടുന്ന ക്രിയയാണ് അഷ്ടോത്തരശതം കാലുകഴുകിച്ചൂട്ട്. കൃഷ്ണനാമം കാലുകഴുകിച്ചൂട്ട് എന്നും പറയും. ഒറ്റ ദിവസം കൊണ്ടാണ് ഇത്രയും പേരെ ഒന്നിച്ചിരുത്തി കാലുകഴുകിച്ചൂട്ട് കുറ്റ്യാട്ട് വെച്ച് നടത്തിയത്._**




കുറ്റ്യാട്ട് ഭഗവതി ക്ഷേത്രം

ന്നു. 'ജലപരിജ്ഞാനം' എന്ന ഗ്രന്ഥം കാണിപ്പയ്യൂരിന്റെ പഞ്ചാംഗം പുസ്തകശാലയാണ് പ്രസിദ്ധീകരിക്കുന്നത്.

ഇദ്ദേഹം താന്ത്രിക വിഷയങ്ങളിലും നല്ല അറിവ് നേടിയിരുന്നു. പല ക്ഷേത്രങ്ങളിലും തന്ത്രം ഉണ്ടായിരുന്നു. തന്ത്രശാസ്ത്ര ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട് ശ്രീധരൻ നമ്പൂതിരി. ചെണ്ടയിൽ വിദഗ്ധൻ, കഥകളി കലാകാരൻ, ജ്യോതിഷി എന്നീ മേഖലകളിലുള്ള അദ്ദേഹത്തിന്റെ കഴിവുകൾ വേറെ. ഇദ്ദേഹത്തിന് ഒൻപത് പെൺമക്കളായിരുന്നു. കോഴിക്കോട് മലപ്പുറം ജില്ലകളിലെ വിവിധ ഇല്ലങ്ങളിലേക്കാണ് ഇവരെ വിവാഹം ചെയ്തുകൊടുത്തത്. ഇല്ലത്ത് ഉണ്ണികൾ കുറവായിട്ടും വിപുലമായതും സുദൃഢമായതുമായ ബന്ധങ്ങൾ ഇവിടുത്തെ പെൺകുട്ടികൾമൂലം കുറ്റ്യാട്ട് ഇല്ലത്തിന് സ്വന്തം.

ശ്രീധരൻ നമ്പൂതിരിയുടെ കാലശേഷം അനിയൻ പത്മനാഭൻ നമ്പൂതിരിയായിരുന്നു കുറ്റ്യാട്ട് താമസം. അദ്ദേഹത്തിന് കുട്ടികളുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെയും കാലശേഷം ആൾതാമസമില്ലാതായ കുറ്റ്യാട്ടില്ലത്തേക്ക് പാലത്ത് ഊനാട്ടുകുളത്തിനടുത്തുള്ള പാലമുറ്റത്ത് ഇല്ലത്ത് താമസിച്ചിരുന്ന വാസുദേവൻ നമ്പൂതിരി മാറിത്താമസമാക്കുകയായിരുന്നു. പാലമുറ്റം കുറ്റ്യാട്ട് ഇല്ലത്ത് ലയിച്ച ഇല്ലങ്ങളിൽ ഒന്നാണ്.

വാസുദേവൻ നമ്പൂതിരിയുടെ അച്ഛൻ ത്രിവിക്രമൻ നമ്പൂതിരി വേദപണ്ഡിതനും സംസ്കൃത പണ്ഡിതനുമൊക്കെ ആയിരുന്നു. ഇവരുടെയെല്ലാം അനുഗ്രഹം വാസുദേവൻ നമ്പൂതിരിക്ക് അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രവർത്തനങ്ങൾക്കെല്ലാം മികവ് കൂട്ടി.

**_ബൃഹത് സംഹിത എന്ന ഗ്രന്ഥത്തിലെ ജലപരിജ്ഞാനം എന്ന അദ്ധ്യായത്തിനാണ് കുറ്റ്യാട് ശ്രീധരൻ നമ്പൂതിരി വ്യാഖ്യാനഗ്രന്ഥം എഴുതിയത്. ചില ലക്ഷണങ്ങളെ കൊണ്ട് ഭൂമിക്കടിയിലെ ജലസാന്നിദ്ധ്യത്തെ കണ്ടുപിടിക്കാൻ കഴിയുന്ന കാര്യങ്ങളാണ് 'ജലപരിജ്ഞാന'ത്തിലുള്ളത്. ചില വൃക്ഷങ്ങൾ ചെടികൾ എന്നിവയുടെ ലക്ഷണവും സ്ഥാനവും നോക്കി ജലസ്ഥാനം കണ്ടെത്താവുന്ന കാര്യങ്ങൾ തുടങ്ങി അനവധി ലക്ഷണങ്ങൾ ഈ ഗ്രന്ഥത്തിൽ പറയുന്നുണ്ട്..._**

പിണ്ഡക്രിയകൾക്ക് പോലും ആളുകളെ കിട്ടില്ല എന്ന കാരണം പറഞ്ഞ് ക്രിയാദികൾ ചുരുക്കുമ്പോൾ കുറ്റ്യാട്ട് വാസുദേവൻ മാഷുടെ സംഘാടന മികവിൽ ഇത്തരം കാര്യങ്ങൾ ഒന്നും ഒരു പ്രശ്നമേ ആയിരുന്നില്ല. തന്റെ അമ്മയുടെ എൺപത്തിനാലാം പിറന്നാളിന് 'അഷ്ടോത്തരശതം' കാലുകഴുകിച്ചൂട്ട് നടത്തുകയുണ്ടായി വാസുദേവൻ മാഷ്. നൂറ്റിയെട്ട് വിശിഷ്ട ബ്രാഹ്മണരെ ശ്രീകൃഷ്ണന്റെ 108 നാമങ്ങളെക്കൊണ്ട് പൂജിച്ച് കാലുകഴുകിയൂട്ടുന്ന ക്രിയയാണ് അഷ്ടോത്തരശതം കാലുകഴുകിച്ചൂട്ട്. കൃഷ്ണനാമം കാലുകഴുകിച്ചൂട്ട് എന്നും പറയും. ഒറ്റ ദിവസം കൊണ്ടാണ് ഇത്രയും പേരെ ഒന്നിച്ചിരുത്തി കാലുകഴുകിച്ചൂട്ട് കുറ്റ്യാട്ട് വെച്ച് നടത്തിയത്. ''ശ്രീകൃഷ്ണ കമ

ലാനാഥ'' എന്ന് തുടങ്ങുന്ന നൂറ്റിയെട്ട് നാമാവലി. കാണാതെ പഠിച്ച് തന്നെ യാണ് ഞാൻ അന്ന് പൂജിക്കുകയു ണ്ടായത്. രാവിലെ ഇല്ലത്തെ ജോലി കൾ തീർത്ത് ഏതാണ്ട് കോഴിക്കോട് ജില്ലയുടെ നല്ലൊരു ഭാഗം സഞ്ചരിച്ച് ദിവസങ്ങൾ ചെലവഴിച്ചാണ് ഈ കാലുകഴുകിച്ചൂട്ട് നടത്താൻ ആളുക ളെ സംഘടിപ്പിച്ചത്. പിറന്നാളിനനു ബന്ധിച്ച് സപ്താഹം ഉണ്ടായിരുന്നു. ആളുകളെ സംഘടിപ്പിക്കാനുള്ള ഓ ട്ടത്തിനിടയിൽ എനിക്ക് സപ്താഹം കേൾക്കാൻ പറ്റിയില്ല. ഇരുന്നൂറിലധി കം ആളുകളെ ചെന്നു കണ്ടിട്ടുണ്ട്, 108 പേരെ കിട്ടാൻ. അനിയൻ, തന്റെ യും അച്ഛന്റെയും അന്നത്തെ ശ്രമം ഞങ്ങളുമായി പങ്കുവെച്ചു.

(ഈ ആവശ്യത്തിനായി ഒരു വലിയ ഹാൾ തന്നെ പണിതു കു റ്റ്യാട്ട്. ഇന്നത് അമ്പലത്തിന്റെയും സമൂഹത്തിന്റെയും പൊതു ആവ ശ്യങ്ങൾക്കായും ഉപയോഗിക്കുന്നു.) പാറക്കോട്, ഇളമന, കിഴക്കുമ്പാട് എന്നിവിടങ്ങളിൽ മുമ്പ് അഷ്ടോത്തര ശതം കാലുകഴുകിച്ചൂട്ട് നടത്തിയിട്ടു ണ്ട്. അത് മൂന്നും നാലും ദിവസങ്ങൾ കൊണ്ട് ചെയ്യുകയാണ് ഉണ്ടായത്.

ബി.ജെ.പി. അനുഭാവിയായ വാസുദേവൻ നമ്പൂതിരി രാഷ്ട്രീയ ത്തിലും സജീവ സാന്നിദ്ധ്യമായി നിന്നിരുന്നു. ജില്ലാ പഞ്ചായത്തിലേ ക്ക് ബി.ജെ.പി. പ്രതിനിധിയായി മത്സ രിച്ചിരുന്നു.

ക്ഷേത്രസംരക്ഷണ സമിതി, വിദ്യാനികേതൻ, ആർ.എസ്.എസ് തു ടങ്ങിയ നിരവധി ആദ്ധ്യാത്മിക, സാം സ്കാരിക, ധാർമ്മിക പ്രസ്ഥാനങ്ങളു മായി ബന്ധപ്പെട്ടും നേതൃത്വനിരയിൽ പ്രവർത്തിച്ചിട്ടുമുണ്ട് വാസുദേവൻ നമ്പൂതിരി. ഈ പ്രവർത്തനങ്ങളെ





*കുറ്റ്യാട്ട് ത്രിവിക്രമൻ നമ്പൂതിരി (വാസുദേവൻ നമ്പൂതിരിയുടെ അച്ഛൻ), നങ്ങ യ്യ അന്തർജ്ജനം (വാസുദേവൻ നമ്പൂതിരിയുടെ അമ്മ)*

***ഇല്ലത്തെ സാമ്പത്തിക പ്രതിസന്ധി കാരണം വയലിൽ കൃഷി ചെയ്യാൻ വിഷമിച്ചിരുന്ന കാരണവരെ നാട്ടി നട്ട് സഹായിച്ചത്രെ കുട്ടിച്ചാത്തൻ. കുട്ടിച്ചാത്തൻമാർക്ക് ഒരു പ്രത്യേകതയുണ്ടത്രെ. ഒരു ഉപകാരം ചെയ്തുകഴിഞ്ഞാലും എന്തെങ്കിലും ഒരു വികൃതിയും കാണിക്കും. നാട്ടി നട്ടശേഷം ഇങ്ങനെയൊരു വികൃതി കാണിച്ചു, കുട്ടിച്ചാത്തൻമാർ. ഇല്ലത്തെ പടിപ്പുര തീയിട്ടു കാഞ്ഞു ഇവർ.***

ല്ലാം കൂടെ നിന്നവർക്ക് പോസിറ്റീവ് എനർജി നൽകി പ്രവർത്തിച്ചതിന്റെ ഒന്നിലേറെ കഥകൾ പറയാനുണ്ടാ വും തീർച്ച. യോഗക്ഷേമസഭയുടെ ചരിത്രത്തിലും നല്ല തിളക്കമാർന്ന കാലഘട്ടമായിരുന്നു കുറ്റ്യാട് വാ സുദേവൻ നമ്പൂതിരി. കക്കോടി ഉപ സഭയുടെയും ജില്ലയുടെയും ഒക്കെ നേതൃത്വത്തിൽ ഇരുന്നിരുന്ന സമയം. പത്തു വർഷങ്ങൾക്ക് മുമ്പ് കുന്നമം ഗലത്ത് വെച്ച് നടത്തിയ യോഗക്ഷേ മസഭ ജില്ലാ കലാമേളയുടെ വിജയ ത്തിന് വാസുദേവൻ നമ്പൂതിരിയുടെ സംഘാടന മികവ് ഒരു കാരണമായി രുന്നു. അദ്ദേഹത്തിന്റെ വാക്ചാതുര്യ വും ആജ്ഞാശക്തിയും അർപ്പണ മനോഭാവവുമെല്ലാം കാരണം കുടും ബത്തിലായാലും സമൂഹത്തിലായാ ലും അദ്ദേഹത്തിന്റെ വാക്കുകളെ നിഷേധിക്കാൻ ആർക്കും കഴിയില്ലാ യിരുന്നു. ആ കഴിവ് തന്നെയാകണം കുറ്റ്യാട്ടില്ലത്തെയും ഭഗവതി ക്ഷേത്ര ത്തെയും ഉയർച്ചയിലേക്ക് നയിച്ചത്. വാസുദേവൻ നമ്പൂതിരിക്കൊപ്പം എല്ലാ കാര്യത്തിലും പിന്തുണയോ ടെ പത്നി സാവിത്രി അന്തർജനവും ഉണ്ടായിരുന്നു. അദ്ധ്യാപികയായി വി രമിച്ച സാവിത്രി അന്തർജനം ആശ്ര നാമത്ത് ഇല്ലത്തെ മഹളാണ്.



*വാസുദേവൻ നമ്പൂതിരിയും പത്നി സാവിത്രി അന്തർജ്ജനവും*



*കുട്ടിച്ചാത്തൻ കുഴിച്ച കുളം പുതുക്കിപ്പണിതത് (ഇൻസെറ്റിൽ പഴയ കുളം)*

# കുട്ടിച്ചാത്തൻ വിശേഷങ്ങൾ

കുറ്റ്യാട്ടില്ലത്തെ ഒരു മുത്തശ്ശിക്ക് കുളിക്കാൻ വേണ്ടി കുട്ടിച്ചാത്തന്മാർ കുഴിച്ചുകൊടുത്തതാണത്രേ ഇന്ന് പുതുക്കിപ്പണിതു കാണുന്ന ക്ഷേത്രക്കുളം. ഇതിനെപ്പറ്റി ഒരു കഥയുണ്ട്. ഇല്ലത്തു നിന്ന് അല്പം ദൂരെയായിരുന്നത്രെ കുളം.. മുത്തശ്ശി എന്നും മുങ്ങി കുളിക്കണമെന്ന നിർബന്ധക്കാരിയും.. പ്രായാധിക്യം ഇതിന് വൈഷമ്യമായി തീർന്നു... ഒരു ദിവസം കുളിച്ച് പോരുമ്പോൾ കുട്ടിച്ചാത്തനെ വിളിച്ച് പ്രാർത്ഥിച്ചു..

''ഇങ്ങനെയായാൽ ഞാൻ ശുദ്ധമായി തൊഴലുണ്ടാവുകയില്ല. അതിനുള്ള തടസ്സങ്ങൾ നീക്കിത്തരണം.'' അന്നു രാത്രി മുത്തശ്ശിക്ക് സ്വപ്നത്തിൽ കുട്ടിച്ചാത്തന്റെ ദർശനമുണ്ടായി. നാളെ രാവിലെ മുങ്ങിക്കുളിക്കാൻ ഇല്ലത്തിനു തൊട്ടുമുന്നിൽ കുളം നിർമ്മിച്ചിട്ടുണ്ട് എന്ന അശരീരിയും. രാവിലെ എഴുന്നേറ്റ് നോക്കിയപ്പോൾ അശരീരി സത്യമാണ്. ഇല്ലത്തിന് മുന്നിൽ ഒരു കൊച്ചു കുളം മുത്തശ്ശിക്ക് വേണ്ടി. പണിതത് ചാത്തൻമാർ...

ഇല്ലത്തെ സാമ്പത്തിക പ്രതിസന്ധി കാരണം വയലിൽ കൃഷി ചെയ്യാൻ വിഷമിച്ചിരുന്ന കാരണവരെ നാട്ടി നട്ട് സഹായിച്ചത്രെ കുട്ടിച്ചാത്തൻ. കുട്ടിച്ചാത്തൻമാർക്ക് ഒരു പ്രത്യേകതയുണ്ടത്രെ. ഒരു ഉപകാരം ചെയ്തുകഴിഞ്ഞാലും എന്തെങ്കിലും ഒരു വികൃതിയും കാണിക്കും. നാട്ടി നട്ടശേഷം ഇങ്ങനെയൊരു വികൃതി കാണിച്ചു, കുട്ടിച്ചാത്തൻമാർ.

ഇല്ലത്തെ പടിപ്പുര തീയിട്ടു കാഞ്ഞു ഇവർ.

അതിഥിയായി കുറ്റ്യാട്ട് വന്ന ഒരു വൃദ്ധ ബ്രാഹ്മണന് കുളിക്കാൻ കുളത്തിലേക്ക് വിളക്കുമായി വഴികാണിച്ചുകൊടുത്തുവത്രെ കുട്ടിച്ചാത്തന്മാർ. അത് ഇല്ലത്തെ കാരണവരുടെ നിർദ്ദേശപ്രകാരമായിരുന്നു. അദ്ദേഹം കുളി കഴിഞ്ഞ് ഇല്ലത്തെത്തുംവരെ കൂടെ വേണം എന്ന് കാരണവർ കുട്ടിച്ചാത്തൻമാരോട് നിർദ്ദേശിച്ചിരുന്നു. കാരണവർക്ക് കൊടുത്ത വാക്ക് പാലിക്കേണ്ടത് കുട്ടിച്ചാത്തന്മാരുടെ ബാധ്യതയാണ്. പക്ഷേ, അതിഥിയായി വന്ന ബ്രാഹ്മണൻ കുളത്തിലേക്ക് പോകാതെ തന്റെ ഇല്ലത്തേക്ക് തിരിച്ചുപോയി. കാരണവരോടുള്ള വാക്ക് പാലിക്കാൻ വേണ്ടി കുട്ടിച്ചാത്തന്മാരും അതിഥിയുടെ കൂടെ അദ്ദേഹത്തിന്റെ ഇല്ലത്തേക്ക് പോയി. അങ്ങനെ വൃദ്ധബ്രാഹ്മണൻ കുട്ടിച്ചാത്തന്മാരെ തന്റെ ഇല്ലത്ത് കുടിയിരുത്തിയത്രെ. അങ്ങനെ അങ്ങനെ നിരവധി കഥകളാണ് കുറ്റ്യാട്ടില്ലത്തെ കുട്ടിച്ചാത്തന്മാരെക്കുറിച്ച് പറയുവാനുള്ളത്.

കുറ്റ്യാട്ട് കുട്ടിച്ചാത്തന് പ്രധാന വഴിപാട് നൂറ്റൊന്ന് നാഴി അവിൽ കുഴച്ചതാണ്. അവിൽ കുഴയ്ക്കുന്നതിന് പ്രത്യേക കണക്കും പ്രത്യേക ആചരണവുമുണ്ട്. നൂറ്റൊന്ന് നാഴി അവിൽ, നൂറ്റൊന്നു പലം ശർക്കര, നൂറ്റൊന്ന് നാളികേരം, നൂറ്റൊന്നു കദളിപ്പഴം എന്നിവ കൃത്യമായി വഴിപാടിന്റെ അന്ന് ഉച്ചപൂജക്ക് ശേഷം നടക്കൽ അളന്നിടുന്നു. അത് തറവാട്ടിലുള്ള നമ്പൂതിരിമാർ തന്നെ ചെയ്യണം.

പിന്നീട് നടയടച്ച് കുളിച്ച് വന്ന ശർക്കര പാവു കാച്ചി അവിൽ കുഴച്ച് അത്താഴപൂജക്ക് നിവേദിക്കുന്നു.



*മുത്തശ്ശിയുടെ 84-ാം പിറന്നാൾ ആഘോഷ വേളയിൽ കലശമാടുന്നു*

കുറ്റ്യാട്ട് ഇല്ലത്ത് മകരച്ചൊവ്വക്ക് നടത്തുന്ന ഗുരുതിക്ക് ഒരു പ്രത്യേകതയുണ്ട്. മിക്കവാറും അമ്പലങ്ങളിലും ഇല്ലങ്ങളിലുമെല്ലാം തിടമ്പിലേക്കാവാഹിച്ചാണ് ഗുരുതി കഴിക്കുക. പക്ഷേ, കുറ്റ്യാട് അതിൽ നിന്ന് വ്യത്യസ്തമായി ശ്രീകോവിലിനകത്ത് ബിംബത്തിലേക്കാണ് ഗുരുതി. ഗുരുതി നടത്താനും തറവാട്ടിലുള്ളവർ തന്നെ വേണം.

കുറ്റ്യാട് പല കാര്യങ്ങളും അങ്ങനെയാണ് പല കാര്യങ്ങൾക്കും ഒരു രഹസ്യ സ്വഭാവമുണ്ട്. പല പൂജകളുടെയും മൂലമന്ത്രവും രീതികളും ഒന്നും പുറമെ ആർക്കും ഉപദേശിച്ച് നൽകാൻ കഴിയില്ല. അത് കുറ്റ്യാട്ട് തറവാട്ടുകാർക്ക് മാത്രം സ്വന്തം.

മകരത്തിലെ മകീരിയത്തിന് കൊടിയേറുന്ന ഉത്സവം പൂരത്തിന് കൊടിയിറങ്ങുന്നു. ക്ഷേത്ര കലകൾക്ക് പ്രാധാന്യം കൊടുക്കുന്ന ഉത്സവം ജാതിമതഭേദമെന്യേ ജനകീയ പങ്കാളിത്തമുറപ്പിക്കുന്ന പരിപാടികൾക്കും വേദിയാകുന്നു.

കൊടിയേറ്റത്തിന്റെ പിറ്റേ ദിവസം തുടങ്ങി ഉത്സവം കഴിയുന്നതുവരെ നീളുന്ന ആയുർവേദ മെഡിക്കൽ ക്യാമ്പ് ഇവിടെ സ്ഥിരമായി നടക്കുന്നുണ്ട്.

''2003 ലാണ് എന്റെ ഓപ്പോൾ ശ്രീവിദ്യ ബി.എ.എം.എസ്. കോഴ്സ് കഴിഞ്ഞ് എത്തുന്നത്. അപ്പോൾ അച്ഛന്റെ മനസ്സിൽ തോന്നിയതാണ് ഉത്സവത്തോടനുബന്ധിച്ച് ആയുർവ്വേദ ക്യാമ്പ് നടത്തണം എന്നത്. ഓപ്പോളുടെ സേവനം നാട്ടുകാർക്ക് ഉപകാരപ്രദമാവണം എന്ന ഉദ്ദേശത്തോടെ.'' ത്രിവിക്രമൻ പറയുന്നു.

ശ്രീവിദ്യയുടെയും ഡോ. ആര്യാദേവിയുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടക്കുന്നത്. ആദ്യവർഷം ഒറ്റ ദിവസത്തെ ക്യാമ്പാണ് കുറ്റ്യാട്ട് നടന്നത്. ആ ക്യാമ്പിന് നിരവധി ആളുകൾ പങ്കെടുത്തു. അതുകൊണ്ടുതന്നെ അടുത്ത വർഷം അത് മൂന്നു ദിവസമാക്കി മാറ്റി. പിന്നീട് ഏഴു ദിവസമാക്കി. ഏഴു ദിവസമാക്കിയപ്പോൾ ഗവൺമെന്റിന്റെ അനുവാദത്തോടെ മെഡിക്കൽ ഓഫീസർമാരെ ഉൾപ്പെടുത്തി ക്യാമ്പ് വളരെ വിപുലമാക്കി. ക്യാമ്പ് കഴിയുമ്പോഴേക്ക് നാൽപ്പത്തഞ്ചിലധികം ഡോക്ടർമാരുടെ സേവനം ആയിരത്തി അഞ്ഞൂറോളം രോഗികൾക്ക് ലഭ്യമാകും. മുഴുവൻ രോഗികൾക്കും സൗജന്യമായി മരുന്ന് നൽകാൻ ഒരുപാട് ദിവസത്തെ അദ്ധ്വാനമുണ്ട്. പല കമ്പനികളെ



**വാഴാമ്പറ്റ വാസുദേവൻ മാഷ്**

എന്റെ കുട്ടിക്കാലം മുതൽ ഉള്ള ബന്ധമാണ് ഞാനും വാസുദേവനും. എന്റെ ഓപ്പോളാണ് ആശ്രാമത്ത് ഇല്ലത്ത്. വാസുദേവന്റെ അമ്മയുടെ അമ്മാത്താണ് ആശ്രാമത്ത്. ഞാൻ ആശ്രാമത്ത് താമസിച്ചാണ് പഠിച്ചത്. അവിടെവെച്ചാണ് ഞങ്ങളുടെ ബന്ധം സുദൃഢമാകുന്നത്. സൗഹൃദബന്ധം മാത്രമല്ല, കുടുംബബന്ധവും വളരെ നന്നായി കൊണ്ടുപോകാൻ ശ്രമിച്ചിരുന്ന ആളാണ് വാസുദേവൻ. അദ്ദേഹത്തിന്റെ സഹോദരി നർമ്മദയെ പിണക്കാമറ്റത്തേക്കാണ് വേളി കഴിച്ചുകൊടുത്തത്. വിവാഹം കഴിഞ്ഞ് മകൻ ഉണ്ടായി. അധികം താമസിയാതെ തന്നെ വേളി കഴിച്ചയാൾ മരിച്ച സഹോദരിയെ പിന്നീട് കുറ്റ്യാട്ടേക്ക് കൂട്ടിക്കൊണ്ടുവരികയും അവർക്ക് വേറെ വീട് വെച്ചുകൊടുക്കുകയും മകനെ വളർത്തി ജോലി ആക്കിക്കൊടുക്കുകയും. സ്വന്തം മകന്റെ വേളി തീരുമാനമായിട്ടും അത് നടത്തുന്നത് മരുമകന്റെ വേളി തീരുമാനമായിട്ടേ ഉള്ളൂ എന്ന് ശഠിക്കുകയും ഒരേ ദിവസം നടത്തുകയും ചെയ്തു വാസുദേവൻ.

രാഷ്ട്രീയപരമായി രണ്ടും രണ്ട് ധ്രുവങ്ങളിലായതുകൊണ്ട് ഞങ്ങൾ തമ്മിലുള്ള തർക്കങ്ങളാണ് എന്റെ ഓർമ്മയിൽ എപ്പോഴും വരിക. ഞങ്ങൾ രാത്രിസമയങ്ങളിലൊക്കെ അവിടെ ഒത്തുകൂടുമ്പോൾ പിറ്റേ ദിവസം അടുത്തുള്ള ആളുകൾ ''എന്തായിരുന്നു രാത്രി അവിടെ'' എന്നു ചോദിക്കും. അത്രയ്ക്ക് ബഹളമായിരിക്കും. ഒരുതവണ അദ്ദേഹം പൂജക്ക് ചെന്നാൽ വീണ്ടും അദ്ദേഹം വരണമെന്ന് ആവശ്യക്കാർക്ക് തോന്നിക്കുന്ന ഒരു രീതി അദ്ദേഹത്തിലുണ്ടായിരുന്നു. എന്റെ മരുമകൾ സാവിത്രിയെയാണ് വേളി കഴിച്ചതെങ്കിലും ബന്ധു എന്നതിനേക്കാൾ സുഹൃത്ത് എന്ന നിലയിലാണ് ഞങ്ങൾ തമ്മിലുള്ള ബന്ധം. വാസുദേവന്റെ നേതൃത്വപരമായ ഒരു കഴിവും ആജ്ഞാശക്തിയും അദ്ദേഹത്തെ നാട്ടിലെ ഒരു പ്രധാനിയാക്കിത്തീർത്തു.

ക്കൊണ്ട് സ്പോൺസർ ചെയ്യിപ്പിച്ചും തൈലങ്ങൾ ഇല്ലത്തുതന്നെ ഉണ്ടാക്കിയുമാണ് ക്യാമ്പിന് മരുന്ന് സംഘടിപ്പിക്കുന്നത്.

ലൈഫ് സയൻസ് അക്കാദമി എന്നൊരു സ്ഥാപനവും ഈ ക്ഷേത്രത്തോടനുബന്ധിച്ച് നടത്തിവരുന്നു. ലൈഫ് സയൻസ് അക്കാദമി എന്നൊരു സ്ഥാപനം കോഴിക്കോട് ഉണ്ട്.. അവരുടെ ഒരു ബ്രാഞ്ചായ ഇവിടെ മതത്തേ കുറിച്ചും മത ഗ്രന്ഥങ്ങളെ കുറിച്ചും അറിവ് നൽകുന്നു. നല്ല തലമുറയെ വളർത്തിയെടുക്കാൻ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉപകാരപ്പെടുന്ന ക്ലാസുകൾ ഈ അക്കാദമി നൽകുന്നു. പേരന്റിംഗ്, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ് തുടങ്ങിയ ക്ലാസുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പുതുതലമുറയെ മിടുക്കരായി വളർത്താനുള്ള പ്രവർത്തനമാണ് അക്കാദമിയുടേത്. ഇത് ഇവിടുത്തെ പ്രവർത്തനങ്ങളിൽ ചിലത് മാത്രം.

ചേളന്നൂർ പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ പറക്കുന്നത്ത്, മുപ്പറ്റ, ചാത്താർകോട്ട ഭാഗത്ത് അനുഭവിക്കുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണണം. പഞ്ചായത്തിന്റെ കീഴിൽ കുടിവെള്ള വിതരണത്തിന് കിണർ കുഴിക്കണം. പൈപ്പ് വഴി കുടിവെള്ളക്ഷാമമുള്ള സ്ഥലത്ത് വെള്ളം എത്തിക്കാം..പക്ഷേ കിണർ കുഴിക്കാൻ സ്ഥലം വേണമല്ലോ.. വെള്ളം ധാരാളമായി ലഭിക്കുന്ന സ്ഥലവും വേണം.. ഇരുനൂറിലധികം വരുന്ന വീടുകളിലേക്ക് വെള്ളം എത്തണം.. സ്ഥലത്തിനു വേണ്ടി നാട്ടിലെ പലരേയും സമീപിച്ചു. പക്ഷേ നല്ല വില ലഭിക്കുന്ന സ്ഥലം വിട്ടു നൽകാൻ പലർക്കും മനസ്സ് ഉണ്ടായില്ല. നാട്ടുകാർ പിന്നീട് കുറ്റ്യാട്ട് വാസുദേവൻ നമ്പൂതിരിയെ സമീപിച്ചു. ജനസേവകനും ജനസമ്മതനുമായ വാസുദേവൻ നമ്പൂതിരിക്ക് മറിച്ചൊന്നും ചിന്തിക്കേണ്ട ആവശ്യമേ ഇല്ലായിരുന്നു.. സ്ഥലം സൗജന്യമായി നൽകാൻ അദ്ദേഹം പൂർണ്ണ സമ്മതം നൽകി.. ഒന്നരസെന്റ് സ്ഥലം മെയ്ൻ റോഡിന് അരികിൽ ... പ്രതിഫലേച്ഛയില്ലാതെ ആണെങ്കിലും ഉപകാര



*പുതിയ തലമുറ മുത്തശ്ശിയോടൊപ്പം. ത്രിവിക്രമന്റെ മക്കൾ മൈത്രേയിയും വാസുദേവനും*

സ്മരണ പോലെ പഞ്ചായത്ത് ഒരു പൈപ്പ് കുറ്റ്യാട്ടെ ഭരദേവതമാരുടെ ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ട്.

ഓണക്കാലത്ത് സപ്താഹം നടത്താറുണ്ട് കുറ്റ്യാട്ട്. ഏതാണ്ട് പത്ത് വർഷത്തിലധികമായി ഈ സപ്താഹം നടത്താൻ തുടങ്ങിയിട്ട്. പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരിയാണ് ഇതുവരെയും യജ്ഞാചാര്യനായത്. ഈ സപ്താഹത്തിനുമുണ്ട് ഒരു പ്രത്യേകത. യജ്ഞാചാര്യനും സഹായിയുമല്ല ഈ സപ്താഹം നടത്തുന്നത്. ഒരു ദിവസത്തെ ആദ്യ അദ്ധ്യായം യജ്ഞാചാര്യൻ വായിച്ചു തുടങ്ങും. പിന്നീടുള്ള അദ്ധ്യായങ്ങൾ ശ്രോതാക്കളാണ് വായിക്കുക. വായിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും സദസ്സിലുള്ളവർ ഓരോ അദ്ധ്യായമെങ്കിലും വായിച്ചിരിക്കണമെന്ന് നിർബന്ധമാണ് ഈ സപ്താഹത്തിൽ. അതുകൊണ്ടുതന്നെ മറ്റു സപ്താഹ വേദികളെ അപേക്ഷിച്ച് സദസ്യർ വളരെ കുറവായിരിക്കും ഇവിടെ. ഏറിയാൽ 50 പേർ. പക്ഷേ, വായിക്കണം എന്ന മോഹത്തോടെ വളരെ ദൂരെനിന്നു പോലും ആളുകൾ ഈ സപ്താഹത്തിൽ പങ്കെടുക്കുന്നുണ്ട്.

കുറ്റ്യാട്ട് ഇല്ലത്തിന്റെയും ക്ഷേത്രത്തിന്റെയും കഥകൾ പറയാൻ ഏടുകൾ ഇനിയും വേണം.

ഒരുപാട് പ്രാർത്ഥനകൾക്കും പൂജകൾക്കും ശേഷം ഉണ്ടായ ഉണ്ണിയാണ് ത്രിവിക്രമൻ. ഉണ്ണിയുണ്ടാവാൻ പതിനാറ് തിരുവോണം നോറ്റ് പായസഹോമം നടത്തിയ ശേഷമാണ് വാസുദേവൻ നമ്പൂതിരിക്കും സാവിത്രി അന്തർജ്ജനത്തിനും ത്രിവിക്രമൻ ഉണ്ടായത്. പായസഹോമം ഇപ്പോഴും തുടരുന്നു അവിടെ, എല്ലാ മാസവും തിരുവോണത്തിന്. എല്ലാ ദിവസവും ഗണപതി ഹോമം, ക്ഷേത്രത്തിലെ നിത്യനിദാന പൂജകൾ, കോളേജ് അദ്ധ്യാപനം കൂടെ തന്ത്രവും. അച്ഛനുള്ളപ്പോൾ രണ്ടു പേരും ചേർന്ന് ചെയ്യുമായിരുന്നു. അന്ന് അനിയന് അല്പം ആശ്വാസമുണ്ടായിരുന്നു. പക്ഷേ, ഇന്ന് അച്ഛനില്ല. എങ്ങനെ ഇതെല്ലാം കൊണ്ടുപോവുന്നു എന്ന ചോദ്യത്തിന് അനിയന് ഒരു തുറന്ന് ചിരി മാത്രമാണ് ഉത്തരം. ഈ കാര്യത്തിലെല്ലാം അച്ഛോളുടെ മകൻ പിണക്കാമറ്റം ശ്രീധരൻ നമ്പൂതിരിയുടെ സഹായത്തിനും



*കളംപാട്ട്*



*കുറ്റ്യാട്ടെ കുടുംബാംഗങ്ങൾ*

പിന്തുണക്കും അനിയൻ എന്നും വളരെയധികം പ്രാധാന്യം നൽകുന്നു. കുറ്റ്യാട്ട് വാസുദേവൻ നമ്പൂതിരിക്ക് മൂന്നു മക്കളാണ്. മൂത്ത മകൾ ഷീന (ശ്രീദേവി) കോയമ്പത്തൂരിൽ എൽ.എം.ഡബ്ലിയു. കമ്പനിയിൽ ജൂനിയർ മാനേജർ. ഷീനയെ വേളികഴിച്ചിരിക്കുന്നത് ചെറുവറ്റ സുരേഷ് ബാബു. അദ്ദേഹവും ഐ.ടി. കമ്പനിയിൽ ജോലി ചെയ്യുന്നു. ഒരു മകൻ കൃഷ്ണദേവ്. രണ്ടാമത്തെ മകൾ ശ്രീവിദ്യ ഗവൺമെന്റ മെഡിക്കൽ ഓഫീസറാണ്. പിറവം ആയുർവ്വേദ ആശുപത്രിയിൽ ജോലി ചെയ്യുന്നു. ശ്രീവിദ്യയെ വേളി കഴിച്ചിരിക്കുന്നത് പെരിയമന ഉണ്ണികൃഷ്ണൻ. അദ്ദേഹം പി.എസ്.സി. ഡിപ്പാർട്ട്മെന്റിൽ ഓഫീസറാണ്. മൂന്നാമത്തെ ആളാണ് ത്രിവിക്രമൻ. ത്രിവിക്രമൻ വേളി കഴിച്ചിരിക്കുന്നത് ചീക്കിലോട് പുല്ലങ്ങോട്ടില്ലത്തെ ദിവ്യയെയാണ്. ദിവ്യ ആയുർവ്വേദ ഡോക്ടറാണ്. രണ്ടു കുട്ടികളാണുള്ളത്. മൈത്രേയിയും വാസുദേവനും

കുറ്റ്യാട്ട് വാസുദേവൻ നമ്പൂതിരി അന്തരിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. അദ്ദേഹത്തിന്റെ അഭാവത്തിലും പത്നി സാവിത്രി അന്തർജ്ജനവും മകൻ ത്രിവിക്രമനും കുടുംബാംഗങ്ങളും അദ്ദേഹം വിരിച്ചുവെച്ച പാതയിലൂടെ എല്ലാ കാര്യങ്ങളും ഒരു കുറവും വരുത്താതെ മുന്നോട്ടു കൊണ്ടുപോകുന്നു. പെൺമക്കൾ ഷീനയും ശ്രീവിദ്യയും ത്രിവിക്രമന്റെ പത്നി ദിവ്യയും എല്ലാറ്റിനും ഒപ്പമുണ്ട്.



*ത്രിവിക്രമനും പത്നി ദിവ്യയും*

# ഓർമ്മയിൽ തങ്ങിനിൽക്കുന്ന പൂജ

**കൊയ്ത്തോടി പരമേശ്വരൻ നമ്പൂതിരി**

ഏതാനും വർഷങ്ങൾക്ക് മുമ്പാണ്, കണ്ണൂർ ജില്ലയിലെ കണ്ണാടിപ്പറമ്പിൽ 11 ദിവസം നീണ്ടുനിന്ന മഹാ അതിരുദ്രം നടക്കുകയുണ്ടായി. 11 പേർ വീതമുള്ള 11 യജുർവേദജ്ഞ സംഘം പുലർച്ചെ അഞ്ചു മണിക്ക് തുടങ്ങി 9.30 വരെയാണ് വെള്ളം പോലും കുടിക്കാതെ ഓരോ ദിവസവും ശ്രീരുദ്രവും ചമകവും ആലപിച്ചത്. അതിനുശേഷം മറ്റൊരു വേദിയിൽ അനുബന്ധ ചടങ്ങുകളും പ്രഭാഷണങ്ങളും നടന്നു. ഒരു ദിവസം സന്ധ്യക്ക് ഭാരതമാതാ പൂജ നടന്നു. അഖണ്ഡഭാരതത്തിന്റെ വലിയ പടം വരച്ച് 51 ശക്തിപീഠങ്ങൾ അടയാളപ്പെടുത്തി അവിടെ പത്മമിട്ട് വിളക്ക് വെച്ച് ഒരേ സമയം 51 പേർ സപരിവാരപൂജ നടത്തുന്നതാണ് ഈ പൂജ. 51 പേരിൽ ഒരാൾ ശ്രീ. കുറ്റ്യാട്ട് വാസുദേവൻ നമ്പൂതിരി ആയിരുന്നു. അദ്ദേഹത്തെ ഓർക്കുമ്പോൾ എന്റെ ഓർമ്മയിൽ എന്നും തങ്ങിനിൽക്കുന്നതാണ് ഈ പൂജ. മാങ്കാവ് സുകൃതം ആയുർവ്വേദ ചികിത്സാലയത്തിന്റെ നടുമുറ്റത്ത് ധന്വന്തരി മൂർത്തിയുടെ ഒരു വിഗ്രഹപ്രതിഷ്ഠയും കരിങ്കൽ വിളക്ക് സ്ഥാപനവും നടന്നത് കുറ്റ്യാട്ട് വാസുദേവേട്ടന്റെ കാർമ്മികത്വത്തിലായിരുന്നു. അതിന്റെ പരികർമ്മി ഞാനായിരുന്നു എന്ന കാര്യവും ഓർക്കുന്നു. ആർ.എസ്.എസ്സിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ഞാൻ കുറ്റ്യാട്ട് വാസുദേവേട്ടനുമായി കൂടുതൽ അടുക്കുന്നത്. യോഗക്ഷേമസഭാ പ്രവർത്തനവും കാരണമായി. തനിക്ക് ചുറ്റുമുള്ള സൗഹൃദവലയം എന്നും നിലനിർത്താൻ അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവാണ്. തനിക്ക് ചുറ്റും നിൽക്കുന്നവർക്ക് എന്നും പോസിറ്റീവ് എനർജി നൽകാനും അദ്ദേഹം എന്നും ശ്രദ്ധിക്കാറുണ്ടായിരുന്നു.



*അഷ്ടോത്തരശതം കാലുകഴുകിച്ചൂട്ട്*

# 35 വർഷത്തെ പരിചയം



**പുതിയടം ശങ്കരൻ നമ്പൂതിരി**
**പാലത്ത്**

“ശങ്കരേട്ടന്റെ വലംകൈ പോയി.” കുറ്റ്യാട്ടില്ലത്തെ വാസുവേട്ടന്റെ ദേഹവിയോഗത്തിൽ ശ്രീ. തരിപ്പ മനോജ് അന്ന് പറഞ്ഞ വാക്കുകൾ അക്ഷരാർത്ഥത്തിൽ വളരെ ശരി തന്നെയാണ്. പാലത്ത് ഊട്ടുകുളത്തുള്ള പാലമുറ്റത്ത് എന്ന ഇല്ലത്തായിരുന്നു വാസുവേട്ടനും കുടുംബവും താമസിച്ചിരുന്നത്. ഏകദേശം 35 വർഷം മുമ്പാണ്. അന്നാണ് അദ്ദേഹത്തെ ആദ്യമായി ഞാൻ പരിചയപ്പെടുന്നത്. വാസുവേട്ടൻ അന്ന് ജനതാ യു.പി.സ്കൂളിൽ ഹിന്ദി അദ്ധ്യാപനായിരുന്നു. അന്നുമുതൽ ഇന്നുവരെ എന്റെ മനസ്സിൽ വാസുവേട്ടൻ ജീവിക്കുന്നു. ഇപ്പോഴത്തെ കുറ്റ്യാട്ടില്ലം ആ സമയത്ത് ആൾതാമസമില്ലാതെ കിടക്കുകയായിരുന്നു. തൊട്ടടുത്തുള്ള ദൈവസ്ഥാനവും ഇന്നു കാണുന്ന കുറ്റ്യാട്ടില്ലവും ക്ഷേത്രവും അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിന്റെയും ജനസ്വാധീനത്തിന്റെയും ഫലമാണ്. കുറ്റ്യാട്ട് ഭഗവതി ക്ഷേത്രോത്സവം ഈ ഭാഗത്ത് വളരെ പ്രസിദ്ധമാണ്. എല്ലാ ഉത്സവങ്ങളിലും വിപുലമായ അന്നദാനം, ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ, കലാപരിപാടികൾ എന്നിവ എടുത്തുപറയേണ്ടതാണ്. വേറൊരു പ്രത്യേകത ഈ ഉത്സവ ദിവസങ്ങളിൽ എല്ലാ ദിവസവും ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് ഇവിടെ നടത്തിവരുന്നുണ്ട്. ദൈവികമായ എല്ലാ കർമ്മങ്ങളും വളരെ ചിട്ടയോടെ ഇവിടെ പാലിക്കപ്പെടുന്നുണ്ട്. വാസുവേട്ടന്റെ അഭാവത്തിലും അതിനൊന്നും ഒരു കുറവും വന്നിട്ടില്ല. എന്നെ സംബന്ധിച്ചിടത്തോളം വാസുവേട്ടൻ ജ്യേഷ്ഠ സഹോദരനും ഗുരുതുല്യനുമാണ്. എനിക്ക് പല സംഘടനകളിലും പ്രവർത്തിക്കുവാൻ അവസരമുണ്ടായിട്ടുണ്ടെങ്കിലും കറകളഞ്ഞ സംഘടനാ പ്രവർത്തനം എങ്ങനെ വേണമെന്ന് ഉള്ള അറിവ് യോഗക്ഷേമസഭാ കക്കോടി ഉപസഭയുടെ സെക്രട്ടറി എന്ന നിലയിൽ പ്രസിഡന്റായിരുന്ന വാസുവേട്ടന്റെ ആധികാരികമായ നിർദ്ദേശങ്ങളിൽ നിന്നാണ് ലഭിച്ചത്. അസാധ്യമെന്ന് തോന്നുന്ന ഏതു കാര്യവും സാധ്യമെന്ന് നമുക്ക് പഠിപ്പിച്ചുതരുന്ന വാസുവേട്ടന്റെ ബുദ്ധിശക്തിയും വാക്ചാതുര്യവും ആജ്ഞാശക്തിയും വർണ്ണനാതീതമാണ്. വാസുവേട്ടന്റെ മുഖത്തു നോക്കി നിഷേധിക്കുവാൻ ആർക്കും സാധ്യമായിരുന്നില്ല. എല്ലാവർക്കും നന്മ വരട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വാസുവേട്ടൻ. ഏതു കാര്യവും തുറന്നടിച്ചു പറയാനുള്ള കഴിവ് അപാരമാണ്. അവസാന നാളുകളിൽ ഒരു മാസം പൂർണ്ണമായും എല്ലാ ദിവസങ്ങളിലും ഞങ്ങൾ കണ്ടുമുട്ടുമായിരുന്നു. ഉച്ചവരെ കണ്ടില്ലെങ്കിൽ ഫോൺ വിളി വരും. ചില ദിവസങ്ങളിൽ രണ്ടു പ്രാവശ്യമെങ്കിലും ഞങ്ങൾ കാണുമായിരുന്നു. വാസുവേട്ടന്റെ ദേഹവിയോഗം എന്നു പറയുവാൻ പോലും ഞാനാഗ്രഹിക്കുന്നില്ല. ആ മഹാനുഭാവൻ ഇന്നും എന്നും നിറപുഞ്ചിരിയുമായി എന്നിൽ ജീവിക്കുന്നു.



# വടക്കൻ സ്റ്റൈലും തെക്കൻ സ്റ്റൈലും ചേർന്നപ്പോൾ



ശാരദ അന്തർജ്ജനം

വളരെ സന്തോഷത്തോടെയാണ് ഒരു കോഴിക്കോട് യാത്ര തിടുക്കത്തിൽ സംഘടിപ്പിച്ചത്. സിറ്റി ഉപസഭയുടെ തിരുവാതിര ആഘോഷം എന്റെ മകളായ ശ്രീരേഖയുടെ ഇല്ലത്താണ് എന്നറിഞ്ഞപ്പോൾ ഒരു യാത്രയുടെ സുഖവും, ബന്ധുസമാഗമവും, ആഘോഷത്തിന്റെ ആസ്വാദനവും ഒന്നിച്ച് കൈവരുമല്ലോ എന്ന പ്രതീക്ഷയിൽ ഇവിടെ എത്തിച്ചേർന്നു. ഒരു ആഘോഷത്തിന്റെ 'വട്ടംകൂട്ടൽ' ആരംഭിച്ചു.

മകയിരം നാളിൽ സന്ധ്യാസമയത്ത് എട്ടങ്ങാടി ഭക്ഷിച്ചാണല്ലോ നൊയമ്പ് തുടങ്ങുക. കൈതപ്പുറം ദേവകി അന്തർജ്ജനത്തിന്റെ പൂർണ്ണമായ പരിശ്രമംകൊണ്ട് ഞങ്ങൾ എട്ടങ്ങാടി ശരിയാക്കി. സന്ധ്യയോടുകൂടി അന്തർജ്ജനങ്ങളും കുട്ടികളുമൊക്കെ കുളിച്ചൊരുങ്ങി എത്തി. കളം അരിമാവ് കൊണ്ടണിഞ്ഞ് വിളക്കുവെച്ച് കൃഷ്ണവിഗ്രഹം അലങ്കരിച്ച് വെച്ചു. സ്ത്രീകൾ കിഴക്കോട്ട് തിരിഞ്ഞിരുന്ന് വായ്ക്കുരവയിടുകയും എട്ടങ്ങാടി കഴിക്കുകയും ചെയ്തു. പിന്നീട് മൂന്നും കൂട്ടിയതിനുശേഷം കളിക്കുള്ള ഒരുക്കം തുടങ്ങി. ഗണപതി, സരസ്വതി, ശിവൻ, പാർവ്വതി, കൃഷ്ണൻ ഇവരെ സ്തുതിച്ചാണ് പാട്ട് തുടങ്ങിയത്. ചുവട് എളുപ്പമായതിനാൽ എല്ലാവരും അത്യുത്സാഹത്തോടെ കളിച്ചു. തിരുവണ്ണൂർ ശ്രീകൃഷ്ണന്റെ പാട്ടുപാടി. തിരുവാതിര മാഹാത്മ്യം പാടി, ദേവന്മാരെ സ്തുതിച്ചും പാട്ടുകൾ ചൊല്ലി. ഉത്സാഹപൂർണ്ണമായ കളിയിൽ ചെറുപ്പക്കാരും കുട്ടികളും പ്രായമായവരും മത്സരിച്ച് കളിച്ചു.

ഒമ്പത് മണിയോടെ എല്ലാവരും തിരുവാതിര നൊയമ്പിന്റെ ഭക്ഷണം കഴിച്ചു. റവ ഉപ്പുമാവ്, കായ വറുത്തത്, പഴം, കൂവ കുറുക്കിയ പായസം എന്നീ വിഭവങ്ങളോടെ സ്വാദിഷ്ടമായ ഭക്ഷണം.

പിന്നീട് വീണ്ടും കളിയിലേക്ക്. കളി മുറുകിവന്നപ്പോൾ ചുവട് അല്പം വിഷമമായി തോന്നി പലർക്കും. പക്ഷേ, ആരും പിന്മാറാൻ തയ്യാറായില്ല. തെക്കൻ സ്റ്റൈലും വടക്കൻ സ്റ്റൈലും ഒന്നിച്ചു മുന്നേറി. കാരണം അവിടെ കൂടിയ അന്തർജ്ജനങ്ങളിൽ എന്നെപ്പോലെ കേരളത്തിന്റെ തെക്കുള്ളവരും കുറേപ്പേർ വടക്കുള്ളവരുമായിരുന്നു. ബാലുശ്ശേരിക്കോട്ട, വേട്ടയ്ക്കൊരുമകൻ ഇവയൊക്കെ എനിക്ക് ഒരു പുതുമയായിരുന്നു. തിരുവാതിര മാഹാത്മ്യം പാട്ടിലൂടെ എല്ലാവരും ഗ്രഹിച്ചു. പാട്ട് മുറുകിവന്നപ്പോൾ നമ്പൂതിരിമാർ അന്തർജ്ജനങ്ങളെ



കൈയടിച്ച് പ്രോത്സാഹിപ്പിച്ചു.

പതിനൊന്നു മണിയായപ്പോൾ തെക്കൻ സ്റ്റൈലായ പാതിരാപ്പൂവ് എടുക്കാനുള്ള യാത്ര ആരംഭിച്ചു. ചുവന്ന കൊടുവേലി, അടയ്ക്കമണിയൻ, ദശപുഷ്പം ഇവയാണ് പാതിരാപ്പൂവ്.

സന്ധ്യയോടുകൂടി ഈ പൂവ് ഇലയിൽ പൊതിഞ്ഞ് അല്പം അകലെയായി വൃക്ഷച്ചുവട്ടിൽ (പാലമരച്ചുവട്ടിലാണ് വേണ്ടത്) വെക്കുകയാണ് പതിവ്. പാലമരം ഇല്ലെങ്കിൽ പാലമരത്തിന്റെ ഒരു കൊമ്പ് നട്ടാലും മതി. ഞങ്ങൾ അതെല്ലാം നേരത്തെ റെഡിയാക്കിയിരുന്നു. പൂവെടുക്കാൻ പോകുന്നതിന്റെ മുന്നോടിയായി രണ്ടു സംഘമായി സ്ത്രീകൾ അഭിമുഖമായി നിരന്നുനിൽക്കും. ഒരു സംഘം പൂവെടുക്കാൻ വിളിക്കും. മറുകൂട്ടർ മടിച്ചു നിൽക്കും. (പാട്ടുപാടിയാണ് ഇത് പരസ്പരം വെളിപ്പെടുത്തുന്നത്). അത് ഒരു തർക്കം പോലെയാവുന്നു. പിന്നീട് തർക്കം തീർത്ത് ഒന്നായി കൈകൊട്ടിപ്പാടും. പിന്നെ

പാലമരച്ചുവട്ടിലേക്ക്. പാലയ്ക്ക് നീർ കൊടുത്ത് പൂവുമായി ആർപ്പും കുരവയും മുഴക്കി വഞ്ചിപ്പാട്ടു പാടി തിരിച്ചുവരും. അതിനുശേഷം വട്ടത്തിലിരുന്ന് ദശപുഷ്പ മാഹാത്മ്യം ചൊല്ലുന്നു. പൂവ് എല്ലാവർക്കും കൊടുക്കുന്നു. കിഴക്കോട്ട് തിരിഞ്ഞിരുന്ന് കണ്ഠസൂത്രത്തിൽ കൈപിടിച്ച് 'നമശിവായ' ജപിച്ച് പൂചൂടി എഴുന്നേൽക്കുന്നു.

തെക്കൻ ജില്ലകളിൽ കാണാത്ത ഒരു കളിയാണ് പിന്നീട് കണ്ടത്. കൃഷ്ണനെ താലോലം പാടിക്കൊണ്ട് എല്ലാവരും കൈമാറുന്നു. എനിക്ക് വളരെ രസകരമായി തോന്നി അത്. വളരെ ഉത്സാഹത്തോടെ എല്ലാവരും ഇതിൽ പങ്കുകൊണ്ടു. പിന്നീട് 'മംഗല ആതിര നൽപ്പുരാണം' പാടിക്കളിച്ചു. ഉമാമഹേശ്വരന്മാരോടുള്ള അതിയായ ഭക്തിമൂലം, ഒരു സ്ത്രീക്ക് ജീവിതം സുഖകരമായിത്തീർന്ന സംഭവമാണ് ഇത്. വിവാഹം കഴിഞ്ഞയുടനെ ജീവൻ നഷ്ടപ്പെട്ട ഭർത്താവിന് ജീവൻ കൊടുത്ത് അനുഗ്രഹം വർഷിച്ചു. ഭർത്തൃമതിയായ ആ കുട്ടിയുടെ സന്തോഷത്തിൽ എല്ലാവരും പങ്കുചേരുകയാണ് ഇവിടെ. കൃഷ്ണന്റെയും ശിവപാർവ്വതിമാരുടെയും അനുഗ്രഹം ലഭിച്ചു എന്ന വിശ്വാസത്തോടെ കളി വീണ്ടും ഗണപതി സ്തുതിയോടെ ആരംഭിക്കുന്നു. രുഗ്മിണീ സ്വയംവരവും, പാർവ്വതീ സ്വയംവരവും പാടിയിട്ട് തമാശപ്പാട്ടുകളിലേക്ക് തിരിയുന്നു. പഴയകാലത്ത് പുലവൃത്തം പാടി കളി നിറുത്തി കുളിക്കാൻ പോവുകയാണ് പതിവ്. ഇവിടെ തമാശപ്പാട്ടുകൾ പാടി. മംഗളം പാടി കളി നിർത്തി, പരസ്പരം ഹസ്തദാനം ചെയ്ത് നല്ല നാളേക്കു വേണ്ടി പ്രാർത്ഥിച്ചു പിരിയുന്നു.

തിരുവാതിരക്കളി പന്ത്രണ്ട് ദിവസം മുമ്പ് ആരംഭിച്ച് അല്പാല്പം കളിച്ച് ശരീരത്തെ പാകപ്പെടുത്തണം. ഓരോ ഭവനങ്ങളിൽ ഓരോ ദിവസം കളിച്ച് പൂത്തിരുവാതിരയുള്ള ഭവനത്തിൽ ഉറക്കൊഴിയണം. പോയ സംസ്കാരത്തിന്റെ നന്മ നമ്മുടെ കൂട്ടായ പ്രവർത്തനത്തിലൂടെ തിരിച്ചു കൊണ്ടുവരാൻ യോഗക്ഷേമസഭക്ക് കഴിയട്ടെ. നന്മകൾ നേരട്ടെ. ●

# തിരുവാതിര നെടുമംഗല്യത്തിന്



**കോരമ്പറ്റ ശങ്കരൻ നമ്പൂതിരി**



മലയാളി മങ്കമാർക്ക് മതിമറന്നാഘോഷിക്കാനുള്ളതാണ് ധനുമാസത്തിലെ തിരുവാതിര. വെറ്റില മുറുക്കി ചുവപ്പിക്കുക, ഊഞ്ഞാലാടുക, തുടിച്ചു കുളിക്കുക, മംഗലാതിര ചൊല്ലുക, താലോലം പാടുക, പാതിരാപ്പൂ ചൂടുക, തിരുവാതിരക്കളിയിൽ പങ്കെടുക്കുക, അടുത്ത ശിവക്ഷേത്രത്തിൽ ദർശനം നടത്തുക. നെടുമംഗല്യത്തിന് തിരുവാതിര നോയമ്പ് - സ്ത്രീകൾക്ക് സാഫല്യമായി.

കൈലാസനാഥനായ ശ്രീപരമേശ്വരന്റെ തിരുനാളായ തിരുവാതിരയിൽ ശക്തി ശിവനോട് ചേരുന്നു. കാമദേവന് പുനർജന്മം കിട്ടിയത് ഇതേ ദിവസം- ബാലഗോപാലനെ ഭർത്താവായി കിട്ടാൻ ഗോപസ്ത്രീകൾ കാർത്ത്യായനീ പൂജ നടത്തിയതും ഇതേ നാളിൽ.

തിരുവാതിര നാളിന്റെ ഐതിഹ്യകഥകൾ ഇങ്ങനെയെല്ലാമുണ്ട്.

ഋതുകന്യകമാർക്കു വേണ്ടി പൂത്തിരുവാതിരയും വിവാഹം കഴിഞ്ഞ ആദ്യ തിരുവാതിര 'പുത്തൻ തിരുവാതിര' ആയും ആഘോഷിക്കുന്നു. മകയിരം മുതൽ അന്നാഹാരം പാടില്ല. തിരുവാതിരക്ക് ഏഴു ദിവസം മുമ്പ് വ്രതാനുഷ്ഠാന ഭാഗമായി തുടിച്ചുകുളിക്കും. ഏഴു ദിവസം തുടിച്ചുകുളിക്കുമ്പോൾ പൊലിച്ചുപാടണം, തിരുവാതിര കളിക്കണം.

തിരുവാതിര നാൾ 'എട്ടങ്ങാടി വിഭവങ്ങൾ' ചുട്ടെടുക്കുന്നു. ചേമ്പ്, മാറാൻ ചേമ്പ്, ചേന, ചെറുകിഴക്ക്, കപ്പക്കിഴങ്ങ്, കൂർക്ക, നനക്കിഴങ്ങ്, കാച്ചിൽ ഇവയാണ്. മകയിരനാളിലാണ് തേങ്ങ ചിരകി പയറ്, മുതിര, എള്ള് ഇവ നെയ്യിൽ വറുത്തെടുത്ത് പഴം, കരിമ്പ്, കൽക്കണ്ടം, മുന്തിരി, മലര്, ചെന്തെങ്ങിന്റെ കരിക്ക്, നിലം തൊടാതെ പറിച്ചതും കരിമ്പ്, 101 വെറ്റില, കൂവ ഇവ നിവേദിക്കുന്നത്.

ആദ്യം കിഴക്കോട്ട് തിരിഞ്ഞാണ് തിരുവാതിരക്കളി തുടങ്ങുന്നത്. പിന്നീടത് വട്ടത്തിലാകുന്നു. അതിനു ശേഷം പാതിരാപ്പൂ ചൂടുന്നതിന് രാവേറെ ചെന്ന ശേഷം സ്ത്രീകൾ എല്ലാവരും ചേർന്ന് കിഴക്കോട്ട് തിരിഞ്ഞിരുന്ന് ഭഗവാനെ മനസ്സിൽ ധ്യാനിച്ച് പൂ ചൂടുന്നു. കളിയും പാട്ടും ഊഞ്ഞാലാട്ടവുമൊക്കെ പിറ്റേന്ന് അതിരാവിലെ കുളിക്കാൻ പോകുന്നതുവരെ തുടരുന്നു. നീലക്കൊടുവേലിപ്പൂവ്, അടയ്ക്കാ മണിയൻ, ദശപുഷ്പം, ആനചുവടൻ എല്ലാം ചേർന്ന് പാതിരാപ്പൂവാകുന്നു.

ദശപുഷ്പങ്ങളായ കറുക, ചെറൂള, കൃഷ്ണക്രാന്തി, പൂവാംകുരുന്നില, മുക്കുറ്റി, മുയൽച്ചെവി, കയ്യൂന്നി, നെലപ്പന, ഉഴിഞ്ഞ, തിരുതാളി ഇവ പറമ്പിൽ നിന്ന് നേരത്തെ ശേഖരിച്ചുവെയ്ക്കുന്നു.

തിരുവാതിരച്ചമയത്തിന്റെ കൂടെ കറുക തലക്ക് ഉഴിഞ്ഞ് വിളക്കിന് മുന്നിലിട്ട് വെള്ളമൊഴിക്കുന്നു.

സ്ത്രീകളുടെ ആരോഗ്യവർദ്ധനക്കും, സൗഹൃദ കൂട്ടായ്മ വളർത്തുന്നതിനും ഇത്തരം ആചാരങ്ങളും ആഘോഷങ്ങളും ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ടെന്ന് നിസ്സംശയം പറയാം. ●

# ആശ്രമമില്ലാത്ത മുനി അഥവാ

# തിരിച്ചറിയാതെ പോയ ഒരു നമ്പൂതിരി



കെ.എം.പരമേശ്വരൻ

എടപ്പാൾ ചങ്ങരം കുളത്തിനടുത്തുള്ള ആലങ്ങോട് ചെറുമുക്ക് മനയിലെ ഇളമുറക്കാര നായ ഒരു ഉണ്ണി നമ്പൂ തിരിയാണ് അത്യാശ്രമി എന്ന പരിഹാസപ്പേ രിൽ അപ്രസിദ്ധനോ അപ്രസക്തനോ ആയി പ്പോയത്.ഏതാണ്ട് 500കൊല്ലം പഴക്കമു ള്ള ആ പരിഹാസപ്പേരി ന് പിന്നിൽ ഒരു കഥയു ണ്ട്. കഥയില്ലായ്മയും. എഴുത്തച്ഛൻെറ ജന്മോല്പത്തി പോലെ അത്യാശ്രമിയ്ക്കുമുണ്ട് പിറവിക്കു പിന്നിലേക്ക് നീളുന്ന കഥ.



**അ**ത്യാശ്രമി എന്നു കേട്ടാൽ എത്ര നമ്പൂതിരിമാർ തിരിച്ചറിയും. പൂന്താനം പോലെ, വില്വമംഗലം സ്വാമിയാർ പോലെ, അതുമല്ലെങ്കിൽ മേല്പത്തൂർ ഭട്ടതിരിപ്പാട് പോലെ തിരിച്ചറിയേണ്ട ഒരു പേരാണ് ഇതും.

കൃഷ്ണനെ കലത്തിലിട്ട് അടച്ച കുറൂരമ്മയെ നമ്മളറിയും . എന്നാൽ അത്യാശ്രമിക്ക് മുന്നിൽ ഭഗവാൻ പരിചാരകനായി. അത്രക്ക് ഉദാത്തഭക്തനായിരുന്നു ആ മുനി.

എടപ്പാൾ ചങ്ങരംകുളത്തിനടുത്തുള്ള ആലങ്ങോട് ചെറുമുക്ക് മനയിലെ ഇളമുറക്കാരനായ ഒരു ഉണ്ണി നമ്പൂതിരിയാണ് അത്യാശ്രമി എന്ന പരിഹാസപ്പേരിൽ അപ്രസിദ്ധനോ അപ്രസക്തനോ ആയിപ്പോയത്.ഏതാണ്ട് 500കൊല്ലം പഴക്കമുള്ള ആ പരിഹാസപ്പേരിന് പിന്നിൽ ഒരു കഥയുണ്ട്. കഥയില്ലായ്മയും.

എഴുത്തച്ഛൻെറ ജന്മോല്പത്തി പോലെ അത്യാശ്രമിയ്ക്കുമുണ്ട് പിറവിക്കു പിന്നിലേക്ക് നീളുന്ന കഥ. ആലങ്ങോട് ചെറുമുക്കിലെ ഒരു നമ്പൂതിരി മൂകാംബികയിൽ ഭജനമിരിക്കാൻ പോയി.അതിന് ഫലവുമുണ്ടായി. അതിബുദ്ധിമാനായ ഒരു പുത്രൻ.

പക്ഷേ, സമുദായനിയമങ്ങളോ ആചാരനിഷ്ഠകളോ ഒന്നും പാലിക്കാതെയായിരുന്നു ആ ഉണ്ണിയുടെ ജീവിതം.

ആളുകൾ പലതും പറഞ്ഞു. ഇല്ലക്കാരും ഗുണദോഷിച്ചു. എന്നാൽ ജീവിതത്തിലെ സമസ്തനിയമങ്ങളും ലംഘിക്കാൻ തന്നെ യായിരുന്നു പുറപ്പാട്.

മൂകാംബികാ ഭജനത്തിനു ശേഷം ആലങ്ങാട് ചെറുമുക്കിലുണ്ടായ കനിഷ്ഠ സന്തതി ഇങ്ങനെ തുമ്പില്ലാതായിപ്പോയ ല്ലോ എന്ന് ദേശക്കാരും ഗ്രാമക്കാരും സങ്ക ടപ്പെട്ടു. ഇല്ലത്തിനു തൊട്ടടുത്തുള്ള അട്ട യിൽ (അഷ്ടയിൽ) അമ്പലത്തിൽ നിത്യം തൊഴുതു ശീലമുള്ളതിനാൽ ഇടക്കൊക്കെ തൊഴാനെത്തും. ആചാരമര്യാദ പാലിക്കാ ത്തതിനാൽ ഒരിക്കൽ ആ ക്ഷേത്രത്തിൽ ദർശനം വിലക്കിയതും പിടിച്ചു പുറത്താ ക്കിയതും വാതിൽ അടച്ചു തഴുതിട്ടതും അദ്ദേഹത്തെ അത്യന്തം വേദനിപ്പിച്ചു. അതോടെ നാടു വിട്ടു.

ഇല്ലങ്ങളിൽ നിന്നും അമ്പലങ്ങ ളിൽ നിന്നും ഭക്ഷണം കിട്ടാതായപ്പോൾ ശുദ്ധാശുദ്ധംനോക്കാതെ സർവ്വസാധാര ണക്കാരിൽ നിന്നും അദ്ദേഹം ഭക്ഷണം സ്വീകരിച്ചു കഴിക്കാൻ തുടങ്ങി. കൊല്ലന്റെ യും മൂശാരിയുടെയും ആലകളിൽ ചെന്ന് തിളക്കുന്ന വെള്ളം ചോദിച്ചു കുടിക്കാനും തയ്യാറായി. ക്ഷുത്പിപാസകൾക്ക് എന്ത് അശുദ്ധം!

എവിടെയും കിടക്കാം.എന്തും കഴി ക്കാം എന്ന നിലയിലായി.

കോവിലകങ്ങളിലോ പ്രഭുകുടുംബങ്ങ ളിലോ സംബന്ധത്തിന് തയ്യാറാവാതെ നാട്ടുനടപ്പില്ലാത്ത ഗൃഹസ്ഥാശ്രമം സ്വീ കരിച്ചതോടെ ജാതിഭ്രഷ്ടനുമായി. ചെറുമ ച്ചാളയിലായി രാപ്പാർക്കൽ.

പരിഹാസപ്പേരും വീണു.

അത്യാശ്രമി!

ആശ്രമമില്ലാത്ത മുനി!!

ഇതല്ല ഇതിലുമപ്പുറവും ചെയ്ത നമ്പൂതിരിമാർ കാണും. ഇങ്ങനെയെല്ലാം ചെയ്ത ഒരാൾ എങ്ങനെ പൂന്താനം പോ ലെ ആവും? സംശയം ന്യായമാണ്.

അക്കാലത്തെ സംസ്കൃത സർവക ലാശാലയാണ് കൂടല്ലൂർ മന. പട്ടാമ്പി ഗു രുവായൂർ റോഡിൽ കൂറ്റനാടെത്തുന്നതി നു മുമ്പ് ഇന്ന് ശ്രീപതി എഞ്ചിനീയറിംഗ് കോളേജുള്ള ഭാഗത്താണ് പ്രശസ്തമായ കൂടല്ലൂർ മന. നാനൂറിൽപരം കൊല്ലത്തോ ളം പതിനാറ് തലമുറകൾക്ക് വിദ്യ പകർ ന്നുനൽകിയ വിദ്യാപീഠം.

പതഞ്ജലിയുടെ പ്രതിഷ്ഠയുള്ള അപൂർവ്വ സന്നിധി. അവിടെയെത്തിയ അ ത്യാശ്രമി ഗുരുകുലപതിയോട് ചോദിച്ചത് ശ്രീമദ് ഭാഗവത ഗ്രന്ഥത്തിന്റെ ഒരു കോ പ്പിയാണ്. ശ്രീധരീയം വ്യാഖ്യാനത്തോ ടെയുള്ളത്. ജിജ്ഞാസ ശമിപ്പിക്കാൻ അതിലും മികച്ചൊരു വ്യാഖ്യാനഗ്രന്ഥം അക്കാലത്തില്ല. ശുദ്ധാശുദ്ധങ്ങളില്ലാതെ നടക്കുന്ന ഭ്രഷ്ടനായ ഒരാൾക്ക് അത് നൽ കാൻ കൂടല്ലൂർ മനക്കാർ തയ്യാറായില്ല. സമുദായ പ്രമാണിമാരുടെയും ഭരണാധി



**തൃച്ചംബരത്തെ ഇലഞ്ഞി**

ഏതു ദേവതയുടെ കടാക്ഷത്താലാ ണോ താൻ ജനിച്ചത് അതേ മൂകാംബിക യുടെ സന്നിധി തേടി കർണ്ണാടകത്തിലേ ക്ക് യാത്രയായി. അതാണ് വഴിത്തിരിവായത്.

കാരികളുടെയും നീരസം ഭയന്നായിരു ന്നു അത് .

ഭക്ഷണവും താമസവും മാത്രമല്ല അറിവു പോലും വിലക്കുന്ന ഒരു രാജ്യ ത്താണ് താൻ കഴിയുന്നതെന്ന് അത്യാ ശ്രമി തിരിച്ചറിഞ്ഞു. ഏതു ദേവതയുടെ കടാക്ഷത്താലാണോ താൻ ജനിച്ചത് അ തേ മൂകാംബികയുടെ സന്നിധി തേടി കർ ണ്ണാടകത്തിലേക്ക് യാത്രയായി. അതാണ് വഴിത്തിരിവായത്.

മൂകാംബികയിലും പിന്നീട് ശൃംഗേരി മഠത്തിലുമായി താമസം. ബുദ്ധന് ജ്ഞാ നോദയം കിട്ടിയ പോലെ ആ യുവാവ് അതോടെ പുതിയൊരാളായി.

ശൃംഗേരിയിലെ കൃഷ്ണാനന്ദമുനിയുടെ ശിഷ്യനായി. രാഘവാനന്ദമുനിയെന്നായി സന്യാസനാമം . അങ്ങനെ ഭക്തിജ്ഞാന വൈരാഗ്യങ്ങൾ ഉടൽപൂണ്ട ദിവ്യാത്മാ വായിമാറി. പൂർവ്വാശ്രമത്തിൽ ചെറുമു ക്ക് അത്യാശ്രമിയെന്ന് സ്വജനങ്ങളാൽ പരിഹസിക്കപ്പെട്ടതും ഭ്രഷ്ടനാക്കിയതും നാടുകടത്തപ്പെട്ടതും പീഡിപ്പിക്കപ്പെട്ടതും പഴങ്കഥയായി.

പിന്നീട് കൃഷ്ണാനന്ദമുനിയും ശിഷ്യൻ രാഘവാനന്ദമുനിയും (അത്യാ ശ്രമി) തളിപ്പറമ്പ് തൃച്ചെമ്മരം (ശ്രീരക്ത ശാഖി) ക്ഷേത്രപരിസരത്താണ് സ്ഥിര താമസമായത്. ചിറവക്കിൽ ശങ്കരാചാര്യ ശിഷ്യപരമ്പരയിലെ നാലു സ്വാമിയാർ മഠങ്ങളുണ്ടല്ലോ. അവിടെയാവും വിശ്ര മിച്ചത്. കോലത്തുനാട് ഭരിച്ചിരുന്ന കോ ലത്തിരിയുടെ സൗഹൃദം സാമൂതിരിയുടെ തട്ടകത്തിൽ നിന്നും നിഷ്കാസിതനായ അദ്ദേഹത്തിന് രക്ഷയായി.കോലത്തിരി രാജാവിന്റെയും കൃഷ്ണാനന്ദമുനിയു ടെയും പ്രോത്സാഹനവും സഹായവും കിട്ടിയതോടെ ശ്രീമദ് ഭാഗവതത്തിന് 'കൃ ഷ്ണപദി' എന്ന പേരിൽ ഒരു വ്യാഖ്യാനം എഴുതി. ഭാഗവതത്തിന് ഉണ്ടായ മികച്ച മറ്റൊരു വ്യാഖ്യാനമായി അത്.

രചന പൂർത്തിയായപ്പോൾ ആ ബൃ ഹദ് ഗ്രന്ഥം കൂടല്ലൂർ മനയിലെ ഗ്രന്ഥശേ ഖരത്തിന് മുതൽക്കൂട്ടാവാൻ അത്യാശ്രമി നേരിട്ടു തന്നെ കൂടല്ലൂരിൽ കൊണ്ടുച്ചെന്നു കൊടുത്തുവത്രേ! മധുരമായൊരു പ്രതി കാരം!! ഏതൊരു മനയാണോ തനിക്ക് ഭാഗവതം വ്യാഖ്യാനത്തിന്റെ ഒരു കോപ്പി പോലും തരാൻ മടിച്ചത് ആ മനയുടെ ഗ്രന്ഥശേഖരത്തിലേക്ക് തന്റെ വക ഒരു വ്യാഖ്യാനഗ്രന്ഥം.

അതൊരു പ്രതികാര കഥ. എന്നാൽ ആ മുനി ഭക്തിയുടെ അഗ്രഗാമിയായി മാറിയ കഥകളും ധാരാളം. അതിലൊന്ന് തൃച്ചെമ്മരം ക്ഷേത്രമതിലകത്തുള്ള ഇല ഞ്ഞിത്തറയുമായി ബന്ധപ്പെട്ടതാണ്.

ആ ഇലഞ്ഞിത്തറയിലാണ് അവ സാനകാലത്ത് സദാ ഈശ്വരചിന്തയിൽ മുഴുകി അത്യാശ്രമിയിരുന്നത്. ശരീരത്തിൽ വ്രണങ്ങൾ പൊട്ടിയൊലിക്കാൻ തുടങ്ങി. ഗുരുനാഥൻ ഏറെ മുമ്പേ സമാധിയായിരു ന്നു. കൂട്ടിന് ആരുമില്ല. ഭഗവാൻ മാത്രം തുണ എന്ന നിലയിലായി ജീവിതം.

അക്കാലത്ത്ഒരു പതിവുണ്ട്. ശങ്കരാ ചാര്യശിഷ്യരായ സന്യാസിപരമ്പരയിൽ പെട്ടവർ തെക്ക് ശുചീന്ദ്രം മുതൽ വ ടക്ക് തൃച്ചെമ്മരംവരെ ഭിക്ഷയും വെച്ച് നമസ്കാരവും സ്വീകരിച്ചും ഉപദേശാനു ഗ്രഹങ്ങൾ നൽകിയും സഞ്ചരിച്ചിരുന്നു. ചാതുർമാസ്യക്കാലം ഒഴികെ മിക്കപ്പോഴും ഇങ്ങനെയാണ് പതിവ്.

ഒരിക്കൽ വില്വമംഗലം സ്വാമിയാർ തൃച്ചെമ്മരത്ത് ദർശനത്തിനും പുഷ്പാഞ് ജലിക്കും എത്തിയപ്പോൾ ശ്രീകോവിലിൽ ഭഗവാന്റെ അസാന്നിദ്ധ്യം അനുഭവപ്പെ ട്ടുവത്രേ. നാലമ്പലത്തിന് പുറത്ത് കടന്ന വില്വമംഗലം ഇലഞ്ഞിത്തറയിലെത്തി.

അദ്ഭുതം!

ശ്രീകൃഷ്ണഭഗവാൻ അതാ അത്യാ ശ്രമിയെ ശുശ്രൂഷിക്കുന്നതിൽ മുഴുകി യിരിക്കുന്നു !! ഭഗവാൻ ഇങ്ങോട്ട് വന്ന് ശുശ്രൂഷിക്കാൻ മാത്രം ഉദാത്തഭക്തനാ യിരിക്കുന്നു കുരുത്തം കെട്ട് നടന്നിരുന്ന ആ ചെറുപ്പക്കാരൻ!!!

അതുകൊണ്ടാണ്, അത്യാശ്രമി ശ്രീകൃ ഷ്ണ ചൈതന്യത്തിൽ ലയിച്ച് സമാധി യടഞ്ഞപ്പോൾ അവിടെ ക്ഷേത്ര മതിൽ

ക്കെട്ടിന് പുറത്ത് സമാധിയിരുത്തിയതും. ഇപ്പോഴത്തെ കുഞ്ഞരയാൽത്തറയിലാണ് സമാധിസ്ഥലം. തൃച്ചെമ്മരത്തെ ഉത്സവ കാലത്ത് തൃച്ചെമ്മരത്തപ്പന്റെയും മഴൂരപ്പ ന്റെയും (ശ്രീകൃഷ്ണനും ബലരാമനും) ബാലലീലകളാടാൻ തിടമ്പുനൃത്തക്കാർ പൂക്കോത്ത് നടയിലേക്ക് പോവാറുണ്ട്. എ ല്ലാ ദിവസവും പുറപ്പെടുന്നത് കുഞ്ഞര യാലിനെ പ്രദക്ഷിണം വെച്ചുകൊണ്ടാണ്. പുലർച്ചെ വരെ നീളുന്ന തിടമ്പു നൃത്തം കഴിഞ്ഞ് മതിൽക്കെട്ടിനകത്തെത്തിയാൽ സ്ഥലത്തെ സന്യാസിശ്രേഷ്ഠൻമാർ നൃത്ത സംഘത്തിൽ ചേരുന്നതും ആ പഴയ സ്മരണയിലാണ്.

വേറൊരു കഥ ഇതാണ്.

ഒരിക്കൽ വില്വമംഗലം സ്വാമിയാരും ശിഷ്യനും കൂടി നടന്നു പോവുമ്പോൾ വഴിവക്കത്തൊരു ചാളപ്പുര കണ്ടു. ശി ഷ്യൻ സ്വാമിയാരോട് പറഞ്ഞു.

''അത്യാശ്രമി അതാ ആ ചാളയിൽ ഭാര്യ യുടെ മടിയിൽ തലവെച്ചു വിശ്രമിക്കുന്നു. അങ്ങോട്ടു നോക്കണ്ട''. ചാളപ്പുരയിലേക്ക് തിരിഞ്ഞുനോക്കാതെ മുന്നോട്ടുനീങ്ങിയ സ്വാമിയാരോട് കിടന്ന കിടപ്പിൽ തന്നെ അത്യാശ്രമി വിളിച്ചുചോദിച്ചു: ''വില്വമംഗ ലത്തിനും അജ്ഞാനം ബാധിച്ചുവോ?'' ശബ്ദം വന്ന ഭാഗത്തേക്ക് വില്വമംഗലം തിരിഞ്ഞു നോക്കി. മഹാലക്ഷ്മിയുടെ മടിയിൽ തലവെച്ച് ശയിക്കുന്ന അനന്ത പത്മനാഭനെയാണ് അദ്ദേഹം കണ്ടത്!




*അത്യാശ്രമിയുടെ ഭാഗവത വ്യാഖ്യാന മായ കൃഷ്ണപദി*

ഇന്നത്തെ എടപ്പാളിനും ചങ്ങരംകുള ത്തിനും ഇടയിൽ വില്വമംഗലത്തിന് അന ന്തപത്മനാഭ ദർശനം കിട്ടിയ സ്ഥലത്ത് പത്മനാഭ സ്വാമി ക്ഷേത്രമുണ്ടാക്കണമെ ന്ന് സ്വാമിയാർ താല്പര്യപ്പെട്ടിരുന്നെങ്കിൽ!

മറ്റൊന്നു കൂടി പറയേണ്ടതുണ്ട് കഥ മുഴുവനാവാൻ.

അത്യാശ്രമിയെ പീഡിപ്പിക്കുന്നതിൽ മുമ്പിലുണ്ടായിരുന്ന ആലങ്ങോട് ദേശ ക്കാരുടെ ഇന്നത്തെ തലമുറ അഷ്ടയിൽ ക്ഷേത്രമതിൽക്കെട്ടിനകത്ത് അത്യാശ്രമി യെ കുടിയിരുത്തിയിരിക്കുന്നു! കൊട്ടിയ ടച്ച വാതിൽ തുറന്നിരിക്കുന്നു. ഇടക്കിടെ പരിഹാര പ്രായശ്ചിത്ത സുകൃത കർമ്മ ങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

വിക്രമാദിത്യ സദസ്യനായിരുന്ന വര രുചിക്ക് പഞ്ചമിയെന്ന ഭാര്യയിൽ പിറന്ന പന്ത്രണ്ട് മക്കളെ എടുത്തുവളർത്തിയത് പന്ത്രണ്ട് കുലക്കാരാണ്. 'പറയിപെറ്റ പന്തി രുകുലവും തോൾചേർന്നമരും നാട്ടിൽ' മേഴത്തോൾ അഗ്നിഹോത്രിയുടെ പിൻമു റക്കാർ അത്യാശ്രമിയെയും സ്വജനമായി ആരാധിച്ച് അംഗീകരിച്ചതിന്റെ സൂചനയാ ണല്ലോ ആലങ്ങോട്ട് അട്ടയിൽ അമ്പല ത്തിലെ അത്യാശ്രമി പ്രതിഷ്ഠ. ശങ്കരാ ചാര്യരുടെയും വില്വമംഗലത്തിന്റെയും മേല്പത്തൂരിന്റെയും കൃതികൾപോലെ അത്യാശ്രമിയുടെ സംസ്കൃത കൃതിക ളും മലയാളി, പ്രത്യേകിച്ച് നമ്പൂതിരിമാർ നെഞ്ചേറ്റട്ടെ.

ഭാഗവതത്തിന് പുറമെ സംസ്കൃത ത്തിൽ അത്യാശ്രമി (രാഘവാനന്ദ മുനി) വ്യാഖ്യാനം രചിച്ച കൃതികൾ ആദിശേഷ ന്റെ 'പരമാർത്ഥസാരം', ലഘുഭട്ടാരകന്റെ 'ലഘുസ്തുതി' (ബാലാവിംശതി), കുല ശേഖരന്റെ 'മുകുന്ദമാല' എന്നിവയാണ്. ഭാഗവതം കൃഷ്ണപദി വ്യാഖ്യാനം കൊ ച്ചി സംസ്കൃത സർവ്വകലാശാല 1949ൽ പ്രസിദ്ധീകരിച്ചു. തൃശൂർ മംഗളോദയം


intelligence and deep love for god. With advancement of age and wisdom he reached such a stage of Jivanmuktha that he had no regard for material welfare. For him there was no distinction of caste or creed and he used to take his food from whomsoever he got it. This wounded the feelings of orthodox set and they nick-named him Athyasrami (Non-observer of the duties of Asrama). Even now he is known by that name among Kerala Brahmins.

Once he happened to visit Kudalur Mana till recently a centre of Sanskrit learning in Kerala and noted for many Pandits. He asked one of them to lend him a copy of Sridhariyam for perusal. Thinking him an outcaste, his request was not complied with. This incident goaded him [illegible] ite this commentary, handed it over to them and [illegible] eard of the [illegible]

സംസ്കൃത കവിതാ രചനയിലുള്ള അത്യാശ്രമിയുടെ സിദ്ധി മനസ്സിലാക്കാൻ ഒരു ശ്ലോകം താഴെ കൊടുക്കുന്നു.

ഉക്താഃ പരാഗതൈഃ സ്കന്ധൈ-
രവതാരാഃ പരാത്മനഃ
വാസുദേവാവതാരോസ്യ
ദശമേന പ്രകാശ്യതേ



പ്രസ്സിലാണ് അത് അച്ചടിച്ചത്. അതിലെ ദശമം പൂർവ്വാർദ്ധം പുസ്തകം ഈ ലേഖകൻ കാണാനിടയായിട്ടുണ്ട്. മുകുന്ദമാലി വ്യാഖ്യാനം അണ്ണാമല സർവ്വകലാശാലയും മറ്റു രണ്ടു കൃതികൾ തിരുവിതാംകൂർ സർവ്വകലാശാലാ സംസ്കൃത പരമ്പരയിലും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് 'കൃഷ്ണപദി' വ്യാഖ്യാനത്തിന് എഴുതിയ അവതാരികയിൽ അവസാനത്തെ കൊച്ചി രാജാവായിരുന്ന (ഇന്ത്യാ യൂണിയനിൽ ലയിക്കുന്ന വേളയിൽ) രാമവർമ്മ പരീക്ഷിത്ത് തമ്പുരാൻ രേഖപ്പെടുത്തിയിട്ടുണ്ട്. കൃഷ്ണപദി വ്യാഖ്യാനം കുറുമാത്തൂർ ഹരിജയന്തൻ നമ്പൂതിരിപ്പാടിന്റെ പുസ്തകശേഖരത്തിലുണ്ടെന്ന് എന്നോട് പറഞ്ഞത് ദീർഘകാല സുഹൃത്ത് ഡോ. പ്രിയദർശൻലാലായിരുന്നു.

യശഃശരീരനായ കെ.എച്ച്. നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണി ആര്യാ അന്തർജ്ജനത്തോടും മകൻ ഡോ. പരമേശ്വരൻ നമ്പൂതിരിപ്പാടിനോടും പുസ്തകം നോക്കാൻ തന്നതിനുള്ള കൃതജ്ഞത വാക്കുകൾക്കപ്പുറമാണ്.

ആ ഇല്ലം ഉണ്ടായിരുന്ന ആലങ്ങോട്ട് ഇപ്പോൾ ചെറുമുക്ക് നമ്പൂതിരിമാർ സ്ഥിരതാമസമില്ല. 70 കൊല്ലമായി കവളപ്പാറ ത്രാങ്ങാലിയിലാണ് ഈ ഇല്ലക്കാർ. വൈദികൻ ചെറുമുക്ക്, തെക്കേപ്പാട്, അടക്കാപുത്തൂർ കുന്നം, കൊയ്ത്തടി ചെറുമുക്ക്, പാണ്ടം, കാമൽമണ്ണ കുന്നം, തെക്കുംപറമ്പ്, കീഴേനരിപ്പറ്റ, മേലേ നരിപ്പറ്റ തുടങ്ങി ആ വംശ പരമ്പരയിൽ പലയിടത്തായി പതിനൊന്ന് ഇല്ലക്കാരുണ്ട് ഇപ്പോഴും. ●



*തളിപ്പറമ്പ് തൃച്ചംബരം ക്ഷേത്രത്തിലെ ഇലഞ്ഞിത്തറയിലുള്ള ബോർഡ്*


**പൂക്കുഴി ദിവാകരൻ നമ്പൂതിരി,**
ആലങ്ങോട്

ചങ്ങരംകുളത്തിനടുത്ത് ആലങ്ങോട് ദേശത്തുള്ള അഷ്ടയിൽ ലക്ഷ്മീനരസിംഹ മൂർത്തി ക്ഷേത്രമതിലകത്ത് വടക്കു പടിഞ്ഞാറേ കോണിലാണ് കിഴക്കോട്ട് ദർശനമായിട്ടുള്ള അത്യാശ്രമി പ്രതിഷ്ഠയുള്ളത്. തോർത്തുമുണ്ടുടുത്തു നിൽക്കുന്ന താടിക്കാരനായിട്ടാണ് വിഗ്രഹം. അണിമംഗലം നമ്പൂതിരിയാണ് ക്ഷേത്രം തന്ത്രി. നരസിംഹ മൂർത്തി പടിഞ്ഞാട്ട് ദർശനമായിട്ടാണ്. കിഴക്കോട്ടുള്ള വാതിലിലൂടെയാണ് അഷ്ടയിൽ ക്ഷേത്രത്തിൽ നിന്നും അത്യാശ്രമിയെ പുറത്താക്കിയതും വാതിൽ തുറക്കാനാവാത്ത വിധം സ്ഥിരമായി അടച്ചതും. ചെറുമുക്കിന്റെ ഇല്ലം സ്ഥിതിചെയ്തിരുന്നത് അഷ്ടയിൽ ക്ഷേത്രത്തിന്റെ തൊട്ടുവടക്കുവശത്തായിരുന്നു.

*അത്യാശ്രമി സമാധിയടഞ്ഞ തളിപ്പറമ്പ് തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രം*



# കോകിലവംശം അഥവാ
# ലൗ ജിഹാദ്



ഹാരിദ് ശർമ്മ

ആരാണ് തനിക്കീ ഏകാന്തത സമ്മാനിച്ചത്... ''അർഹതയുള്ളവയേ അതിജീവിക്കൂ'' എന്ന തത്ത്വം മനസ്സിലാക്കാതെ ജീവിച്ചു തീർത്ത പൂർവ്വികരോ?...അതോ മറ്റു കുലദ്രോഹികളോ?... ആകെ ചിന്തിച്ചു വിഷണ്ണയായിയിരിക്കുകയാണ് പ്രക്കി കുയിൽ. സങ്കടം ഉള്ളിൽ നിൽക്കാതെയായപ്പോൾ അവൾ അറിയാതൊന്നു മോങ്ങി..

''കൂ.................... ഊ....''!

എന്തായാലും കോകിലവംശം മുടിഞ്ഞു. ഇനിയതിൽ ഒരാളായി താൻ മാത്രം അവശേഷിക്കുന്നു. എന്തിനാണ് ഇങ്ങനെ ജീവിക്കുന്നത് .പലവിധ ചിന്തകളാൽ പ്രക്കിക്ക് ആധി പിടിച്ചു. നിത്യ വൈരികളാണെങ്കിലും സഹോദരങ്ങളായ കാക്കകൾ ഇപ്പോൾ സഹായഹസ്തം നീട്ടിയിട്ടുണ്ട് എന്നത് ചെറിയൊരു ആശ്വാസം . ഇനിയുള്ള കാലം അവരോടൊപ്പം കഴിഞ്ഞാലോ. ചിന്തകളുടെ മൂർദ്ധന്യാവസ്ഥയിൽ അവൾ ഒരു ദീർഘനിശ്ശ്വാസം വിട്ടു ...

''എന്താ,ഇങ്ങനെ തനിച്ചിരിക്കുന്നത്? ഒറ്റക്കിരുന്നാൽ പലവിധ ചിന്തകളാൽ മനസ്സ് മുഷിയും ..ഞങ്ങളോടൊപ്പം വന്നു വല്ല കൊച്ചു വർത്തമാനവും പറഞ്ഞു കൂടെ..?''

മൂപ്പൻ കാക്കയാണ് . കൂട്ടത്തിൽ സ്നേഹത്തിന്റെ നിറകുടമാണ് മൂപ്പൻ കാക്ക. തന്നോട് ഇത്ര സ്നേഹം കാണിക്കുന്നത് മറ്റു കാക്കകൾക്ക് തീരെ സഹിക്കുന്നില്ല .പക്ഷെ നേതാവായ മൂപ്പൻ ഒരു വാക്ക് പറഞ്ഞാൽ എതിർത്ത് ഒരു വാക്കും ആരും ഉരിയാടില്ല...അത്രതന്നെ..!

''ഇവരെയൊക്കെ പരിചയപ്പെട്ടോ?.. ഇത് കൊച്ചു കാക്ക ,ഇത് കുഞ്ഞി, മപ്പു കാക്ക, ചോപ്പൻ കാക്ക...''

ഓരോരുത്തരെയായി മൂപ്പൻ പരിചയപ്പെടുത്തി .

''ഇനി ഞങ്ങളോടൊപ്പം കൂടൂ ...നമുക്കങ്ങ് അടിച്ചു പൊളിക്കാം.''

മപ്പു കാക്ക പറഞ്ഞു. മാത്രമല്ല മറ്റെല്ലാവരും ചിരിച്ചുകൊണ്ട് സ്വാഗതമോതുന്നും ഉണ്ട്. ഈ കാണുന്നത് സത്യമായിരിക്കുമോ ? ഇവർക്കെല്ലാം എന്നോടിപ്പോൾ സ്നേഹം തോന്നിത്തുടങ്ങിയോ ? സന്തോഷത്താൽ പ്രക്കി ഉച്ചത്തിൽ ഒന്നു കൂവി.

''കൂ .............ഹൂ'' !

കൂവൽ കേട്ടതോടെ കാക്കകളുടെയെല്ലാം ചിരി ഒരു നിമിഷത്തേക്ക് ഒന്നു മങ്ങി. തങ്ങൾക്കാർക്കും ഇത്ര മനോഹരമായി കൂവാൻ കഴിയുന്നില്ലല്ലോ. അവളുടെ കൂവൽ നിർത്തണം. അവർ തീരുമാനിച്ചു. പെട്ടെന്ന് തന്നെ അവരെല്ലാം ചിരി വീണ്ടെടുത്തു.

കാക്കകളുടെ സഭ. അവിടെയിപ്പോൾ പ്രക്കിയില്ല.

''അതേ ....അവളെയിങ്ങനെ വിട്ടാൽ പറ്റില്ല ..അവളുടെ ഒരു കു..'' (കൂകാൻ ശ്രമിക്കുന്നു., പക്ഷേ സാധിക്കുന്നില്ല..)

''കാക്കകളുടെ ഇടയിൽ അവളാണ് നല്ല കാക്ക എന്നു കരുതും ഇനിയെല്ലാവരും . നമുക്കൊന്നും ഒരു സ്ഥാനവുമുണ്ടാകില്ല.''

ദേഷ്യത്താൽ പുളയുകയാണ് കൊച്ചുകാക്ക .

''കാ....കാ....കാ......
കാ....കാ....കാ..''

''പേടിക്കെണ്ടടോ, നമുക്ക് വഴിയുണ്ടാക്കാം. അവളൊരു പാവമാ. ചിലതെല്ലാം പറഞ്ഞാൽ അപ്പടി വിശ്വസിക്കും .ഞാനൊരു വഴി കണ്ടിട്ടുണ്ട്. സൂത്രൻ കാക്ക മറ്റെല്ലാവരെയും ആശ്വസിപ്പിച്ചു.

ഈ സമയം കാട്ടിലും മേട്ടിലും പറന്നു നടക്കുകയായിരുന്നു പ്രക്കി കുയിൽ



നിത്യ വൈരികളാണെങ്കിലും സഹോദരങ്ങളായ കാക്കകൾ ഇപ്പോൾ സഹായഹസ്തം നീട്ടിയിട്ടുണ്ട് എന്നത് ചെറിയൊരു ആശ്വാസം. ഇനിയുള്ള കാലം അവരോടൊപ്പം കഴിഞ്ഞാലോ.

തന്റെ ആലാപന മികവിൽ അവൾക്കെന്തോ ഒരു അഹങ്കാരം തോന്നി. അവൾ അതിമനോഹരമായി ശ്രുതിയിട്ട് ഒന്നു പാടി. ഇത് കേട്ട് മരത്തിനു താഴെ നിൽക്കുകയായിരുന്ന ഞാലിപ്പൂവൻ കോഴി എന്തൊക്കെയോ കൊള്ളിച്ചു പറയുന്ന പോലെ കൊക്കരക്കോയെന്ന് ചുമച്ചു.

''ഇവൻ പരിഹസിക്കുകയാണോ ..? എത്ര നന്നായി പാടിയിട്ടെന്താ ..കേൾക്കാൻ വേറെ കുയിലില്ലല്ലോ ..കൂവിക്കോ ..കൂവിക്കോ.. എന്ന് പറയുകയാണോ ..?''

കോഴികളുടെ ഭാഷ അത്ര വശമില്ലാത്തതിനാൽ ഒന്നും പറയാനും പറ്റില്ല. പക്ഷേ,അവസ്ഥയെകുറിച്ചോർത്ത് പ്രക്കിയുടെ കണ്ണ് നിറഞ്ഞു .അവൾ പറന്നു ചെന്ന് കാക്കക്കൂട്ടങ്ങളുടെ അടുത്ത് തന്നെയെത്തി.

''ഹായ് ....വന്നല്ലോ നമ്മുടെ രാജകുമാരി ക ക ക''

സൂത്രൻ കാക്ക അതിമനോഹര പഞ്ചാര വാക്കുകളാൽ പ്രക്കിയെ എതിരേറ്റു.



പലരുമായും അങ്ങനെ കൊച്ചുവർത്തമാനങ്ങൾ പറഞ്ഞപ്പോൾ പ്രക്കിയുടെ ഉള്ളിൽ അൽപ്പം സന്തോഷം തോന്നി.അവളൊന്നു കൂകി.

''ഞാൻ പലപ്പോഴും ചോദിക്കണമെന്ന് കരുതീതാ ..തനിക്കു കുറച്ചിലാകുന്നില്ലേ ഇങ്ങനെ കൂവാൻ?'' സൂത്രൻ കാക്കയാണ്.

''ഞാൻ എന്തിനു ലജ്ജിക്കണം..? എനിക്കെന്റെ അമ്മയും അച്ഛനും മുത്തച്ഛനുമെല്ലാം പഠിപ്പിച്ചു തന്നതാണിത്.അഭിമാനിക്കുകയല്ലേ വേണ്ടത്?''
പ്രക്കി അൽപ്പം അഹങ്കാരത്തോടെ തല യുയർത്തി ചോദിച്ചു..

''ഹും കഷ്ടം ! അവിടെയാണ് നിങ്ങൾക്കെല്ലാം തെറ്റുപറ്റിയത്.'' ഒരു ബുദ്ധിജീവിയുടെ ഭാവത്തിൽ സൂത്രൻകാക്ക പറഞ്ഞുതുടങ്ങി. ''ശ്രദ്ധിച്ചു നോക്കൂ. ആ കൂവലിൽ ഉള്ളത് കാപട്യത്തിന്റെ ശബ്ദമാണ്. അല്ലേ..? ഏത് ശബ്ദവും നമ്മുടെ ഉള്ളിൽ നിന്ന് അതായത് ഹൃദയത്തിൽ നിന്ന് വരുമ്പോഴാണ് സത്യസന്ധമാകുന്നത് ....ശരിയല്ലേ ...?''

''അത് ശരിയാ'' പ്രക്കി സമ്മതഭാവേന തലയാട്ടിക്കൊണ്ട് പറഞ്ഞു.

''ഈണവും താളവുമെല്ലാം ശ്രദ്ധിച്ചു പാട്ടുപാടുമ്പോൾ അതിലൊരു ആത്മാർഥതക്കുറവ് ഇല്ലേ ...?'' സൂത്രന്റെ ചോദ്യത്തിന് പ്രക്കി ഒന്നും മറുപടി പറഞ്ഞില്ല. സൂത്രനും കൂട്ടരുമെല്ലാം പറയുന്നത് വളരെ ശരിയാണെന്ന് പ്രക്കിക്ക് തോന്നിത്തുടങ്ങി. തന്റെ പൂർവികരെ കുറിച്ച് അവൾക്കു ലജ്ജ തോന്നി. ആത്മാർഥത തൊട്ടു തീണ്ടിയിട്ടില്ലാത്ത വർഗ്ഗം.

> അമേദ്ധ്യോ കാകോ സദ്യഃ എന്നാണ്
> പ്രമാണം. സൂത്രൻ കാക്ക
> കള്ളപ്രമാണം ഉദ്ധരിച്ചു

''നിങ്ങളെപ്പോലെ കലർപ്പ് കലരാത്ത ശബ്ദമുണ്ടാക്കാൻ എനിക്കറിയില്ലല്ലോ .....എങ്ങനെയാണത്..?'' പ്രക്കിയുടെ ചോദ്യം കേട്ട് സൂത്രന്റെയും കൂട്ടരുടെയും ഉള്ളിൽ സന്തോഷത്തിന്റെ മാലപ്പടക്കങ്ങൾ പൊട്ടി. ''ശ്രമിക്കൂ ശ്രമിക്കൂ . പിന്നെ ഞങ്ങളൊക്കെയില്ലേ . മെല്ലെ നമുക്ക് ശരിയാക്കിയെടുക്കാം .ആദ്യം ഈ രീതി മാറ്റണംന്ന് ഒരു തോന്നൽ ഉള്ളിലുണ്ടായല്ലോ .അത് തന്നെ വലിയ കാര്യം.'' സൂത്രൻ ഉപദേശം ഒട്ടും കുറച്ചില്ല.

അന്ന് മുതൽ പ്രക്കിയുടെ ഉള്ളിൽ വല്ലാത്ത, എന്തിനെന്നറിയാത്ത കുറ്റബോധം തോന്നിത്തുടങ്ങി. എങ്ങനെയെങ്കിലും കൂട്ടത്തിലുള്ള കാക്കകളെപ്പോലെ ആത്മാർഥതയുടെ ശബ്ദം പുറപ്പെടുവിക്കാൻ കഴിയണം. അതിനു കഴിഞ്ഞില്ല എങ്കിൽ ജീവിക്കുന്നതിൽ എന്തർത്ഥം ....! ഇങ്ങനെ പോയി ചിന്തകൾ .

അങ്ങനെയൊരുദിവസം രാവിലെ ഇര തേടാൻ ഇറങ്ങുമ്പോഴാണ് കൊച്ചു കാക്കയുടെ വിളി. ''ഇര തേടാൻ നേരം നിനക്ക് നമ്മളെയൊന്നും കണ്ണിൽ പിടിക്കില്ല അല്ലേ?''

''യ്യോ...അതെന്താ അങ്ങനെ പറയുന്നത്..'' പ്രക്കി സന്ദേഹഭാവത്തോടെ ചോദിച്ചു.

''ഒന്നുമില്ല ....ഞങ്ങളെയൊക്കെ കണ്ടില്ലേ .കൂട്ടമായാണ് പോകുന്നത് .അപ്പോൾ നീ മാത്രം...?''

''ഇല്ല ...ഞാൻ അങ്ങനെ ആലോചിച്ചതേ ഇല്ല . ഞാനും നിങ്ങളുടെ കൂടെ വന്നോട്ടെ ..?''

''അതിനെന്താ സന്തോഷം. വന്നോളൂ. പിന്നെ ഇന്ന് ഞങ്ങളാ പുഴയുടെ തീരത്തുള്ള ഒഴിഞ്ഞ പറമ്പിലേക്കാണ് പോകുന്നത്. അവിടെയാകുമ്പോൾ വൈകുന്നേരം വരെ മറ്റെങ്ങും പോകണ്ട.''

''അതെന്താ?''

''എടോ, അവിടെയല്ലേ മനുഷ്യന്മാർ സ്ഥിരമായി വെളിക്കിരിക്കുന്നത്. അവയിൽ എല്ലാമൊന്നും ദഹിച്ചു കാണില്ലാ..നുള്ളിപ്പെറുക്കിയെടുത്താൽ സദ്യ തന്നെ..''

''യ്യേ.....എന്താ നിങ്ങൾ പറയുന്നത് ??

''മനുഷ്യ മലം.....????'' പ്രക്കിക്ക് ഓക്കാനം വന്നു.

''അമേദ്ധ്യം എന്നു പറയൂ. അമേദ്ധ്യോ കാകോ സദ്യഃ എന്നാണ് പ്രമാണം'' സൂത്രൻ കാക്ക കള്ളപ്രമാണം ഉദ്ധരിച്ചു.
പ്രക്കിയുടെ ഉള്ളിൽ ആ രംഗം അറിയാതെ വന്നു . മലം കൊക്കുകൊണ്ട് കൊത്തിപ്പരത്തുന്നു. അയ്യേ!
''ക്രാ.....................''കണ്ണ് നിറഞ്ഞ അന്ധാളിപ്പിൽ അറപ്പോടെ അവൾ അറിയാതെ ഒരു ശബ്ദമുണ്ടാക്കിപ്പോയി. തൊരക്കിൽ നിന്ന് .

''ഹായ് ..........ഇങ്ങനെ തന്നെ . ഇതാണ് ഉള്ളിൽ നിന്ന് വരുന്ന ശബ്ദം. വരട്ടെ വരട്ടെ വരട്ടങ്ങട്ട് !!'' സൂത്രൻ കാക്ക സന്തോഷത്തോടെ തുള്ളിച്ചാടി .മറ്റു കാക്കകൾ എല്ലാവരും ആ ആഹ്ലാദത്തിൽ പങ്കുചേർന്നു പ്രോത്സാഹിപ്പിച്ചു.
''കാ .....കാ .....കാ .....കാ ....കാ''

അപ്പോൾ, പ്രക്കി ഒരു പ്രതിമ കണക്കെ ശ്വാസം നിലച്ച് കണ്ണ് തുറിച്ച് നിൽക്കുകയായിരുന്നു.

●





**ഉമാദേവി അന്തർജ്ജനം**
പാലാഞ്ചീരി ഇല്ലം

# ഗുരുവായൂരപ്പനോട് ഒരു പ്രാർത്ഥന

ഉണ്ണീ ഗുരുവായൂരപ്പാ ഭഗവാനേ!
എന്നെ കനിഞ്ഞൊന്നനുഗ്രഹിക്കൂ
അത്യന്ത സുന്ദര രൂപം ധരിച്ചിട്ടു
ഭക്തപ്രിയാ നിന്നെ കാണാകേണം
പീലിത്തിരുമുടി കുത്തിക്കൊണ്ടങ്ങിനെ
ഫാലത്തിൽ നല്ല തൊടുകുറിയും
കൊഞ്ചിക്കൊണ്ടുള്ള മൊഴിയും ചിരിയതും
നെഞ്ചകം തന്നിൽ നിറഞ്ഞീടേണം
അർത്ഥമുണ്ടായാലും വിദ്യയുണ്ടായാലും
വ്യർത്ഥമേ നിൻ കൃപയില്ലെന്നാകിൽ
നിൻ കൃപയുണ്ടാവാൻ എന്തു നല്ലൂയെന്നു
അൻപോടു ചൊല്ലേണം തമ്പുരാനെ
ദുഃഖം വരുന്നേരം നാരായണനാമം
ഉൾത്താരിൽ തോന്നേണം നാരായണാ
കഷ്ടമിപ്പാവത്തെ കൈവിടാതെപ്പോഴും
രക്ഷിച്ചുകൊള്ളണേ കാർവർണ്ണ നീ



**നങ്ങേലി കൃഷ്ണൻ നമ്പൂതിരി**
ചെറില്ലത്ത് കണ്ടമംഗലത്ത്

# ആർഷഭാരതം

ഭാരതം നമ്മുടെ ജന്മഭൂമി
ശ്രീരാമൻ പണ്ടു ഭരിച്ച ഭൂമി
ക്ഷേത്രങ്ങൾ ധാരാളമുള്ള ഭൂമി
ശ്രീകൃഷ്ണനോടിക്കളിച്ച ഭൂമി
സത്യവും ധർമ്മവും മാഞ്ഞിടാതെ
നിർമ്മലനായി ഭരിച്ചു രാമൻ
രാമന്റെ പാദങ്ങൾ പിന്തുടരാൻ
ഓരോ മനസ്സിലും തോന്നിടേണം
ഭാരത മണ്ണിന്റെ ധാർമ്മികത്വം
മാഞ്ഞുപോയീടാതെ നോക്കിടേണം
മാധ്യമം തന്നിലെ വാർത്ത കണ്ടാൽ
ക്രൂരത വല്ലാതെ കൂടിടുന്നു
ഇന്നത്തെ മാധ്യമ പോക്ക് കണ്ടാൽ
സംസ്കാരമെന്നതേയില്ലാതാകും
ദുഷ്ട വികാരത്തിൻ പോഷണത്താൽ
ശിഷ്ട സംസ്കാരവും നഷ്ടമാകും
നല്ലൊരു ഭാവി പടുത്തുയർത്താൻ
ഒന്നിച്ചു നമ്മൾക്കങ്ങൊത്തുചേരാം



# കൊയ്ത്തൊടി വാസുദേവൻ നമ്പൂതിരിക്ക്

# നവതിപ്രണാമം

അഭിവാദയേ പരമേശ്വരശർമ്മാഹം ഭോഃ

**കൊയത്തൊടി വാസുദേവൻ നമ്പൂതിരി** എന്ന എന്റെ അഫന്റെ തൊണ്ണൂറാം പിറന്നാളായിരുന്നു 2017 ന്റെ അവസാന ഞായറാഴ്ച. കൊല്ലവർഷം 1103 ധനുമാസത്തിലെ രോഹിണി നാളിലാണ് കരിയന്നൂരെ മഹളായ മുത്തശ്ശി അഫനെ പ്രസവിച്ചത്. മുത്തശ്ശന്റെ പതിനാലാമത്തെ കുട്ടിയായി. അവകാശപ്പേരായ അമ്മാത്തെ മുത്തശ്ശന്റെ പേരുമിട്ടു. 'വാസ്യേവാ തൊടരുത്' എന്നാണ് മുതുമുത്തശ്ശൻ അവസാനം ഉച്ചരിച്ചതത്രേ. സന്ധ്യാവന്ദനവേളയിൽ പിച്ചവെച്ചുവന്നതായിരുന്നു. പക്ഷാഘാതം വന്നായിരുന്നു കൊയത്തൊടി എന്നുകൂടി പേരുള്ള ചെറുമുക്കുമനയിലെ നീലകണ്ഠൻ സോമയാജിപ്പാടിന്റെ ദീനം വൈഷമിച്ചത്. മൂന്നു വയസ്സ് ഇളയതായി ഒരനുജത്തിയും അഫനുണ്ടായി. പെരുമ്പിള്ളിശ്ശേരി ആലക്കാട്ടെ നങ്ങയ്യ അച്ചമ്മൾ.

എന്റെ അമ്മയെ അച്ഛൻ വേട്ട് ഇല്ലത്ത് കുടിവെക്കുമ്പോൾ അഫന് നാലു വയസ്സ്. അച്ചമ്മൾക്ക് ഒന്നും. അന്തർജ്ജനങ്ങൾ ഭർത്താവിന്റെ അനുജന്മാരെ കാണാൻ പാടില്ലാത്ത കാലമാണ്. പക്ഷേ, യുവാവായിട്ടും അഫന് വിലക്കില്ല. അഫനും അച്ചമ്മളും അമ്മക്ക് സ്വന്തം കുട്ടികളായി. അമ്മക്ക് ഉണ്ണിയുണ്ടായത് പതിനെട്ടു വർഷത്തിനു ശേഷമാണ്. 'സ്വന്തം കുട്ടി'യില്ലാത്ത കാര്യമോർത്ത് വിഷമിക്കാൻ നേരമുണ്ടായില്ല.

ഉപനയനം കഴിഞ്ഞ് അഫനെ ഓത്തു ചൊല്ലിച്ച് ഋഗ്വേദം മനഃപാഠമാക്കിച്ചത് എന്റെ അച്ഛനായിരുന്നു. സമാവർത്തനം കഴിഞ്ഞപ്പോൾ തേഡ് ഫോറത്തിൽ ചേർത്ത് മെട്രിക്കുലേഷൻ കഴിയുവോളം പഠിപ്പിക്കുകയും ചെയ്തു. സ്കൂൾ ലീഡറായും കാൽനൂറ്റാണ്ടോളം കാറൽമണ്ണ പൊതുജന വായനശാലാ സെക്രട്ടറിയായും ആദ്യ പത്തു വർഷത്തോളം ചെർപ്പുളശ്ശേരി പഞ്ചായത്തിലെ കാറൽമണ്ണ വാർഡ് മെമ്പറായും നിസ്വാർത്ഥമായ പൊതുജനസേവനം നടത്തിയിട്ടുണ്ട് അഫൻ. ദേശക്ഷേത്രത്തിൽ ശാന്തിക്ക് ആളെ കിട്ടാത്ത സ്ഥിതിയുണ്ടായപ്പോൾ അഫൻ ശാന്തിക്കാരനുമായി. അഞ്ചാറ് സോമയാഗങ്ങളിലും അതിരാത്രമെന്ന അഗ്നിയിലും അഫൻ ഋത്വിക്കായിട്ടുണ്ട്. മീറ്റ്ന അയിനിക്കിഴി, കാറൽമണ്ണ തിരുമുല്ലപ്പള്ളി ദേവസ്വങ്ങളുടെ സീനിയർ പാരമ്പര്യ ട്രസ്റ്റിയാണ്.

1970-ൽ തോട്ടുവ മൂത്തേടത്തുനിന്ന് നങ്ങയ്യ ചെറിയമ്മയെ വേട്ടു. മകൻ പരമേശ്വരൻ നമ്പൂതിരി  കുണ്ടൂർകുന്ന് സ്കൂൾ മാഷ്. വണ്ടൂർ പാതിരിശ്ശേരി വിദ്യ ടീച്ചർ അഫന്റെ പുത്രവധു. നന്ദന (അമ്മിണി), നീരദ (മണിക്കുട്ടി) പേരക്കിടാങ്ങൾ.

അഫനെ ഉപനയിച്ച പുന്നപ്പുറത്തെ നാരായണ മുത്തഫന്റെ മകൻ നീലകണ്ഠൻ നമ്പൂതിരിപ്പാട് ജ്യേഷ്ഠനും എളമ്പിലാശ്ശേരി കുറൂരെ പ്രിയദത്ത അച്ഛൻ പെങ്ങൾ അനുജത്തിയുമാണ്.

അഫന്റെ പേരിടാൻ ഒരു പേരക്കിടാവ്- അതാണ് ഇപ്പോൾ ഞങ്ങളുടെയെല്ലാം പ്രാർത്ഥന. അയാൾക്കായി ഞങ്ങളെല്ലാം കാത്തിരിക്കുന്നു. അത്തക്കഞ്ഞിവെച്ചു നമസ്കാര സുകൃതം തുണയ്ക്കട്ടെ. പൊതുപ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ എന്നെ പഠിപ്പിച്ച അഫന്
സാഷ്ടാംഗനവതിപ്രണാമം.

സ്നേഹാദരങ്ങളോടെ,

**പരമേശ്വരൻ നമ്പൂതിരി കെ.എം.**
ആര്യശ്രീ , അരക്കിണർ പി.ഒ.
കോഴിക്കോട്-28

# ആശംസകളോടെ...



**നിവേദ് നാരായണൻ**
(കൊറ്റിവട്ടത്ത്
നവീന്റെയും ആതിരയുടെ
യും മകൻ)



**അച്യുതൻ**
(മേലേടത്ത്
രതീഷിന്റെയും സജിതയു
ടെയും മകൻ)



**ദേവനാരായണൻ,
ദേവദത്തൻ**
(കാഞ്ഞിരത്തോട്ടത്തിൽ ജയശങ്കറി
ന്റെയും ശ്രീദേവിയുടെയും മക്കൾ)



**നിവേദ് വിഷ്ണു**
(വെദിരമന കേശവന്റെയും
തുളസിയുടെയും
മകൻ)



**മിഥുൻ, മിത്ര**
(കൊളേരി മധുസൂദനന്റെ
യും സിനിയുടെയും
മക്കൾ



**ഋഷികേശ്, ഋതിക**
(തലയൂർ
രാജ്കുമാറിന്റെയും ധന്യ
യുടെയും മക്കൾ)



**ആരാധ്യ**
(വാഴാമ്പറ്റ
ബിനുവിന്റെയും റാണിയു
ടെയും മകൾ)



**ആഗ്നേയ് വാസുദേവൻ**
(താമരക്കുളം ദാമോദരൻ
നമ്പൂതിരിയുടെയും ഉഷയു
ടെയും പേരക്കുട്ടി)



**ശ്രീരാം**
(വെള്ളിമുറ്റത്ത് ജിതിന്റെയും
സൗമ്യയുടെയും മകൻ)



**ദേവദത്ത, കൃഷ്ണദത്തൻ**
(താമരക്കുളത്ത് കൃഷ്ണകു
മാറിന്റെയും ലതയുടെയും
മക്കൾ)



**ഹരികൃഷ്ണൻ**
(ചേക്രക്കൽ ഡോ. ശ്രീകു
മാറിന്റെയും ഡോ. മിനിയു
ടെയും മകൻ)



**ഹിമ സന്തോഷ്**
(മൂത്തേടത്ത് സന്തോഷി
ന്റെയും രശ്മിയുടെയും
മകൾ)



**അൻവിത**
(താമരക്കുളം ലിനേഷിന്റെയും
പൂർണ്ണിയുടെയും മകൾ)



**കുഞ്ഞുണ്ണി**
(താമരക്കുളം ദിനേശിന്റെയും
ഗീതയുടെയും മകൻ)



**ഗൗരി പാർവ്വതി, രുദ്രൻ വാസുദേവൻ**
(താമരക്കുളം ധനേഷിന്റെയും
ഗീതയുടെയും മക്കൾ)



**സ്നിഗ്ദ്ധ, ഹരിനയന**
(താമരക്കുളം രൂപേഷിന്റെയും
രാഗിതയുടെയും മക്കൾ)

# ആശംസകളോടെ...



**ജിഷ്ണു ദാമോദരൻ**
(കിഴക്കുമ്പാട്ട് ഉണ്ണികൃഷ്ണ ന്റെയും ഉമശ്രീയുടെയും മകൻ)



**സഞ്ജയ്**
(പാറക്കോട് വാസുദേവൻ നമ്പൂതിരിയുടെയും ഹേമലത യുടെയും പേരക്കുട്ടി)



**ശ്രീഹരി, കശ്യപ്**
(ചുഴലിപ്പുറം ദാമോദരൻ നമ്പൂതിരിയുടെയും ശോഭന യുടെയും പേരക്കുട്ടികൾ)



**അനാമിക, തീർത്ഥ**
(അനീഷിന്റെയും ദേവശ്രീയുടെയും മക്കൾ)



**വൈഗ, വസുദേവ്, ആവണി**
(ചുഴലിപ്പുറം വാസുദേവൻ നമ്പൂതിരിയുടെയും ഉഷയുടെയും പേരക്കുട്ടികൾ)



**ആർദ്ര, അക്ഷത്**
(താമരക്കുളം സുദേവന്റെയും നിഷയു ടെയും മക്കൾ)

## സ്വസ്തി ഒന്നാം വാർഷികപ്പതിപ്പിന് മംഗളാശംസകൾ



**മധു അരിക്കര** (യോഗക്ഷേമസഭ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി)
**ശ്രീജ മധു അരിക്കര** (വനിതാസഭ മുൻ ജില്ലാ സെക്രട്ടറി)



ആശംസകളോടെ...

കരിപ്പം ഭാസനും കുടുംബവും

ദീർഘായുഷ്മാൻഭവ:



നാൽപ്പത്തിയഞ്ചാമത് വിവാഹ
വാർഷികമാഘോഷിക്കുന്ന മുത്തച്ഛനും
മുത്തശ്ശിക്കും ആശംസകളോടെ
അക്ഷയ്, ആര്യ, അഭിനവ്, അഞ്ജലി,
വേദസ്, ജ്യോതിസ്, ശ്രീരാം

ആശംസകളോടെ...



എല്ലാവിധ സ്കൂൾ കോളേജ് നോട്ടു
ബുക്കുകളും മിതമായ നിരക്കിൽ

Shylaja K M (Prop)

☏: 0495 2298 248
✆: 9995 628 092

**KARTHIK**
**NOTE BOOK**

(Recognised & Financed by KK & VI Board)
Mampatta, Mukkam(PO), Calicut
Pin : 673602

E mail : karthiknotebooks@gmail.com



സ്വസ്തി വായനക്കാർക്ക്
പുതുവത്സരാശംസകളോടെ
നാരണിയാട്ട്
കുടുംബം





**കേശവൻ നമ്പൂതിരി**
**പാറക്കോട്**

# ശാന്തിമന്ത്രങ്ങൾ

ശ്രീകോവിൽ നിത്യം തുറന്നു നൈവേദ്യവും
പൂജയുമെല്ലാം കഴിക്കുന്നു, ജീവിതം
ഏറെപ്രയാസമാണിങ്ങനെ മുന്നോട്ടു
പോകുവാനെന്നറിയുന്നു മേൽശാന്തി ഞാൻ.

വല്ലാത്ത ദാരിദ്ര്യമില്ലത്തതെങ്കിലും
തെല്ലുമേ കാട്ടാതിരിക്കണം ഭക്തരെ
അല്ലെങ്കിലന്നം മുടങ്ങിയാൽ പട്ടിണി
യില്ലത്ത് മക്കളുമന്തർജനങ്ങളും.

ഇല്ലത്തു ചെന്നു കയറുന്ന നേരത്ത്
നീട്ടുന്നകൈകളിൽ നൽകാനവിൽ മലർ
നൈവേദ്യമോ പോര തീർത്ഥപ്രസാദവും
'ലാപ്ടോപി'ലാണവർ ആശ വയ്ക്കുന്നത്.

ക്ലാസിൽ കയറുവാനെത്രയും 'ടോപ്പാ'യി
കൂട്ടുകാർക്കൊപ്പം നടക്കേണമെങ്കിലും
'ലാപ്സാ'യി പോകാതിരിക്കുവാനുമിതു
കൂടാതെ വയ്യെന്നവളുടെ പിന്തുണ.

എത്രനാളായി നാം ടൗണിൽ കറങ്ങീട്ട്?
വേണമെനിക്കിന്നൊരു പടം കാണണം
അയലത്തെ ചേച്ചിമാരൊക്കെയും കൃത്യമായ്
സിനിമകളാസ്വദിച്ചീടുന്നു മാസവും

കേട്ടരികത്തു ഞാൻ ചായ കുടിച്ചുകൊ
ണ്ടൊട്ടൊരു നിശ്വാസമോടെ പറഞ്ഞിതു

ഉണ്ടെനിക്കും പ്രിയേയിത്തരം മോഹങ്ങൾ
ഒന്നുല്ലസിക്കുവാൻ, നിന്നെത്തലോടുവാൻ,

ഒന്നായിച്ചേർന്നലിഞ്ഞീടാനുമോമലേ!
ഇന്നു നീയെന്നരികത്തിരിക്കുമ്പൊഴും.
നിൻ പ്രിയപുഞ്ചിരി വാക്കുകളൊക്കയെയും
ഹന്തയീ ഭാഗ്യവിഹീനനിലല്ലയോ?

നീയറിഞ്ഞീടുക ! മേലധികാരിക
ളാർക്കുമേ തെല്ലുമലിവില്ലയെന്നതും.
അഞ്ചാറുമാത്രകൾ വൈകിയാൽ പോലുമേ
ചൊല്ലും ചൊരിയും നെറികെട്ടവാക്കുകൾ.

എങ്കിലും ശമ്പളം നൽകേണ്ട നേരത്ത്
ചൊല്ലും വറുതി തൻ കള്ളക്കണക്കുകൾ
ശാന്തിക്കിറങ്ങുന്നയാളുടെജ്ജീവിത
ശ്ശാന്തിയവർക്കറിയേണ്ടതില്ലൊട്ടുമേ.

ദേവൻപ്രസാദിച്ചുവെങ്കിലുമമ്പല
ക്കമ്മിറ്റിയല്ലോ അനുഗ്രഹിക്കേണ്ടവർ
ഒന്നേ കരണീയമായുള്ളു മൽസഖീ
ഒന്നിച്ചു ചേർന്നു വിളിച്ചിടാം 'മൂർദ്ദബാദ്'

മന്ത്രങ്ങൾചൊല്ലിയ നാവിനാൽ ഭാമിനീ
ഇൻക്വിലാബെന്ന് വിളിക്കുക നാമിനി.
അർച്ചനാപുഷ്പങ്ങളേന്തുന്ന കൈകളാൽ
അഗ്നിപടർത്തിക്കൊളുത്തുക വീഥികൾ

# അച്ച്യുതാനന്ദ ഗോവിന്ദ പാഹിമാം

**പാലക്കോൾ ദാമോദരൻ നമ്പൂതിരി**

വാകച്ചാർത്ത് തൊഴാനായി വന്നൊരീ
വാതരോഗിയെ പാർക്കണേ ഗോവിന്ദ
പുഞ്ചിരിച്ചുകൊണ്ടെന്നെ കടാക്ഷിക്കൂ
അച്യുതാനന്ദ ഗോവിന്ദ പാഹിമാം
കൃഷ്ണ ഗോവിന്ദ നാരായണാ ഹരേ!
തൃഷ്ണയെല്ലാമൊഴിക്കണേ കാർവർണ്ണാ
വേണുനാദത്താൽ കർണ്ണങ്ങളെ ഭവാൻ
വേഗമിന്നു സഫലമാക്കേണമേ



പാദം കൊണ്ടു പ്രദക്ഷിണം വെക്കാനും
പാണികൾ കൂപ്പി വന്ദിച്ചു നിൽക്കാനും
എപ്പോഴുമെനിക്കുൾപ്പൂവിൽ നിന്നുടെ
തൃപ്പാദങ്ങളെ ധ്യാനിച്ചിരിപ്പാനും
രോഗശാന്തി വരുത്തിത്തരേണമേ
അച്യുതാനന്ദ ഗോവിന്ദ പാഹിമാം!
ഇസ്തുതി പാടി നിത്യം ഭജിക്കുകിൽ
അത്തൽ തീരുമതിനില്ല സംശയം!



# ഇരുമ്പിനെ സ്വർണ്ണമാക്കാമോ?

**(തളിപ്പറമ്പിൽ സ്വന്തം ഇല്ലം വക വയത്തൂർ കലിയാർ ക്ഷേത്രത്തിൽ ശാന്തി ചെയ്യുന്നത് യു. പി യിലെ ബ്രാഹ്മണനായ ഒരു ത്രിപാഠിയാണ്. അദ്ദേഹത്തെ കേരളസമ്പ്രദായത്തിലുള്ള പൂജ പഠിപ്പിച്ചാണ് സ്വന്തം ക്ഷേത്രത്തിൽ നിയമിച്ചത്. പ്രമുഖ തന്ത്രി ഇടവലത്ത് പുടയൂർ കുബേരൻ നമ്പൂതിരിപ്പാടിന് അബ്രാഹ്മണ ശാന്തി വിഷയത്തിലുള്ള നിലപാട് വ്യക്തമാക്കുന്നതാണ് ആചരിച്ചു കാണിച്ച ഈ ദൃഷ്ടാന്തം. )**



**ഇടവലത്ത് പുടയൂർ**
**കുബേരൻ നമ്പൂതിരിപ്പാട്**

ജ്യോത്സൻ കപാലി ചോദിച്ച പക്ഷത്താണ് ഞാനും. ഒരു കിലോ ഇരുമ്പ് തരാം അത് സ്വർണ്ണമാക്കി തരാൻ പറ്റോ എന്നായിരുന്നു കപാലിയുടെ ചോദ്യം. ആ ചോദ്യത്തിൽ പലതിനും ഉത്തരമുണ്ട്.

മഴൂർ ബലഭദ്രസ്വാമി ക്ഷേത്രത്തിൽ തുളുബ്രാഹ്മണരാണ് പൂജയ്ക്ക്. കർണ്ണാടക ബ്രാഹ്മണന്മാരും തമിഴ് ബ്രാഹ്മണന്മാരും മറ്റും ചില ക്ഷേത്രങ്ങളിൽ വർഷങ്ങളായി പൂജ ചെയ്യുന്നുണ്ട് . ഉത്തരേന്ത്യയിലെ ബദരിയിൽ കേരളത്തിൽ നിന്നുള്ള നമ്പൂതിരിമാർ പൂജ ചെയ്യുന്നുണ്ട്. ബ്രാഹ്മണസമ്പ്രദായത്തിൽ ബ്രാഹ്മണർ പൂജ ചെയ്യുന്ന ക്ഷേത്രങ്ങളിൽ ബ്രാഹ്മണർ തന്നെയാണ് ഉചിതം. യു. പി യിലെ ത്രിപാഠി അവിടത്തെ ബ്രാഹ്മണനാണ്. ഇവിടെ നമ്മുടെ സമ്പ്രദായത്തിലാണ് പൂജ ചെയ്യുന്നത്. എന്നാൽ ഒരു ആർജിത ബ്രാഹ്മണനെ നിയോഗിക്കുന്നതിനോട് എനിയ്ക്ക് യോജിപ്പില്ല.

ആർക്കാണ് ക്ഷേത്രങ്ങളിൽ പൂജയ്ക്ക് അധികാരം എന്നത് കുറച്ച് കാലമായി സമൂഹം ചർച്ച ചെയ്ത് കൊണ്ടിരിക്കയാണ്. എന്നാൽ വലിയൊരു ശതമാനം ആളുകളും ഈ വിഷയത്തിന്റെ യഥാർത്ഥ സത്തയ്ക്ക് പകരം അതിലെ വൈകാരിക വിഷയങ്ങളെയാണു ചർച്ച ചെയ്തത് എന്നതാണ് ദുഃഖകരമായ സത്യം. ഓരോ രാഷ്ട്രീയ പാർട്ടികളും ഈവിഷയത്തെ രാഷ്ട്രീയ മുതലെടുപ്പിനു ശ്രമിച്ചപ്പോൾ ചിലർ സാമുദായിക മുതലെടുപ്പിനാണു ശ്രമിച്ചത്. ആത്യന്തികമായി ആരും തന്നെ വിഷയത്തിന്റെ സത്തയെ ചർച്ച ചെയ്തില്ല.

എന്തായാലും ഈ വിഷയത്തിൽ എന്നോട് പലരും അഭിപ്രായം ചോദിച്ചിരുന്നു. ഷോഡശ സംസ്കാരപ്രകാരം സംസ്കരിക്കപ്പെട്ടിട്ടുള്ള ഒരു 'ദ്വിജൻ' ആണ് പൂജയ്ക്ക് അധികാരി. ഇവിടെ ദ്വിജൻ എന്നതിന്റെ വ്യുൽപ്പത്തി പ്രത്യേകം ശ്രദ്ധിക്കണം. രണ്ട് ജന്മമുള്ളത് എന്ന് പൊതുവിലർത്ഥം പറയാം. പല്ല്, പക്ഷി എന്നെല്ലാം അതിന് അർത്ഥം കൽപ്പിക്കാറുണ്ട്. പാൽപ്പല്ല് മാറി രണ്ടാമത് പല്ല് മുളയ്ക്കും പോലെ, മുട്ട വിരിഞ്ഞ് പക്ഷിക്കുഞ്ഞ് ജനിക്കും പോലെ ഷോഡശ സംസ്കാരത്തിലെ ഒൻപതാമത്തെ സംസ്കാരമായി ഉപനയനം വഴി ഒരുവൻ രണ്ടാം ജന്മമെടുക്കുന്നു.

ആ ഉപനയനം തൊട്ട് ഒരുവൻ രണ്ടാം ജന്മമെടുക്കുന്നതായി കണക്കാക്കപ്പെടുന്നു. രണ്ടാം ജന്മത്തിൽ ആത്മീയതയിലേക്കുള്ള സ്വതന്ത്രപന്ഥാവ് അവന് മുന്നിൽ തുറക്കപ്പെടുകയാണ്. ആ പന്ഥാവിലേക്ക് പ്രവേശിക്കുന്നതിനുള്ള താക്കോൽ ആണ് ഗായത്രി എന്ന മന്ത്രമായി അവനു ആദ്യമായി ഉപദേശിച്ച് കൊടുക്കുന്നത്.

പിന്നീട് സമാവർത്തനം വരെ നീളുന്ന വിദ്യാഭ്യാസ കാലഘട്ടങ്ങൾ . ഉപനയനത്തിന്നും, സമാവർത്തനത്തിന്നും ഇടയിൽ പരമ പ്രധാനമായ നാല് സംസ്കാരങ്ങൾ കൂടി പിന്നിടേണ്ടതുണ്ട്. ആകെയുള്ള 16 സംസ്കാരങ്ങളിൽ 14മതായാണ് സമാവർത്തനം വരുന്നത്. ഇതൊക്കെയനുഷ്ഠിക്കുന്ന ഒരാൾ മാത്രമാണ് പൂജയ്ക്ക് അധികാരി.

അപ്പോൾ സ്വാഭാവികമായും ചോദ്യമുയരും. ഇന്ന് ഇൻസ്റ്റന്റ് ആയി മണിക്കൂറുകൾ കൊണ്ട് ഉപനയനവും സമാവർത്തനവും കഴിക്കുന്നവർക്ക് പൂജയ്ക്ക് അധികാരമുണ്ടോ എന്ന്. എന്നാൽ ഇത് നമ്മൾ ഓരോരുത്തരും സ്വയം ചോദിക്കേണ്ട ചോദ്യമാണ്. ഒരു പക്ഷെ ഇന്ന് നമ്മുടെ സമൂഹം അനുഭവിക്കുന്ന അപചയത്തിന്റെ നേർ സാക്ഷ്യമാണ് ഈ ചോദ്യവും അതിന്റെ ഉത്തരവും.

തന്ത്രി എന്ന നിലയ്ക്ക് ഒരു ക്ഷേത്രത്തിൽ ഇത്തരമൊരു അബ്രാഹ്മണനെ

> ദേവനു മുന്നിൽ വച്ച് പ്രസ്താവിക്കുന്ന ആ കാര്യങ്ങൾ ആണ് അവിടത്തെ ആചാരങ്ങൾ. അവ പാലിക്കാൻ ഊരാളനും, തന്ത്രിയും ഭക്തരും ബാദ്ധ്യസ്ഥരാണ്.

ശാന്തിക്ക് നിയമിക്കാമോ എന്ന് ചോദിച്ചാൽ അക്കാര്യത്തിൽ എന്റെ വ്യക്തിപരമായ അഭിപ്രായം, തന്ത്രി ഒരിക്കലും ഒരു സാമൂഹിക പരിഷ്കർത്താവ് അല്ല. ഒരു ക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം തന്ത്രി അങ്ങിനെ ആകേണ്ട കാര്യവും ഇല്ല. ആചാരഃ പരമോധർമ്മഃ എന്ന ആപ്തവാക്യം മുറുകെ പിടിക്കാൻ ബാധ്യസ്ഥരായ ഒരു സമൂഹമാണ് തന്ത്രിമാർ. അതിനാൽ തന്നെ നമ്മുടെ ഗുരു കാരണവന്മാർ നമുക്ക് പരമ്പരയായി പകർന്ന് തന്ന ആചാരക്രമങ്ങളെ പരിപാലിക്കാൻ തന്ത്രിമാർ ബാധ്യസ്ഥരാണ്. തന്ത്രിമാർ കൂറു പുലർത്തേണ്ടത് കക്ഷി രാഷ്ട്രീയ താൽപ്പര്യങ്ങളോടല്ല; ദേവനോടു മാത്രമാണ് .

ഒരു ദേവപ്രതിഷ്ഠ കഴിഞ്ഞ ഘട്ടത്തിൽ അവിടത്തെ ആചാരക്രമങ്ങൾ, നിത്യനൈമിത്തികത എന്നിങ്ങിനെയുള്ള കാര്യങ്ങൾ തന്ത്രി മുഖാന്തിരം ഊരാളൻ ദേവന് മുന്നിൽ മേലിൽ ഇങ്ങിനെയൊക്കെ ആചരിച്ച്കൊള്ളാം എന്ന് അറിയിക്കുന്ന ഒരു സത്യപ്രസ്താവന പതിവുണ്ട്. അന്നേരം ദേവനു മുന്നിൽ വച്ച് പ്രസ്താവിക്കുന്ന ആ കാര്യങ്ങൾ ആണ് അവിടത്തെ ആചാരങ്ങൾ. അവ പാലിക്കാൻ ഊരാളനും, തന്ത്രിയും ഭക്തരും ബാദ്ധ്യസ്ഥരാണ്. അതിനു വിരുദ്ധമായ ഏന്തൊരു പ്രവൃത്തിയും അവിടത്തെ സാഹചര്യത്തിൽ സത്യവിരുദ്ധവും ആചാരവിരുദ്ധവും ആണ്. ●

# നമ്പൂതിരി എടുക്കേണ്ട നിലപാട്

'അബ്രാഹ്മണശാന്തി വിഷയത്തിൽ നമ്പൂതിരി എന്ത് നിലപാടാണ് എടുക്കേണ്ടത്?' ചോദ്യം അഖിലകേരള തന്ത്രിമണ്ഡലം ജനറൽ സെക്രട്ടറി എസ് രാധാകൃഷ്ണൻ പോറ്റിയോട്.

'' ജന്മം കൊണ്ട് തന്നെയാണ് ജാതി നിർണ്ണയിക്കുന്നത്. അതിൽ ഒരാൾക്കുമില്ല സംശയം. വിവരാവകാശം പ്രകാരം ചോദിച്ചപ്പോൾ സർക്കാരും അതാണ് പറഞ്ഞത്.''

Caste is by Birth എന്ന് ഇംഗ്ളീഷിലും ഒരാൾ ഏത് ജാതിശ്രേണിയിലാണ് ജനിച്ചത് എന്നതാണ് അയാളുടെ ജാതി നിർണ്ണയിക്കാനുള്ള അടിസ്ഥാനം എന്ന് മലയാളത്തിലും മറുപടി നൽകിയിരിക്കുന്നു സർക്കാർ. ഇതിലപ്പുറം എന്തുവേണം. സർക്കാർ ജാതി ചോദിക്കുന്നു. ജനനം രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ. അപ്പോൾ ജാതിയെന്നത് ജനിക്കുമ്പോൾ തന്നെ തീരുമാനമാവുന്ന വിഷയമാണെന്ന് വരുന്നു. മാത്രമല്ല ജാതി മാറാൻ വകുപ്പില്ല എന്നും സർക്കാർ പറയുന്നു. അങ്ങനെ വകുപ്പുണ്ടെങ്കിൽ ആർജിതബ്രാഹ്മണൻ ആവാനല്ല ആളുകൾ തിടുക്കം കൂട്ടുക. പകരം ആർജിതപുലയനാവാനാണ്. സംവരണത്തിന്റെ ആനുകൂല്യം കിട്ടാൻ അതാണല്ലോ എളുപ്പം.



**ആർ.രാധാകൃഷ്ണൻ പോറ്റി**

> സർക്കാരുമായി വിവിധതലത്തിൽ കത്തിടപാട് നടത്തി ഒരു ജാതിയുദ്ധത്തിനു വേണ്ട ഉപകരണങ്ങൾ തേടുകയാണ് ഈ പോറ്റി. ആർജിതബ്രാഹ്മണനെ കൊണ്ട് ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പൂജ ചെയ്യിപ്പിക്കുന്നതാണല്ലോ വിഷയം. ജാതിയില്ലെന്ന് പറയുന്ന എസ്.എൻ. ഡി.പി യോഗത്തിന്റെ ഏതെങ്കിലും ക്ഷേത്രത്തിൽ ഈഴവരല്ലാത്തവർ ശാന്തി ചെയ്യുന്നുണ്ടോ?

സർക്കാരുമായി വിവിധതലത്തിൽ കത്തിടപാട് നടത്തി ഒരു ജാതിയുദ്ധത്തിനു വേണ്ട ഉപകരണങ്ങൾ തേടുകയാണ് ഈ പോറ്റി. മുസ്ളീങ്ങളിലെ തങ്ങൾ വിഭാഗമാവാൻ ആ വിഭാഗത്തിൽ ജനിക്കണം. ക്രിസ്ത്യാനികളിലെ ക്നാനായ വിഭാഗമാവുന്നതും ആ വിഭാഗത്തിൽ ജനിച്ചാലാണ്. ക്രിസ്ത്യാനിയോ മുസ്ലീമോ ഒരാൾക്ക് ആവാം. എന്നാൽ സയ്യിദ് വംശത്തിൽ ജനിച്ചാലേ തങ്ങൾ ആവൂ. എല്ലാ മതങ്ങളിലുമുണ്ട് ഇതുപോലുള്ള 'ജന്മസിദ്ധമായ' പ്രത്യേകതകൾ.

''ആർജിതബ്രാഹ്മണനെക്കൊണ്ട് ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പൂജ ചെയ്യിപ്പിക്കുന്നതാണല്ലോ വിഷയം. ജാതിയില്ലെന്ന് പറയുന്ന എസ്.എൻ. ഡി.പി യോഗത്തിന്റെ ഏതെങ്കിലും ക്ഷേത്രത്തിൽ ഈഴവരല്ലാത്തവർ ശാന്തി ചെയ്യുന്നുണ്ടോ? എന്തിന് ഒരു നായരെപ്പോലും അവർ നിയമിച്ചിട്ടില്ല. ഓരോ സ്ഥലത്തും തനത് സംസ്കാരവും സമ്പ്രദായവും നിലനിർത്തുന്നതാണ് നല്ലത്. '' രാധാകൃഷ്ണൻ പോറ്റി പറയുന്നു.

''ഒരു ക്ഷേത്രത്തിൽ പ്രതിഷ്ഠ കഴിഞ്ഞാൽ തന്ത്രിയും ഉടമസ്ഥരും ചേർന്ന്

‘പടിത്തരം’ നിശ്ചയിക്കും. ആ ക്ഷേത്രത്തിൽ എന്തൊക്കെ ആവാം എന്ന് നിശ്ചയിക്കുന്ന ചടങ്ങാണ് അത്. തന്ത്രി കുടുംബം ഉള്ളകാലത്തോളം അതിൽ മാറ്റം വരുത്താനുള്ള അധികാരം തന്ത്രി കുടുംബത്തിനാണ്. തന്ത്രിയുടെ ജീവാംശം കൂടി ചേർന്നതാണ് ജീവകലശം. അതാണ് ബിംബത്തിൽ അഭിഷേകം ചെയ്യുന്നത്. അച്ഛനും മകനും തമ്മിലുള്ള ബീജബന്ധം പോലൊരു ജീവബന്ധം തന്ത്രിയും പ്രതിഷ്ഠയും തമ്മിലുണ്ട്.

*‘അബ്രാഹ്മണശാന്തിക്കാരെ തടയുന്നതും മറ്റും ശരിയായ പ്രവണതയാണോ?’*

‘‘ അത് നിയമം കയ്യിലെടുക്കലാണ്. നിയമപരമായാണ് ഇതെല്ലാം നേരിടേണ്ടത്. അബ്രാഹ്മണശാന്തിയായ യദുകൃഷ്ണനെതിരെ ശാന്തിക്ഷേമ യൂണിയൻ സമരം പ്രഖ്യാപിച്ചു. അത് തെറ്റാണ്. യദുകൃഷ്ണനെ നിയമിച്ചത് ബോർഡ് ആണ്. അയാൾ സമയത്തിന് ഡ്യൂട്ടിക്കെത്തിയോ എന്നൊക്കെ നോക്കേണ്ടത് ബോർഡ് ആണ്. ഇല്ലെങ്കിൽ പ്രശ്നം തോന്നേണ്ടത് ഭക്തർക്കാണ്. ശാന്തിക്ഷേമയൂണിയനല്ല.’’

*‘യദുകൃഷ്ണനെ നിയമിച്ചത് ശരിയാണോ?’*

‘‘ശരിയല്ല എന്ന് ഉറച്ചു വിശ്വസിക്കുന്നു.’’

*‘ദേവസ്വംബോർഡിലെ ശാന്തിപ്പണി സർക്കാർ ജോലി എന്ന നിലയിൽ കണക്കാക്കിയാൽ എല്ലാവർക്കും ഒരുപോലെ അർഹതപ്പെട്ട ഒന്നല്ലേ? ജാതീയമായ വിവേചനം പാടില്ലാത്തതാണല്ലൊ. ’*

‘‘2015ലെ സുപ്രീം കോടതി വിധിയുണ്ട്. സമാനമായ മറ്റൊരു കേസിൽ. തമിഴ്നാട്ടിലെ ഒരു കേസിലാണ് സുപ്രീം കോടതി വിധി. ആഗമ ശാസ്ത്രവിധിപ്രകാരമേ അർച്ചകനെ നിയമിക്കാവൂ എന്നാണ് ആ വിധി. അതാണ് പ്രാബല്യത്തിലുള്ളത്. അബ്രാഹ്മണശാന്തി നിയമനം ഈ വിധിയുടെ മെറിറ്റിന് എതിരാണ്. ഒരാൾ ഒരു ജാതിക്കാരനാവുന്നത് ജന്മം കൊണ്ടാണെന്ന് സർക്കാർ തന്നെ സമ്മതിക്കുന്നു. ആഗമശാസ്ത്രവിധിപ്രകാരമേ ക്ഷേത്രങ്ങളിൽ അർച്ചകരെ നിയമിക്കാവൂ എന്ന് സുപ്രീം കോടതിയും പറയുന്നു. ഇതു രണ്ടും ചേർത്ത് വായിക്കുന്ന ഏതൊരാൾക്കും കാര്യങ്ങൾ വ്യക്തമാവും. നിലവിൽ ബ്രാഹ്മണർ പൂജ ചെയ്യുന്ന ക്ഷേത്രങ്ങളിൽ അബ്രാഹ്മണശാന്തിയെ നിയമിക്കുന്നത് ഈ തത്ത്വത്തിന് എതിരാണ്. അതു പോലെത്തന്നെയാണ് ഇതരജാതിക്കാരൻ പൂജ ചെയ്യുന്ന ക്ഷേത്രത്തിൽ ബ്രാഹ്മണനെ നിയമിക്കുന്നതും’’

Supreme Court of India

**Adi Saiva Sivachariyargal ... vs Govt. Of Tamil Nadu & Anr on 16 December, 2015**

Author: ..........................................J.

**Bench: Ranjan Gogoi, N.V. Ramana**

REPORTABLE

IN THE SUPREME COURT OF INDIA

CIVIL ORIGINAL JURISDICTION

WRIT PETITION (CIVIL) NO. 354 OF 2006

and effect of Article 16(5) of the Constitution, namely, that the exclusion of some and inclusion of a particular segment or denomination for appointment as Archakas would not violate Article 14 so long such inclusion/exclusion is not based on the criteria of caste, birth or any other constitutionally unacceptable parameter. So long as the prescription(s) under a particular Agama or Agamas is not contrary to any constitutional mandate as discussed above, the impugned G.O. dated 23.05.2006 by its blanket fiat to the effect that, "Any person who is a Hindu and possessing the requisite qualification and training can be appointed as a Archaka in Hindu temples" has the potential of 1 falling foul of the dictum laid down in Seshammal (supra). A determination of the contours of a claimed custom or usage would be imperative and it is in that light that the validity of the impugned G.O. dated 23.05.2006 will have to be decided in each case of appointment of Archakas whenever and wherever the issue is raised. The necessity of seeking specific judicial verdicts in the future is inevitable and unavoidable; the contours of the present case and the issues arising being what has been discussed.

44. Consequently and in the light of the aforesaid discussion, we dispose of all the writ petitions in terms of our findings, observations and directions above reiterating that as held in Seshammal (supra) appointments of Archakas will have to be made in accordance with the Agamas, subject to 2 their due identification as well as their conformity with the Constitutional mandates and principles as discussed above.

*ശാന്തി അറിയാവുന്ന ഹിന്ദുവായ ആർക്കും അർച്ചകനാവാം എന്ന തമിഴ്നാട് സർക്കാരിന്റെ ഉത്തരവ് റദ്ദാക്കിയ സുപ്രീം കോടതി വിധിയിലെ പ്രസക്തഭാഗം. ഒന്ന് , രണ്ട് എന്നിങ്ങനെ മാർക്ക് ചെയ്ത ഭാഗം ശ്രദ്ധിക്കുക*

*‘അപ്പോൾ നേരത്തെ കേരളത്തിൽ നിന്ന് ഈ കേസുമായി സുപ്രീം കോടതിയിൽ പോയ രാകേഷിന് അനുകൂലമായി വിധി ഉണ്ടായതോ?’*

‘‘അന്ന് അതിനെ എതിർക്കാൻ ആരും സുപ്രീം കോടതിയിൽ പോവാതിരുന്നതു കൊണ്ട്. സഹജമായ മടിയും സുപ്രീം കോടതിയിലും മറ്റും പോവാൻ കാശ് ചെലവാകും എന്നതിനാലും അന്ന് നമ്പൂതിരി അതിനെതിരെ കേസുമായി മുന്നോട്ടു പോയില്ല. അതുകൊണ്ടാണ് അങ്ങനെ വിധി വന്നത്.’’

*‘ഇത്തവണ തന്ത്രിമണ്ഡലം കേസുമായി മുന്നോട്ടു പോവുന്നുണ്ടോ?’*

‘‘തീർച്ചയായും. ഹൈക്കോടതിയുടെ പരിഗണനയിലുള്ള ശബരിമല കേസിൽ തന്ത്രിമണ്ഡലം കക്ഷി ചേർന്നിട്ടുണ്ട്. 2015ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാവണം ശാന്തിനിയമനം എന്നാണ് തന്ത്രിമണ്ഡലം ആവശ്യപ്പെടുന്നത്. ശബരിമലയിൽ മലയാളബ്രാഹ്മണരെ മാത്രമാണ് മേശാന്തിയാവാൻ പരിഗണിക്കുന്നത്. ഇതിനെ ചോദ്യം ചെയ്താണ് ഒരു അബ്രാഹ്മണൻ കേസ് കൊടുത്തത്. ഇതിൽ കോടതിയെ സഹായിക്കാൻ വിഷയത്തിൽ അറിവുള്ള അമിക്കസ് ക്യൂറിയെ നിയോഗിച്ചിരിക്കുകയാണ്.’’

*‘ആ കേസിന്റെ പ്രാധാന്യം ഒന്ന് വിശദീകരിക്കാമോ?’*

‘‘2015ലെ സുപ്രീം കോടതി വിധി നില നിൽക്കുന്നുണ്ട്. ഡിവിഷൻ ബെഞ്ചിന്റെ ആ വിധിക്കെതിരെ ആരും അപ്പീൽ പോയിട്ടില്ല. അതിനാൽ അത് വലിയൊരളവ് ഗുണം ചെയ്യും. ഓരോ ക്ഷേത്രത്തിലും ഓരോ തരം പ്രത്യേകതയും വിശ്വാസവും ഉണ്ടാവും. ആഗമ ശാസ്ത്രവിധിപ്രകാരം കാര്യങ്ങൾ ചെയ്യണം എന്ന വിധി അത്തരം കാര്യത്തിൽ ഗുണം ചെയ്യും. ക്ഷേത്രങ്ങളുടെ ഉടമസ്ഥന്മാർ മാറി വന്നാലും (ചിലപ്പോൾ വ്യക്തികളുടെ ക്ഷേത്രം നാട്ടുകാരുടെ കമ്മിറ്റിയിലെത്തും.വേറെ ചിലപ്പോൾ ഗവ. ബോർഡിലെത്തും) ക്ഷേത്രത്തിലെ ആചാരപരമായ കാര്യങ്ങൾ ആഗമ ശാസ്ത്രവിധിപ്രകാരമേ പാടുള്ളൂ എന്ന വിധി നടപ്പാക്കപ്പെടുമ്പോൾ നിരവധി തർക്കങ്ങൾ ഒഴിവാകും.’’

*‘ഇതര സമുദായക്കാർക്ക് ക്ഷേത്രങ്ങളിൽ പൂജാരിയാവാൻ പാടില്ലെന്നാണോ?’*

‘‘അല്ലേയല്ല. ശ്രീനാരായണഗുരു പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളിൽ ഈഴവരാണ് പൂജ ചെയ്യുന്നത്. മടപ്പുരകളിലും അവർ പൂജചെയ്യുന്നുണ്ട്. രജോഗുണ പ്രധാനമായ പൂജകൾ പൊതുവിൽ ബ്രാഹ്മണരല്ല മുമ്പ് തന്നെ ചെയ്യുന്നത്. വിവിധ വിഭാഗക്കാർ പൂജ ചെയ്യുന്ന നിരവധി ക്ഷേത്രങ്ങൾ ഇപ്പോൾത്തന്നെയുണ്ട്. തർക്കമുള്ളത് ബ്രാഹ്മണർ പൂജ ചെയ്യുന്ന ക്ഷേത്രങ്ങളിൽ അബ്രാഹ്മണ ശാന്തിയെ നിയമിക്കുന്നതാണ്.’’

*‘പുതിയ സാഹചര്യത്തിൽ സമുദായം നേരിടുന്ന വെല്ലുവിളി അബ്രാഹ്മണ ശാന്തിയെന്നത് മാത്രമാണോ?’*

‘‘അതിലും വലിയ ചിലത് നടക്കുന്നുണ്ട്. ഉദാഹരണത്തിന് ‘ഭാരതീയ ബ്രാഹ്മണ സഭ’ എന്നൊന്ന് തിരുവനന്തപുരത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിലെ

ഏഴുപേരും ബ്രാഹ്മണരല്ല. അവരുടെ സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സംഘടിപ്പിക്കാൻ ശ്രമിക്കുകയാണ്. അവരുടെ യഥാർത്ഥജാതി സർട്ടിഫിക്കറ്റിൽ ഉണ്ടാവുമല്ലൊ. ബ്രാഹ്മണസഭയെന്നും മറ്റും പേരിട്ട് സഭകളുണ്ടാക്കി പരിചയമില്ലാത്ത സ്ഥലങ്ങളിലെ ബ്രാഹ്മണപെൺകുട്ടികളെ വേളികഴിക്കാനുള്ള ശ്രമവും ഉണ്ട്. ഒരു തരം ലൗജിഹാദ് തന്നെ ഇതും. അവരാണെങ്കിൽ ദിനചര്യയും മറ്റും പഠിപ്പിക്കുന്നതിനാൽ പെട്ടെന്ന് തിരിച്ചറിയാനും പറ്റില്ല. ''

*'ബ്രാഹ്മണസഭയെന്ന് ഒരു പേരിട്ട് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാൻ ആർക്കും പറ്റില്ലേ? അത് എങ്ങനെ തടയാനാവും. എന്തു പേരിട്ടും സൊസൈറ്റികൾ ഉണ്ടാക്കിക്കൂടേ?'*

''ആർക്കും എന്തു പേരിലും സൊസൈറ്റിയുണ്ടാക്കാം. അതിനെ നേരിടാൻ ഒന്നേ വഴിയുള്ളൂ. സംവരണാനുകൂല്യമുള്ള ജാതിക്കാരുടെ പേരിൽ കുറെ സഭകൾ നമ്മളും രൂപീകരിക്കുക. തുടർന്ന് ആ സഭയ്ക്കു കീഴിലെ അംഗങ്ങൾക്ക് കിർത്താഡ്സിൽ നിന്ന് ജാതി സർട്ടിഫിക്കറ്റ് സംഘടിപ്പിക്കുക. കിർത്താഡ്സ് ആണല്ലൊ നിയമപരമായി ഒരാളുടെ ജാതി ഏതെന്ന് നിർണ്ണയിക്കുന്ന ബോഡി.''

*'കിർത്താഡ്സിന് ജാതി പരിശോധിക്കാൻ വല്ല ശാസ്ത്രീയ മാർഗ്ഗവുമുണ്ടോ. ഡി.എൻ.എ ടെസ്റ്റ് പോലെ. പിതൃത്വം നിർണ്ണയിക്കാൻ ഡി.എൻ.എ ടെസ്റ്റ് നടത്താം. ശാസ്ത്രീയമാണ് അത്. എന്നാൽ ജാതി നിർണ്ണയിക്കാൻ ശാസ്ത്രീയമായ പരീക്ഷണം ഉണ്ടോ? ഉണ്ടെങ്കിൽ അതിന് നിയമ സാധുതയുണ്ടോ?'*

''കിർത്താഡ്സിന് ജാതി പരിശോധിക്കാൻ ഒരു സംവിധാനവും ഇല്ലെന്നാണ് അറിയുന്നത്. ഗവർമെന്റ് അബദ്ധത്തിൽ ചെന്ന് ചാടുകയാണ് ചെയ്തത്. ഞാൻ ചീഫ് സെക്രട്ടറിയോടാണ് വിവരാവകാശം ചോദിച്ചത്. അപ്പോൾ അതിന്റെ അധികാരി കിർത്താഡ്സ് ആണെന്ന് ഗവ. പറഞ്ഞു. എന്നാൽ കിർത്താഡ്സിന് ശാസ്ത്രീയമായി ജാതി നിർണ്ണയം നടത്താൻ സംവിധാനമുണ്ടോ എന്ന ചോദ്യം വന്നാൽ കേസ് ആകെ കുഴയും. എന്റെ ഈ യുദ്ധം ചെന്നു നിൽക്കുന്നത് പിന്നാക്ക കമ്മിഷൻ പോലെ ഒരു മുന്നാക്ക കമ്മിഷന്റെ ആവശ്യകതയിലേക്കാണ്. പിന്നാക്ക വിഭാഗജാതിക്കാരെ മാത്രമേ നിർണ്ണയിച്ചിട്ടുള്ളൂ. ആ കാറ്റഗറിയിൽ പെടാത്ത എല്ലാവരും 'ജനറൽ കാറ്റഗറി' എന്നാണ് കണക്കാക്കുന്നത്. ഇത് യുക്തിരഹിതമാണ്.''

●

ബ്രാഹ്മണദമ്പതികൾക്ക് ജനിച്ച് ജന്മം കൊണ്ട് ബ്രാഹ്മണർ ആയവരും യോഗക്ഷേമസഭയിൽ അംഗമാവാൻ അർഹതയുള്ളവരും ആയവർക്ക് മാത്രമാണ് പ്രവേശനം.

●

*'ദേവസ്വം ബോർഡിന്റെ ഇന്റർവ്യൂ ബോർഡിലുള്ള ബ്രാഹ്മണർ തന്നെയല്ലേ അബ്രാഹ്മണശാന്തിക്കാരെ തിരഞ്ഞെടുത്തത്. അപ്പോൾ അതിനെതിരെ പറയുന്നതിൽ എന്തു യുക്തിയാണ് ഉള്ളത്?'*

''ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ സബ്ജക്ട് എസ്ക്പർട്ട് മാത്രമാണ് . തങ്ങളുടെ മുന്നിൽ വന്നിരിക്കുന്നവർക്ക് വിഷയം അറിയുമോ എന്നു മാത്രമാണ് അവർ നോക്കുന്നത്. അവരുടെ ജാതിയല്ല. ഡ്രൈവറെ റിക്രൂട്ട് ചെയ്യുമ്പോൾ മോട്ടോർ വാഹനവകുപ്പിൽ നിന്നുള്ള എക്സ്പർട്ട് ഇരിക്കുന്ന പോലെയേ ഉള്ളൂ. അതുകൊണ്ട് അവരെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. ''

*'അപ്പോൾ എന്താണ് ഇതിന് പോംവഴി '*

''നിയമപരമായി നേരിടുക. പോരാത്തതിന്, ബ്രാഹ്മണർ കൂടുതൽ മികവ് നേടുകയും ചെയ്യുക. ഇപ്പോൾ700പേർ ശാന്തിക്കുള്ള പരീക്ഷ എഴുതിയപ്പോൾ ഒന്നാം റാങ്ക് നേടിയത് ബ്രാഹ്മണൻ തന്നെയല്ലേ. 62 പേരെ നിയമിച്ചതിൽ 21 പേർ സംവരണാനുകൂല്യമില്ലാത്ത ബ്രാഹ്മണക്കുട്ടികൾ തന്നെയാണ്. നമ്മൾ മികച്ച പരിശീലനം നൽകിയിരുന്നുവെങ്കിൽ ഇതിലേറെപ്പേർക്ക് കിട്ടുമായിരുന്നു. ഇതരസമുദായക്കാർ വിദഗ്ദ്ധ പരിശീലനം നേടിയാണ് ഇന്റർവ്യൂവിന് എത്തിയത് എന്നത് കാണാതിരുന്നുകൂടാ. ഞാൻ യോഗക്ഷേമസഭയുടെ ജനറൽ സെക്രട്ടറി ആയിരുന്നപ്പോൾ അന്നത്തെ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. രാജഗോപാലൻ നായർ ഒരു പ്രസ്താവന നടത്തി. ശാന്തിക്കാർക്ക് ശാന്തി അറിയില്ലയെന്ന്. ഞാൻ അദ്ദേഹത്തെ കണ്ട് നേരിട്ട് ഒരു കാര്യം ചോദിച്ചു. നിങ്ങളല്ലേ അവരെ നിയമിച്ചത്. നിയമിച്ച് കഴിഞ്ഞ ശേഷം ശാന്തി അറിയില്ലെന്ന് പറയരുതായിരുന്നു. അവർക്ക് ഇൻ സർവീസ് കോഴ്സ് നൽകൂ എന്നും പറഞ്ഞു. അദ്ദേഹം അത് പോസിറ്റീവായിത്തന്നെ എടുത്തു. ഹരിപ്പാട് വച്ച് ഇൻ സർവീസ് കോഴ്സ് നൽകി ശമ്പളത്തോടു കൂടിത്തന്നെ. കാര്യങ്ങൾ ഭംഗിയായി നടക്കണം എന്നാഗ്രഹിക്കുന്ന ആളാണ് അദ്ദേഹം. പ്രയാർ ഗോപാലകൃഷ്ണനും ഇക്കാര്യത്തിൽ നിഷ്കർഷയുണ്ട്.''

*'പാരമ്പര്യമായി പഠിക്കുന്നതല്ലാതെ പൂജ ചിട്ടയായി പഠിക്കാൻ സംവിധാനങ്ങൾ കുറവല്ലേ?'*

''തന്ത്രിമണ്ഡലത്തിന്റെ കീഴിൽ തിരുവനന്തപുരം കോട്ടയ്ക്കകത്ത് വിദ്യാപീഠം തുടങ്ങിക്കഴിഞ്ഞു.''

*'അവിടെ ഷോഡശക്രിയകൾകഴിഞ്ഞു എന്ന് പറഞ്ഞു വരുന്ന ആരെയും പഠിപ്പിക്കുമോ'*

''ഇല്ല. ബ്രാഹ്മണദമ്പതികൾക്ക് ജനിച്ച് ജന്മം കൊണ്ട് ബ്രാഹ്മണർ ആയവരും യോഗക്ഷേമസഭയിൽ അംഗമാവാൻ അർഹതയുള്ളവരും ആയവർക്ക് മാത്രമാണ് പ്രവേശനം.''

*'അങ്ങനെ ഒരു വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തിയാൽ അതിന് ഗവ.അംഗീകാരം കിട്ടുമോ?'*

''ഗവ. ഗ്രാൻഡ് കിട്ടണമെങ്കിലേ അത് വേണ്ടൂ. ഇത് ഗ്രാൻഡ് കിട്ടാൻ വേണ്ടിയല്ല. നന്നായി പൂജ ചെയ്യാൻ അറിയുന്നവരെ വാർത്തെടുക്കാനാണ്. നന്നായി പൂജ ചെയ്യാൻ അറിയുന്ന ബ്രാഹ്മണർക്ക് മുന്നിൽ ഏത് ആർജ്ജിതബ്രാഹ്മണനും മാറി നിൽക്കേണ്ടി വരും.''

*'അവസരം ബ്രാഹ്മണരെത്തേടി വരുമെന്നാണോ?'*

'' സംശയമെന്ത്. ഒരു ഉദാഹരണം പറയാം. 1980കളിൽ പ്രാക്കുളം ഭാസി ദേവസ്വം പ്രസിഡന്റ് ആയിരിക്കുമ്പോൾ എല്ലാജാതിയിലും പെട്ട 10 പേരെ ബോർഡിൽ നിയമിച്ചു. ഒമ്പത് പേർ ക്ളറിക്കലും മറ്റു ജോലികളിലും. ശാന്തിക്കാരനായി തുടർന്നത് ഒരു വിജയൻ മാത്രം. ആ വിജയന്റെ വീട്ടിൽ പൂജ കഴിക്കുന്നത് ഞങ്ങളാണ്. ''

*'ദേവസ്വം ബോർഡിൽ 10ശതമാനം മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് നീക്കി വച്ചിട്ടുണ്ടല്ലൊ.'*

''തന്ത്രിമണ്ഡലം അതിനെ സ്വാഗതം ചെയ്യുന്നു.''

*'യോഗക്ഷേമസഭയെക്കുറിച്ച്'*

''എന്നെ ഞാനാക്കിയത് യോഗക്ഷേമസഭയാണ്. ഞങ്ങളുടെ കുടുംബക്ഷേത്രം സംരക്ഷിക്കാൻ ഒരിക്കൽ ആയുധമെടുത്ത് ഇറങ്ങിയവനാണ് ഞാൻ. ഒരു ജനക്കൂട്ടത്തെയാണ് അന്ന് ആയുധവുമേന്തി നേരിട്ടത്. പിന്നീട് എളിയിൽ കത്തിയുമായി നടക്കുന്ന ഒരു ചട്ടമ്പിയായി അധഃപതിക്കാതിരുന്നത് യോഗക്ഷേമസഭ കൊണ്ട് മാത്രമാണ്. എന്നെ മോഡിഫൈ ചെയ്തത് സഭയാണ്. അതിനുള്ള 101ശതമാനം മാർക്കും യോഗക്ഷേമസഭക്കുള്ളതാണ്.''

●

# നമ്പൂതിരിയ്ക്ക് കൊമ്പുണ്ടോ

സംഭവം അങ്ങ് ഡെൽഹിയിലാണ്. രാജ്യ തലസ്ഥാനത്ത്. പക്ഷേ, വിഷയം രാഷ്ട്രതന്ത്രമൊന്നുമല്ല, ഒരു മുട്ടുശാന്തിയുടേതാണ്. സർവദേശം ഗ്രൂപ്പിൽ വന്ന ഒരു വാട്ട്സ് അപ് മെസേജ്.

സൗത്ത് ഡെൽഹിയിലെ ഒരു അമ്പലത്തിൽ ശാന്തിയ്ക്ക് ആളെ വേണം. കാശായിട്ട് 18000 നൽകും. താമസം , ഭക്ഷണം തുടങ്ങി എല്ലാം ഫ്രീ. ഒരു കാശും ചെലവില്ല. പിന്നെ നടവരവ് വേണ്ടുവോളമുണ്ട് താനും. പൂജ അറിയണമെന്ന് പറയുന്നില്ല, നവകപഞ്ചഗവ്യാദി അറിയണമെന്നും പറയുന്നില്ല.

ഒറ്റ കാര്യമേ പറയുന്നുള്ളൂ!

നമ്പൂതിരി വേണം എന്ന് നിർബന്ധമുണ്ട്. !!

ഇക്കാലത്തും ഇമ്മാതിരി നിർബന്ധം പിടിക്കുന്ന കമ്മിറ്റിക്കാരോ? കേരളത്തിൽപ്പോലും അബ്രാഹ്മണശാന്തിയ്ക്ക് വേണ്ടി മുറവിളി കൂട്ടുന്നവർ വർദ്ധിച്ചു വരുമ്പോഴാണ് 'കൃസ്നാ'വബോധസമിതിയും ഇന്റർനാഷണൽ ടെമ്പിളായ ഇസ്കോണും ഇംഗ്ളീഷ് ആക്സന്റിലെ സംസ്കൃതമന്ത്രങ്ങളും എല്ലാം യഥേഷ്ടമായ ഗ്ലോബൽ മെട്രോയിൽ നിന്ന് ചാതുർവർണ്ണ്യത്തെ തിരിച്ചുവിളിക്കുന്നത്.

നമ്പൂതിരി വേണമെന്ന് നിർബന്ധമുണ്ടത്രെ.

എങ്കിൽ അക്കാര്യം ഒന്നറിഞ്ഞിട്ട് ബാക്കി. സർവദേശത്തിൽ കണ്ട നമ്പറിൽ വിളിച്ചു .

09811905204.

ഹലോയുടെ അങ്ങേത്തല ഡെൽഹിയിലാണ്. സജി കുറിയേടം. ഇരിങ്ങാലക്കുടയുള്ള ഒരു നമ്പൂതിരി. 17 കൊല്ലമായി ഡെൽഹിയിലെത്തീട്ട്. ഒരു ആർക്കിടെക്ച്ചർ കമ്പനിയുടെ ഐ.ടി. ഹെഡ്. അദ്ദേഹത്തിന് പരിചയമുള്ള അമ്പലത്തിലെ കമ്മിറ്റിക്കാരാണ് നമ്പൂതിരി വേണം എന്ന് നിർബന്ധക്കാർ.

ആയിരമോ രണ്ടായിരമോ വർഷം പഴക്കമുള്ള അമ്പലമല്ല. ശങ്കരാചാര്യരോ ഏതെങ്കിലും മനക്കാരോ സ്ഥാപിച്ചതുമല്ല. വെറും 20 കൊല്ലം മുമ്പ് മലയാളികളായ ചിലർ വില കൊടുത്ത് സ്ഥലം വാങ്ങി കേരളത്തിൽ നിന്ന് ഒരു നമ്പൂതിരിതന്ത്രിയെ ക്ഷണിച്ചുകൊണ്ടുപോയി പ്രതിഷ്ഠിച്ച അമ്പലമാണ്. മഹാവിഷ്ണുവാണ് മുഖ്യപ്രതിഷ്ഠ. അയ്യപ്പനും ഭഗവതിയും മറ്റും ഉപദേവന്മാരും. തൊഴാനെത്തുന്നവരിൽ മലയാളികളും ഗോസായിമാരും ഉണ്ട്. കുർത്തയും പാളത്താറുമുണ്ട്. മലയാളികളിലാണെങ്കിൽ എല്ലാത്തരം ജാതിക്കാരുമുണ്ട്.

എന്നിട്ടും .

ശാന്തിയ്ക്ക് നമ്പൂതിരി വേണമെന്ന് നിർബന്ധമുണ്ടത്രെ!

എന്താണ് അതിന്റെ ഒര് ഇത്.

സജി പറയുന്നത് ഇങ്ങനെ:

''ഇവിടെ ഭക്തന്മാരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരാണ് കമ്മിറ്റിയിലുള്ളത്. ഭക്തർക്ക് നമ്പൂരി വേണം ന്നാണ് ള്ളത്. ഇത് കേരളം പോലെയല്ല. അവിടെ രാഷ്ട്രീയപാർട്ടികൾ ആണല്ലോ കാര്യങ്ങൾ അടിച്ചേൽപ്പിക്കുന്നത്. ഇവിടെ ഭക്തരുടെ താല്പര്യമാണ് നടപ്പാക്കുന്നത്. രാഷ്ട്രീയക്കാർക്ക് ഒന്നിലും പങ്കില്ല. കേരള സമ്പ്രദായത്തിലുള്ള അമ്പലം വേണം ന്ന് ഭക്തർക്ക് തോന്നി. അവർ അമ്പലം പണിയിച്ചു. അത് സ്ഥാപിച്ച



തന്ത്രി പറയുന്നതിന് അപ്പുറം ഒരു നിർബന്ധവും അവർക്കില്ല.''

'അവിടെ ഒരമ്പലത്തിൽപ്പോലും അബ്രാഹ്മണശാന്തിയില്ലേ??'

''എല്ലാ അമ്പലത്തിലും നമ്പൂതിരിമാർ തന്നെയാണ് ശാന്തി. ഒരു അമ്പലത്തിൽപ്പോലും മറ്റുള്ളവരില്ല. എന്തിന് ഒരു മുത്തപ്പന്റെ അമ്പലമുണ്ട്. (പറശ്ശിനിക്കടവ് മുത്തപ്പന്റേതാണല്ലോ അത്. ഈഴവരാണ് അതിന്റെ ഉടമസ്ഥർ) അതിൽപ്പോലും നമ്പൂതിരിയാണ്.''

പറശ്ശിനിയിലെ മുത്തപ്പന് തിയ്യ ശാന്തി!

ഡൽഹിയിലെ മുത്തപ്പന് നമ്പൂതിരിശ്ശാന്തി!!

സജി വേറെ ചിലത് കൂടി പറഞ്ഞു. ഡൽഹിയിലെ ഒരമ്പലത്തിൽപ്പോലും അബ്രാഹ്മണൻ വേണമെന്ന മുറവിളി ഉയർന്നിട്ടില്ലെന്ന്. നേരെ മറിച്ച് നമ്പൂതിരി വേണമെന്ന നിഷ്കർഷ ഉണ്ട് താനും. മലയാളികളുടെ ഉടമസ്ഥതയിലുള്ള മിക്ക അമ്പലങ്ങളും കേരളത്തിലെ നമ്പൂതിരി തന്ത്രിമാർ പ്രതിഷ്ഠിച്ചതാണ്. താഴമൺ തന്ത്രിമാർ, പുതുമന, ചേന്നാസ്, പുലിയന്നൂർ, തുടങ്ങി പ്രമുഖരാണ് മിക്കതും പ്രതിഷ്ഠിച്ചത്. ഒന്നിൽപ്പോലും കമ്മിറ്റി ഭരിക്കുന്നത് നമ്പൂതിരിമാരല്ല. സർക്കാരുമല്ല. എല്ലായിടത്തും ഭക്തരുടെ കമ്മിറ്റിയ്ക്കാണ് ഭരണം. തന്ത്രിയാണ് അവസാനവാക്ക്. തന്ത്രി പറയുന്നതിനപ്പുറം ഒന്നും ചെയ്യാറില്ല ആരും.

ഡൽഹി സർക്കാരിന് ആ അമ്പലങ്ങളിൽ ഒരു ഇടപാടുമില്ല. ട്രസ്റ്റ് ആയി രജിസ്റ്റർ ചെയ്തതാണ് എല്ലാ അമ്പലങ്ങളും. ട്രസ്റ്റ് എന്ന നിലയിലുള്ള കാര്യങ്ങളിൽ മാത്രമേ ഗവർമ്മെന്റിന് നോട്ടമുള്ളൂ, മറ്റുള്ള കാര്യങ്ങൾ കമ്മിറ്റിയ്ക്ക് തീരുമാനിക്കാം. സർക്കാറിന് ഒരു റോളുമില്ല.

അമ്പലം പണിയിച്ചത് നമ്പൂതിരിയ്ക്ക് അധികാരമോ മേൽക്കോയ്മയോ ഉള്ള കമ്മിറ്റി അല്ലാഞ്ഞിട്ടും തന്ത്രത്തിനും ശാന്തിയ്ക്കും നമ്പൂതിരി തന്നെ വേണം എന്ന നിഷ്കർഷയാണ് ഡൽഹിയിലെ അമ്പലങ്ങൾ നൽകുന്ന പാഠം. പ്രാർത്ഥനയ്ക്ക് ഇതേ വിഷ്ണുവും ഇതേ കൃഷ്ണനുമുണ്ട് ഇസ്കോൺ ക്ഷേത്രത്തിൽ. അതിന്റെ ഇന്റർനാഷണൽ ലെവലിൽ വളർന്നു വന്നതല്ല കേരളത്തിൽ നിന്ന് ഡൽഹിയിലെത്തിയ മലയാളിയുടെ മനസ്സ്. അവന് വേണ്ടത് അവൻ ശീലിച്ച കേരള മോഡൽ അമ്പലമായിരുന്നു. നാട്ടിൽ അവൻ പെരുമാ

# അബ്രാഹ്മണരെ അനുവദിക്കാനാവില്ല

"അബ്രാഹ്മണരെ ഒരു കാരണവശാലും അനുവദിക്കാനാവില്ല. എന്തെങ്കിലും ക്രിയ ചെയ്ത് അവർക്ക് ബ്രാഹ്മണജാതിയിലേക്ക് ആവാമെന്നും കരുതുന്നില്ല. പൊതുവെ പ്രമുഖരായ ഒരു തന്ത്രിമാരും അബ്രാഹ്മണശാന്തിക്കാരെ അനുവദിക്കുന്നില്ല. തരണനല്ലൂർ പദ്മനാഭൻ ഉണ്ണിനമ്പൂതിരിപ്പാടുമായി ഈ വിഷയം സംസാരിച്ചിരുന്നു. ശബരിമലയിലെ ശാന്തിവിഷയത്തിന്റെ പശ്ചാത്തലത്തിൽ.

വിദഗ്ദ്ധരുമായി കൂടിയലോചിച്ച് യോഗക്ഷേമസഭ സംസ്ഥാന എക്സിക്യൂട്ടീവ് ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുമുണ്ട്.

അതിൽ ഉരുത്തിരിഞ്ഞ നിലപാടും ഇതു തന്നെയാണ്. നമ്മൾ പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളിൽ നമ്മുടെ സമുദായക്കാർ തന്നെ ശാന്തിചെയ്യണമെന്നാണ് നമ്മുടെ നിലപാട്. അതിന് ന്യായവും യുക്തിയുമുണ്ട്. പ്രതിഷ്ഠിക്കുന്ന സമയത്ത് തീരുമാനിക്കുന്നതാണ് ദേവന്റെ കാര്യങ്ങളെല്ലാം. പൂജാവിധി,മന്ത്രം, ഉത്സവം,വിശേഷങ്ങൾ തുടങ്ങി എല്ലാം. തന്ത്രി നിശ്ചയിക്കുന്ന സമ്പ്രദായത്തിനാണ് ആ ക്ഷേത്രത്തിൽ സാധുതയുള്ളത്.



***വൈക്കം പി.എൻ നമ്പൂതിരി***
*യോഗക്ഷേമസഭാ സംസ്ഥാന പ്രസിഡന്റ്*

നമ്പൂതിരിമാർ പൂജാകാര്യങ്ങളിൽ കൂടുതൽ നിഷ്ഠയും ശ്രദ്ധയും പാലിച്ചാൽ നമ്പൂതിരിമാർക്ക് തന്നെയാവും പരിഗണന. അത്തരം കേന്ദ്രങ്ങൾ പല സ്ഥലത്തും ആരംഭിക്കുന്നത് നല്ലപ്രവണതയാണ്.ആറ്റിങ്ങൽ ഉപസഭയുടെ കീഴിൽ ഒരു റെസിഡൻഷ്യൽ തന്ത്രവിദ്യാപീഠം പ്രവർത്തിക്കുന്നുണ്ട്. അവിടത്തെ വിദ്യാർത്ഥികൾക്ക് ശങ്കരാട്രസ്റ്റിനു കീഴിലെ കിളിമാനൂർ കോളേജിൽ പഠിക്കാനും അവസരമുണ്ട്.

ഇത്രയും കാലം ബ്രാഹ്മണവിദ്യാർത്ഥികളെ മാത്രം പ്രവേശിപ്പിച്ചിരുന്ന ചിലതന്ത്രവിദ്യാപീഠങ്ങളിൽ ഈ വർഷം ഇതരസമുദായങ്ങൾക്ക് പ്രവേശനം നൽകിയത് കാണാതിരുന്നു കൂടാ. നമ്പൂതിരിമാർ പൂജാകാര്യങ്ങളിൽ നിന്ന് പിൻവാങ്ങുന്നതു കൊണ്ടാണ് ഇതരസമുദായങ്ങൾ നമ്മുടെ ഇടം അപഹരിക്കുന്നത് എന്നതും കാണാതിരുന്നുകൂടാ. ●

# തുടക്കം പിഴച്ചു; ഇനിയും ഇഷ്യുകൾ ഉണ്ടാവും

അബ്രാഹ്മണർ ആദ്യം ശാന്തിക്കാരായത് 1968ലാണ്. അവരെ പഠിപ്പിച്ചതാകട്ടെ നമ്പൂതിരിമാരും. തുടക്കം പിഴച്ചു. ഇനിയും ഇതുപോലുള്ള ഇഷ്യുകൾ ഉണ്ടാവും. അവരെ പൂജ പഠിപ്പിച്ചു കഴിഞ്ഞാൽ അവർ പൂജയ്ക്കായി അവസരത്തിന് ശ്രമിക്കും. ഇത്തരം കാര്യങ്ങളിൽ സുസമ്മതമായ ഒരു നിലപാടിൽ എത്തിച്ചേരാനായി ഒരു ചിന്തൻ ശിബിരം നടത്താൻ പരിപാടിയുണ്ട്.

ഇപ്പോൾ നമ്പൂതിരിമാർക്കിടയിൽ നിന്ന് തന്നെ ഭിന്നമായ അഭിപ്രായങ്ങൾ വരുന്നു. ഏകോപിപ്പിച്ച ഒരു അഭിപ്രായം ഉണ്ടാക്കാനായി അടുത്തുതന്നെ വിവിധ തന്ത്രിമാരുടെയും അതുപോലുള്ള പ്രമുഖരെയും പങ്കെടുപ്പിച്ച് ശിബിരം ചേരുന്നുണ്ട്. നമ്പൂതിരിമാരെ ശാന്തിക്ക് കിട്ടാത്ത അനുഭവവും ദേവസ്വം ബോർഡ് അഭിമുഖീകരിക്കുന്നുണ്ട്. ഈ പ്രശ്നങ്ങൾ ഉണ്ടായ ശേഷവും 78 വേക്കൻസി തിരുവിതാംകൂർ ദേവസ്വം ബോർഡിലുണ്ടായി.



***കെ.എസ് കൃഷ്ണൻ നമ്പൂതിരി***
*യോഗക്ഷേമസഭാ സംസ്ഥാന സെക്രട്ടറി*

വിവാദങ്ങൾ ഉണ്ടായ പശ്ചാത്തലത്തിൽ ബോർഡുമായി ബന്ധപ്പെട്ടിരുന്നു.നിങ്ങൾക്ക് നമ്പൂതിരിമാരെ തരാനുണ്ടോ എന്നായിരുന്നു അവരുടെ ചോദ്യം.

അക്കാഡമിക് ആയി പഠിപ്പിക്കാനുള്ള സ്ഥാപനം നമുക്കിടയിൽ ഇല്ല. സോമനാഥിലും തിരുപ്പതിയിലും യൂണിവേഴ്സിറ്റികളുണ്ട്. സോമനാഥിലെ യൂണിവേഴ്സിറ്റിയ്ക്ക് നേരത്തെ ഓഫ് കാമ്പസ് പ്രൊവിഷൻ ഉണ്ടായിരുന്നു. ഇപ്പോൾ ആ സൗകര്യം ഇല്ല. അതുപോലൊരു സംവിധാനത്തെപ്പറ്റി ദേവസ്വം മന്ത്രി കടകംപള്ളിയുമായി സംസാരിച്ചിരുന്നു. എന്നാൽ കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിയും പൂജാപഠനകോഴ്സിന് തയ്യാറല്ല. സാങ്കേതിക പ്രശ്നങ്ങൾ നിരവധിയുണ്ട്. ●

---

► റിപ്പോന്ന അമ്പലത്തിൽ ഇത്രയും കാലം നമ്പൂതിരിയായിരുന്നു ശാന്തി. അതുകൊണ്ട് അവൻ നമ്പൂതിരിയെ തന്ത്രിയാക്കി. നമ്പൂതിരിയെ ശാന്തിക്കാരനുമാക്കുന്നു. അത്രയേ ഉള്ളൂ.

അവിടെ, അമ്പലത്തിൽ സർക്കാർ കയറി നിരങ്ങാത്തതു കൊണ്ട് അവന്റെ പ്രാർത്ഥന സാർത്ഥകമാവുന്നു; സായൂജ്യമടയുന്നു.

അതുകൊണ്ടാണ് നമ്പൂതിരി വേണമെന്ന് അവൻ നിർബന്ധിക്കുന്നത്. ●

**200 പൂജാരിമാരുടെ ഒഴിവിലേക്ക്**

# അപേക്ഷിച്ചവരിൽ 40 ബ്രാഹ്മണർ മാത്രം

## ഇത് കാണാതിരുന്നു കൂടാ

കുഴിക്കാട്ടുപച്ച എന്ന പ്രമാണഗ്രന്ഥം എഴുതിയ കുഴിക്കാട്ട് മഹേശ്വരൻ ഭട്ടതിരിപ്പാടിന്റെ അഞ്ചാം തലമുറയാണ് കുഴിക്കാട്ട് അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്. തന്ത്രസമുച്ചയത്തിന് വ്യാഖ്യാനമെഴുതിയ പണ്ഡിതരും ആ കുടുംബത്തിലുണ്ട്. നിരവധി ക്ഷേത്രങ്ങളിൽ തന്ത്രമുള്ള ആൾ. യോഗക്ഷേമസഭയുടെ സംസ്ഥാന പ്രസിഡന്റുമായി. അഖിലേന്ത്യാ ബ്രാഹ്മിൻ ഫെഡറേഷൻ ദേശീയ ഉപാദ്ധ്യക്ഷനായ അദ്ദേഹം ഇപ്പോൾ യോഗക്ഷേമസഭയുടെ സംസ്ഥാന കൗൺസിൽ അംഗവുമാണ്. സ്വസ്തിക്കു വേണ്ടി അദ്ദേഹം നിലപാട് വ്യക്തമാക്കുന്നു:

ബ്രാഹ്മണകുലത്തിൽ ജനിച്ച് ഷോഡശാദി സംസ്കാരക്രിയകൾ നടത്തി പൂജാകാര്യങ്ങൾ ഒരു ഉപാസനപോലെ ചെയ്യുന്ന ആളാവണം ശാന്തിക്കാരൻ എന്നാണ് വ്യക്തിപരമായി എന്റെ അഭിപ്രായം. ജന്മം കൊണ്ടും കർമ്മം കൊണ്ടും ബ്രാഹ്മണൻ ആവുക എന്നതാണ് പൂജാരിയാവാൻ വേണ്ട യോഗ്യത. അങ്ങനെയാണ് വേണ്ടത്. അറിവും പാണ്ഡിത്യവുമാണ് ബ്രാഹ്മണന്റെ മുഖമുദ്ര.

എന്നാൽ ഇന്നത്തെ വർത്തമാനകാല സാഹചര്യം കൂടി പരിശോധിച്ചുവേണം ഇതിൽ ഒരു തീരുമാനമെടുക്കാനും അഭിപ്രായം പറയാനും. കൊച്ചിൻ ദേവസ്വം ബോർഡിൽ 200 പൂജാരിമാരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷിച്ചവരിൽ 40 ബ്രാഹ്മണർ മാത്രമാണ് ഉള്ളത്. എന്താണ് പോംവഴി. ബ്രാഹ്മണരെ പൂജാരിയായി കിട്ടിയില്ലെങ്കിൽ ക്ഷേത്രങ്ങൾ അടച്ചിടേണ്ട അവസ്ഥ ഉണ്ടാവുന്നത് ശരിയാണോ?

ബ്രാഹ്മണരും അബ്രാഹ്മണരും തമ്മിലുള്ള വ്യത്യാസം ഭക്തജനങ്ങൾക്ക് ബോദ്ധ്യമാവണം. ബ്രാഹ്മണർ വേണമെന്ന് അവരിൽ നിന്ന് ആവശ്യമുയരണം. 1968ൽ ആദ്യമായി അബ്രാഹ്മണൻ പൂജാരിയായി. ബ്രാഹ്മണർ ഉദാസീനമായ നിലപാട് സ്വീകരിച്ചതിനാൽ അിനെതിരെ ഫലപ്രദമായ ചെറുത്തുനിൽപ്പുകളൊന്നും ഉണ്ടായില്ല. ഇനി അതിനെ തള്ളിപ്പറയുന്നതെങ്ങനെ?



***അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്***
(അഖിലേന്ത്യാ ബ്രാഹ്മിൻ ഫെഡറേഷൻ ദേശീയ ഉപാദ്ധ്യക്ഷൻ)

ജന്മം കൊണ്ടും കർമ്മം കൊണ്ടും ബ്രാഹ്മണൻ ആവുക എന്നതാണ് പൂജാരിയാവാൻ വേണ്ട യോഗ്യത. അങ്ങനെയാണ് വേണ്ടത്. അറിവും പാണ്ഡിത്യവുമാണ് ബ്രാഹ്മണന്റെ മുഖമുദ്ര.

ശാന്തിക്കാർക്ക് സ്വസമുദായത്തിൽ നിന്ന് പെൺകുട്ടികളെ കിട്ടാത്ത സ്ഥിതിയുണ്ട്. പൂജയെന്നത് ക്ളാസ് ഫോർ ജീവനക്കാരന്റെ നിലവാരത്തിലുള്ള തൊഴിലായാണ് ദേവസ്വം ബോർഡ് കാണുന്നത്. അതുകൊണ്ട് ചെറുപ്പക്കാരായ നമ്പൂതിരിമാരെ പൂജയ്ക്ക് കിട്ടാത്ത സാഹചര്യം നിലവിലുണ്ട്. മാത്രമല്ല നമ്പൂതിരിമാരായ ശാന്തിക്കാരിൽ നിഷ്ഠയും നിഷ്കർഷയും കുറയുന്നതും കാണേണ്ടതുണ്ട്. ഇതരസമുദായക്കാർക്ക് നമ്പൂതിരിമാർ തന്നെ പൂജ പഠിപ്പിച്ചു കൊടുക്കുന്ന അവസ്ഥയുമുണ്ട്. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ വേണം ഈ വിഷയത്തിൽ അഭിപ്രായം പറയാൻ.

പൊതുജനങ്ങൾ ഈ വിഷയത്തെ എങ്ങനെ കാണുന്നു എന്നു കൂടി നോക്കണം. തന്റെ പരിധിയിൽ പുതിയൊരു ചുമട്ടു തൊഴിലാളി വരുമ്പോൾ എതിർക്കുന്നവരുണ്ട്. തൊഴിൽ സംരക്ഷണം എന്ന ഒറ്റ അജൻഡയിലാണ് ഇതുപോലെ പല മേഖലകളിലും പലരും എതിർപ്പ് പ്രകടിപ്പിക്കുന്നത്. അബ്രാഹ്മണശാന്തിയെ നമ്പൂതിരി എതിർക്കുന്നത് തൊഴിൽ സംരക്ഷണത്തിന്റെ പേരിലാണോ വിശ്വാസത്തിന്റെ പേരിലാണോ? തൊഴിൽ സംരക്ഷണം എന്ന നിലയിലവുമ്പോൾ പൊതുജനങ്ങളുടെ സമീപനം ആ രീതിയിലാവും. നേരെ മറിച്ച് വിശ്വാസത്തിന്റെ പേരിലാണെങ്കിൽ അങ്ങനെയും. നമ്പൂതിരിമാർക്ക് പൊതുസ്വീകാര്യത കുറഞ്ഞുവരുന്നതിന്റെ ശിക്ഷയാണ് നാം അനുഭവിക്കുന്നത്.

അതിന് ഒറ്റ പരിഹാരമേയുള്ളൂ. നിഷ്ഠയിലും നിഷ്കർഷയിലും അനുഷ്ഠാനങ്ങളിലുമെല്ലാം ശ്രദ്ധ കൂട്ടുക. അപ്പോൾ ബ്രാഹ്മണർ തന്നെ ശാന്തിക്കാരാവണം എന്ന താല്പര്യം എല്ലാവർക്കുമുണ്ടാവും. അല്ലാതെ ശാന്തിക്കാരാവാൻ നമ്പൂതിരിമാരെ കിട്ടാത്ത സാഹചര്യം നിലനിൽക്കേ ബ്രാഹ്മണകുലത്തിൽ ജനിച്ച് ഷോഡശാദി സംസ്കാരക്രിയകൾ നടത്തി പൂജാകാര്യങ്ങൾ ഒരു ഉപാസനപോലെ ചെയ്യുന്ന ആളാവണം ശാന്തിക്കാരൻ എന്നു നിർബന്ധം പിടിക്കാനാവില്ല. വ്യക്തിപരമായി എന്റെ ആഗ്രഹവും അഭിപ്രായവും അതാണെങ്കിൽപ്പോലും. ശരിക്കും ദേവസ്വം ബോർഡിലെ ക്ളാസ് വൺ ഓഫീസറുടെ റാങ്കിലാവണം ശാന്തിക്കാരൻ. ●

# ശാന്തി നിയമനം ആഗമശാസ്ത്ര പ്രകാരമാകണം: യോഗക്ഷേമസഭ

തിരുവിതാംകൂർ ദേവസ്വം ബോർഡും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡും ടെസ്റ്റും ഇന്റർവ്യൂവും നടത്തി ശാന്തിക്കാരായി കുറച്ച് ആളുകളെ തിരഞ്ഞെടുക്കുകയും തിരുവിതാംകൂർ ദേവ്സവം ബോർഡിന്റെ കീഴിലുള്ള ചില ക്ഷേത്രങ്ങളിൽ നിയമനം നടത്തുകയും ചെയ്തതിൽ ക്രമക്കേടും അപാകതകളും ഉണ്ടെന്നും അബ്രാഹ്മണ ശാന്തി നടപടികൾ യാതൊരു കാരണവശാലും അംഗീകരിക്കുവാൻ സാധിക്കുകയില്ലെന്നും യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് വൈക്കം പി.എൻ. നമ്പൂതിരി പ്രസ്താവിച്ചു.

ആഗമശാസ്ത്രപ്രകാരം പ്രതിഷ്ഠാ കർമ്മങ്ങൾ നടത്തിയും പൂജാവിധികൾ നടത്തിവരുന്ന ക്ഷേത്രങ്ങളിൽ ശാന്തിക്കാരായി അബ്രാഹ്മണരെ നിയമിച്ചതിലൂടെ ആഗമശാസ്ത്ര വിരുദ്ധ നടപടിയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് വരുത്തിത്തീർത്തിരിക്കുന്നത്.

ആഗമശാസ്ത്രപ്രകാരം ജീവിച്ചുവരുന്നതും, കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരുമായ ഒരു വിഭാഗത്തെ ഒഴിവാക്കി മറ്റുള്ളവരെ നിയമിച്ചതും ആചാരവിരുദ്ധമാണ്. ഇത് ക്ഷേത്രചൈതന്യത്തിനും ദോഷകരമാണ്.

2015 ഡിസംബർ 16-ാം തീയതി 'ആദി ശൈവാചാര്യ V/s സ്റ്റേറ്റ് ഓഫ് തമിഴ്നാട്' കേസിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിന് എതിരാണ് ഇപ്പോഴത്തെ ശാന്തി നിയമനങ്ങൾ. ഇത് നിയമവിരുദ്ധവും സുപ്രീം കോടതി വിധിയോടുള്ള നഗ്നമായ ലംഘനവുമാണ്. യോഗക്ഷേമസഭ ഇതിനെതിരെ ശക്തമായി പ്രതികരിക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ആഗമശാസ്ത്രപ്രകാരം പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രങ്ങളിൽ പൂജ കഴിക്കുന്നതിനായി ഷോഡശാചാരപ്രകാരവും ആഗമശാസ്ത്രപ്രകാരവുമുള്ള ജീവിത



ലോകാഃ സമസ്താഃ സുഖിനോഭവന്തു!

യോഗക്ഷേമസഭ

രജി നമ്പർ 83/76

അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് : അതിഥി മന്ദിരം, ഔട്ടർ റിംഗ് റോഡ്, ഗുരുവായൂർ - 680 101, ഫോൺ : 0487 2562444

Email : yksitc@gmail.com, Web: www.yogakshemam.org

| പ്രസിഡന്റ് | ജനറൽ സെക്രട്ടറി | ട്രഷറർ |
| --- | --- | --- |
| വൈക്കം പി.എൻ. നമ്പൂതിരി | കെ.എസ്. കൃഷ്ണൻ നമ്പൂതിരി | കെ.എം. നാരായണൻ ഭട്ടതിരിപ്പാട് |
| വടശ്ശേരി ഇല്ലം | (കൃഷ്ണൻ കാരയ്ക്കാട്) | കരുവാട്ടു മന |
| വൈക്കം | കാരയ്ക്കാട്ട് മന, പേരാമംഗലം | പുന്നയൂർക്കുളം പി.ഒ. |
| കോട്ടയം - 686 141 | തൃശൂർ - 680 545 | പിൻ - 679 561 |
| ഫോൺ : 04829 225758 | ഫോൺ : 0487 2213490 | ഫോൺ : 9961893934 |
| മൊബൈൽ : 8281622847 | മൊബൈൽ : 9446033490 | Email : www.narayanankaruvattu@gmail.com |

ശാന്തി നിയമനം ആഗമശാസ്ത്രപ്രകാരമാകണം. യോഗക്ഷേമസഭ

തിരുവിതാംകൂർ ദേവസ്വം ബോർഡും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡും ടെസ്റ്റും ഇന്റർവ്യൂവും നടത്തി ശാന്തിക്കാരായി കുറച്ചു ആളുകളെ തെരഞ്ഞെടുക്കുകയും തിരുവിതാംകൂർ ദേവശ്വം ബോർഡിന്റെ കീഴിലുള്ള ചില ക്ഷേത്രങ്ങളിൽ നിയമനം നടത്തുകയും ചെയ്തതിൽ ക്രമക്കേടും അപാകതകളും ഉണ്ടെന്നും അബ്രാഹ്മണ ശാന്തി നടപടികൾ യാതൊരു കാരണവശാലും അംഗീകരിക്കുവാൻ സാധിക്കുകയില്ലെന്നും യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് വൈക്കം പി.എൻ. നമ്പൂതിരി പ്രസ്താവിച്ചു.

ആഗമശാസ്ത്രപ്രകാരം പ്രതിഷ്ഠാ കർമ്മങ്ങൾ നടത്തിയും പൂജാവിധികൾ നടത്തിവരുന്ന ക്ഷേത്രങ്ങളിൽ ശാന്തിക്കാരായി അബ്രാഹ്മണരെ നിയമിച്ചതിലൂടെ ആഗമശാസ്ത്രവിരുദ്ധ നടപടിയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് വ[illegible]ത്തീർത്തിരിക്കുന്നത്.

*അബ്രാഹ്മണ ശാന്തി വിഷയത്തിൽ യോഗക്ഷേമസഭ പുറത്തിറക്കിയ പ്രസ്താവന*

●

ആഗമശാസ്ത്രപ്രകാരം പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രങ്ങളിൽ പൂജ കഴിക്കുന്നതിനായി ഷോഡശാചാരപ്രകാരവും ആഗമശാസ്ത്രപ്രകാരവുമുള്ള ജീവിതശൈലിയിൽ ജനിക്കുകയും പൂജാ വേദാദി കർമ്മങ്ങളിൽ പാണ്ഡിത്യവും അറിവും ഉള്ള ബ്രാഹ്മണ സമുദായാംഗങ്ങളിൽ നിന്നുള്ളവരെ മാത്രമേ ശാന്തിക്കാരായി നിയമനം നടത്താവൂ

●

ശൈലിയിൽ ജനിക്കുകയും പൂജാദി കർമ്മങ്ങളിൽ പാണ്ഡിത്യവും അറിവും ഉള്ള ബ്രാഹ്മണ സമുദായാംഗങ്ങളിൽ നിന്നുള്ളവരെ മാത്രമേ ശാന്തിക്കാരായി നിയമനം നടത്താവൂ എന്നും യോഗക്ഷേമസഭ ആവശ്യപ്പെട്ടു.

അബ്രാഹ്മണരെ ശാന്തിക്കാരായി നിയമനം നടത്തുകയും, കൂടാതെ അതിൽ സംവരണം ഏർപ്പെടുത്തുകയും ചെയ്ത നീക്കത്തിനെതിരെ യോഗക്ഷേമസഭ മേൽ നടപടികളിലേക്ക് തിരിയുകയാണ്. ഏതൊരു ക്ഷേത്രത്തിലെയും ആചാരമാറ്റം നടത്തുമ്പോൾ ദേവഹിതം അറിയേണ്ടത് അനിവാര്യമാണ്. എന്നാൽ ഇക്കാര്യത്തിൽ സർക്കാരും ദേവസ്വം ബോർഡും തന്നിഷ്ടം കാണിച്ചിരിക്കുകയാണ്. ഇത് ഹൈന്ദവ സമൂഹത്തോട് ചെയ്യുന്ന കടുത്ത അനീതിയും വെല്ലുവിളിയുമാണ്.

ശാന്തിവൃത്തി കേവലം ഒരു തൊഴിലായി കാണുവാൻ സാധിക്കുകയില്ല. ഇതൊരു ഉപാസനയാണ്. ബ്രാഹ്മണർ പൂജാവിധികൾ പഠിക്കുന്നത് കേവലം തൊഴിലുകൾക്ക് വേണ്ടിയല്ല, ജീവിതചര്യയാണ്. ഈ വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ ഒട്ടേറെ വിധികളുണ്ട്. അതിനാൽ ഒരു സാധാരണ ജോലിപോലെ ശാന്തിക്കാരായി കുറച്ച് ആളുകളെ നിയമിച്ചതിനും സംവരണം ഏർപ്പെടുത്തിയതിനും യാതൊരു ന്യായീകരണവും ഇല്ലെന്നും യോഗക്ഷേസഭ സംസ്ഥാന പ്രസിഡന്റ് വൈക്കം പി.എൻ. നമ്പൂതിരി പ്രസ്താവിച്ചു. ●

# ബ്രാഹ്മണനെ നിർമ്മിക്കാൻ വേണ്ട മൂലകങ്ങൾ



പദ്മനാഭൻ നമ്പൂതിരി



ഒരാൾ ബ്രാഹ്മണനാണോ എന്ന് തിരിച്ചറിയാൻ ലിറ്റ്മസ് ടെസ്റ്റ് ഒന്നുമില്ല. പൂണൂലോ കോണകമോ ഉള്ളതിനാൽ ഒരാൾ ബ്രാഹ്മണനാവുന്നില്ല. ഏത് ഏഭ്യനും അതെടുത്തണിയാം. എപ്പോൾ വേണമെങ്കിലും അഴിച്ചു കളയുകയും ചെയ്യാം.

അപ്പോൾ അതല്ല ബ്രാഹ്മണ്യത്തിന്റെ ഐക്കൺ.

വേറൊന്നുള്ളത് ബ്രഹ്മജ്ഞാനമാണ്. അത് കിട്ടിയാൽ ബ്രാഹ്മണനാവും എന്ന് പറയുന്നവരുണ്ട്. ഒരു തർക്കവുമില്ല അതിന്. എന്നാൽ അത് കിട്ടിയോ എന്നറിയാൻ ശാസ്ത്രീയ പരീക്ഷണമൊന്നുമില്ല. പവർമാൾട്ട് കഴിച്ചാലെന്നപോലെ ഒറ്റനോട്ടത്തിൽ തിരിച്ചറിയാനും പറ്റില്ല.

പിന്നെയൊന്നുള്ളത് ഷോഡശക്രിയ ചെയ്യലാണ്. അതാണ് പലരും നിർദ്ദേശിക്കുന്ന ഒറ്റമൂലി. പക്ഷേ, ഗർഭത്തിലിരിക്കുമ്പോൾ ചെയ്യേണ്ട ചിലതുണ്ട് അതിൽ. ജനിച്ചു കഴിഞ്ഞ ഒരാൾക്ക് മുൻകാലപ്രാബല്യത്തോടെ അത് ചെയ്യാനാവില്ല. എന്നാൽ ഗർഭാനന്തരം പിഴയൊടുക്കി ഷോഡശത്തിലെ ചിലതെല്ലാം ചെയ്തവരുണ്ട്. ഇവരെ ആർജിതബ്രാഹ്മണർ എന്നാണ് വിളിക്കുന്നത്.

ഇതൊന്നുമല്ലാതെ കൂത്തിലും മറ്റും പറയുന്ന വേറൊരു തരം കൂടിയുണ്ട്. സുന്ദര ബ്രാഹ്മണൻ!

ഇതിൽ ആരാണ് ഒറിജിനൽ?

എന്താണ് വ്യത്യാസം?

ഉണ്ണിയേത് കൊശവനേത് എന്നറിയാൻ എന്താണ് മാർഗ്ഗം?

കണ്ടാലോ തൊട്ടാലോ നുള്ളിയാലോ ഒന്നും തിരിച്ചറിയാൻ വയ്യെങ്കിൽ പിന്നെന്തു ചെയ്യും?. ഒരു വിദ്വാൻ നമ്പൂരിയാണോ ആർജിച്ചവനാണോ എന്ന് തീർച്ചയാക്കേണ്ട സന്ദർഭങ്ങൾ ഉണ്ടാവാം. സർക്കാർ എങ്ങനെ അത് തീർച്ചയാക്കും?

വല്ലാത്തൊരു നമ്പൂരിശ്ശങ്ക തന്നെ.

ശങ്ക തീർക്കാൻ പറ്റിയ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ ചീഫ് സെക്രട്ടറിയാണ്. അവിടത്തെ പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരമുണ്ടോ എന്നറിയാൻ ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം തപാലിനു കീഴിലെ കാപ്പിൽമേക്കുള്ള ക്ടാക്കോട്ട് ഇല്ലത്ത് രാധാകൃഷ്ണൻ പോറ്റി നാലഞ്ചു ചോദ്യങ്ങൾ എഴുതിച്ചോദിച്ചു. യോഗക്ഷേമസഭയുടെ മുൻജനറൽ സെക്രട്ടറിയാണ് ഈ പോറ്റി. ഇപ്പോൾ കേരളതന്ത്രിമണ്ഡലം ജനറൽ സെക്രട്ടറിയും.

സർക്കാരാണ് പരമാധികാരി. അതുകൊണ്ട് അങ്ങേരെത്തന്നെ സമീപിക്കാമെന്ന് വച്ചു .

മറുപടി മുഖദാവിലോ കടലാസിലോ എന്ന് വി. കെ. എൻ സ്റ്റൈലിൽ സർക്കാർ ചോദിച്ചു. എഴുതിത്തന്നാൽ മതിയെന്നായി പോറ്റി. എന്നാൽപ്പിന്നെ പത്തു രൂപയുടെ കോർട്ട് ഫീസ്റ്റാമ്പ് വേണമെന്നായി അധികാരി. പോറ്റിയുടെ കയ്യിൽ പത്തു രൂപ ഉണ്ടോ എന്നറിയണമല്ലോ. എത്രപറ പാട്ടം കിട്ടും എന്നല്ല ചോദിച്ചത്. അതിന്റെ ഭാഷ്യമായ ദാരിദ്ര്യരേഖയുടെ താഴെയാണോ എന്ന് ചോദിച്ചു. കോർട്ട്

ഫീസ്റ്റാമ്പിനൊക്കെ ഇല്ലത്ത് വകയു ണ്ടെന്നായി പോറ്റി. പോരാത്തതിന് ചില ക്ഷേത്രങ്ങളിൽ തന്ത്രവുമുണ്ട്.

ഈ സംഭവം 2017 സെപ്തംബർ 12നായിരുന്നു.

ആ മാസം 23 ന് തന്നെ ഭരണഭാ ഷയായ മലയാളത്തിൽ പൊ. ഭ. വ യിൽ ( പൊതു ഭരണ വിഭാഗം ) നിന്ന് മറുപടി കിട്ടി.

ചീഫിന് വേണ്ടി അണ്ടർ സെക്ര ട്ടറിയാണ് പറഞ്ഞത്. ഇവിടെ ഒരു വിവരോം ഇല്ല്യ. കൃത്യമായ വിവരം ഉള്ളവർ കോഴിക്കോട്ടെ കിർത്താഡ്സി ലേ ഉള്ളൂ എന്നതിനാൽ അപേക്ഷയു ടെ ഈച്ചക്കോപ്പി ടിയാന്റെ സമക്ഷ ത്തിലേക്ക് വിട്ടിട്ടുണ്ടെന്നും അണ്ടർ സെക്രട്ടറി എഴുതിക്കൊടുത്തു.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഇതാ വരു ന്നു മറുപടി.

വീണ്ടും പൊ ഭ വ യിൽ ( ഭരണഭാ ഷയ്ക്ക് നന്ദി )നിന്ന് .

ആ ചോദ്യങ്ങളും അതിനു കിട്ടിയ മറുപടിയുമാണ് ചുവടെ.

a.കേരളത്തിൽ ബ്രാഹ്മണർ എന്നത് ജാതി ആണോ?

ആണ്. നമ്പൂതിരി (ബ്രാഹ്മിൻ ) എന്നൊരു വിഭാഗമുണ്ട്.

b.ജാതി സർട്ടിഫിക്കറ്റ് നൽകാൻ അ ധികാരം ആർക്കാണ്?

സംസ്ഥാനതല ഉപയോഗത്തിന് വില്ലേജ് ഓഫീസറും കേന്ദ്രതല ഉപ യോഗത്തിന് വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം തഹസീൽദാരും ആണ് ജാതി സർട്ടിഫിക്കറ്റ് നൽകു ന്നത്.

c.ആർജിതബ്രാഹ്മണൻ എന്ന ഒരു ജാതി കേരളത്തിൽ സർക്കാർ അംഗീ കരിച്ചിട്ടുണ്ടോ?

പട്ടികജാതി, പട്ടിക വർഗ്ഗം, മറ്റു പിന്നാക്ക വിഭാഗങ്ങൾ എന്നിവരുടെ ലിസ്റ്റ് മാത്രമാണ് സർക്കാർ അംഗീ കരിച്ച് പട്ടിക തയ്യാറാക്കിയിരിക്കു ന്നത്. ടി ലിസ്റ്റുകളിൽ ഉൾപ്പെടാത്ത വിഭാഗങ്ങളെ ജനറൽ വിഭാഗമായാണ് കണക്കാക്കുന്നത്. പ്രശസ്ത നരവംശ ശാസ്ത്രജ്ഞനായ കെ. എസ്. സിംഗ് കേരളത്തിൽ 225 വ്യത്യസ്തജാതി വി ഭാഗങ്ങളുണ്ടെന്ന് പ്രതിപാദിക്കുന്നുണ്ട്.

d. കേരളത്തിൽ ഒരു വ്യക്തിയുടെ ജാ തി നിശ്ചയിക്കുന്നതിന്റെ അടിസ്ഥാ നം എന്താണ്?

Caste is by birth. അതായത് ഒരാൾ ഏത് ശ്രേണി ജാതിയിലാണ് ജനിച്ച ത് അതാണ് ആ വ്യക്തിയുടെ ജാതി നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാ നം.


(d) 'Caste is by birth' അതായത് ഒരാൾ ഏത് ജാതി ശ്രേണിയിലാണ് ജനിച്ചത് അതാണ് ആ വ്യക്തിയുടെ ജാതി നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാനം.

(e) ഇല്ല.

മേൽ പറഞ്ഞ മറുപടിയിൽ തൃപ്തനല്ലാത്ത പക്ഷം താഴെ കാണുന്ന വിലാസത്തിൽ ഈ കത്ത് ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

സജിത്ത്കുമാർ എസ്.വി
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& വിജിലൻസ് ഓഫീസർ i/c

*ജാതി ജന്മസിദ്ധമാണ് എന്ന് വ്യക്തമാക്കുന്ന വിവരാവകാശരേഖ*

മുമ്പ് ബ്രാഹ്മണനെ നശിപ്പിക്കാൻ എന്താണ് വഴി യെന്നായിരുന്നു അന്വേഷണം. ഉത്തരവും കണ്ടെ ത്തിയിരുന്നു. പരുത്തികൃഷി നശിപ്പിക്കുക. പരുത്തി നശിച്ചാൽ നൂലുണ്ടാക്കാനാവില്ല. നൂലില്ലെങ്കിൽ പൂണൂലുണ്ടാക്കാനും കഴിയാതെ വരും.

e.കേരളത്തിൽ ജാതി മാറുവാൻ നിയ മം അനുവദിക്കുന്നുണ്ടോ?

ഇല്ല.

മേൽപ്പറഞ്ഞ മറുപടിയിൽ തൃപ്ത നല്ലാത്ത പക്ഷം താഴെക്കാണുന്ന വിലാസത്തിൽ ഈ കത്ത് ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ നൽകാവുന്ന താണ് എന്ന് വിശേഷിച്ച് അരുളപ്പാടും.

നല്ല തൃപ്തിയായതിനാൽ പോറ്റി ആ കടലാസ് മടക്കി കീശയിലിട്ടു.

ചുരുക്കി പറഞ്ഞാൽ കേരളത്തിൽ ജാതി മാറാൻ പറ്റില്ലെന്ന്. അത് പറ യേണ്ട ആൾ മലയാളത്തിൽ തന്നെ എഴുതി ഒപ്പിട്ടു സീലടിച്ച് നൽകിയിരി ക്കുന്നു.

ഷോഡശക്രിയ കഴിച്ചുവന്നാൽ ഒ രാൾ ബ്രാഹ്മിൻ ( നമ്പൂതിരി ) ആവി ല്ലെന്ന്. ഒരു ക്രിയയും കഴിച്ചില്ലെങ്കിലും ബ്രാഹ്മണയോനിയിൽ വന്നു പിറ ന്നാൽ ബ്രാഹ്മണനാവുകയും ചെയ്യും. ജനിച്ച സെക്കൻഡിൽ തന്നെ തീർച്ച യാവുന്ന ഒന്നാണ് ജാതി. ജനനരജി സ്റ്റർ ഫോമിൽ ജാതി ചോദിക്കുന്നുണ്ട്. അത് പിന്നെ മാറാൻ പറ്റില്ല. എന്നാൽ മതം എപ്പോൾ വേണമെങ്കിലും മാ റുകയോ സിറിയയിൽ പോയി ആടു മേയ്ക്കുകയോ ആവാം. എന്നാൽ ഒരു സാഹചര്യത്തിലും ജാതി മാറാൻ വകുപ്പില്ല.

ജന്മനാ ജായതേ ശൂദ്രഃ എന്നും കർമ്മണാ ജായതേ ദ്വിജഃ എന്നും മുട്ടിന് മുട്ടിന് ചൊല്ലുന്ന പ്രമാണ മൊന്നും സർക്കാർ അംഗീകരിച്ചിട്ടി ല്ലെന്ന് സാരം.

മുമ്പ് ബ്രാഹ്മണനെ നശിപ്പി ക്കാൻ എന്താണ് വഴിയെന്നായി രുന്നു അന്വേഷണം. ഉത്തരവും കണ്ടെത്തിയിരുന്നു. പരുത്തികൃഷി നശിപ്പിക്കുക. പരുത്തി നശിച്ചാൽ നൂലുണ്ടാക്കാനാവില്ല. നൂലില്ലെങ്കിൽ പൂണൂലുണ്ടാക്കാനും കഴിയാതെ വരും. പൂണൂൽ ചെവിയിൽ കൊളു ത്തിയാലേ ബ്രാഹ്മണന് മൂത്രമൊഴി ക്കാൻ കഴിയൂ. അങ്ങനെ പൂണൂ ലില്ലാതെ മൂത്രശങ്ക കലശലായി ബ്രാഹ്മണൻ മൂത്രംമുട്ടി മരിക്കും!

ഇപ്പോൾ അതിന്റെ വിപരീത ലൈ നിലാണ് അന്വേഷണം.

ബ്രാഹ്മണനെ സൃഷ്ടിക്കാൻ എന്താണ് വഴി ? സർക്കാർ പരുത്തി ക്കൃഷിക്ക് വെള്ളമൊഴിക്കാൻ തുട ങ്ങീട്ടുണ്ട്. പരുത്തി തഴച്ചു വളരും. ധാരാളം നൂലുണ്ടാവും. മൂന്നേകാൽ കോടി മലയാളികളെയും പൂണൂലി ടീച്ച് ബ്രാഹ്മണരാക്കി ഉയർത്തി രാ ജ്യത്തിനാകെ മാതൃകയാവാനാണ് പരിപാടി. ബ്രഹ്മജ്ഞോ ബ്രാഹ്മണ പ്രിയ !!

●

### മണി ബ്രാഹ്മണന്യായം അഥവാ

# നമ്പൂതിരിമാരുടെ മേക്കിട്ട് കേറാനുള്ള ചില വഴികൾ



**സി.ടി. വാസുദേവൻ നമ്പൂതിരി**
(പൗഡിക്കോണം, തിരുവനന്തപുരം)

**ബ്രാഹ്മണർക്ക് തോട്ടിപ്പണി നൽകണം എന്ന് മാതൃഭൂമിയിൽ വന്ന പ്രതികരണത്തോട് ഒരു നമ്പൂതിരിയേ പരസ്യമായി പ്രതികരിച്ചുള്ളൂ. ആ പ്രതികരണമാണ് ഇത്.**

നമ്പൂതിരിമാരുടെ മേക്കിട്ട് കേറാനുള്ള ചില വാദങ്ങൾ കാണുമ്പോൾ പഴയ അജവൃകന്യായമാണ് ഓർമ്മ വരിക.

കാട്ടാറിൽ വെള്ളം കുടിക്കുന്ന ആട്ടിൻകുട്ടിയെ കണ്ടപ്പോൾ ചെന്നായക്ക് വായിൽ വെള്ളമൂറി. 'ഞാൻ കുടിക്കുന്ന വെള്ളം നീയെന്തിന് കലക്കി'യെന്നായി ചെന്നായ.

താൻ കുടിച്ചേയുള്ളൂ, കലക്കിയില്ല എന്ന് ആട്ടിൻകുട്ടി. കലങ്ങിയാൽ തന്നെ വെള്ളം താഴോട്ടല്ലേ ഒഴുകൂ എന്ന് മറുന്യായവും നിരത്തി.

ചെന്നായ മേലേ കടവിലാണ് നിൽക്കുന്നത്.

ചെന്നായ വിട്ടില്ല.

'നീ കഴിഞ്ഞ കൊല്ലം കലക്കീലേ' എന്നായി ചെന്നായ.

'കഴിഞ്ഞ കൊല്ലം താൻ ജനിച്ചിട്ടേയില്ലെന്ന് ആട്ടിൻകുട്ടി'. പിന്നെങ്ങനെ വെള്ളം കലക്കും.

നീയല്ലെങ്കിൽ നിന്റെ അച്ഛൻ കലക്കീട്ടുണ്ടാവും എന്നു പറഞ്ഞ് ചെന്നായ ആട്ടിൻകുട്ടിയുടെ മേൽ ചാടിവീണു. ഇളംമാംസത്തിന്റെ രുചിയറിയാനുള്ള ന്യായം മാത്രമായിരുന്നു ചെന്നായയുടേത്. കുന്നുകുഴി എസ്. മണി എന്നൊരാൾ ഡിസംബർ 10 ന് മാതൃഭൂമി വാരാന്ത്യപ്പതിപ്പിൽ 'ദളിതന് ശാന്തിപ്പണിയും ബ്രാഹ്മണന് തോട്ടിപ്പണിയും ആവാം' എന്ന് എഴുതിക്കണ്ടു. അതിൽ നിരവധി വാദങ്ങളും എഴുതിക്കണ്ടു. ആ വാദങ്ങളെല്ലാം ഏതാണ്ട് ചെന്നായയുടെ ലൈനിലാണ്.

മണിബ്രാഹ്മണന്യായം എന്നു വിളിക്കാം. വേറെ ചിലതാകട്ടെ ശുദ്ധ വിവരക്കേടും. ചിലത് പരിശോധിക്കാം.

ക്ഷേത്ര പൂജ നടത്തുന്നതിന് സംസ്കൃത ശ്ലോകങ്ങളോ താന്ത്രിക മാന്ത്രിക വിദ്യകളോ പഠിക്കേണ്ടതില്ല. അങ്ങനെ അഭ്യസിക്കണമെന്ന് ഒരു വേദവും അനുശാസിക്കുന്നില്ല എന്നാണ് ഒരു വാദം. വൈദിക കാലഘട്ടത്തിനു ശേഷം ഒരു ഉപാധി ഇല്ലാതെ ഈശ്വരാരാധന നടത്താൻ കഴിവില്ലാത്തവർക്ക് വേണ്ടിയാണ് ക്ഷേത്രങ്ങൾ ഉണ്ടാക്കപ്പെട്ടത്. മാത്രമല്ല സഗുണോപാസന യും നിർഗുണോപാസനയും തമ്മിലുള്ള ഭേദവും അറിയണം. പ്രപഞ്ച ശക്തിയെ സവിശേഷമായ രൂപത്തിൽ ആരാധിച്ച് സിദ്ധി വരുത്തിയ ശക്തി വിശേഷങ്ങളാണ് സഗുണോപാസനയിലൂടെ ഫലവത്തായിത്തീരുന്നത്. അത് ഓരോരുത്തർക്കും തോന്നിയ പോലെ ചെയ്യാനുള്ളതല്ല. അതിനാണ് തച്ഛാസ്ത്രവിത്തുക്കൾ ആചാരമുണ്ടാക്കിയിരിക്കുന്നത്. താന്ത്രിക കർമ്മങ്ങളിൽ, അതിലും വിശേഷിച്ച് വാമമാർഗ്ഗ സാധനയിൽ ചെറിയ പിഴവുപോലും പ്രത്യാഘാതങ്ങൾ ഉളവാക്കും.

"ദൈവത്തെ പൂജിക്കാൻ ഒരു മന്ത്രവും തന്ത്രവും ആവശ്യമില്ല" എന്നാണ് വേറൊന്ന്.

വിവരക്കേടിന് നോബൽ പ്രൈസ് കൊടുക്കാമെങ്കിൽ അത് ഇദ്ദേഹത്തിന് കൊടുക്കാവുന്നതാണ്. മന്ത്രവും തന്ത്രവും ആവശ്യമില്ലെങ്കിൽ പിന്നെ എന്തിന് ദളിതനെ പൂണൂൽ ഇടീച്ച് മന്ത്രം പഠിപ്പിച്ച് പൂജ ചെയ്യിക്കുന്നു? ദൈവമെന്ന വാക്കിന്റെ അർത്ഥം ആദ്യം പഠിക്കണം. അത് ആർ ഏതർത്ഥത്തിൽ ആരോട് പ്രയോഗിച്ചു എന്നും നോക്കണം. പൂജിക്കാൻ ഒരു മന്ത്രവും തന്ത്രവും ആവശ്യമില്ലെങ്കിൽ മന്ത്രമെന്നതിന്റെ അർത്ഥം തന്നെ അനുപപന്നമാകും. "മനനാൽ ത്രായതേ ഇതി മന്ത്രഃ' മന്ത്രമറിയാതെ എങ്ങനെയാണ് ദേവതയെ പൂജിക്കുന്നത്? ദൈവത്തെ പൂജിക്കാൻ ഒരു തന്ത്രവും മന്ത്രവും ആവശ്യമില്ലാത്തത് തികച്ചും വ്യക്തിപരമായ കാര്യത്തിലാണ്. അതിൽ തന്നെ നിഷ്കാമവും നിഷ്കളങ്കവുമായ മനസ്സായിരിക്കണം. അല്ലാതെ ഒരു ജോലി എന്ന നിലയിൽ മാത്രം ഇതിനെ കാണുന്നവർക്ക് ഇത് പറയാൻ അർഹതയില്ല. അത് ബ്രാഹ്മണരായാലും ശരി.

ജന്മംകൊണ്ട് ബ്രാഹ്മണനല്ലാത്ത വിശ്വാമിത്ര മഹർഷി ബ്രഹ്മർഷി പദം സ്വപ്രയത്നംകൊണ്ട് നേടിയതാണ്. അത് സ്വയം നേടേണ്ടതാണ്. സംവരണംപോലെ ആക്കിത്തീർക്കാൻ പറ്റില്ല. ഉപനയനം കഴിഞ്ഞാലാണല്ലോ ബ്രാഹ്മണരായി എന്ന് ഇവർ (അബ്രാഹ്മണർ) അഭിമാനിക്കുന്നത്. ഈ ഉപനയനം ഒറ്റ ദിവസം അനേകം പേരെ ഒരുമിച്ച് ഇരുത്തി ഏതാനും മണിക്കൂർ കൊണ്ട് കഴിയുന്ന ക്രിയയല്ല. സമാവർത്തനം വരെ ദിവസവും രണ്ടു നേരം സമിദ്ധോമം വർഷങ്ങളോളം മുടക്കം കൂടാതെ ചെയ്യേണ്ടതുണ്ട്. മൂന്നുവർഷമാണ് ഇതിന്റെ സാമാന്യവിധി. ഇങ്ങനെയാണ് ബ്രാഹ്മണർ അടുത്തകാലം വരെ ചെയ്തുപോന്നിരുന്നത്. കാലമാറ്റംകൊണ്ടും മറ്റും ദിവസം കുറച്ച് കുറച്ചിട്ടുണ്ടെന്നല്ലാതെ ഇതെല്ലാംകൂടി ഒറ്റ ദിവസം കൊണ്ട് കഴിക്കാറില്ല. ഇപ്പോഴും നമ്പൂതിരിമാരിൽ ഭൂരിപക്ഷവും ഇങ്ങനെ ചെയ്യുന്നില്ല. ഇതൊന്നും ചെയ്യാതെ ഒരു സുപ്രഭാതത്തിൽ പൂണൂലിട്ടാൽ വിധിപ്രകാരം കർമ്മമനുഷ്ഠിച്ചവരോട് തുല്യരാണെന്ന് ഭാവിച്ചാൽ ഇതിനേക്കാൾ വലിയ വിഡ്ഢിത്തം വേറെ എന്തുണ്ട്? അങ്ങനെ മൂന്നു വർഷം ബ്രഹ്മചാരീവ്രതത്തിൽ ഇരുന്നവരും അല്ലാത്തവരും തമ്മിൽ (365x3x2= 1/2190) ഇത്രയും വ്യത്യാസമുണ്ടാകും. (മൂന്നു വർഷം ജിമ്മിൽ പോയവനും ഒരു നേരം മാത്രം



**ദളിതന് ശാന്തിപ്പണിയും ബ്രാഹ്മണന് തോട്ടിപ്പണിയും ആവാം**

തിരുവല്ല വളഞ്ഞവട്ടം മണപ്പുറം ശിവക്ഷേത്രത്തിൽ മേൽശാന്തിയായി പി.ആർ. യദുകൃഷ്ണനെ കൊട്ടും കുരവയോടും തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമിച്ചപ്പോൾ വർഷങ്ങൾക്കുമുമ്പ് താന്ത്രികവിദ്യ അഭ്യസിച്ച ഒരു പുലയനെ ശാന്തിപ്പണിക്കായി നിയമിച്ച് പൊല്ലാപ്പിലായ കാര്യം തിരക്കി അക്കാലത്തെ പത്രക്കട്ടിങ്ങുകൾ നോക്കുന്നതിനിടയിലാണ് 'പരമുശർമ: ചരിത്രം വിസ്മരിച്ച ദളിത് ശാന്തി' എന്ന പേരിൽ വാരാന്തപ്പതിപ്പിൽ ലേഖനം കണ്ടത്. 37 വർഷംമുമ്പ് നടന്ന ആ സംഭവം വ്യക്തമായി വാരാന്തപ്പതിപ്പിൽ അവതരിപ്പിച്ച എച്ച്. ഹരികൃഷ്ണനെ അഭിനന്ദിക്കുന്നു.

ക്ഷേത്രം തന്ത്രിമാരായി ബ്രാഹ്മണരെത്തന്നെ നിയമിക്കണമെന്ന് ഹൈന്ദവരുടേതെന്ന് പറയപ്പെടുന്ന ഒരു വേദഗ്രന്ഥത്തിലും പറയുന്നില്ല. പൂജാവിധികളെക്കുറിച്ച് പറയുന്ന ഋഗ്വേദത്തിൽപ്പോലും പരാമർശിക്കാത്തപ്പോൾ ബ്രാഹ്മണരെമാത്രം ക്ഷേത്രപൂജാരിമാരായി നിയമിച്ചുപോരുന്നതുതന്നെ തെറ്റാണ്. മാത്രമല്ല, പൂജാരിമാരായ ആര്യബ്രാഹ്മണർ കേരളത്തിൽ എത്തുംമുമ്പുള്ള അമ്പലങ്ങളും തെക്കത്തുകളും മാടൻനടകളും മറുത തുടങ്ങിയവ നിർമിച്ച് പൂജനടത്തിയിരുന്നവർ പുലയർ തുടങ്ങിയ ജാതികളായിരുന്നു. ആര്യബ്രാഹ്മണർ കടന്നുകയറി എല്ലാം കൈപ്പിടിയിലൊതുക്കി. തങ്ങളാണ് ആജന്മ പൂജാരിമാരെന്ന് പ്രഖ്യാപിക്കുകയും ആദ്യ പൂജാരിമാരായ പുലയർക്കും മറ്റും അയിത്തംകല്പിച്ച് അകത്തിമാറ്റുകയുമായിരുന്നു.

ക്ഷേത്രപൂജ നടത്തുന്നതിന് സംസ്കൃതശ്ലോകങ്ങളോ താന്ത്രിക-മാന്ത്രിക വിദ്യകളോ പഠിക്കേണ്ടതില്ല. അങ്ങനെ അഭ്യസിക്കണമെന്ന് ഒരു വേദവും അനുശാസിക്കുന്നില്ല. ഇതൊക്കെ ബ്രാഹ്മണന്റെ വയറ്റിപ്പിഴപ്പിനുള്ള തന്ത്രപരമായ നീക്കങ്ങളായിരുന്നു. അതൊക്കെ പിൽക്കാലത്ത് ജനങ്ങളും ദേവസ്വം ബോർഡുമൊക്കെ അംഗീകരിക്കുകയായിരുന്നു. ദൈവത്തെ പൂജിക്കാൻ ഒരു മന്ത്രവും തന്ത്രവും ആവശ്യമില്ല. ദേവസ്വം ബോർഡ് ബ്രാഹ്മണന്റെ തന്ത്രത്തിൽ വീണതുകൊണ്ടാണ് 1968 മുതൽ 1970 വരെ തുകലശ്ശേരി ശ്രീരാമകൃഷ്ണാശ്രമത്തിൽ നടത്തിയ താന്ത്രിക കോഴ്സിൽ പങ്കെടുത്ത പന്തളം സ്വദേശിയായ പരമുവെന്ന പുലയ സമുദായക്കാരനെ പൂണൂൽ ധരിപ്പിച്ച് പരമുശർമയാക്കിയത്.

യഥാർഥത്തിൽ ബ്രാഹ്മണനാക്കുകയാണ് ശ്രീരാമകൃഷ്ണാശ്രമത്തിൽ നടന്ന ക്രിയ. അല്ലെങ്കിൽപ്പിന്നെ താന്ത്രികവിദ്യ അഭ്യസിക്കാനെത്തിയവരെ പൂണൂൽ ധരിപ്പിക്കുകയും ശർമയെന്ന പേരും നൽകിയതെന്തിനാണ്? ചുരുക്കത്തിൽ താന്ത്രികവിദ്യയെന്നത് ദളിതരെ ബ്രാഹ്മണരാക്കിമാറ്റുന്ന ചെപ്പടിവിദ്യയാണ്. എന്നിട്ടുപോലും ദളിത് ശർമമാരുടെ പൂജയെ ബ്രാഹ്മണർ ഉൾപ്പെടെയുള്ള സവർണർ എതിർക്കുകയായിരുന്നു. ഇതിന് പകരംവീട്ടാൻ ഇനിമേൽ ദളിതർക്ക് ശാന്തിപ്പണിയും ബ്രാഹ്മണർക്ക് തോട്ടിപ്പണിയും നൽകുന്നതാണ് പാപത്തിൽനിന്നുള്ള മോചനം.

**കുന്നുകുഴി എസ്. മണി**, തിരുവനന്തപുരം

പോയവനും ഒരേ ഗുണം ലഭിക്കുമോ?)

കർമ്മംകൊണ്ടാണ് ബ്രാഹ്മണ്യം എന്ന് വാദിക്കുന്നവർ കർമ്മം ഉത്തമമായി ചെയ്താൽ ഉത്തമമെന്നും മധ്യമമായി ചെയ്താൽ മധ്യമമെന്നും അധമമായി ചെയ്താൽ അധമവും ഒറ്റ ദിവസത്തെ 'കാട്ടിക്കൂട്ടൽ' ചെയ്താൽ ഫലവും അതുപോലെത്തന്നെയാവുമെന്ന് അംഗീകരിക്കണം. കാരണം കർമ്മമാണല്ലോ ഇതിന്റെ അടിസ്ഥാനം.

അപ്പോൾ ബ്രാഹ്മണരും അബ്രാഹ്മണരും കർമ്മാടിസ്ഥാനത്തിൽ എങ്ങനെയാണ് തുല്യരാകുന്നത്? മാത്രമല്ല ബ്രാഹ്മണനാകാൻ കഴിവുള്ള ഒരാളെയെങ്കിലും കാണിച്ചുതരാമോ? എന്നാൽ ബ്രാഹ്മണനാക്കുകയെന്ന പ്രയോഗം ശരിയെന്ന് പറയാം. അത് നരേന്ദ്രനെ വിശ്വമാനവനാക്കിയ രാമകൃഷ്ണ പരമഹംസരെപ്പോലെയുള്ള മഹാത്മാക്കൾക്ക് മാത്രം സാധിക്കുന്ന കാര്യമാണ്. രാമകൃഷ്ണ പരമഹംസർ നരേന്ദ്രന്റെ മുഖത്തേക്ക് കുറച്ചുനേരം നോക്കിയതിനുശേഷം ''ഇപ്പോൾ എനിക്കുള്ളതെല്ലാം നിനക്ക് തന്നുകൊണ്ട് ഞാൻ വെറും പിച്ചച്ചട്ടി മാത്രമായിരിക്കുന്നു'' എന്ന് പറയുകയുണ്ടായി. തന്ത്രശാസ്ത്രപ്രസിദ്ധമായ ശാംഭവീദീക്ഷയാണിത്.

ഗുരോരാലോക മാത്രേണ സ്പർശനാൽ ഭാഷണാദപി

സദ്യഃ പ്രജ്ഞാഭവേജ്ജന്തോഃ

സാ ദീക്ഷാ ശാംഭവീ മതാ''

ചട്ടമ്പിസ്വാമികളെയും ശ്രീനാരായണ ഗുരുദേവനെപ്പോലെയുള്ളവർക്കും അതു കഴിയും. അവർ ആത്മസാക്ഷാൽക്കാരം നേടിയത് സ്വപ്രയത്നത്തിലൂടെയാണ്. സംവരണത്തിലൂടെയോ ബലാൽക്കാരത്തിലൂടെയോ അല്ല.

''ഇനിമേൽ ദളിതർക്ക് ശാന്തിപ്പണിയും ബ്രാഹ്മണർക്ക് തോട്ടിപ്പണിയും നൽകുന്നതാണ് പാപത്തിൽ നിന്നുള്ള മോചനം' എന്നാണ് മണി നിർദ്ദേശിക്കുന്നത്.

ഈ വാക്യത്തിൽ നിന്നും ഇദ്ദേഹത്തിന്റെ അപകർഷതാ ബോധവും ബ്രാഹ്മണവിദ്വേഷവും പൂജാദികർമ്മങ്ങളെക്കുറിച്ചുള്ള അജ്ഞതയും മനസ്സിന്റെ മാലിന്യവും അസ്ഥാനത്തുള്ള വിദ്വേഷവും മാനസികമായ അപക്വതയും മറവില്ലാത്തവിധം വ്യക്തമായിരിക്കുന്നു.

ഒന്നാമത് ദളിതർക്ക് ശാന്തിപ്പണി കൊടുത്താൽ അവർക്ക് കേമത്തം സിദ്ധമായി എന്നതുതന്നെ വിഡ്ഢിത്തമാണ്. കാരണം ശാന്തി ചെയ്യുന്നത്

കർമ്മംകൊണ്ടാണ് ബ്രാഹ്മണ്യം എന്ന് വാദിക്കുന്നവർ കർമ്മം ഉത്തമമായി ചെയ്താൽ ഉത്തമമെന്നും മധ്യമമായി ചെയ്താൽ മധ്യമമെന്നും അധമമായി ചെയ്താൽ അധമവും ഒറ്റ ദിവസത്തെ 'കാട്ടിക്കൂട്ടൽ' ചെയ്താൽ ഫലവും അതുപോലെത്തന്നെയാവുമെന്നും അംഗീകരിക്കണം.

ബ്രാഹ്മണർ അത്യുത്തമ കർമ്മത്തിൽ പെടുത്തിയിട്ടില്ല. സന്ധ്യാവന്ദനം കൊണ്ടും മറ്റു മന്ത്രോപാസനകളെക്കൊണ്ടും വർദ്ധിപ്പിച്ച ആത്മചൈതന്യത്തിന്റെ ഒരംശം ദിവസവും മൂർത്തി പൂജാവസരത്തിൽ സമർപ്പിക്കുമ്പോൾ കുറവ് വരുന്നതാണ്. പൂജ ചെയ്യാത്ത ബ്രാഹ്മണരുമായി താരതമ്യപ്പെടുത്തുമ്പോൾ ശാന്തി ചെയ്യുന്ന ബ്രാഹ്മണർക്ക് കുറവുണ്ടെന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനം. ഇക്കാര്യംകൊണ്ടാണ് നമ്പൂതിരിമാരുടെ ഇടയിൽ ശാന്തി ചെയ്യുന്നവരെ ശ്രാദ്ധത്തിന് ഒന്നാമതായി പരിഗണിക്കാത്തത്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനകാലത്ത് സ്വർഗ്ഗസ്ഥനായ പണ്ഡിതരാജൻ ശാസ്ത്രരത്നം കലക്കത്ത് ഗോവിന്ദൻ നമ്പ്യാർ കേരളത്തിലെന്നല്ല ഇന്ത്യയിലെത്തന്നെ മഹാപണ്ഡിതന്മാരിൽ, വിശേഷിച്ച് വ്യാകരണത്തിൽ അഗ്രിമ സ്ഥാനത്തുള്ളവരിൽ പ്രഥമ ഗണനീയനായിരുന്നു. ഇദ്ദേഹത്തിന്റെ അടുത്ത് കുറച്ച് സംസ്കൃതം പഠിക്കാനുള്ള മഹാഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. ബ്രാഹ്മണ്യം ജന്മംകൊണ്ടാണെന്ന് ചിലരും കർമ്മംകൊണ്ടാണെന്ന് മറ്റു ചിലരും വാദിക്കുന്നു. ഇക്കാര്യം ഞാൻ ഗുരുനാഥനോട് ചോദിക്കുകയുണ്ടായി.

''കർമ്മംകൊണ്ട് കൂടി വേണം'' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ജന്മംകൊണ്ടാണോ അതോ കർമ്മംകൊണ്ടാണോ ഏതെങ്കിലും ഒന്ന് മതിയോ രണ്ടും കൂടി വേണോ മുതലായ അനവധി ചോദ്യങ്ങൾക്ക് ഉത്തരം ഇതിലുണ്ട്.

അബ്രാഹ്മണരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പൂജാദി കർമ്മങ്ങൾ ചെയ്യാൻ വേണ്ടി ക്ഷേത്ര സംരക്ഷണ സമിതി സ്ഥാപിച്ച സ്വർഗ്ഗീയ മാധവജി തന്നെ ''ബ്രാഹ്മണർക്ക് മറ്റുള്ളവരെ അപേക്ഷിച്ച് പാരമ്പര്യത്തിന്റെ കണിക കൂടുതലുണ്ടെന്ന്'' പറഞ്ഞിട്ടുണ്ട്. കാര്യം മനസ്സിലാക്കാൻ ഇത്രയും മതി. മറ്റുള്ളവന്റെ നന്മ കാണാൻ ഉള്ളിൽ നന്മ വേണം.

''തോട്ടിപ്പണി ബ്രാഹ്മണർക്ക് കൊടുക്കണം'' എന്ന് പറഞ്ഞതിലൂടെ തോട്ടിപ്പണി മോശമാണെന്ന അബദ്ധധാരണയും ഇദ്ദേഹത്തിനുണ്ടെന്ന് വ്യക്തം. അത് മനസ്സിലാക്കാൻ കർമ്മയോഗം എന്താണെന്ന് മനസ്സിലാക്കണം. ആ പണി ബ്രാഹ്മണർ ചെയ്യണം എന്നു പറഞ്ഞാൽ (അത് മോശമാണെങ്കിൽ) അത് ബ്രാഹ്മണരെക്കൊണ്ട് ചെയ്യിക്കണം എന്ന് പറഞ്ഞതിലൂടെ മനസ്സിന്റെ നികൃഷ്ടതയും സ്വയം മനസ്സിലാക്കി. തനിക്ക് പറ്റാത്തത് മറ്റുള്ളവർ ചെയ്യണമെന്ന് സംസ്കാരമുള്ള ആരെങ്കിലും പറയുമോ?

ബ്രാഹ്മണരെക്കൊണ്ട് തോട്ടിപ്പണി ചെയ്യിക്കലാണത്രേ പാപത്തിൽ നിന്നുള്ള മോചനം. മുൻഗാമികൾ ചെയ്ത തെറ്റിന് ഇന്നുള്ളവർ ശിക്ഷ അനുഭവിക്കണമെന്ന് പറയുന്നതിന് എന്താണ് ന്യായം. ബ്രാഹ്മണ വിദ്വേഷം ഇദ്ദേഹത്തിന്റെ മനസ്സിന്റെ സമനില തന്നെ തകരാറിലാക്കിയിരിക്കുന്നു.

ബ്രാഹ്മണൻ തോട്ടിപ്പണി ചെയ്താൽ ദളിതന് മോചനം ലഭിക്കുമെന്ന ചിന്തക്ക് വേറെന്തോ ചികിത്സയാണ് വേണ്ടത്. തെളിഞ്ഞ ബുദ്ധിയിൽ നിന്നു വരുന്നതല്ല ഇമ്മാതിരി ന്യായങ്ങൾ. ●

**മൊബൈൽ: 9946698219**

# യോഗക്ഷേമസഭ മൗനം പാലിക്കരുത്





സ്വസ്തി ഒക്ടോബർ ലക്കം കിട്ടി. നിഷ്പക്ഷമായി നിന്നുകൊണ്ട് വിഷയങ്ങൾ കൈകാര്യം ചെയ്ത രീതി വളരെ ഇഷ്ടപ്പെട്ടു. വേളിയായാലും ഉപനയനമായാലും വിജാതീയ വിവാഹമായാലും വൈദികന്മാർ എത്രയധികം അഭിപ്രായ വ്യത്യാസം നിലനിർത്തുന്നു എന്നുള്ളത് തിരിച്ചറിയാൻ സാധിച്ചു.

താലി കെട്ടുന്ന കാര്യത്തിലും ഈ വൈവിധ്യം കാണാൻ കഴിഞ്ഞു. ''പെൺകുട്ടിയെ സുമംഗലിയാക്കി വരനെ ഏൽപ്പിക്കുകയാണ് പിതാവിന്റെ ധർമ്മം'' എന്നും ഉപനയനത്തിന് പകരമായി യജ്ഞോപവീതം എന്ന സങ്കല്പത്തിലാണ് താലികെട്ടുന്നത് എന്നുമുള്ള അഭിപ്രായങ്ങൾ വായിച്ചു. ''വധു പൊന്നണിഞ്ഞു'' എന്ന് വരനോട് പറയുന്ന ചടങ്ങ് ഉള്ളതുകൊണ്ട് ഇത് വെറും സ്വർണ്ണ ശകലമാണെന്ന് പറയുന്നവരും ഉണ്ട്. തമിഴ്, കർണ്ണാടക ബ്രാഹ്മണരെല്ലാം വരൻ താലികെട്ടുന്ന സമ്പ്രദായം സ്വീകരിച്ചുകഴിഞ്ഞു. വധുവിനെ സുമംഗലിയാക്കാനുള്ള അധികാരം വരന് മാത്രമേയുള്ളൂ. സുമംഗലിയാക്കി 'കന്യാദാനം' ചെയ്യുന്നതിലെ അനൗചിത്യവും തിരിച്ചറിയേണ്ടതുണ്ട്. കന്യാദാനവും പാണിഗ്രഹണവും കഴിഞ്ഞ് അഗ്നിസാക്ഷിയായിട്ടാണ് താലി കെട്ടേണ്ടത്. അപ്പോൾ സ്വാഭാവികമായും വരൻ തന്നെയാണതിനധികാരി. പെൺകുട്ടികൾക്ക് 12-ാം വയസ്സിൽ ഉപനയനത്തിന് പകരം കണ്ഠസൂത്രം എന്ന പൂണൂൽ ചരട് അണിയിക്കുന്ന പതിവ് ഉണ്ടായിരുന്നു. അശുദ്ധിയാവാതിരിക്കാൻ സ്വർണ്ണമണികൾ കോർത്ത ചരടാണ് കണ്ഠസൂത്രം. ഇതിൽ താലി എങ്ങിനെ വന്നു, ഇത് വിവാഹമുഹൂർത്തത്തിൽ എന്തിന് കെട്ടുന്നു എന്നിങ്ങനെയുള്ള കാര്യങ്ങളിൽ വ്യക്തതയില്ല. പൂണൂൽ ചരടാണ് താലിയെങ്കിൽ ഇത് വിവാഹത്തിനു മുമ്പേ സ്വന്തം ഭവനത്തിൽ വെച്ച് കെട്ടാവുന്നതേയുള്ളൂ. പൊതുജനസമക്ഷം അച്ഛനെക്കൊണ്ട് കെട്ടിച്ച് അച്ഛൻ താലികെട്ടുന്നു എന്ന അപഖ്യാതി ഉണ്ടാക്കേണ്ട കാര്യമില്ലല്ലോ. ഏതായാലും ഈ ആചാരം പരിഷ്കരിക്കേണ്ട സമയമായി.

അന്യജാതിയിൽ നിന്ന് ദത്തെടുത്ത് ഒരു ദിവസം കൊണ്ട് ക്രിയകളെല്ലാം കഴിച്ച് നമ്പൂതിരിയാക്കി വേളി കഴിക്കുന്നതുപോലെയുള്ള വിഷയങ്ങളിലും അഭിപ്രായ സമന്വയം ഉണ്ടാകേണ്ടതുണ്ട്. ഇത്തരം സുപ്രധാനമായ കാര്യങ്ങളിൽ മൗനം പാലിക്കുകയാണ് യോഗക്ഷേമസഭ ചെയ്തുകാണുന്നത്. അന്യജാതിയിൽ നിന്നായാലും നമ്മുടെ സമ്പ്രദായപ്രകാരം വേളി കഴിച്ചാൽ ആ കുട്ടി നമ്മുടേതായി, വേറെ ക്രിയകളൊന്നും ആവശ്യമില്ല എന്ന അഭിപ്രായം സ്വാഗതാർഹമാണ്. അതേസമയം പിതൃകർമ്മങ്ങൾ നിർവ്വഹിക്കാൻ ഒരു പുത്രി മാത്രമുള്ളവർ വേറെ ആരെയെങ്കിലും ആശ്രയിക്കണം എന്ന കാര്യത്തിൽ ഒരു പുനഃപരിശോധന ആവാമെന്ന് തോന്നുന്നു. ഉപനയനത്തിന്റെയും വിവാഹത്തിന്റെയും ഒക്കെ അന്തിമ തീരുമാനം പിതാവിന്റേതാണ് എന്നും പിതൃകർമ്മങ്ങൾ വിധിയനുസരിച്ച് തന്നെ ചെയ്യണമെന്നും പറയുന്നതിൽ യുക്തിരാഹിത്യമുള്ളതായിട്ടാണ് തോന്നുന്നത്. എല്ലാ കാര്യങ്ങളും അവനവന്റെ ഇഷ്ടംപോലെ ചെയ്യാം എന്ന സ്ഥിതിയാണ് വന്നുകൊണ്ടിരിക്കുന്നത്. ആധികാരിക സമിതി ഉണ്ടാകുന്നത് നല്ലതാണ്. പക്ഷേ, അത് കേവലം പഴയകാലത്തിലേക്കുള്ള തിരിച്ചുപോക്കാകരുത്. അർത്ഥം അറിഞ്ഞ് ആചരിക്കുകയും തെറ്റുകൾ ഉണ്ടെങ്കിൽ അത് തിരുത്തി മുന്നോട്ടുപോകാൻ തയ്യാറാവുകയും വേണം. 'സ്വസ്തി' ഒരു തുറന്ന സംവാദത്തിന്റെയും സമന്വയത്തിന്റെയും ആവശ്യകത ഓർമ്മപ്പെടുത്തിയിരിക്കുന്നു. അഭിനന്ദനങ്ങൾ.

**പി.വിഷ്ണു നമ്പൂതിരി,**
**വെള്ളിയോട്ട് ഇല്ലം, പയ്യന്നൂർ**

## പ്രതികരണം ഇങ്ങനെയായിരിക്കണം



സ്വസ്തി പത്രാധിപരുടെ അഭിപ്രായം വളരെ നല്ലത്. പ്രതികരണം ഇങ്ങനെയായിരിക്കണം. മുഖ്യധാരാ വാർത്താ മാദ്ധ്യമങ്ങളിൽക്കൂടി ഈ അഭിപ്രായം പ്രചരിപ്പിക്കണം. വാട്ട്സ് പ്പിൽ കണ്ടിരുന്നെങ്കിലും വായിക്കാൻ അല്പം പ്രയാസമുള്ളതിനാൽ അധികം വായിച്ചില്ല. നേരിട്ടു ലഭിച്ചപ്പോൾ വളരെ സന്തോഷമായി, കെട്ടും മട്ടും നല്ലത്. മുറിഞ്ഞ വാലാണ് ആദ്യം വായിച്ചത്. വായിക്കുമ്പോൾചിരിയടക്കാൻ കഴിഞ്ഞില്ല. 'നൂല് തൊട്ടാൽ എത്തേയ്ക്കാരം ബര് ആ' അതിന്റെ അർത്ഥം മനസ്സിലായില്ല. മാസികയുടെ വരിക്കാരനാവാൻ ആഗ്രഹിക്കുന്നു. അയച്ചു തന്ന മനോജിന് നന്ദി.

**എരഞ്ഞിക്കടവ് അച്ചൂറ**
**കുബേരൻ നമ്പൂതിരി,** കയറളം,
കണ്ണൂർ. 9605254469

## ആ ചോറുരുള ഞാനും ഉണ്ടതാണ്

അരീക്കോട്ടെ കരിപ്പത്ത് എത്തിയപ്പോൾ അറിയാതെ കയ്യിൽ കിട്ടിയതാണ് സ്വസ്തി. നമ്പൂരിത്തം എങ്ങോട്ട് എന്ന കുറിപ്പുകൾ മുതൽ എല്ലാം ഒറ്റയടിക്ക് വായിച്ചു .നമ്പൂതിരിമാരുടെ മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്ന് ഏറെ മുന്നിലാണ് സ്വസ്തി. മല്ലിക നാറണിയാട്ട് എഴുതിയ കൽച്ചട്ടിയിലെ ചോറുരുള ഏറെ ഹൃദ്യമായി. പറളിയിലെ ആ കുട്ടിക്കാലം ഞാനും ഓർത്തുപോയി . ഇന്നത്തെ കുട്ടികൾ കോൺഫ്ളെയ്ക്ക്സും കുർകുറെയും ഒക്കെ കഴിക്കുന്നു. എന്നാൽ, കൽച്ചട്ടിയിൽ അവശേഷിച്ച കൂട്ടാന്റെ അവസാന തുള്ളിയും ഒപ്പിയെടുത്ത് ഉരുളയാക്കിയ ആ ചോറിന്റെ രുചിയറിയാൻ അതിലും വലിയൊരു വിശപ്പിന്റെ രുചി കൂടി അനുഭവിക്കണം. നേദ്യപ്പടച്ചോറ് കൊണ്ട് മൂന്നു നേരത്തെ വിശപ്പ് ഒറ്റയടിക്ക് തീർത്ത പഴയ നമ്പൂരിമാർക്കേ ഈ രുചി ശരിക്കുമറിയൂ.

**ജയൻ പുതുമന.**
കുന്നത്തൂർമേട്, പാലക്കാട്. 9387693183



കോഴിക്കോട് നിന്ന് സ്വസ്തി എന്ന പേരിൽ ഒരു മാഗസിൻ ഇറങ്ങുന്നുണ്ട് എന്ന് കേട്ടു... എന്നോട് ആരൊക്കെയോ പറഞ്ഞു...

പ്രശസ്ത എഴുത്തുകാരി
**കെ.ബി .ശ്രീദേവി**

## എഡിറ്റോറിയൽ പേജ് ഗംഭീരം

സ്വസ്തി നല്ല ഊർജ്ജം പ്രദാനം ചെയ്യുന്നു. സന്തോഷം ,ആശംസകൾ. ഒക്ടോബർ ലക്കം എഡിറ്റോറിയൽ പേജ് ഗംഭീരം. ശ്രേഷ്ഠമായ ഘോഷം തന്നെ. ബാഹ്യാഭ്യാന്തരങ്ങളിലും ബ്രാഹമണ്യം നിലനിർത്തേണ്ടതിനുള്ള ആഹ്വാനവും അതിലഭിരമിക്കാനുള്ള ശ്രമവും ആ ആചാരത്തെ സ്വായത്തമാക്കാനുള്ള പ്രാപ്തിയും ഉണ്ടാകാൻ ബ്രഹ്മശ്രീ പളിയശ്ശേരി കേശവൻ നമ്പൂതിരിയെപ്പോലുള്ള വരുടെ ജീവിതചര്യ ഒരു കുടുംബത്തിൽ ഒരാളെങ്കിലും അനുഷ്ഠിച്ചിരുന്നെങ്കിൽ എന്നു ചിന്തിച്ചു. കാലത്തിനനുസരിച്ച് മാറണം.ശരി തന്നെ. എങ്കിലും നമുക്കിടയിലെ മാറ്റങ്ങൾക്ക് ഒരു പരിധി നാം കല്പിക്കണം. മറ്റൊരാളാകനല്ല ശ്രമിക്കേണ്ടത്. നാമെപ്പോഴും നമ്മളായി നിൽക്കണം. അതാണ് വിജയം. നമ്മളിന്നനുഭവിക്കുന്നത് പൂർവികരുടെ നിഷ്ഠയുടെ സദ്ഫലമാണ്. വരും തലമുറയിലുള്ളവരിലേക്കും അത് പകർന്നു നൽകാൻ നമുക്ക് സാധിക്കണം. സ്വസ്തി എന്ന് അവരുടെ തലയിൽ കൈവച്ച് അനുഗ്രഹവചനം ചൊല്ലിയതു കൊണ്ടുമാത്രമാവില്ല അവർക്കത് ഉണ്ടാക്കിക്കൊടുക്കലും നമ്മുടെ കർത്തവ്യമാണ്. അതിനുപകരിക്കട്ടെ ഈ പരിശ്രമം.

**കാവനാട് രാമൻ,** ഇരിങ്ങാലക്കുട.

## ആ കൈനീട്ടമാണ് സ്വസ്തിയുടെ വിജയം

ചേവായൂർ ഉപസഭ സ്വസ്തി വിതരണം ഇന്ന് തുടങ്ങി, ഞാൻ ആദ്യം കൊടുത്തത് തിരുമംഗലം നാരായണേട്ടനായിരിന്നു, അദ്ദേഹം സ്വസ്തി മാസിക വാങ്ങിയപ്പോൾ എന്നോട് ചോദിച്ചു കാശ് വേണ്ടെ എന്ന്, ഞാൻ പറഞ്ഞു ആദ്യം തന്നതാണല്ലോ എന്ന് അപ്പോൾ അദ്ദേഹം പറഞ്ഞത് ഇത് അടുത്ത വർഷത്തേക്ക് ഉള്ളതാണ് എന്ന് പറഞ്ഞ് 200 രൂപ തന്നു. ഞാൻ രശീതി ഒന്നും എടുത്തിട്ടില്ല, രശീതി പിന്നെ മതി എന്ന്. എനിക്ക് ഒരു പേനയും ബുക്കും തന്നു, സ്വസ്തി മാസിക നൽകുമ്പോൾ അടുത്ത വർഷത്തേക്കുള്ള വരിസംഖ്യ വാങ്ങിയിട്ട് ഇതിൽ എഴുതി വെച്ചാൽ മതി എന്ന്. ഞാൻ ഇന്ന് പോയ സ്ഥലത്ത് നിന്ന് എല്ലാവരും അടുത്ത വർഷത്തേക്കുള്ള വരിസംഖ്യ തന്നു. തിരുമംഗലം നാരായണേട്ടന്റെ ആ കൈനീട്ടമാണ് സ്വസ്തിയുടെ വിജയം.

**സന്തോഷ് തായാട്ട്. ചേവായൂർ**

## സ്വന്തം സമുദായത്തിൽ നിന്ന് കിട്ടുന്ന അംഗീകാരത്തിന് നന്ദി

എല്ലാവർക്കും നമസ്കാരം. സ്വസ്തിക്ക് ആദ്യമായി അഭിനന്ദനങ്ങൾ. എന്റെ കലാ സമ്പത്തു ദൃശ്യ മാധ്യമങ്ങളിലും, മറ്റു മേഖലകളിലും വന്നിട്ടുണ്ടെങ്കിലും സ്വന്തം സമുദായത്തിൽ നിന്നും കിട്ടുന്ന അംഗീകാരവും, അറിയപെടലുകളും അതാണ് ഏറ്റവും വലിയ സന്തോഷം. അതിനവസരം തന്ന സ്വസ്തിക്കും പദ്മനാഭേട്ടനും, മറ്റു എഡിറ്റോറിയൽ അംഗങ്ങൾക്കും അതുപോലെ തിരുമംഗലം നാരായണേട്ടനും എന്റെ സ്നേഹവും സന്താഷവും അറിയിക്കുന്നു. എന്റെ കലാ ജീവിതത്തെയും അതിലുപരി ചുമർചിത്രത്തെയും കുറിച്ച് നല്ലൊരു പഠനം ഇതു വായിച്ചാൽ കിട്ടും. ഇതിലെ നാചറൽ കളറിനെക്കുറിച്ച് വിശദമായി എഴുതിയതിനും മുഖച്ചിത്രത്തിൽ പ്രകൃതിയുടെ പൂരക വർണമായ ചുവപ്പിനെ എടുത്തു കാണിച്ചതിനും വളരെ നന്ദി

**സതീഷ് തായാട്ട്,** 9495857502

## വലിപ്പചെറുപ്പഭേദമന്യേ എല്ലാവരും അംഗീകരിക്കുന്നു



താന്ത്രികാചാര്യൻ ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ ഫേസ്ബുക്ക് പോസ്റ്റിൽ സ്വസ്തി എഡിറ്റോറിയൽ. സ്വസ്തി വലിപ്പചെറുപ്പഭേദമന്യേ എല്ലാവരും അംഗീകരിക്കുന്നു. അണിയിച്ചൊരുക്കിയ എഡിറ്റോറിയൽ ബോർഡിന് വ്യക്തിപരമായ പ്രണാമം

**മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി**

## സ്വസ്തി വളരെ ഗംഭീരം

വളരെ ഗംഭീരം. പ്രൈവറ്റ് ഓൺലി എന്ന് കണ്ടില്ലെങ്കിൽ വനിതയും ഗൃഹലക്ഷ്മിയും പിറകിൽത്തന്നെ.

**പുരുഷോത്തമൻ നമ്പൂതിരി, പാറോളി വടകര.** 9495767981

## മൂല്യച്യുതിയെ പറ്റി പറയണം

കൊയ്ത്തടി പരമേശ്വരൻ സ്വസ്തിയുടെ ഒരു കോപ്പി എനിക്ക് തന്നു. നല്ല മാഗസിൻ ആയിട്ടുണ്ട്. എഡിറ്റോറിയൽ ഗംഭീരം. നമ്പൂതിരിമാരിലെ മൂല്യച്യുതിയെ പറ്റി ശക്തമായി തന്നെ സ്വസ്തിയിലൂടെ പറയണം. കരിക്കാട് നമ്പൂതിരി വിദ്യാലയത്തെ കുറിച്ചുള്ള ഓർമ്മകൾ വളരെ നന്നായിട്ടുണ്ട്. തുടക്കമല്ലേ പുസ്തകം. വല്ലാതെ ആർഭാടമാക്കാതെ മെല്ലെ മെല്ലെ കേമമാക്കുന്നതാണ് നല്ലതെന്ന് തോന്നുന്നു.

**കഥകളി ആചാര്യൻ**
**എം.പി.എസ് നമ്പൂതിരി**
(മൂത്തേടത്ത് പാലിശ്ശേരി സുബ്രഹ്മണ്യൻ നമ്പൂതിരി)

## അധികാരം കാര്യങ്ങൾ തീരുമാനിക്കുന്നു

അധികാരവും സമ്പത്തും ആരുടെ കൂടെയാണോ അവരാണ് കാര്യങ്ങൾ തീരുമാനിക്കുക. രാഷ്ട്രീയത്തിലായാലും മതത്തിലായാലും അമ്പലത്തിലായാലും പള്ളിയിലായാലും. അന്നും ഇന്നും ഇനി എന്നും, ഇവിടെയും എവിടെയും.

**രവീന്ദ്രൻ,** റിട്ട പൊഫസർ,
ഫാറൂക്ക് കോളേജ്. മാമുണ്ണ് മന.
9446456540

## എല്ലാപതിപ്പും അയച്ചു കൊടുക്കാമോ

സ്വസ്തിയെ പറ്റി പാലക്കാട് ഉള്ള ഒരു നമ്പൂതിരി അഭിനന്ദനങ്ങൾ പറഞ്ഞു. കഴിഞ്ഞ സ്വസ്തി ഇവിടെ നിന്നും ഒരാൾ കൊണ്ടുപോയിരുന്നു, എല്ലാ പതിപ്പും അദ്ദേഹത്തിനു അയച്ചു കൊടുക്കാൻ പറ്റുമോ എന്ന് ചോദിച്ചു

**പുരുഷോത്തമൻ നമ്പൂതിരി,**
പാറോളി ഇല്ലം. വടകര

# സ്വസ്തി സോഷ്യൽ മീഡിയയിൽ

**സ്വ**സ്തിയുടെ പി.ഡി.എഫ് കോപ്പി വാട്ടസ് അപ്പിൽ നാലാം ലക്കവും പതിവു പോലെ വിതരണം ചെയ്തിരുന്നു. എന്നാൽ ദിവസങ്ങൾക്കുള്ളിൽ അത് അഭൂതപൂർവമായി സോഷ്യൽ മീഡിയയിൽ വൈറലായി. വലിപ്പച്ചെറുപ്പമില്ലാതെ നമ്പൂതിരി സമുദായത്തിന്റെ  എന്ന മാറ്റിവയ്ക്കൽ പോലും ഇല്ലാതെ മറ്റുള്ളവരും അത് ഏറ്റെടുക്കുകയും ഷെയർ ചെയ്യുകയും ചെയ്തു. അതിലെ ഉള്ളടക്കത്തെക്കുറിച്ചും ഫേസ്ബുക്ക് വാട്ട്സ് അപ്പ് തുടങ്ങിയ സോഷ്യൽ മീഡിയകളിൽ ചർച്ചയായി. ഇതൊരു നല്ല പ്രവണതയാണ്. സ്വസ്തി  സാർത്ഥകമാവുന്നതിന്റെ സൂചനയാണ്. ഡൽഹി പോലുള്ള വിവിധ നഗരങ്ങളിലെ യോഗക്ഷേമ സഭക്കാർക്കിടയിലും രാജ്യത്തിനു പുറത്തും സ്വസ്തി ചർച്ചാവിഷയമായി. ചില ഫേസ് ബുക്ക് പോസ്റ്റുകൾ ചുവടെ ചേർക്കുന്നു.



## അമേരിക്കയിൽ നിന്നൊരു അഭിനന്ദനം

I just went through the Magazine SWASTHI. I am honoured to receive this in pdf format. Max Muller said Take three 'D's away and a culture can be demolished Dress Diet Dialectics. That's what he did to India. We lost touch with Sanskrit and losing touch with Malayalam. We lost our moorings . Our dress and even hairstyles are discarded . Our diet has changed. Since our childhood days we are misled about the greatness of Hinduism . The stories The puranas and scriptures While other religions teach about their religious practices. We ignore the basics. Conversion to other religions take place because of this SWASTHI is a fresh breath and is a corrective movement to have a birds eye view of Sanathana Dharma. If India has to survive as a nation it has to be Ram Rajya . I am reminded of what Bhishma Pita Maha said to Yudhishter അഗ്രതശ്ചതുരോ വേദാ പൃഷ്ഠതഃ സശരം ധനുഃ ഇദം ബ്രഹ്മമിദം ക്ഷാത്രം ശാപാദപി ശരാദപി. SWASTHI is playing a model role in creating a spiritual awareness. I wish Team SWASTHI good luck



**RK Radhakrishnan**
Michigan, USA



വളരെ മികച്ച നിലവാരം പുലർത്തിയ ഒരു എഡിഷൻ. അവതരണത്തിലും വിഷയങ്ങളിലും വൈവിധ്യം ദർശിക്കാൻ കഴിഞ്ഞു. അഭിനന്ദനങ്ങൾ

**ചെമ്മരം നാരായണൻ**, തൃശൂർ.
9447352488

**Gopikrishnan Thrippunithura** അഭിപ്രായം പറയണമെന്നുണ്ട്. പക്ഷേ വൈകിപ്പോയി. കുലവും കുലമഹിമയും ഒന്നും അറിയാത്തവരോടൊക്കെ എന്തു പറയാൻ.

**Parameswaran Namboothiri** ഗംഭീരം

യോഗക്ഷേമസഭയുടെ മറ്റു പ്രസിദ്ധീകരങ്ങളുമായി ഒരു താരതമ്യം സാദ്ധ്യമേയല്ല. ആർട്ടിക്കിൾസ് എല്ലാം നല്ല സ്റ്റാൻഡേർഡ്. പി. ഡി.എഫ് വായിച്ച എന്റെ ഫ്രൻഡ്സും പറഞ്ഞു.

**സജിത പടിഞ്ഞാറേടത്ത് മുംബയ്.**



**Ramu Keezhut** എന്തിന് അബ്രാഹ്മണനിൽ നിർത്തണം എന്ന എഡിറ്റോറിയൽ ഷെയർ ചെയ്തു.

**Vijayachandran Chandrasekharan Nair** വളരെ നല്ല പോസ്റ്റ്. നന്ദി

**Nj Potty** സത്യമായത്! വ്യക്തമായത്! യുക്തിസഹമായത് ! ന്യായ ദീക്ഷയുള്ളത് !പക്ഷപാത രഹിതമായത്! തത്വാധിഷ്ഠിതമായത്! ഇത്യാദികളായ നിരവധി കാര്യങ്ങൾ ശക്തിയുക്തം അവതരിപ്പിച്ചു.! അത് 100 ന് 100 ശരി എന്ന് തോന്നി!!

**Sree Hari Madothil,** 'എന്തിന് അബ്രാഹ്മണനിൽ നിർത്തണം?' എന്ന എഡിറ്റോറിയൽ ഷെയർ ചെയ്തു.

**തളിക്കൽ മഠം നാരായണൻ നമ്പൂതിരി** 'എന്തിന് അബ്രാഹ്മണനിൽ നിർത്തണം?' എന്ന എഡിറ്റോറിയൽ ഷെയർ ചെയ്തു.

**Vasudevan Namboothiri Thirumangalam** 'എന്തിന് അബ്രാഹ്മണനിൽ നിർത്തണം?' എന്ന എഡിറ്റോറിയൽ ഷെയർ ചെയ്തു.

**Balan Kutty Balaji** ക്ഷേത്ര സംസ്കാരം തകർക്കാൻ നടക്കുന്ന വ്യാജ മതേതരൻമാരുടെ മുഖത്തു നോക്കി ഇങ്ങനെ പറയാൻ ധൈര്യം കാണിച്ചതിന് അഭിനന്ദനങ്ങൾ

**Drupath Krishna** വെടക്കാക്കി തനിക്കാക്കുന്ന മേത്തന്റെ തന്ത്രംഅറിയാതെ സ്വന്തം കുഴി തോണ്ടുന്ന ഹിന്ദു കമ്മ്യൂണിസ്റ്റ് ജന്തുക്കൾ.

**A S Thrivikraman Namboothiry** ഇതിൽപ്പരം ഇനി ഒന്നും പറയാൻ വയ്യ. വെരി ഗുഡ്.

**Chandrasekhara Marar V K**: With Thanxs dear... quite Right

**Narayanan Kainikkara Thekkedam:** Valare Sariyaanu

We should react, each one of us otherwise we will be doomed. we are not a damned lot...

**കെ.സി. ചിത്രഭാനു.** കൂടലാറ്റു പുറത്തു മന, തിരുവനന്തപുരം

നാലാം ലക്കത്തിലെ എന്തിന് അബ്രാഹ്മണനിൽ നിർത്തണം എന്ന മുഖപ്രസംഗം നന്നായി.

**മനോജ് വർമ്മ,** തൃശൂർ, 9048486430

മാഗസിൻ വായിച്ചു.കേമായീണ്ട്.

**അനിത പി.എസ്,** തൃത്താല, 9539476813

മുറിഞ്ഞുപോയ വാലിന്റെ സർജറി ഹിസ്റ്ററി ഉദ്വേഗജനകം. തകർത്തു ...

**സി.പി. സുരേഷ് ബാബു,** വിളയിൽ, 9447980530

എന്തിന് അബ്രാഹ്മണനിൽ നിർത്തണം എന്ന മുഖപ്രസംഗം അസ്സലായി.

**മംഗലപ്പിള്ളി നാരായണൻ നമ്പൂതിരി** തൃശൂർ, 7559960659

അഭിനന്ദനങ്ങൾ

**പുടയൂർ ജയനാരായണൻ,** തളിപ്പറമ്പ്, 9544075519,

സ്വസ്തി പി.ഡി.എഫ് ഷെയർ ചെയ്തു കിട്ടി. നന്ദി

**ഹരി,** തെഞ്ചീരി, വിളയിൽപറപ്പൂർ, 9446153308,

ആഹാ കൊള്ളാലോ

**സജിത് നാറണിയാട്.** ഫറോക്ക് ഉപസഭ, 7736663639

സ്വസ്തി കണ്ടു. ഗംഭീരം

**പോരൂർ ഉണ്ണികൃഷ്ണൻ,** 9447079732

സ്വസ്തി കണ്ടു. നന്നായിട്ടുണ്ട്.

**സൂരജ്** പാലേലി മന, നെടുമ്പാശ്ശേരി, 8891569257

വയനാട് ജില്ലയിൽ സ്വസ്തി ആവശ്യക്കാരുണ്ട്. ലഭ്യമാക്കാമോ എന്ന് അന്വേഷണം വന്നിട്ടുണ്ട്.

**ഹരിനാരായണൻ, 9847564517**

സ്വസ്തി നാലാം ലക്കം വായിച്ചപ്പോൾ ആകെ കൺഫ്യൂഷൻ

**മാളിക ഗോവിന്ദൻ നമ്പൂതിരി പെരുമൺപുറ.**

സ്വസ്തിയെ സംബന്ധിച്ച നല്ല അഭിപ്രായങ്ങളുംനിർദ്ദേശങ്ങളും രേഖപ്പെടുത്തുന്നതിന് മാഗസിനിൽ പേജ് അനുവദിച്ചാൽ നന്നായിരിക്കും.

**കരിപ്പം പ്രീജിത്. അരീക്കോട്.**

അടുത്ത ലക്കത്തിൽ വർഷങ്ങൾക്കു മുമ്പ് നാടിനെ അക്ഷരവെളിച്ചത്തിലേക്ക് നയിക്കാൻ മുന്നിട്ടിറങ്ങിയ നമ്പൂതിരി സ്കൂൾമാനേജർമാരെപ്പറ്റി ഒരു ഫീച്ചർ പ്രതീക്ഷിക്കട്ടെ. ചെമ്പകശ്ശേരി, ചെറുവക്കാട്....

**ജയൻ പഴങ്ങോട്ടു പൊറ്റ. മുണ്ടംപറമ്പ്.**

സ്വസ്തി പി.ഡി. എഫ് പേജ് കണ്ടു. സൂപ്പർ ആയിട്ടുണ്ട്. ഇനിയും വാനോളം ഉയരട്ടെ. അഭിനന്ദനങ്ങളോടെ ഞാനും എന്റെ കുടുംബവും.

**വിജയ, 9447288539**

ഞാൻ ചെമ്പകശ്ശേരി ഇല്ലത്തെ മിനി. രവി എഴുതിയ ലേഖനം വായിച്ചു. നന്നായിട്ടുണ്ട്.

**മിനി, ഡൽഹി.**

ചെമ്പകശ്ശേരി ഇല്ലത്തെക്കുറിച്ച് സ്വസ്തിയിലെ ഇല്ലപ്പെരുമയിൽ വന്ന ലേഖനം നന്നായിട്ടുണ്ട്.

**ശ്രീജ, എറണാകുളം.**

പി.ഡി.എഫ് അയച്ചതിൽ നന്ദി. കഴിഞ്ഞ തവണത്തേക്കാൾ നന്നായിട്ടുണ്ട്.

**വാസുദേവൻ നമ്പൂതിരി അവുഞ്ഞിക്കാട്, 9447226288.**

ഓരോ ലക്കവും വളരെ നന്നാവുന്നുണ്ട്.

**ശ്രീജിത്,** മലയാളവിഭാഗം മേധാവി, മലബാർ ക്രിസ്ത്യൻ കോളേജ്.

സാധിക്കുമെങ്കിൽ സ്വസ്തിയുടെ എല്ലാ ലക്കവും ഒരോകോപ്പി അയച്ചു തരൂ.

**അനഭ, 9526688477**

സ്വസ്തി നാലം ലക്കം വളരെ നന്നായിട്ടുണ്ട്.

**റിജു,** ഏലംകുളം മന, മണപ്പുള്ളിക്കാവ് , പാലക്കാട്, 9447433403,

വായിച്ചു. ചെമ്പകശ്ശേരി. ഇതിലെ പല കാര്യങ്ങളും ഇപ്പോഴാണ് അറിയുന്നത്.

**ശ്രീകല കെ. സി,** ഡെൽഹി, 9968288260,

ആശംസകളോടെ...

# സമന്വയ – രാമല്ലൂർ
# ബ്രാഹ്മണ കൂട്ടായ്മ

**രാമല്ലൂർ ദേശത്ത് 2010 മുതൽ ശക്തമായ പ്രവർത്തനങ്ങളിലൂടെ സജീവ സാന്നിദ്ധ്യമായി നിലകൊണ്ട് സമുദായാംഗങ്ങളുടെ ഉന്നമനത്തിന് ചുക്കാൻ പിടിക്കുന്ന ബ്രാഹ്മണ കൂട്ടായ്മ**

പ്രസിഡന്റ്, സമന്വയ - രാമല്ലൂർ
രമേശൻ മുടുവമ്പുറം
9745939484

സെക്രട്ടറി, സമന്വയ - രാമല്ലൂർ
ജയകൃഷ്ണൻ ഭട്ടതിരിപ്പാട്
9846924424

ആശംസകളോടെ...

# ഗായത്രി കലക്ഷൻസ്

## വൈകുണ്ഠം, ബാലുശ്ശേരി

**നൃത്തസംബന്ധമായ ഡ്രസ്സുകൾക്കും മെയ്ക്കപ്പ് മെറ്റീരിയലുകൾക്കും മെയ്ക്കപ്പിനും സമീപിക്കുക**

K.I. വിഷ്ണുനമ്പൂതിരി
9496925471

തൈറോയ്ഡ് സംബന്ധമായ എല്ലാ സംശയങ്ങൾക്കും
വിദഗ്ധ ചികിത്സകൾക്കും ബന്ധപ്പെടുക

അഷ്ടവൈദ്യൻ തൃശ്ശൂർ തൈക്കാട്ട് മൂസ്സ്
SNA
Since 1920
ആയുർവേദത്തിന്റെ സ്പർശം
www.snathyroidclinic.in
തൈറോയ്ഡ് ക്ലിനിക്ക്

ഡോ. പ്രകാശിനി പി.വി., BAMS
ബ്രാഞ്ച്: എസ് എൻ എ ഔഷധശാല (പ്രൈ) ലിമിറ്റഡ്
എംബീ കോംപ്ലക്സ്, കംകുളം റോഡ്, തളി, കോഴിക്കോട് 673002
Tel: 0495 2703176, Mob: 9946049028

എല്ലാവിധ ആയുർവ്വേദ മരുന്നുകൾക്കും
വിദഗ്ധ ചികിത്സയ്ക്കും സമീപിക്കുക

# കോട്ടക്കൽ ആര്യവൈദ്യശാല
അംഗീകൃത വ്യാപാരി, മുക്കം

Mob: 9946966361
9745817379

● ഒരു സ്വസ്തികാനുഭവം

# ഫ്ളോരിയാൻ അലറി; ഓംഥാപ്പ വിളറി



പി.എം.നാരായണൻ

**പൂജയുടെ അവസാനം പണ്ഡിറ്റ്ജി കാറിന്റെ ബോണറ്റിൽ സിന്ദൂരം കൊണ്ട് ഒരു സ്വസ്തികം വരച്ചു. അതുവരെ ശാന്തനായി നിന്ന ഫ്ളോരിയാൻ പൊട്ടിത്തെറിച്ചു.**

ചില സംഭവങ്ങൾ അങ്ങനെയാണ്. അപ്രതീക്ഷിതമായി ചിലത് പറഞ്ഞു തരും. അത്തരത്തിലുള്ള ഒരു സംഭവമാണ് ജർമൻ ടെലിവിഷന്റെ ഓഫീസിൽ പുതിയകാർ വാങ്ങിയപ്പോൾ സംഭവിച്ചത്. ഈ കഥ എന്തിനു സ്വസ്തിയിൽ കുറിക്കുന്നു എന്നതിന്റെ ഉത്തരം വഴിയെ വെളിപ്പെടും. ആദ്യം കഥ.



**ഒരുകാലത്ത് ബുദ്ധ ഭിക്ഷുക്കൾ ധ്യാനത്തിലിരുന്ന ഗുഹകളാണിവ. പലതരം സ്വസ്തികകളും ശ്രീചക്രത്തോട് സമാനമായ പരസ്പരം കെട്ടുപിണഞ്ഞ ത്രികോണ ഘടനകളും ഈ ഗുഹകളുടെ ഭിത്തികളിൽ ഇന്നും വ്യക്തമായിക്കാണാം.**

നേപ്പാളിയായ ഓംഥാപയാണ് ഓഫീസിലെ ഡ്രൈവർ.ഹിന്ദു, കടുത്ത ഈശ്വര വിശ്വാസി.പുത്തൻ കാർ പൂജിച്ചേപുറത്തിറക്കാൻ പാടുള്ളൂ എന്ന് ഓം ഥാപ . അക്കാര്യം ബ്യൂറോ ചീഫ് ഫ്ളോരിയാൻ മീസ് മാനോട് പറഞ്ഞപ്പോൾ അദ്ദേഹം ഒട്ടുംമടിയില്ലാതെ അതിനു സമ്മതിച്ചു.കാറ് ജർമൻ ടെലിവിഷന്റേതായതുകൊണ്ട് പൂജ ക്രിസ്ത്യൻ രീതിയിൽ വേണോ അതോ ഡ്രൈവർ ഹിന്ദു ആയതിനാൽ ഹിന്ദു രീതിയിൽ മതിയോഎന്ന ചർച്ചയും തമാശ രൂപേണ നടന്നു.

കമ്യൂണിസ്റ്റ് രാജ്യമായ കിഴക്കൻ ജെർമനിയിൽ ജനിച്ചുവളർന്നതിനാൽ ഒരു മതാചാരങ്ങളിലും വിശ്വസിക്കാത്ത വ്യക്തിയാണ് ഫ്ളോരിയാൻ. പക്ഷെ ഓംഥാപയുടെ വിശ്വാസത്തോട് അദ്ദേഹത്തിന് എതിരൊന്നും ഇല്ല. അതുകൊണ്ടുതന്നെ ജർമൻ കാറിനു ഹിന്ദു പൂജതന്നെ മതി എന്ന തീരുമാനവുമായി.

പുലർച്ചെ തന്നെ പണ്ഡിറ്റ്ജി- അങ്ങിനെയാണ് വടക്കേ!ഇന്ത്യയിൽ പൂജാരിയെ വിളിക്കുക- പൂജാസാമഗ്രികളുമായി ഓഫീസിൽ എത്തി. ചില മന്ത്രങ്ങൾ ചൊല്ലി പൂവും വെള്ളവും തളിച്ചു. കാറിന്റെ മുൻഭാഗത്ത് ചെറുനാരങ്ങ ചരടിൽ കോർത്ത് കെട്ടിത്തൂക്കി. ഫ്ളോരിയാൻ ഇതെല്ലാം ശാന്തനായി കണ്ട് ആസ്വദിക്കുകയായിരുന്നു.

എന്നാൽ പെട്ടെന്നാണ് അത് സംഭവിച്ചത്. പൂജയുടെ അവസാനം പണ്ഡിറ്റ്ജി കാറിന്റെ ബോണറ്റിൽ സിന്ദൂരം കൊണ്ട് ഒരു സ്വസ്തികം വരച്ചു. അതുവരെ ശാന്തനായി നിന്ന ഫ്ളോരിയാൻ പൊട്ടിത്തെറിച്ചു. 'ലെറ്റ് അസ് സ്റ്റോപ്പ് ദി പൂജ റൈറ്റ് നൗ.' ഫ്ളൊരിയാൻ അലറി. ആ നിമിഷം പൂജ അവസാനിപ്പിക്കാനാണ് കല്പന! പൊതുവേ ശാന്തനായ അയാളെ ഇത്രയും വിക്ഷുബ്ധനായി കാണുന്നത് ആദ്യമായാണ്.

ആർക്കും കാര്യം പിടികിട്ടിയില്ല. പേടിച്ചുപോയ പണ്ഡിറ്റ്ജി പൂജ നിർത്തി. ഫ്ളോരിയാന് സമാധാനമായി. പിന്നീടാണ് കാര്യം പിടികിട്ടിയത്.

കാറിൽ വരച്ച ചുവന്ന സ്വസ്തികയാണ് ഫ്ലോരിയാനെ പ്രകോപിപ്പിച്ചത്. ശരാശരി ജർമനെ സംബന്ധിച്ച് സ്വസ്തിക അസഹ്യമായ ഒരോർമപ്പെടുത്തലാണ്.
ജെർമനിയിൽ നിരോധിച്ച അടയാളമാണ് സ്വസ്തികം.

ദശലക്ഷക്കണക്കിന് ജൂതൻമാ




*സ്വിസ് കമ്പനിയായ എ.ബി.ബി.യുടെ ലോഗോയിൽ സ്വസ്തികം*

രെ കോൺസെൻട്രേഷൻ ക്യാമ്പുകളിൽ പൂട്ടിയിട്ടു കൊന്നൊടുക്കിയ അഡോൾഫ് ഹിറ്റ്ലറുടെ നാസി പാർട്ടിയുടെ ഔദ്യോഗിക കൊടിയടയാളമായിരുന്നു കറുത്ത സ്വസ്തിക. പരസ്പരം കൊളുത്തിപ്പിടിച്ച ക്രോസ് എന്നർത്ഥം വരുന്ന HAKEN-KREUZ എന്ന വാക്കാണ് അവർ സ്വസ്തിക എന്നതിന് പകരം ഉപയോഗിച്ചിരുന്നത്.

ജെർമനിയിൽ സ്വസ്തികം പരസ്യമായി പ്രദർശിപ്പിക്കുന്നത് കുറ്റകരമാണ്. അതുകൊണ്ടാണ് ജർമൻ ടി.വിയുടെ കാറിനു മുകളിൽ ചുവന്ന സ്വസ്തികം വരച്ചപ്പോൾ ഫ്‌ളോരിയാൻ പൊട്ടിത്തെറിച്ചത്.

ജെർമനിയിൽ മാത്രമാണ് സ്വസ്തികം കുറ്റവാളിയാകുന്നത്. അതിന്റെ ചരിത്രപരമായ കാരണം മേല്പറഞ്ഞതാണ്. എന്നാൽ ലോകത്തേറ്റവും പ്രചാരമുള്ള പുരാതന ചിഹ്നങ്ങളിലൊന്നാണ് സ്വസ്തികം. 5000 വർഷത്തിലധികം പഴക്കമുള്ള ചരിത്രമാണ് സ്വസ്തികത്തിനുള്ളത്.

സിന്ധുനദീതട സംസ്കാരാവശിഷ്ടങ്ങളിലും, മെസ്സോപോടോമ്യൻ സംസ്കാരത്തിലും സ്വസ്തിക ചിഹ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യയിൽ ശുഭസൂചകമാണ് സ്വസ്തികം. ബുദ്ധമതത്തിലും, ജൈന മതത്തിലും സ്വസ്തികം പ്രാധാന്യമുള്ള ഒരു ചിഹ്നമാണ്. ഏഷ്യയിൽ മാത്രമല്ല യുറോപ്പിലും, അമേരിക്കയിലും, ആഫ്രിക്കയിലും സ്വസ്തികം പുരാതന കാലം മുതൽക്കേ നിലനിന്നിരുന്നു.

അഫ്ഘാനിസ്ഥാനിലെ ബാമിയാനിൽ ആണ് മറ്റൊരു സ്വസ്തികാനുഭവമുണ്ടായത്. താലിബാൻ തകർത്തുകളഞ്ഞ ബുദ്ധപ്രതിമകളെക്കുറിച്ച് ടെലിവിഷനിൽ പ്രോഗ്രാം ചെയ്യാൻ അവിടെ എത്തിയപ്പോഴാണ് സ്വസ്തികകളുടെ വിവിധ രൂപഭേദങ്ങൾ

> ജെർമനിയിൽ സ്വസ്തികം പരസ്യമായി പ്രദർശിപ്പിക്കുന്നത് കുറ്റകരമാണ്. അതുകൊണ്ടാണ് ജർമൻ ടി.വിയുടെ കാറിനു മുകളിൽ ചുവന്ന സ്വസ്തികം വരച്ചപ്പോൾ ഫ്ളോരിയാൻ പൊട്ടിത്തെറിച്ചത്.

ശ്രദ്ധയിൽപ്പെട്ടത്. ബാമിയാൻ ഒരു താഴ്‌വരയാണ്. പൌരാണിക സിൽക്ക് പാത കടന്നുപോയത് ഇതുവഴിയാണ്. സിൽക്പാതയിലൂടെയാണ് ഇന്ത്യയും ചൈനയും യൂറോപ്പുമായി കച്ചവടം നടത്തിപ്പോന്നത്.

ഇസ്ലാമിന്റെ പിറവിക്കും മുൻപ്, ബാമിയാൻ താഴ്‌വര ബുദ്ധഭിക്ഷുക്കളുടെ സമ്മേളന കേന്ദ്രമായിരുന്നു. അവരാണ് ലോകത്തെ ഏറ്റവും വലിയ ബുദ്ധപ്രതിമ അവിടെ സ്ഥാപിച്ചത്. ഏതാനും വർഷം മുമ്പാണ് താലിബാൻ ഭീകരർ അത് തകർത്തുകളഞ്ഞത്. ബുദ്ധപ്രതിമകൾ മാത്രമല്ല താഴ്‌വരയിലുള്ളത്. അനേകായിരം ചെറിയ ചെറിയ ഗുഹകൾ ഇവിടെ കാണാം. ഒരുകാലത്ത് ബുദ്ധ ഭിക്ഷുക്കൾ ധ്യാനത്തിലിരുന്ന ഗുഹകളാണിവ. പലതരം സ്വസ്തികകളും ശ്രീചക്രത്തോട് സമാനമായ പരസ്പരം കെട്ടുപിണഞ്ഞ ത്രികോണ ഘടനകളും ഈ ഗുഹകളുടെ ഭിത്തികളിൽ ഇന്നും വ്യക്തമായിക്കാണാം.

ചില സ്ഥലങ്ങളിൽ, യാത്രകളിൽ നമ്മൾ ഒരിക്കലും പഠിക്കാത്ത ചരിത്രം സ്വയം അനാവരണം ചെയ്തു നമ്മുടെ മുൻപിൽ നിൽക്കും. അത്തരമൊരു അനുഭവമാണ് ബാമിയാൻ.

ജെർമനിയിൽ സ്വസ്തികം പുനരവതരിക്കുന്നത് പത്തൊൻപതാം നൂറ്റാണ്ടിന്റെ ഒടുക്കത്തോടെയാണ്. ഹെൻറിച് ശിൽമൺ എന്ന ഒരു ജർമ്മൻ ബിസിനസ്സുകാരന്റെ ഹോബി, പണ്ട് ഇതിഹാസങ്ങളിൽ പറഞ്ഞ നഗരങ്ങളെ തെരഞ്ഞു കണ്ടുപിടിക്കുക എന്നതായിരുന്നു. അങ്ങിനെയാണ് അദ്ദേഹം 1880കളിൽ ഇന്നത്തെ തുർക്കിയിലെ ചില ഇടങ്ങളിൽ പുരാതന റോമ സാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്താനുള്ള ഖനനം ആരംഭിച്ചത്. ചില നഗരാവശിഷ്ടങ്ങൾ എല്ലാം കണ്ടെത്തിയെങ്കിലും കൂടെ കണ്ടെത്തിയ സ്വസ്തികങ്ങ

*ജർമ്മൻ കോൺസെൻട്രേഷൻ ക്യാമ്പിന്റെ ഒരു ദൃശ്യം*






*ജൂതരെ കൂട്ടക്കൊല നടത്തിയ കോൺസൻട്രേഷൻ ക്യാമ്പിന്റെ കവാടം*

ളുടെ വിവിധ രൂപഭേദങ്ങൾ ആണ് ഹെൻറിച്ചിനെ പിന്നീട് ലോകപ്രശസ്തനാക്കിയത്. 1800ലധികം രൂപ ഭേദങ്ങളോടുകൂടിയ സ്വസ്തികങ്ങളാണ് അവിടെനിന്ന് കുഴിച്ചെടുത്തത്.

ആര്യവംശ ശുദ്ധിയുടെയും, പ്രഭാവത്തിന്റെയും പ്രതീകമായി പിന്നീടു ഹിറ്റ്ലർ സ്വസ്തികത്തെ തെരെഞ്ഞെടുക്കാനുള്ള കാരണം ഇതാണ്. അക്കാലത്ത് യുറോപ്പിൽ ഏറ്റവും പ്രചാരമുള്ള ചിഹ്നങ്ങളിൽ ഒന്നായിരുന്നു സ്വസ്തികം. സ്വിസ് കമ്പനി യായ ABB, ലോകപ്രശസ്ത മദ്യ നിർമ്മാതാക്കളായ കാൾസ്ബർഗ് തുടങ്ങി നിരവധി കമ്പനികൾ അക്കാലത്തു സ്വസ്തികം അവരുടെ ലോഗോ ആയി ഉപയോഗിച്ചിരുന്നു.

രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞതോടെയാണ് യുറോപ്പിൽ, പ്രത്യേകിച്ചു ജെർമനിയിൽ, സ്വസ്തികം ചതുർത്ഥിയായത്.

സ്വസ്തികം മാത്രമല്ല, ചന്ദ്രക്കല,അരിവാൾ ചുറ്റിക നക്ഷത്രം എന്നിങ്ങനെ നിരവധി ചിഹ്നങ്ങൾ നമുക്കു ചുറ്റും കാണാം. ചില ചിഹ്നങ്ങൾ ചിലർക്ക് ചില കാലങ്ങളിൽ പ്രിയപ്പെട്ടതാവും, മറ്റുചില കാലത്ത് മറ്റു ചിലരെ അത് പ്രകോപിപ്പിക്കും. കാറിൽ വരച്ച സ്വസ്തികം കണ്ട ഫ്ലൊരിയാൻ എന്തുകൊണ്ടാണ് പൊട്ടിത്തെറിച്ചത് എന്നറിയണമെങ്കിൽ ഈ ചരിത്രം അറിയേണ്ടതുണ്ട്.

സു എന്നാൽ നല്ലത് എന്നും, അസ്തി എന്നാൽ ആവട്ടെ എന്നും ആണ് അർത്ഥം. എനിക്കറിയാവുന്ന സംസ്കൃതം ഞാൻ ഫ്ളോറിയാനെ പറഞ്ഞു മനസ്സിലാക്കി. ജെർമനിയിൽ 15 ഓളം സർവ്വകലാശാലകളിൽ സംസ്കൃതം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട ഒരു ടി.വി പ്രോഗ്രാം ചെയ്യുമ്പോഴാണ് ഫ്ളോറിയാൻ സംസ്കൃതത്തെ കൂടുതൽ അറിയാൻ താൽപര്യം കാണിച്ചത്.

അറിവിനെ ഉപാധികളില്ലാതെ സ്വാംശീകരിക്കാൻ തയ്യാറുള്ള രാജ്യമാണ് ജെർമനി. അതുകൊണ്ടാണ് തുറന്ന മനസ്സോടെ അവർ സംസ്കൃതം പഠിക്കാൻ തയ്യാറാവുന്നത്.

സ്വസ്തി സൂക്തം എന്നൊന്ന് ഉണ്ടെന്നും അത് എല്ലാവർക്കും ശാന്തിയുണ്ടാവട്ടെ എന്നാണ് പ്രാർത്ഥിക്കുന്നതെന്നും അറിയുന്ന രീതിയിൽ ഫ്ളോരിയാനു പിന്നീടെപ്പോഴോ പറഞ്ഞുകൊടുത്തു. സ്കൂളിൽ ഒരിക്കലും പഠിക്കാത്ത ഒരറിവാണിത്. അയാൾക്ക് സമാധാനമായി.

ഒരു സ്വസ്തികാനുഭവം കൂടി

സ്വസ്തികം മാത്രമല്ല, ചന്ദ്രക്കല,അരിവാൾ ചുറ്റിക നക്ഷത്രം എന്നിങ്ങനെ നിരവധി ചിഹ്നങ്ങൾ നമുക്കു ചുറ്റും കാണാം. ചില ചിഹ്നങ്ങൾ ചിലർക്ക് ചില കാലങ്ങളിൽ പ്രിയപ്പെട്ടതാവും, മറ്റു ചില കാലത്ത് മറ്റു ചിലരെ അത് പ്രകോപിപ്പിക്കും.

പറഞ്ഞു നിർത്താം. ടെലിവിഷൻ പ്രോഗ്രാമുകളുടെ ഭാഗമായി സന്ദർശിച്ച സ്ഥലങ്ങളിൽ മനസ്സിൽനിന്നും മായാതെ നിൽക്കുന്ന ഒന്നാണ് മ്യൂണിക്കിലെ പഴയ കോൺസെൻട്രേഷൻ ക്യാമ്പ്. ഒരുലക്ഷത്തിലധികം ജൂതൻമാർ ഈ ക്യാമ്പിൽ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. അടച്ചിട്ട മുറികളിൽ വിഷവായുവിന്റെ ഗന്ധം ഇപ്പോഴും ശ്വസിച്ചെടുക്കാം.

ജൂതത്തടവുകാർ ജയിലിൽ ഉപയോഗിച്ച സാമഗ്രികളുടെ ഒരു പ്രദർശനം അവിടെ ഉണ്ടായിരുന്നു. അവിടെ കണ്ട ഒരു അലൂമിനിയം പ്ലേറ്റ് ആണ് ഏറെ അസ്വസ്ഥനാക്കിയത്.

വികൃതമാക്കപ്പെട്ട ഒരു സ്വസ്തികം കോറിയിട്ട അലുമിനിയം പ്ലേറ്റ്. ഒരു കാലഘട്ടത്തിന്റെ മുഴുവൻ ചരിത്രവും ഈ പ്ലേറ്റിൽ വായിച്ചെടുക്കാം. ഏതോ ഒരു ജൂതൻ, ഒരുപക്ഷെ വിഷവാതക ചേമ്പറിലേക്ക് നടന്നു പോകുംമുൻപ് കോറിയിട്ടതാവം ആ സ്വസ്തികം. ആ കാഴ്ച കണ്ടപ്പോൾ വെറുപ്പ് കലർന്ന ഭയം അരിച്ചുകയറുന്ന പോലുള്ള അനുഭവം. ചരിത്ര പുസ്തകങ്ങളിലെ ഒരുപാടൊരുപാട് താളുകൾ അപ്പോൾ ഉള്ളിലൂടെ കടന്നുപോയി.

ചില നമ്പൂതിരി അനുഭവങ്ങൾ ജീവിതവഴികളിൽ വലിയ ഉൾകാഴ്ച്ചയായി അനുഭവിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഇത്തരം അനുഭവങ്ങളെ അതിന്റെ അർഥം ചോർന്നുപോവാതെ നമ്മുടെ ഇളം തലമുറയ്ക്ക് പകരാൻ യോഗക്ഷേമം പോലുള്ള കൂട്ടായ്മക്ക് സാധിക്കട്ടെ. സ്വസ്തി.

വാൽക്കഷ്ണം: പ്രീ ഡിഗ്രി കഴിഞ്ഞ അവധിക്കാലത്താണ് പാലശ്ശേരി മുല്ലപ്പള്ളി വിഷ്ണു അഫന്റെ സമീപം പൂജ പഠിക്കാൻ എത്തിപ്പെട്ടത്. മുല്ലപ്പള്ളി കൃഷ്ണനായിരുന്നു സഹപാഠി. അന്നാണ് സ്വസ്തികം പദ്മം ഇടാൻ പഠിച്ചത്.

അരിപ്പൊടിയും മഞ്ഞൾ പൊടിയും ഉപയോഗിച്ച് വരയ്ക്കുന്ന സ്വസ്തികത്തിലേക്ക് ഏതു ദേവനേയും ആവാഹിച്ചിരുത്താം എന്ന് പറഞ്ഞു തന്നത് വിഷ്ണു അഫൻ ആണ്. ലോകചരിത്രത്തെ മാറ്റിമറിച്ച ഒരു ചിഹ്നമാണ് അരിപ്പൊടി കൊണ്ട് അന്ന് വരച്ചത്. അന്ന് ഫ്ളോരിയാൻ മുന്നിലില്ലാഞ്ഞത് ഭാഗ്യം!

•

*(ജർമ്മൻ ടെലിവിഷന്റെ ദക്ഷിണേഷ്യൻ റിപ്പോർട്ടറാണ് ലേഖകൻ. മൊബൈൽ: 9899146665)*



## ബാങ്കിനെ പേടിയ്ക്കണ്ട

# നമ്പൂരാരുടെ പണം പോവില്ല്യ



**എൻ.ശ്രീജിത്**
നാറാണിയാട്ട് ഇല്ലം

രക്തത്തിൽ ബാങ്കുമായാണ് ജനിച്ചതെന്ന് ആലങ്കാരികമായി പറയാം. അച്ഛൻ ബാങ്ക് ഉദ്യോഗസ്ഥനായിരുന്നതു ഒരു കാരണം. അതിനുമുമ്പ് മുത്തശ്ശൻ സ്വന്തമായി ബാങ്ക് നടത്തിയിരുന്നു. രാമനാട്ടുകര നമ്പൂതിരി ബാങ്ക് 1936 ൽ തുടങ്ങി 40 വർഷത്തിലധികം. ആ കാലത്ത് നമ്പൂതിരിമാർ അധികം ഏർപ്പെടാത്ത സംരംഭം. പ്രായത്തിന്റെ ബുദ്ധിമുട്ടുകൾ തുടങ്ങിയപ്പോൾ ഏൽപ്പിച്ചുകൊടുക്കാൻ ആളില്ലാത്തതിനാൽ അടച്ചുപൂട്ടിയ ബാങ്കിന്റെ ഫർണിച്ചറുകളും കണക്കു പുസ്തകങ്ങളും ഇല്ലത്തേക്ക് കടത്തുന്നത് എന്റെ കുട്ടിക്കാല ഓർമ്മകളിലുണ്ട്. പിന്നീട് ബാങ്കിന്റെ റെസിപ്റ് പുസ്തകവും വൗച്ചറും മറ്റുമായിരുന്നു കുറേക്കാലം എന്റെ കളി സാമഗ്രികൾ.

ഇന്ന് ജോലി സംബന്ധമായി ബാങ്കുകളുമായി നിരന്തരസമ്പർക്കം വേണ്ടിവരുന്നത് കൗതുകകരമായ യാദൃച്ഛികതയായി തോന്നുന്നു. നമ്പൂതിരിമാരുടെ രീതികൾ വച്ച് കയ്യിൽ വരുന്ന പണം നിക്ഷേപിക്കാനുള്ള ഏറ്റവും പ്രധാന മാർഗം ബാങ്കാണ് ഏതുകാലത്തും. കൂടുതൽ ലാഭസാദ്ധ്യതയുള്ള നിക്ഷേപങ്ങൾ ആരായാൻ തയ്യാറാവാത്തത് ജീവിതത്തെ ഏറ്റവും ലളിതവും സുതാര്യവുമായി നയിക്കാനുള്ള നമ്പൂരിത്തത്തിന്റെ തനത് സ്വഭാവം കൊണ്ടല്ലേ എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. നമ്പൂതിരിമാർക്കിടയിൽ വളരെ അധികം ബന്ധമുണ്ടായിരുന്ന നെടുങ്ങാടി ബാങ്ക് കുറച്ചുകാലം മുമ്പ് എല്ലാവരുടെ മനസ്സിലും ഭയം ജനിപ്പിച്ചിരുന്നു . അടച്ചുപൂട്ടലിന് നിർദേശിക്കപ്പെട്ട ആ ബാങ്കിലെ നിക്ഷേപത്തിന്റെ സുരക്ഷിതത്വംചില നമ്പൂതിരിമാരുടെ ഉറക്കം കെടുത്തി. റിസർവ് ബാങ്കിന്റെ ഇടപെടൽമൂലം നിക്ഷേപങ്ങൾ സുരക്ഷിതമായി പഞ്ചാബ് നാഷണൽ ബാങ്കിലേയ്ക്ക് മാറിയത് നാം കണ്ടു . അന്ന് ഇന്ത്യൻ ബാങ്കിംഗ് വ്യവസ്ഥയുടെ ശക്തിയും സുരക്ഷിതത്വവും നമ്മൾ കണ്ടു

അതുകൊണ്ട് ഇപ്പോഴും പേടിക്കാനില്ല. ഈയിടെയായി നവമാദ്ധ്യമങ്ങൾ വഴി സംക്രമിച്ചു കൊണ്ടിരിക്കുന്ന വിഷയമാണ് ഈ കുറിപ്പിന് ആധാരം . പാർലമെൻറിന്റെ ശീതകാല സമ്മേളത്തിൽ ചർച്ചയാകുമെന്നു കരുതപ്പെടുന്ന Financial Resolution & Deposit Insurance Bill ആണ് പ്രതിസ്ഥാനത്ത്. ഈ ബില്ല് പാസാക്കുന്നതോടെ ബാങ്ക് ഡിപ്പോസിറ്റ് സുരക്ഷിതമായ നിക്ഷേപഉപാധി അല്ലാതാകും എന്നും ബാങ്ക് പാപ്പരാകുമ്പോൾ നിക്ഷേപകരുടെ കാശെടുത്ത് ബാദ്ധ്യതകൾ നികത്തപ്പെടും എന്നും പ്രചരിക്കുന്നു

നമ്പൂതിരിമാർ പേടിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

വാദങ്ങൾ താഴെ പറയുന്നു : പ്രസ്തുത നിയമപ്രകാരം രൂപീകരിക്കപ്പെടുന്ന റസല്യൂഷൻ കോർപ്പറേഷന് അതിവിപുലമായ അധികാരങ്ങൾ ഉണ്ട്. നിയമം അനുവദിക്കുന്ന ബെയിൽ ഇൻ വ്യവസ്ഥകൾ പ്രകാരം ബാങ്ക് നിക്ഷേപങ്ങൾ ഉപയോഗിച്ച് ബാങ്കിന്റെ ബാദ്ധ്യതകൾ തീർക്കാൻ കോർപ്പറേഷന് സാധിക്കും. ആഗോള സാമ്പത്തിക മാന്ദ്യസമയത്ത് സൈപ്രസിൽ ഈ രീതിയിൽ നിക്ഷേപകരുടെ പണം ഉപയോഗിക്കപ്പെട്ടു. അതു പോലെ ഇന്ത്യയിലും ഈ നിയമത്തിന്റെ ബലത്തിൽ നിക്ഷേപകരുടെ പണം ഉപയോഗിക്കുന്ന സാഹചര്യം വരും

എതിർപക്ഷത്തുനിന്നുള്ള ചില വാദങ്ങളും കുറിക്കട്ടെ: പ്രസ്തുത നിയമ പ്രകാരം രൂപീകൃതമാകുന്ന റസലൂഷൻ കോർപ്പറേഷൻ പ്രത്യേക ചട്ടങ്ങൾ ഇറക്കും. അത്തരം ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന തരം നിക്ഷേപങ്ങളോ ബോണ്ടുകളോ മാത്രമേ ബെയിൽ ഇൻ ചെയ്യാനായി ഉപയോഗിക്കൂ. നിക്ഷേപങ്ങൾ തീർച്ചയായും ഉപയോഗിക്കപ്പെടും എന്ന് നിയമത്തിൽ പറഞ്ഞിട്ടില്ല. ഇൻഷുറൻസ് ചെയ്യപ്പെട്ട നിക്ഷേപങ്ങൾ യാതൊരു കാരണവശാലും ഉപയോഗപ്പെടുത്തില്ല എന്നു നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

ഇന്നും നിക്ഷേപങ്ങൾക്ക് 1 ലക്ഷം രൂപ മാത്രമേ ഇൻഷൂറൻസ് ഉള്ളൂ. അതിൽ കൂടുതലുള്ള നിക്ഷേപങ്ങൾക്കുള്ള സുരക്ഷിതത്വം ബാങ്കിന്റെ ആരോഗ്യസ്ഥിതി അനുസരിച്ച് കുറയാം. എന്നിട്ടും ഇന്ത്യയിൽ ആർക്കും നിക്ഷേപം നഷ്ടമായിട്ടില്ല. റിസർവ് ബാങ്കിന്റെ കർശനമായ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ഇന്ത്യൻ ബാങ്കിംഗ് വ്യവസ്ഥയിൽ സൈപ്രസിൽ സംഭവിച്ചതു പോലെയുള്ള പ്രതിസന്ധികൾ ഉണ്ടാവാനുള്ള സാദ്ധ്യത തുലോം വിരളമാണ്.

> മുത്തശ്ശൻ സ്വന്തമായി ബാങ്ക് നടത്തിയിരുന്നു. രാമനാട്ടുകര നമ്പൂതിരി ബാങ്ക് 1936 ൽ തുടങ്ങി 40 വർഷത്തിലധികം. ആ കാലത്ത് നമ്പൂതിരിമാർ അധികം ഏർപ്പെടാത്ത സംരംഭം.ഏൽപ്പിച്ചു കൊടുക്കാൻ ആളില്ലാത്തതിനാൽ അടച്ചുപൂട്ടിയ ബാങ്കിന്റെ ഫർണിച്ചറുകളും കണക്കു പുസ്തകങ്ങളും ഇല്ലത്തേക്ക് കടത്തുന്നത് എന്റെ കുട്ടിക്കാല ഓർമ്മകളിലുണ്ട്.

വേറെ ചിലതു കൂടി പറയാം. ഭരണത്തിന്റെ കയ്യൂക്കും വിശാലതയും നോട്ട് റദ്ദാക്കൽ സമയത്ത് നാമെല്ലാം കണ്ടതാണ്. അതുകൊണ്ട് ഈ നിയമത്തെ മാത്രം ഇത്ര ഭയപ്പെടേണ്ടതുണ്ടോ? ജനാധിപത്യ വ്യവസ്ഥ ഈ നിലയിൽ തുടരുന്നകാലത്തോളം ഒരു ഗവർമേണ്ടും നിക്ഷേപകരുടെ പണത്തിൽ കൈ വെക്കും എന്നു കരുതുക വയ്യ. റിസർവ് ബാങ്കിന്റെ ഇന്നത്തെ ഇടപെടലുകൾ കണക്കിലെടുക്കുമ്പോൾ ബാങ്കുകൾ പൂർണമായും പരാജയമാകാനുള്ള സാദ്ധ്യതയും വിരളം. ബാങ്കുകൾ പാപ്പരാകാനുള്ള സാദ്ധ്യത തീരെ ഇല്ലെന്നല്ല പറയുന്നത് . അത്തരം അവസ്ഥകളെ വളരെ നന്നായി കൈകാര്യം ചെയ്ത ഉദാഹരണങ്ങൾ നമ്മൾ കണ്ടിട്ടുണ്ട് . ആദ്യം പറഞ്ഞ നെടുങ്ങാടി ബാങ്ക് തന്നെ ഓർത്തുനോക്കുക. റസലൂഷൻ കോർപ്പറേഷന്റെ ധർമ്മം തന്നെ ബാംഗിംഗ് രംഗത്തെ പരാജയങ്ങളിൽ എളുപ്പം ഇടപെട്ട് പെട്ടെന്ന് എല്ലാ താൽപര്യങ്ങളും സംരക്ഷിച്ച് പരിഹാരം കണ്ടെത്തുകയാണ് .

എന്നാലും നമ്പൂരിശ്ശങ്ക വിടണ്ട. സൈപ്രസ് പോലുള്ള പ്രതിസന്ധിയാണ് വരുന്നതെങ്കിൽ ബാങ്ക് നിക്ഷേപങ്ങൾക്ക് വെറും കടലാസ് മൂല്യം മാത്രമായിരിക്കും. അങ്ങിനെ ഒരവസ്ഥയിൽ എത്ര ഇൻഷുറൻസ് എടുത്താലും ഒരു നഷ്ടപരിഹാരവും ലഭിക്കാനും സാദ്ധ്യതയില്ല. വരാനുള്ളത് വഴിയിൽത്തങ്ങില്ല. അതുകൊണ്ട് , ഈ നിയമത്തെ എതിർക്കുന്നതിനുപകരം ബാങ്കുകളുടെ പരാജയത്തിന് കാരണമാകുന്ന സാദ്ധ്യതകളെ നേരത്തെ കണ്ടെത്താനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കാനും അവയെ ശക്തമാക്കാനും ഉള്ള മാർഗങ്ങളുമായി സംവാദത്തിൽ ഏർപ്പെടുകയാണ് വേണ്ടത്. ●

(തിരുവനന്തപുരത്ത് കമ്പനി സെക്രട്ടറിയായി പ്രാക്ടീസ് ചെയ്യുകയാണ് ലേഖകൻ
മൊബൈൽ: 8089885587)

# അമ്മ



**സരസ്വതി അന്തർജ്ജനം**
ചേക്രക്കൽ ഇല്ലം

സ്നേഹവും ത്യാഗവും ഒന്നിച്ചുചേർന്നുള്ള
കാരുണ്യ പാൽക്കടലമ്മ
പാരിതിലെങ്ങും പ്രകാശം പരത്തുന്ന
വാത്സല്യ പൊൻവിളക്കമ്മ
കാലിട്ടടിച്ചു കരഞ്ഞ നാൾ തൊട്ടുള്ള
കാണുന്ന ദൈവമാണമ്മ
ഈ ലോകമെന്തെന്നറിയാത്ത കാലത്ത്
താങ്ങും തണലുമാണമ്മ
ലോകമെന്തെന്ന് നമ്മളോടാദ്യമായ്
ഓതിയൊരാചാര്യയമ്മ
മക്കൾക്കൊരിത്തിരി കണ്ണു നിറഞ്ഞാലോ
പൊട്ടിക്കരയുന്നൊരമ്മ
തെറ്റെത്ര വന്നാലും കുറ്റങ്ങൾ ചെയ്താലും
ഒക്കെ പൊറുക്കുന്നിതമ്മ
ജീവനും ശക്തിയും ഒന്നിച്ചു ചേർന്നുള്ള
പാവന രൂപമാണമ്മ





# Friend

**Anjana**
**Thamarakkulam**
**Mukkam Upasabha**

**W**hen you are sad,
I will dry your tears
When you are scared
I will comfort your fears
When you are worried,
I will give you hope
When your are confused
I will help you cope
When you are lost
and can't see the light
I shall be your beacon
Shining ever so night
This is my oath
I pledge till the end
Why you may ask
Because you are my friend




**വര**
**അഭിഷേക്**
**പേരൂർ ഇല്ലം**
**തെങ്ങിലക്കടവ്,** മാവൂർ

# പുഷ്പം

**വിഷ്ണുപ്രിയ കെ.**
**7–ാം ക്ലാസ്**



ഇന്നലെ നീയൊരു മൊട്ടായിരുന്നെങ്കിൽ
ഇന്നു നീ നൽ പുഷ്പറാണിയല്ലോ
എങ്കിലഹോ കഷ്ടം എൻ പ്രിയ പുഷ്പമെ
നാളെ നീ മണ്ണിൽ മറയുമല്ലോ
ഓരോ ദിനവും വിടരുന്നുവെങ്കിലും
രാവിന്നിരുളിൽ പൊഴിയുമല്ലോ
എങ്കിലും അല്പമാം നേരത്തിനുള്ളിൽ നീ
ഉള്ളം കവരുന്നു സൗരഭത്താൽ
പട്ടുപോൽ ഏഴഴകുള്ള നിൻ മേനിയും
ഇഷ്ടമേറീടും നറുമണവും
സ്വപ്നസമാനയായ് തീർക്കുന്നു ഭൂമിയെ
സ്വർഗ്ഗോപമം നല്ല പൂവാടിയും



## വര

**നകുൽ കെ.ഐ.**
**ദാമോദരൻ**





# ആതിരമഴ

**ആർദ്ര**
**തെഞ്ചേരി ഇല്ലം**
**രാമല്ലൂർ ഉപസഭ**

ആർദ്രമീ മഴ
പുതുരാവിലെത്തുമ്പോൾ
പടികളിറങ്ങിവരുവിൻ
മഴനീർത്തുള്ളികളിലാനന്ദം
പകരുവിൻ
നിങ്ങളേവർക്കുമായ്
മഴയിൽ കുളിച്ചു പൊങ്ങിയ
കിടാങ്ങളോടു കൂട്ടുകൂടാം...
മഴയിൽ കുളിച്ചു കളിച്ചു
നനഞ്ഞാസ്വദിക്കാം
ആർദ്രമീ മഴ
പുതുരാവിലെത്തുമ്പോൾ
പടികളിറങ്ങി വരുവിൻ

# യാത്ര

യാത്രകളാണെനിക്കേറെയിഷ്ടം
ഓർമ്മയിൽ തങ്ങി നിൽക്കുന്ന യാത്ര
വ്യത്യസ്ത കാഴ്ചകൾ കാണുവാനും
വ്യത്യസ്ത ശബ്ദങ്ങൾ കേൾക്കുവാനും
വ്യത്യസ്ത രുചികൾ അറിയുവാനും
യാത്രകളാണെന്റെ കൂട്ടുകാരൻ
എന്നുമെൻ ഓർമ്മയിൽ തങ്ങിടുന്ന
വൃന്ദാവനത്തിലേക്കുള്ള യാത്ര
വൃന്ദാവനമെന്ന പുണ്യസങ്കേതത്തിൽ
എന്നെയെത്തിച്ചൊരു നല്ല യാത്ര



**ഗോപികാ വിഷ്ണു കെ.**
**4-ാം ക്ലാസ്**

# ഉപസഭാ വാർത്തകൾ



*വടകര കേന്ദ്രീകരിച്ചുള്ള ഉപസഭാ പ്രവർത്തനങ്ങളും സ്വസ്തി പ്രചാരണ പ്രവർത്തനങ്ങളും കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു*

## വടകരയിലും തുടക്കമിട്ടു

വടകര ഭാഗത്തെ ബ്രാഹ്മണ കൂട്ടായ്മ എന്ന ഉദ്ദേശ്യത്തോടെ ജില്ലാ യോഗക്ഷേമ സഭയുടെയും സ്വസ്തി പ്രവർത്തകരുടെയും നേതൃത്വത്തിൽ വടകര ഭാഗത്ത് ഉപസഭകൾ രൂപീകരിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2017 ഡിസംബർ 17 ഞായറാഴ്ച ഓർക്കാട്ടേരി പാറോളി ഇല്ലത്ത് വെച്ച് ചേർന്ന രൂപീകരണ യോഗത്തിൽ ഈ ഭാഗത്തെ ഭൂരിപക്ഷം ഇല്ലങ്ങളുടെയും സാന്നിദ്ധ്യം ഉണ്ടായിരുന്നു. ബ്രഹ്മശ്രീ പാറോളി ഇല്ലത്ത് പുരുഷോത്തമൻ നമ്പൂതിരി വടകര ഭാഗത്ത് യോഗക്ഷേമസഭയുടെ യൂണിറ്റ് വേണമെന്ന ആശയം സ്വസ്തി മാഗസിൻ ടീമുമായി പങ്കുവെച്ചിരുന്നു. അതിൻപ്രകാരം സ്വസ്തി ടീം ജില്ലാ കമ്മിറ്റിയുടെ അനുവാദത്തോടെ ഉപസഭാ രൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുകയായിരുന്നു. ഇവിടുത്തെ ചില അംഗങ്ങളുടെ സഹായത്തോടെ സ്വസ്തി കൂട്ടായ്മ എന്ന പേരിൽ ഒരു വാട്സ്ആപ്പ് കൂട്ടായ്മ രൂപീകരിച്ചു. അതിലൂടെ കുറേ ഫോൺ നമ്പറുകൾ സംഘടിപ്പിച്ചാണ് അംഗങ്ങളുമായി ബന്ധപ്പെട്ട് ഈ യോഗം പറോളിയിൽ നടത്താനുള്ള സാഹചര്യം ഉണ്ടാക്കിയത്. ഈ യോഗത്തിൽ പ്രവർത്തനം സജീവമാക്കാൻ ഒരു അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചു.

കുറങ്ങോട്ടില്ലം സുരേഷ് നമ്പൂതിരി (പ്രസിഡന്റ്), വെള്ളിയോട്ടില്ലം ഉണ്ണികൃഷ്ണൻ നമ്പൂതിരി (സെക്രട്ടറി), മൊളേരി ഇല്ലം രൺജിത്ത് നമ്പൂതിരി (ജോ. സെക്രട്ടറി), കുനി ഇല്ലം ഹരികൃഷ്ണൻ നമ്പൂതിരി (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ പതിനേഴംഗ കമ്മിറ്റിയാണ് രൂപീകരിക്കപ്പെട്ടത്. മുൻ സംസ്ഥാന ജനറൽ സെക്രട്ടറി മധു അരീക്കര, ജില്ലാ വൈസ് പ്രസിഡന്റ് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്, സംസ്ഥാന കൗൺസിലർ നാറണിയാട് ദാമോദരൻ നമ്പൂതിരി, സ്വസ്തി ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി, അസോസിയേറ്റ് എഡിറ്റർ പാനാട്ട് പദ്മനാഭൻ നമ്പൂതിരി, സർക്കുലേഷൻ മാനേജർ താമരക്കുളം ദിവാകരൻ നമ്പൂതിരി, എഡിറ്റോറിയൽ ബോർഡ് അംഗം വിനോദ് മങ്ങത്തായ എന്നിവരാണ് ജില്ലാ നേതൃത്വത്തിൽ നിന്ന് യോഗത്തിൽ പങ്കെടുത്തത്. സമുദായത്തിന്റെ കൂട്ടായ്മക്കായി നിരവധി പ്രാവശ്യം പലരുടെയും ശ്രമങ്ങൾ ഉണ്ടായിട്ടും എല്ലാം വിഫലമായിരുന്നു. ഉപസഭാ രൂപീകരണം എന്ന രീതിയിൽ ആദ്യമായാണ് ഇത്തരത്തിലൊരു ശ്രമം. വൈക്കം കീഴ്ശാന്തി സമാജം എന്നൊരു കൂട്ടായ്മ മാത്രമാണ് ഇക്കാലം വരെ വടകര ഭാഗത്ത് സജീവമായി പ്രവർത്തിക്കുന്നത്. പൂജാ പഠന ശിബിരം, ശ്രമസംഘം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഇവർ ചെയ്തുവരുന്നുണ്ട്. ഇത്തവണത്തെ പൂജാ പഠന ശിബിരത്തിൽ അഡ്ഹോക് കമ്മിറ്റിയുടെ നേതൃസ്ഥാനത്ത് ഉള്ളവർ ഔദ്യോഗികമായി തന്നെ പങ്കെടുത്തു. നല്ലൊരു തുടക്കം എന്ന് ഇതിനെ കണക്കാക്കാം.

വടകര ഭാഗത്തെ ഉപസഭാ പ്രവർത്തനങ്ങൾ സജീവമാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. ദേശാധിഷ്ഠിതമായി കൂടുതൽ ഇല്ലങ്ങളെക്കൂടി ചേർത്തുകൊണ്ട് ജില്ലാ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമുദായത്തിന്റെ ഉന്നമനത്തിന് കഴിയുന്ന പ്രവർത്തനങ്ങൾ ചെയ്ത് മുന്നോട്ടുപോകുവാൻ കഴിയണമെന്നതാണ് നിലവിൽ വന്ന കമ്മിറ്റിയുടെ തീരുമാനം.



***ഫറോക്കിൽ ഉപസഭയുടെ ആഭിമുഖ്യത്തിൽ നടന്ന തിരുവാതിര ആഘോഷത്തിൽ നിന്ന്***

## ഫറോക്കിൽ തിരുവാതിര ആഘോഷം

ഫറോക്ക് ഉപസഭയുടെ തിരുവാതിര ആഘോഷം തനതായ ചടങ്ങുകളോടെ വിപുലമായി ആഘോഷിച്ചു.

ഔദ്യോഗികമായ യോഗ നടപടികളോടെയാണ് പരിപാടികൾ ആരംഭിച്ചത്. ഉപസഭാ പ്രസിഡന്റ് പാലകുന്നം പരമേശ്വരൻ അദ്ധ്യക്ഷത വഹിച്ച പരിപാടി ശ്രീമതി മുല്ലപ്പള്ളി ഉമാദേവി അന്തർജ്ജനം ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

നല്ലൂർ തെഞ്ചേരി ശ്രീദേവി, നാറണിയാട് മല്ലിക, പുലിയപ്പിലാശ്ശേരി മുല്ലപ്പിള്ളി ദേവി, മുല്ലപ്പള്ളി രാമൻ നമ്പൂതിരി എന്നിവർ തിരുവാതിര അനുഭവങ്ങൾ പങ്കുവെച്ചത് വേറിട്ടൊരു പരിപാടിയായി. തിരുവാതിരക്കളി, വെറ്റിലമുറുക്കൽ, പാതിരാപ്പൂചൂടൽ എന്നീ ചടങ്ങുകളും ഉണ്ടായി. ആഘോഷ പരിപാടിയിൽ ഭൂരിപക്ഷം സഭാംഗങ്ങളും പങ്കെടുത്തു.



***ചേവായൂർ ഉപസഭയിൽ നടന്ന തിരുവാതിര ആഘോഷത്തിൽ നിന്ന്***

## ചേവായൂരിൽ പുതുവത്സരവും തിരുവാതിരയും

മംഗല്യവതികളായ സ്ത്രീകൾ നെടുമംഗല്യത്തിനു വേണ്ടിയും കന്യകമാർ ഉത്തമപുരുഷനെ കിട്ടാൻ വേണ്ടിയും എടുക്കുന്ന തിരുവാതിര നോയ്മ്പ്. ഇത്തവണ തിരുവാതിരയും പുതുവത്സരവും ഒന്നിച്ച്. ജനുവരി ഒന്നിന് പുതുവത്സരാഘോഷവും തിരുവാതിരയും ചേവായൂർ ഉപസഭയിൽ ഒന്നിച്ച് ആഘോഷിച്ചു. പൂളമണ്ണ രാമൻ മൂസതിന്റെ ഇല്ലത്തുവെച്ചാണ് ഉപസഭയുടെ നേതൃത്വത്തിലുള്ള ആഘോഷ പരിപാടികൾ നടത്തിയത്. വൈകുന്നേരം ആറുമണിയോടെ തുടങ്ങി. പൂർണ്ണമായും വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിലായിരുന്നു ആഘോ പരിപാടികൾ.

ഉപസഭാ പ്രസിഡന്റ് ടി.കെ.കൃഷ്ണൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പരിപാടികളുടെ ഔദ്യോഗികമായ ഉദ്ഘാടനം മരുതാട്ട് സാവിത്രി അന്തർജ്ജനം ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. തിരുവാതി രയുടെ ചടങ്ങുകൾക്കൊപ്പം തിരുവാതിരക്കളിയടക്കമുള്ള വിവിധ കലാപരിപാടികളും നടന്നു. പരിപാടികൾക്ക് വനിതാ വിഭാഗം പ്രസിഡന്റ് മണിയഞ്ചേരി ഉമാദേവി അന്തർജ്ജനം, സെക്രട്ടറി മണിയഞ്ചേരി അംബികാ അന്തർജ്ജനം എന്നിവർ നേതൃത്വം നൽകി. അറുപതോളം ആളുകൾ പങ്കെടുക്കുന്ന പരിപാടി വിജയകരമായിരുന്നു. ഉപസഭാ മാതൃ കമ്മിറ്റി വനിതകൾക്ക് വേണ്ട എല്ലാ സഹകരണങ്ങളും നൽകി.



*ബാലുശ്ശേരി ഉപസഭയുടെ ആഭിമുഖ്യത്തിൽ നടന്ന തിരുവാതിര ആഘോഷത്തിൽ നിന്ന്*

## ബാലുശ്ശേരിയിൽ തിരുവാതിരയും കുടുംബസംഗമവും

2018 ജനുവരി 1, 2 തീയതികളിൽ എടക്കഴിപ്പുറം കോട്ടൂർ ഇല്ലത്ത് വെച്ച് തിരുവാതിര ആഘോഷം നടന്നു. ഉപസഭയുടെ വാർഷിക കുടുംബസംഗമവും ഇതോടൊപ്പം ഉണ്ടായി. കൊച്ചുകുട്ടികളുടെ കലാപരിപാടികളും തിരുവാതിരക്കളിയും പാതിരാപൂ ചൂടലും മൂന്നും കൂട്ടലും നോമ്പു വിഭവങ്ങൾ ചേർന്ന ഭക്ഷണവും ഉണ്ടായി.

തദവസരത്തിൽ തന്നെ പ്രസിഡന്റ് രാധാകൃഷ്ണൻ നമ്പൂതിരിയുടെ ഷഷ്ടിപൂർത്തി ആഘോഷത്തോടൊപ്പം സാംസ്കാരിക സദസ്സും അനുമോദന സദസ്സും നടന്നു. ഉപസഭാ സെക്രട്ടറി വേണുനാഥ് നമ്പൂതിരി സ്വാഗതം പറഞ്ഞ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത് ഖജാൻജി രാമൻ നമ്പൂതിരിയായിരുന്നു.

സ്വസ്തി ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന കൗൺസിലർമാരായ വിഷ്ണു നമ്പൂതിരി, മനോജ് നമ്പൂതിരി എന്നിവരും സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരും ആശംസകൾ നേർന്നു സംസാരിച്ചു. വനിതാ സെക്രട്ടറി രേഖ വേണാട്ടില്ലം, പ്രസിഡന്റ് സ്വപ്നം പള്ളിപ്പുറം, വാസുദേവൻ നമ്പൂതിരി കക്കാട്ടില്ലം എന്നിവരും സംസാരിച്ചു.

**വേണുനാഥ് നമ്പൂതിരി കളത്തില്ലം**
സെക്രട്ടറി

## അബ്രാഹ്മണ ശാന്തി നിയമനത്തിനെതിരെ മുക്കം ഉപസഭ

അബ്രാഹ്മണ ശാന്തി നിയമനത്തിനെതിരായി ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി. ഉത്തരമേഖലാ നേതൃശിബിരത്തിൽ ഉപസഭയിൽ നിന്ന് ആറു പേർപങ്കെടുത്തു. (പ്രസിഡന്റ് ടി.വി.ദിവാകരൻ നമ്പൂതിരി, സെക്രട്ടറി കൃഷ്ണൻ നമ്പൂതിരി, ഹേമലത പുതൃക്കോവിൽ, മീര അന്തർജനം, ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്- ജില്ലാ വൈസ് പ്രസിഡന്റ്, ഉമശ്രീ കിഴക്കുമ്പാട് ജില്ലാ വനിതാ സെക്രട്ടറി) ഉപജില്ലാ കലാമേളയിൽ പങ്കെടുത്ത ജയന്തൻ കൊല്ലോറ്റയെ അനുമോദിച്ചു. താമരക്കുളം സ്വാശ്രയസംഘം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മുന്നോട്ടുപോവുന്നു. ഉപസഭാംഗങ്ങളിൽ നിന്ന് ശേഖരിച്ച ഉപയോഗയോഗ്യമായ വസ്ത്രങ്ങൾ സന്തോഷ് മൂത്തേടത്തിന്റെ നേതൃത്വത്തിൽ കുതിരവട്ടം മാനസിക ആശുപത്രിയിലെ അന്തേവാസികൾക്ക് നൽകുവാൻ അധികൃതരെ ഏൽപ്പിച്ചു.

**കൃഷ്ണൻ നമ്പൂതിരി**
മുക്കം ഉപസഭാ സെക്രട്ടറി

# ജില്ലാ കമ്മിറ്റി റിപ്പോർട്ട്

മുന്നോക്ക സമുദായ കോർപ്പറേഷനിൽ അംഗമാകൽ, മലബാറിലെ ക്ഷേത്രങ്ങൾ സർക്കാർ ഏറ്റെടുക്കാതിരിക്കൽ എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ച ഭീമഹർജിക്ക് വേണ്ടി കോഴിക്കോട്ടുനിന്നും ഒപ്പുശേഖരണം നടത്തി. സംസ്ഥാനത്തിന്റെ നിർദ്ദേശപ്രകാരം 20 ശതമാനം ഉപസഭകൾ കൂടുതലായി ഉണ്ടാക്കാൻ തീരുമാനിക്കുകയും നിർജ്ജീവമായവയെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. ഇതുവരെ ഉപസഭയില്ലാത്ത ഭാഗമായ വടകരയിൽ ഉപസഭ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. അവിടെ അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചുകഴിഞ്ഞു. തുടർ പ്രവർത്തനങ്ങളും ആരംഭിച്ചു.

ആസ്ഥാന മന്ദിര നിർമ്മാണം ഉടൻ തുടങ്ങും. ദൗത്യമേറ്റെടുത്ത പ്രത്യേക കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇരുനില കെട്ടിടം നിർമ്മിക്കാനുള്ള 50 ലക്ഷം രൂപ സമാഹരിക്കാനുള്ള നടപടികൾ ആരംഭിച്ചു. ഓരോ ഉപസഭകളും നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കാൻ വേണ്ടി സഹകരിക്കുക.

**കോരമ്പറ്റ ശങ്കരൻ നമ്പൂതിരി**
ജില്ലാ സെക്രട്ടറി



## രാമല്ലൂരിൽ യോഗ പരിശീലനം

രാമല്ലൂർ ഉപസഭയുടെ നേതൃത്വത്തിൽ നടന്നുവരുന്ന പൂജ പഠന / ഉപരിപഠന ക്ലാസ് രണ്ടാം ഘട്ടം 2017 ഒക്ടോബർ 22 ന് ആരംഭിച്ചു. ബ്രഹ്മശ്രീ പറമ്പിടി നീലകണ്ഠൻ നമ്പൂതിരിക്ക് ഗുരുദക്ഷിണ നൽകി കാൽ തൊട്ടു വന്ദിച്ച് സാഷ്ടാംഗം നമസ്കരിച്ച്, പ്രായഭേദമെന്യേ 17 ഓളം ഉപസഭാംഗങ്ങൾ ഉപരിപഠനം ആരംഭിച്ചു. സെക്രട്ടറി തെഞ്ചേരി ഹരിനാരായണന്റെ ഇല്ലത്ത് വെച്ച് ക്ലാസ് എല്ലാ ആഴ്ചയും, പ്രായോഗിക പരിശീലനം ഉൾപ്പെടെ നടന്നുവരുന്നു. ചേക്ര വേണു നമ്പൂതിരിയുടെ മികച്ച സംഘാടനത്തിലും, ഗുരുവിന്റെ കടുകിട തെറ്റാത്ത ശിക്ഷണത്തിലും ക്ലാസ് ഭംഗിയായി പുരോഗമിക്കുന്നത് ഏറെ ചാരിതാർത്ഥ്യം ഉളവാക്കുന്നു. 2018 ജനുവരി ഒന്നിന് വൈകുന്നേരം രാമല്ലൂരിലെ വയപ്പുറത്ത് ഇല്ലത്ത് വെച്ച് ഉപസഭയുടെ 2018 പുതുവത്സരവും തിരുവാതിരയും സമഗ്രമായി ആഘോഷിച്ചു. ബ്രഹ്മശ്രീ വയപ്പുറം ഉണ്ണികൃഷ്ണൻ നമ്പൂതിരി മുഖ്യപ്രഭാഷണം നടത്തി. ഉപസഭാംഗങ്ങൾ എല്ലാവരും ഒത്തുചേർന്ന് തിരുവാതിരപ്പുഴുക്കും കൂവപ്പലഹാരവും ഉണ്ടാക്കി. കലപില കൂട്ടിക്കൊണ്ടുതന്നെ അത് കഴിച്ചത് ഏറെ ഹൃദ്യമായ അനുഭവമായി. മുതിർന്ന അംഗങ്ങൾ പഴയകാലത്തെ തിരുവാതിര ഓർമ്മകൾ പങ്കുവെച്ചു. രാമല്ലൂരിലെ എല്ലാ ഇല്ലത്തിലേക്കും ഉപസഭയുടെ പേര് ആലേഖനം ചെയ്ത പുതുവത്സര സമ്മാനവും യോഗക്ഷേമസഭ കലണ്ടറും വിതരണം ചെയ്തു. വിവിധ കലാപരിപാടികൾക്കൊടുവിൽ മനോഹരമായ തിരുവാതിരക്കളിയോടെ ആഘോഷം പരിസമാപ്തിയിലെത്തി.

ഉപസഭാംഗങ്ങളുടെ മികച്ച സഹകരണം ഒന്നുകൊണ്ട് മാത്രം 2017-ൽ മികച്ച പ്രവർത്തനം രാമല്ലൂരിലെ ബ്രാഹ്മണ സമുദായാംഗങ്ങൾക്കിടയിൽ നടത്താൻ കഴിഞ്ഞതിൽ അഭിമാനത്തോടെ,

**ഹരിനാരായണൻ ടി.കെ.**
സെക്രട്ടറി, രാമല്ലൂർ ഉപസഭ

***2017 നവംബർ 5 ന് തെഞ്ചേരി ഇല്ലത്ത് വെച്ച് എല്ലാ ഉപസഭാ കുടുംബാംഗങ്ങൾക്കും വേണ്ടി യോഗ പരിശീലന ക്ലാസ് ആരംഭിച്ചു. യോഗ അദ്ധ്യാപന രംഗത്ത് ഏറെക്കാലത്തെ പരിചയമുള്ള ശ്രീ. ജിഷ്ണു കേശവ്, ചെമ്പക്കോട്ടില്ലം (രാമല്ലൂർ) ആണ് ക്ലാസ് നയിക്കുന്നത്.***







***അരീക്കോട് ഉപസഭയുടെ ശാന്തിസംഗമം പാലക്കൽ കേശവൻ നമ്പൂതിരി ഉൽഘാടനം ചെയ്യുന്നു***

## അരീക്കോട് ഉപസഭ ശാന്തി സംഗമം

വിളയിൽ: അരീക്കോട് ഉപസഭയുടെ ശാന്തിസംഗമം വിളയിൽ പറപ്പൂര്   നീർമങ്ങാട്ട് ക്ഷേത്രത്തിൽ നടന്നു.മുരളി പാലക്കൽ സ്വാഗതം പറഞ്ഞു.പാലക്കൽ കേശവൻ നമ്പൂതിരി ഉൽഘാടനം ചെയ്തു.ശ്രീകാന്ത് ചെറുവക്കാട് ക്ലാസ് എടുത്തു.28 ശാന്തിക്കാരെ മെമന്റോ നൽകി ആദരിച്ചു. യോഗത്തിൽ വച്ച്  ശാന്തിക്ഷേമ സഭ രൂപീകരിച്ചു.75ഓളം ആളുകൾ പങ്കെടുത്തു.പൂക്കോട് കൃഷ്ണൻ നമ്പൂതിരി , ദേവൻ തിരുവാലൂർ,രാജു പാലക്കൽ,മുരളിപാലക്കൽ,ദാമോദരൻ പുല്ലൂർമണ്ണ, രഘുനാഥ് കുറ്റിക്കാട് കുഞ്ഞുണ്ണി കുളങ്ങര,സുകുമാരി എടക്കാട്,പ്രശാന്ത് അരീക്കര എന്നിവർ നേതൃത്വം നൽകി.

## കുടുംബസംഗമവും നാരായണീയ പാരായണവും

ഉപസഭയുടെ എല്ലാ പരിപാടികളിലും വനിതാ വിഭാഗത്തിന്റെ പൂർണ്ണ പങ്കാളിത്തം ഉറപ്പ് വരുത്തി കൊണ്ടും സ്വന്തമായ നിലയിൽ നല്ല പ്രവർത്തനങ്ങൾ കാഴ്ച വച്ചു കൊണ്ടും കണ്ണിപറമ്പ് ഉപസഭയിലെ വനിതാ വിഭാഗം മുന്നേറുന്നു. ഡിസംബർ 13 ന് വീട്ടിക്കാട്ട് ഇല്ലത്ത് വച്ച് നടന്ന സമ്പൂർണ്ണ നാരായണീയ പാരായണത്തിൽ ഉപസഭയിലെ അന്തർജ്ജനങ്ങൾ സജീവമായി പങ്കെടുത്തു.  ഡിസംബർ 17ന് വൈത്തല ഇല്ലത്ത് വച്ച് നടന്ന പരിപാടിയും വിജയകരമായിരുന്നു. ഉപസഭാ പ്രസിഡന്റ് കരിപ്പാല പരമേശ്വരൻ നമ്പൂതിരി പതാക ഉയർത്തിയ കുടുംബസംഗമം ജില്ലാ ട്രഷറർ P.M. ഗംഗാധരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. L.P. മുതൽ ഹയർ സെക്കന്ററി വരെ ഉന്നത വിജയം നേടിയവരേയും, മറ്റു മേഖലകളിൽ വിജയം നേടിയവരേയും പരിപാടിയിൽ അനുമോദിച്ചു. വിനു മുല്ലപ്പള്ളി (പന്തീരായിരം) തലപ്പണ ഗോപകുമാർ(രക്തദാനം) എന്നിവരെ പ്രത്യേകം ആദരിച്ചു. രക്തദാനത്തിന്റെ മഹത്വത്തെ പറ്റി തലപ്പണ ഗോപകുമാർ സംസാരിച്ചു. നിയമവശങ്ങൾ നമ്മൾ എങ്ങനെ പ്രയോഗിക ജീവിതത്തിൽ വിനിയോഗിക്കണമെന്നതിനെ കുറിച്ച് അഡ്വ. ശ്രീകുമാർ പറക്കുന്നത്ത് ക്ലാസ് എടുത്തു. ജില്ലാ സെക്രട്ടറി കോരമ്പറ്റ ശങ്കരൻ നമ്പൂതിരി, വനിതാ പ്രസിഡന്റ് ഹേമലത പാറക്കോട് എന്നിവർ സംസാരിച്ചു. ഉച്ചഭക്ഷണം ഒരോ ഇല്ലത്തു നിന്നും വിഭവങ്ങൾ ഉണ്ടാക്കി കൊണ്ടു വരികയായിരുന്നു. കലാപരിപാടികൾക്ക് ശ്രീദേവി വൈത്തല നേതൃത്വം വഹിച്ചു. പ്രായഭേദമന്യേ പങ്കെടുത്തവർക്കെല്ലാം സമ്മാനവും നൽകി. കണ്ണിപറമ്പ് ശിവക്ഷേത്രത്തിലെ മഹാരുദ്രയജ്ഞത്തിൽ ഉപസഭ വനിതാവിഭാഗത്തിന്റെ സഹകരണം ഉറപ്പുവരുത്തി.

ലത തലപ്പണ
കണ്ണിപറമ്പ് വനിതാ വിഭാഗം സെക്രട്ടറി

## ഇന്നത്തെ അവസ്ഥ സരസമായി അവതരിപ്പിച്ചു

വിളയിൽ: ഗവ. ഉദ്യോഗം കിട്ടാൻ പി.എസ്.സി പരീക്ഷ എഴുതി നിരാശപ്പെട്ടവരും, എൻട്രൻസ് എഴുതി അഡ്മിഷൻ കിട്ടാത്തവരും മറ്റും പറയുന്ന ഒരു കഥയുണ്ട്.  ഒരു ഓട്ടമൽസരത്തിൻറെ കഥ.

മൽസരം വിജയകരമായി പൂർത്തിയാക്കിയ നമ്പൂതിരി തഴയപ്പെടുമ്പോൾ പകുതിയോ മുക്കാലോ മാത്രം പിന്നിട്ട സംവരണക്കാരെ വിജയിയാക്കുന്ന കഥ. ഇതിലെ നായകനും പ്രതിനായകനും മാറിയുള്ള കഥ ചിന്തിക്കുക പോലും ചെയ്തിരുന്നില്ല.

പരമ്പരാഗതമായി പൂജ ചെയ്യുന്ന നമ്മൾക്ക്  സ്റ്റാർട്ട് ലൈനിന്റെ ബഹുദൂരം മുന്നിൽ നിന്ന് ഓടാൻ അനുവദിച്ചിട്ടും സ്വന്തം താല്പര്യം കൊണ്ട് മാത്രം പൂജയും തന്ത്രവും പഠിച്ച അന്യ മതസ്ഥർ നമ്മെ പിന്നിൽ ആക്കുന്ന  ഇന്നത്തെ അവസ്ഥ സരസമായി അവതരിപ്പിക്കാൻ  ശ്രീകാന്ത് ചെറുവകാടിന് സാധിച്ചു. പ്രഭാഷണത്തിന്റെ അന്തസ്സത്ത ഉൾകൊണ്ട് ഉയരാൻ നമുക്കേവർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ശ്രീകാന്തിന് ഒരായിരം അഭിനന്ദനങ്ങളും നേരുന്നു.

**കൃഷ്ണൻ നമ്പൂതിരി,**
പാനാട്ട് ഇല്ലം

## അനുമോദനങ്ങൾ



***കെ.എം.പി. ഭദ്ര, പുല്ലങ്ങോട്ട് സുരേഷിന്റെ മകൾ, സംസ്ഥാന സ്കൂൾ കലോത്സവം കഥകളി സംഗീതം എ ഗ്രേഡ്, ഫറോക്ക് ഉപസഭ***



***ശ്രീഹരി എസ്. നമ്പൂതിരി, ആയമഠത്തില്ലം, ശശീന്ദ്രൻ നമ്പൂതിരിയുടെയും സതിയുടെയും മകൻ കൊയിലാണ്ടി. സംസ്ഥാന സ്കൂൾ കലോത്സവം– ഭരതനാട്യം, കുച്ചുപ്പുടി, കേരളനടനം– എ ഗ്രേഡ്***




***തിരുവാതിരകളി മേഖലയിൽ നൽകിയ സമഗ്ര സംഭാവനക്കുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരം കണ്ണൂരിൽ നടന്ന ചടങ്ങിൽ വച്ച് ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രനിൽ നിന്ന് ലതാ നമ്പൂതിരി ഏറ്റുവാങ്ങുന്നു. പെരുമണ്ണ ഉപസഭയിൽ അംഗമാണ്. ലത കോഴിക്കോട് ജില്ലാ നിർവ്വാഹക സമിതി ഉപാദ്ധ്യക്ഷയാണ്.***

## കൊയിലാണ്ടിയിൽ കലാമേള

**കൊ**യിലാണ്ടി ഉപസഭയുടെ കലാമേള 2017 ഡിസംബർ രണ്ടിന് ശനിയാഴ്ച 10 മണി മുതൽ കുറുവങ്ങാട് സെൻട്രൽ യു.പി. സ്കൂളിൽ വെച്ച് നടന്നു. ഈശ്വര പ്രാർത്ഥനക്കു ശേഷം എടവല്ല്യം പുരുഷോത്തമ ശർമ്മയുടെ സ്വാഗതപ്രസംഗത്തോടുകൂടി യോഗ നടപടികൾ ആരംഭിച്ചു. പഴയിടം പത്മനാഭൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ അകപ്പുറം കേശവൻ നമ്പൂതിരി ഉദ്ഘാടനം നിർവ്വഹിച്ചു. നീലമന ജയപ്രകാശ് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മധു പുതുശ്ശേരി നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് രജിസ്ട്രേഷനു ശേഷം കലാപരിപാടികൾ നടന്നു. സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളായാണ് മത്സരങ്ങൾ നടന്നത്. മലയാളം പദ്യം, സംസ്കൃത പദ്യം, ലളിതഗാനം, ചിത്രരചന- പെൻസിൽ, ജലച്ഛായം എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടന്നു. ഗാനങ്ങൾ, മ്യൂസിക് ഫ്യൂഷൻ, ഓടക്കുഴൽ, അക്ഷരശ്ലോകം മുതലായവയുടെ അവതരണവും നടന്നു. വിഭവസമൃദ്ധമായ സദ്യ മേപ്പാട് പുരുഷോത്തമൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ഉണ്ടായിരുന്നു. ഭീമഹർജി, ഒപ്പുശേഖരണം, സ്വസ്തി വരിസംഖ്യ ചേർക്കൽ എന്നിവയും നടന്നു. വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണത്തോടുകൂടി, നാലു മണിയോടെ കലാമേള അവസാനിപ്പിച്ചു. ജനുവരി ഒന്നാം തീയതി ഉപസഭയിൽ തിരുവാതിര ആഘോഷവും നടന്നു. കക്കാട്ട് ഇല്ലത്ത് നവനീതിന്റെയും ഹരിതയുടെയും പുത്തൻ തിരുവാതിരയും ആയിരുന്നു. അവിടെവെച്ചാണ് ഉപസഭയുടെ ആഘോഷ പരിപാടികൾ നടന്നത്. പാതിരാ പൂ ചൂടൽ, തിരുവാതിരക്കളി എന്നീ പരിപാടികൾ നടന്നു.

## അനുമോദനങ്ങൾ



***കേരള ആരോഗ്യ സർവകലാശാലയുടെ എം.ഡി. പരീക്ഷയിൽ പഞ്ചകർമ ചികിത്സാവിഭാഗത്തിൽ മൂന്നാം റാങ്ക് നേടിയ ഡോ. പൂർണ്ണിമ ഇ.കെ. റിട്ട സി.എം.ഒ ഈശ്വരമഠം കേശവൻ നമ്പൂതിരിയുടേയും പാർവ്വതി അന്തർജനത്തിന്റേയും മകളും താമരക്കുളം ലിനേഷിന്റെ സഹധർമ്മിണിയുമാണ്.***



***അർജുൻ കരിപ്പം. സ്റ്റേറ്റ് ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ തേർഡ്. ജില്ലാ കലാമേളയിൽ നാടകത്തിൽ മികച്ച നടനായിരുന്നു***

## പൂജാ ഉപരിപഠന പദ്ധതി

സർക്കാർ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്നതിനോടൊപ്പം തന്നെ സനാതന ധർമ്മത്തിൽ അധിഷ്ഠിതമായ, ആചാരങ്ങൾ പാലിച്ചു കൊണ്ടുള്ള, സാത്വിക ജീവിതം നയിക്കുന്ന രാമല്ലൂരിലെ ബ്രാഹ്മണ കുടുംബങ്ങൾക്കായി ഒരു പൂജാപഠനപദ്ധതി ഉപസഭയുടെ കീഴിൽ നടത്തുന്നു... അതിന്റെ ഒന്നാം ഘട്ടം ബ്രഹ്മശ്രീ മങ്ങത്തായ സൂരജ് നമ്പൂതിരിയുടെ ശിക്ഷണത്തിൽ വിജയകരമായി പൂർത്തിയായി. അബ്രാഹ്മണ ശാന്തി വിഷയം സമൂഹത്തിൽ ചർച്ചയായ ഈ സമയത്ത് രണ്ടാം ഘട്ടമായ ദീർഘകാല ഉപരിപഠന പൂജാ പദ്ധതി തുടങ്ങി കഴിഞ്ഞു.. ഉപരിപഠന പൂജാപ ദ്ധതിയുടെ ആചാര്യനായി പറമ്പിടി ഇല്ലത്തെ ബ്രഹ്മശ്രീ നീലകണ്ഠൻ നമ്പൂതിരിയെ ലഭിച്ചത് ഒരു ഭാഗ്യമായി ഉപസഭ കരുതുന്നു.



*പറമ്പിടി*
*നീലകണ്ഠൻ നമ്പൂതിരി*

റിട്ടയേർഡ് അദ്ധ്യാപകനും വേദ പണ്ഠിതനും മികച്ച പ്രഭാഷകനുമാണ് നീലകണ്ഠൻ നമ്പൂതിരി. തന്റെ അദ്ധ്യാപന ജീവിതത്തിൽ ആർജ്ജിച്ചെടുത്തിട്ടുള്ള അറിവുകളും ചിട്ടകളും കൂടി പൂജാപഠന പദ്ധതിയിലൂടെ രാമല്ലൂരിലെ യുവതലമുറയ്ക്ക് പകർന്നു നൽകുകയാണ് അദ്ദേഹം. ഇപ്പോൾ ആഴ്ചയിൽ ഒരു ദിവസമാണ് കാസ് നടക്കുന്നത് പതിനേഴ് വിദ്യാർത്ഥികളാണ് ഇപ്പോൾ ഉള്ളത്. ചേക്രക്കൽ വേണു നമ്പൂതിരിയാണ് പദ്ധതിയുടെ കോർഡിനേറ്റർ. ഉപസഭയുടെ മുഴുവൻ സഹകരണവും ഉറപ്പാക്കാൻ അദ്ദേഹത്തിന്റെ കോർഡിനേഷന് കഴിയുന്നുണ്ട്.

# ആദരാഞ്ജലികൾ



**എ.വി.വാസുദേവൻ പോറ്റി**
സിറ്റി ഉപസഭ
ഭാഗവതാചാര്യനും സംസ്കൃത പണ്ഡിതനും അദ്ധ്യാപകനുമായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും ഒരേപോലെ പ്രഭാഷണം നടത്തുമായിരുന്ന വാസുദേവൻ പോറ്റി ഒരു തികഞ്ഞ വേദാന്തിയുമായിരുന്നു.



**ഡോ. സുബ്രഹ്മണ്യൻ നമ്പൂതിരി**
**(അമേരിക്ക)**
കല്പകശ്ശേരി പാട്ടം
പെരുമണ്ണ ഉപസഭ



**വാസുദേവൻ നമ്പൂതിരി**
കൊറ്റിവട്ടത്തില്ലം
നീലേശ്വരം



**സരോജിനി അന്തർജ്ജനം**
കുളങ്കര ഇല്ലം
ഉള്ള്യേരി ഉപസഭ



**കുമുദകുമാരി അന്തർജ്ജനം**
മോങ്ങമ്പുലത്ത് ഇല്ലം
പെരുമണ്ണ ഉപസഭ



**വാസുദേവൻ നമ്പൂതിരി**
കുഴിപ്പുറം ഇല്ലം
ചാത്തമംഗലം ഉപസഭ



**നങ്ങുനീലി അന്തർജ്ജനം**
ചക്കിക്കാവിൽ കണ്ടമംഗലം
ചാത്തമംഗലം ഉപസഭ



**ലീല അന്തർജ്ജനം**
ചെമ്മലത്തൂർ മഠത്തിൽ ഇല്ലത്ത്
താഴെ പാട്ടം, പെരുമണ്ണ ഉപസഭ


ആശംസകളോടെ...

## വി.കെ.നാരായണ ഭട്ടതിരി സ്മാരക ട്രസ്റ്റ്

**20/150 പ്രശാന്തി**
**ബാബുരാജ് റോഡ്, കല്ലായി, കോഴിക്കോട് 673003**
**ഫോൺ: 0495 2323593, 9745140982**

ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ: വേദാർത്ഥ വിചാരം, വേദസന്ദേശം, യജ്ഞസംസ്കാരം, പാതഞ്ജല യോഗം



# ശ്രീ മൂകാംബിക ജ്യോതിഷാലയം

സ്ഥാപിതം: 1987

- ലക്ഷത്തിൽ പരം അനുഭവസ്ഥരുടെ പിൻബലം
- 31 കൊല്ലത്തെ അനുഭവസമ്പത്ത്- ജ്യോതിഷ, മാന്ത്രിക മേഖലയിൽ
- പരിഹാര കർമ്മങ്ങൾക്ക് ശുഭാനുഭവ ഗുണം

ജ്യോത്സ്യൻ:

## R.K.H. നമ്പൂതിരി

(രാമകൃഷ്ണ ഹരി നമ്പൂതിരി)



ജാതി, മത
ലിംഗ
ഭേദമെന്യേ

ശ്രീ മൂകാംബിക ജ്യോതിഷാലയം
തളി റോഡ്, കോഴിക്കോട്
ഫോൺ: 9495892653


Heritage Rooms
Kalaripayattu
Manuscript Library
Yoga & Training
Museum & Temple
Traditional Ponds
Kaavu & Herbal Garden
Doctors and Vaidyans at Poomully Mana
Chief Consulting Physician
Dr.Naripparambu Devan Namboodiri. (BAMS, Ayurvedacharya)
Chief Resident Physician
Dr.Aparna Poomully Mana. (Saraswathy.M – BAMS)
Resident Physician
Dr.Arathi Poomully Mana. ( BAMS )
Poomully Mana offers several treatments that cover all aspects of Ayurveda. We offer specialized treatments for Spondylitis, Arthritis, Slip disc and chronic low back problems, Sports-related injuries, Bronchial diseases, Breast/uterus cancer, Stress, Depression, Diabetes, E.N.T. diseases, Epilepsy, Paralysis, Migraine, Sinusitis Parkinson's disease, Pediatric diseases (hyper activity, delayed walking, motor neuron disease, ADHD, etc.), Neurological complaints, Obesity, Psoriasis and other skin problems, Haemorrhoids and Anorectal diseases, Gastric and liver problems, Toxicology and Rasayana Chikitsa (Vatatapikam), and so on.
Poomully Mana
Authentic ayurveda : with generations of trust
Poomully Mana, Peringode (PO), Via. Koottanadu, Palakkad Dist, Kerala, India.
www.poomullymana.com
info@poomullymana.com
poomully@gmail.com
+ 91 466-2370 660
+ 91 9846 239545
+ 91 9846 089595
A heritage ayurveda centre of Poomully Aramthampuran Smaraka Trust